നം.കെഎസ്എ.കെടിഎം.പി.16/337/2020 തീയതി 28.05.2020

# <u>കോട്ടയം ജില്ലാ പഞ്ചായത്തിന്‍റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

***(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)***

കോട്ടയം ജില്ലാ പഞ്ചായത്തിന്‍റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ജില്ലാ പഞ്ചായത്ത് 1.11.2018 മുതൽ 31.01.2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്‍റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 72 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭ്യമായ മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ജില്ലാപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്‍റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്‍റെയോ ലഭ്യമാക്കാത്ത വിവരത്തിന്‍റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## <u>(എ) ഓഡിറ്റ് നടത്തിയതിന്‍റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | **ശ്രീ സാബു ജോസഫ്., സീനിയർ ഡെപ്യൂട്ടി ഡയറക്ടർ** |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03.02.2020 മുതൽ 13.03.2020 വരെ |

## <u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>

| **ബാച്ച് ലീഡർ** | **ശ്രീമതി സി.ആർ. ബീനാകുമാരി** | **ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)** |
|---|---|---|
| **<u>ബാച്ച്-1</u>**<br>ജില്ലാ പഞ്ചായത്തിന്‍റെയും കൈമാറ്റം ചെയ്യപ്പെട്ട വിവിധ വകുപ്പുതല ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും ദൈനദിന സാമ്പത്തിക ഇടപാടുകളുടെ പരിശോധനയും ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്‍റെ വിലയിരുത്തലും | ശ്രീ.ഷാജിമോൻ പി.ബി. | സീനിയർ ഗ്രേഡ്ഓഡിറ്റർ |
| | ശ്രീ.ഉണ്ണിക്കൃഷ്ണൻ എം. | ഓഡിറ്റർ |
| | ശ്രീ.ജോഷി തോമസ് | ഓഡിറ്റർ |
| <u>ബാച്ച്-2</u><br>തനത് ഫണ്ട് ചെലവിനങ്ങളുടെ പരിശോധനയും ജില്ലാപഞ്ചായത്ത് സെക്രട്ടറി,കൃഷി ഡപ്യൂട്ടിഡയറക്ടർ, ജില്ലാ സാമൂഹിക നീതി ഓഫീസർ | ശ്രീമതി ഇന്ദുലേഖ എ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുലത ഡി. | ഓഡിറ്റ് ഓഫീസർ (10/2/2020 മുതൽ) |
| | ശ്രീ.ഷിബു എ.പി. | സീനിയർ ഗ്രേഡ് |

| | | |
|---|---|---|
| എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഓഡിറ്റും | | ഓഡിറ്റർ |
| | ശ്രീ.ആൽബിൻ സിറിയക് | ഓഡിറ്റർ (7/2/2020 വരെ) |
| **ബാച്ച്-3**<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഓഡിറ്റ് (സ്ഥല പരിശോധന ഉൾപ്പെടെ)14.2.2020 മുതൽ 22.2.2020 വരെയും 25.2.2020 മുതൽ 13.3.2020 വരെയും | ശ്രീ.സജി പി.ആർ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷാന്റി ജോർജ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സ്മിത ജി. നായർ<br>(27.2.2020വരെ) | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രാജേഷ് എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി കൊച്ചുമോൾ എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ബാബുരാജ് കെ.ബി | ഓഡിറ്റർ(ഹ.ഗ്രേ) |
| | ശ്രീ.പ്രസാദ് പി.ജി.<br>(25.2.2020മുതൽ) | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി എം.<br>(25.2.2020മുതൽ) | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ലേഖ വി.<br>(29.2.2020മുതൽ) | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുനിത എം.എസ്<br>(25.2.2020മുതൽ) | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഡാനിമോൾ കെ.ജെ<br>(29.2.2020മുതൽ) | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| **ബാച്ച്-4**<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഓഡിറ്റ്<br>14.2.2020 മുതൽ 19.2.2020 വരെ | ശ്രീമതി മായ ആർ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുനിത എം.എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ ഷിബു എ.പി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| **ബാച്ച്-5**<br>പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഓഡിറ്റ്<br>14.2.2020 മുതൽ 19.2.2020 വരെ | ശ്രീമതി സുലത ഡി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ദർശന വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| **ബാച്ച്-6**<br>ജില്ലാ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ | ശ്രീമതി സി.ആർ. ബീനാകുമാരി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | | |

| | | |
|---|---|---|
| പ്രോജക്ടുകളുടെ ഓഡിറ്റ്<br>14.2.2020 മുതൽ 15.2.2020 വരെ | ശ്രീമതി ലേഖ വി | ഓഡിറ്റ് ഓഫീസർ |
| | ശ്രീബിനീത് രാജൻ | ഓഡിറ്റർ |
| **<u>ബാച്ച്-7</u>**<br>ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഓഡിറ്റ്<br>27.2.2020 മുതൽ 27.2.2020 വരെ | ശ്രീമതി സി.ആർ. ബീനാകുമാരി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| **<u>ബാച്ച്-8</u>**<br>കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഓഡിറ്റ്<br>25.2.2020 മുതൽ 26.2.2020 വരെ | ശ്രീമതി സുനിത എം.എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രഞ്ജിത് എം | സീനിയർ ഗ്രേഡ്ഓഡിറ്റർ |
| **<u>ബാച്ച്-9</u>**<br>ഡെപ്യൂട്ടി ഡയറക്ടർ, ഡയറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഓഡിറ്റ്<br>25.2.2020 മുതൽ 26.2.2020 വരെ | ശ്രീമതി സി.ആർ. ബീനാകുമാരി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി അമ്പിളി യു. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| **<u>ബാച്ച്-10</u>**<br>ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഓഡിറ്റ്<br>20.2.2020 മുതൽ 20.2.2020 വരെ | ശ്രീമതിദർശന വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ബിനീത് രാജൻ | ഓഡിറ്റർ |
| **<u>ബാച്ച്-11</u>**<br>അസി.ഡയറക്ടർ, റീജിയണൽ പൗൾട്രി ഫാം നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഓഡിറ്റ്<br>25.2.2020 മുതൽ 26.2.2020 വരെ | ശ്രീമതി സുലത ഡി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുമേഷ് പി.വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| **<u>ബാച്ച് 12</u>**<br>ജില്ലാ മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഓഡിറ്റ്<br>17.2.2020 മുതൽ 19.2.2020 വരെ | ശ്രീമതി രഞ്ജു പ്രകാശ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി ഷീല വി.ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| **<u>ബാച്ച് 13</u>**<br>ജില്ലാ മെഡിക്കൽ ഓഫീസർ (ISM) നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഓഡിറ്റ്<br>18.2.2020 മുതൽ 19.2.2020 വരെ | ശ്രീമതി അമ്പിളി യു. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| **<u>ബാച്ച് 14</u>**<br>ജില്ലാ വ്യവസായ കേന്ദ്രം മാനേജർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഓഡിറ്റ്<br>20.2.2020 മുതൽ 20.2.2020 വരെ | ശ്രീമതി ഷീല വി.ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| **<u>ബാച്ച് 15</u>**<br>ജില്ലാ മെഡിക്കൽ ഓഫീസർ | ശ്രീമതി മായ ആർ | ഓഡിറ്റ് ഓഫീസർ |
| | | |

| | | |
|---|---|---|
| (ഹോമിയോ) നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളുടെ ഓഡിറ്റ് 20.2.2020 മുതൽ 20.2.2020 വരെ | ശ്രീമതി സുനിത എം.എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| **ബാച്ച് 16** ജില്ലാ ആശുപത്രി സി.എം.ഒ / സൂപ്രണ്ട് നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളുടെ ഓഡിറ്റ് 20.2.2020 മുതൽ 20.2.2020 വരെ | ശ്രീമതി അമ്പിളി യു. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി രഞ്ജുപ്രകാശ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| **ബാച്ച് 17:**പി.എ.യു.പ്രോജക്റ്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഓഡിറ്റ് 14.2.2020 മുതൽ 15.2.2020 വരെ | ശ്രീമതി അമ്പിളി യു. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി രഞ്ജുപ്രകാശ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി ഷീല വി.ആർ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി) നിർവഹണാധികാരികൾ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ. സഖറിയാസ് കുതിരവേലി | 01.04.2018 മുതൽ 13.06.2018 വരെ |
| | ശ്രീമതി ശശികലാ നായർ | 14.06.2018 മുതൽ 08.07.2018 വരെ |
| | അഡ്വ.സണ്ണി പാമ്പാടി | 09.07.2018 മുതൽ 31.03.2019 വരെ |
| ചെയർപേഴ്സൺ (ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീമതി മേരി സെബാസ്റ്റ്യൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർപേഴ്സൺ (വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീ. സഖറിയാസ് കുതിരവേലി | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർപേഴ്സൺ (ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീമതി ബെറ്റി റോയി മണിയങ്ങാട്ട് | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർപേഴ്സൺ (പൊതുമരാമത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീമതി ശശികലാ നായർ | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർപേഴ്സൺ (ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിങ്ങ് കമ്മിറ്റി) | അഡ്വ. സണ്ണി പാമ്പാടി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ റ്റി. ജെ. വർക്കി | 01.04.2018 മുതൽ 27.03.2019 വരെ |
| | ശ്രീ.സുധീഷ് ജി. ഫിനാൻസ് ഓഫീസർ (ഇൻ-ചാർജ്ജ്) | 28.03.2019 മുതൽ 31.03.2019 വരെ |

**(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രിൻസിപ്പൽ , | ശ്രീ.ഷാജി മാത്യു | 01.04.2018മുതൽ |

| | | |
|---|---|---|
| ഹയർ സെക്കൻഡറി സ്കൂൾ | | 31.03.2019 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ(കൃഷി) | ശ്രീമതി യു. കവിത | 01.04.2018 മുതൽ 31.03.2019 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | ഡോ. പി.കെ.മനോജ് കുമാർ | 01.04.2018മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | ശ്രീ.സി.എൽ. ലാൽ | 01.04.2018 മുതൽ 28.01.2019 വരെ |
| | ശ്രീ.മുഹമ്മദ് ഷെരീഫ് അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻ ചാർജ്) | 29.01.2019 മുതൽ 31.03.2019 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം | ശ്രീ.എ. കെ. അരവിന്ദാക്ഷൻ | 01.04.2018 മുതൽ 11.09.2018 വരെ |
| | ശ്രീ.സി.കെ.രാജ് | 12.09.2018 മുതൽ 21.10.2018 വരെ |
| | ശ്രീമതി ഷൈലകുമാരി സി. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (ഫുൾ അഡീഷണൽ ചാർജ്) | 22.10.2018 മുതൽ 31.03.2019 വരെ |
| ജില്ല മിഷൻ കോർഡിനേറ്റർ, കുടുംബശ്രീ | ശ്രീ.സുരേഷ് പി. എൻ. | 01.04.2018 മുതൽ 31.03.2019 വരെ |
| ജില്ലാ പട്ടികജാതി വികസന ഓഫീസർ | ശ്രീ.എസ്. കൃഷ്ണകുമാർ | 01.04.2018 മുതൽ 30.04.2018വരെ |
| | ശ്രീമതി ഡി. സജിനിമോൾ (ഇൻ ചാർജ്) | 01.05.2018 മുതൽ 27.05.2018 വരെ |
| | ശ്രീമതി വി.ടി.ബീന | 28.05.2018 മുതൽ 16.06.2018 വരെ |
| | ശ്രീമതി ഡി. സജിനിമോൾ (ഇൻ ചാർജ്) | 17.06.2018 മുതൽ 28.06.2018വരെ |
| | ശ്രീമതി വി.ടി.ബീന | 29.06.2018 മുതൽ 30.09.2018 വരെ |
| | ശ്രീ.ആർ.രഘു | 01.10.2018 മുതൽ 15.10.2018 വരെ |
| | ശ്രീമതി വി.ടി.ബീന | 16.10.2018 മുതൽ 31.12.2018 വരെ |
| | ശ്രീമതി പി.സബിത, അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർ (ഇൻ ചാർജ്) | 01.01.2018 മുതൽ 13.01.2019വരെ |

| | | |
|---|---|---|
| | ശ്രീമതി വി.ടി.ബീന | 14.01.2019മുതൽ 07.02.2019വരെ |
| | ശ്രീമതി പി.സബിത, അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർ (ഇൻ ചാർജ്) | 08.02.2019 മുതൽ 10.03.2019 വരെ |
| | ശ്രീമതി വി.ടി.ബീന | 11.03.2019 മുതൽ 31.03.2019 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | ശ്രീമതി അനികുമാരി | 01.04.2018 മുതൽ 31.03.2019 വരെ |
| ജില്ലാ സാമൂഹ്യ നീതി ഓഫീസർ | ശ്രീമതി ആശാമോൾ കെ.വി. | 01.04.2018 മുതൽ 18.05.2018വരെ |
| | ശ്രീമതി പി.എൻ. ശ്രീദേവി | 19.05.2018 മുതൽ 06.06.2018വരെ |
| | ശ്രീ.ബിനോയ്.വി.ജെ. | 07.06.2018 മുതൽ 24.06.2018വരെ |
| | ശ്രീ.സാബു ജോസഫ് എ.ജെ. | 25.06.2018 മുതൽ 04.09.2018വരെ |
| | ശ്രീ.എം.എം.മോഹൻദാസ് | 05.09.2018 മുതൽ 31.03.2019വരെ |
| ജില്ലാ മെഡിക്കൽ ഓഫീസർ -ISM (ആയുർവേദം) | ഡോ. രതി ബി.ഉണ്ണിത്താൻ | 01.04.2018 മുതൽ 11.09.2018 വരെ |
| | ഡോ.ജയശ്രീ സി. | 12.09.2018 മുതൽ 31.03.2019വരെ |
| മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കോട്ടയം | ശ്രീ.സി.കെ.ജോസഫ് | 01.04.2018 മുതൽ 31.03.2019വരെ |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് | ശ്രീ.എം. കെ. വിജയകുമാർ | 01.04.2018 മുതൽ 31.03.2019വരെ |
| പ്രോജക്ട് ഡയറക്ടർ, പി.എ.യു. | ശ്രീ.ബെന്നി ജെ. | 01.04.2018 മുതൽ 31.03.2019 വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (അലോപ്പതി) | ഡോ. ബിന്ദുകുമാരി | 01.04.2018 മുതൽ 31.03.2019വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (ആയുർവേദം) | ഡോ.ആർ.വി.അജിത്ത് | 01.04.2018 മുതൽ 31.03.2019വരെ |

| | | |
|---|---|---|
| ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (ഹോമിയോ) | ഡോ. ജോഷി തോമസ് | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ, റീജിയണൽ പൗൾട്രിഫാം | ഡോ. മായ ജെയിംസ് | 01.04.2018മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ത.സ്വ.ഭ.വ) | ശ്രീ.രാധാകൃഷ്ണൻ വി. | 01.04.2018 മുതൽ 08.06.2018 വരെ |
| | ശ്രീ.റെജി ഫിലിപ്പ് (ഫുൾ അഡീഷണൽ ചാർജ്) | 09.06.2018 മുതൽ 10.06.2018 വരെ |
| | ശ്രീമതി സുമ എസ്. | 11.06.2018 മുതൽ 27.07.2018 വരെ |
| | ശ്രീ.ബിനോയ് എം.പി. | 27.07.2018 മുതൽ 28.03.2019 വരെ |
| | ശ്രീ.മനോജ് എം.ഒ. | 28.03.2019 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ഖണ്ഡിക നം. | ഖണ്ഡിക |
|---|---|
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |
| 1-3 | പദ്ധതി അവലോകനം |
| 1-4 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-5 | ക്യാഷ് വെരിഫിക്കേഷൻ |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | വാർഷികകണക്കുകളുടെ അവലോകനം |
| 1-8 | വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ ദൈനംദിന പിരിവ് തുക ജില്ലാ പഞ്ചായത്ത് ഫണ്ടിൽ അതാത് ദിവസം ഒടുക്കുന്നില്ല |
| 1-9 | പ്രത്യേക ആവശ്യത്തിനുള്ള ഗ്രാന്റുകൾ - ദീർഘകാലമായി ജില്ലാ പഞ്ചായത്ത് ഫണ്ടിന് ബാധ്യത- തുടർനടപടി സ്വീകരിയ്ക്കുന്നില്ല. |
| 1-10 | നിക്ഷേപ പ്രവൃത്തികൾ - വർഷങ്ങളായി ഡെപ്പോസിറ്റ് ചെയ്യപ്പെട്ട 16.92 കോടി രൂപ വിവിധ ഏജൻസികളിൽ മുടങ്ങി കിടക്കുന്നു |
| 1-11 | റീജിയണൽ പൗൾട്രി ഫാം മണർകാട് - ഇംപ്രസ്റ്റ് തുക പിൻവലിച്ചത്- നടപടിക്രമങ്ങളിലെ അപാകതകൾ |
| 1-12 | ഗവ.എച്ച്.എസ്.എസ്, ടി.വി.പുരം - വെള്ളം ലഭിക്കാതിരുന്ന കാലയളവിലെ വെള്ളക്കരക്കുടിശികയും പലിശയും ഒടുക്കി |
| 1-13 | വാഹനങ്ങളുടെ പരിപാലനം - സർക്കാർ മാനദണ്ഡങ്ങൾ പാലിയ്ക്കുന്നില്ല |
| | |

| | |
|---|---|
| 1-14 | നിക്ഷേപ പ്രവൃത്തികൾക്ക് തുക കൈമാറിയത്-സെന്റേജ് ചാർജ് അധികമായി നൽകി |
| 1-15 | കിടങ്ങൂർ ഡിവിഷനിലെ കിടങ്ങൂർ പഞ്ചായത്തിൽ ക്രിമിറ്റോറിയം - ജില്ലാപഞ്ചായത്ത് വിഹിതം കൈമാറിയത് - പദ്ധതി തുക നാളിതുവരെ വിനിയോഗിച്ചില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു. |
| 1-16 | പ്രവൃത്തിമൂല്യം കണക്കാക്കിയതിലുള്ള അപാകത -കിഴക്കടമ്പ് കുടിവെള്ള പദ്ധതിയുടെ കോൺട്രാക്ടർക്ക് അധിക തുക നൽകി |
| 1-17 | ജില്ലാ കൃഷിത്തോട്ടം കോഴ- ഷെയ്ഡ് ഹൗസ് മെയിന്റനൻസ് - കരാറുകാരന് അധികം തുക നല്കി |
| 1-18 | നിരീക്ഷണക്യാമറ സ്ഥാപിയ്ക്കൽ -നാളിതുവരെ പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല |
| 1-19 | കടുത്തുരുത്തി ഡിവിഷൻ - കടുത്തുരുത്തി ഗ്രാമപഞ്ചായത്തിൽ വലിയതോടും ചുള്ളിത്തോടും മാലിന്യമുക്തമാക്കൽ - പദ്ധതിനിർവഹണത്തിലെ അപാകതകൾ . |
| 1-20 | സാങ്കേതിക അനുമതി ലഭിച്ചതിൽ നിന്നും വ്യത്യസ്തമായി ചെയ്ത പ്രവൃത്തിക്ക് കൺവീനർക്ക് തുക നല്കി. |
| 1-21 | പൂഞ്ഞാർ ഡിവിഷൻ മേലുകാവ്മറ്റം 12-ാം വാർഡ് കുടിവെള്ളപദ്ധതി - അപാകതകൾ |
| 1-22 | പൂഞ്ഞാർ ഡിവിഷൻ- പൂഞ്ഞാർ ഗ്രാമ പഞ്ചായത്തിലെ പെരുന്നിലം- ചെറപ്പാറ കുടിവെള്ള പദ്ധതി- അപാകതകൾ |
| 1-23 | കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് - കാഞ്ഞിരംകുളം കുടിവെള്ളപദ്ധതി പൂർത്തീകരണം - മോട്ടോർ സ്ഥാപിച്ചതിലെ അപാകത |
| 1-24 | കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ വനിതാ വ്യവസായ കേന്ദ്രം - ആസൂത്രണത്തിൽ അപാകം |
| 1-25 | കൂരോപ്പട പബ്ലിക് ലൈബ്രറി കെട്ടിട നിർമ്മാണം - ആവശ്യകത പരിഗണിച്ചില്ല |
| 1-26 | വാഴൂർ ജി.എച്ച്.എസ്.എസ് ഇലക്ട്രിഫിക്കേഷൻ ആന്റ് സൗണ്ട് സിസ്റ്റം - തുക കൈമാറുന്നതിൽ കാലതാമസ്സം, പൂർത്തീകരണ വിവരം ലഭ്യമല്ല |
| 1-27 | ഇളങ്ങോയി പാലം/കടവ് - നാലാം മൈൽ റോഡ് പുനരുദ്ധാരണം-ഒരു പ്രവൃത്തിക്കായി രണ്ട് പ്രോജക്ടുകൾ |
| 1-28 | പാമ്പാടി കാർഷികവിപണനകേന്ദ്രം നിർമ്മാണം- നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| 1-29 | ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില/ജി എസ് ടി ഈടാക്കുന്നതിലെ അപാകത |
| 1-30 | കെട്ടിട നിർമ്മാണ പ്രവൃത്തികൾ - നിർവ്വഹണത്തിലും ആസ്തി സംരക്ഷണത്തിലും അപാകത |
| 1-31 | പഞ്ചായത്ത് കമ്മിറ്റിയെ തെറ്റിദ്ധരിപ്പിച്ച് പിഴ ഒഴിവാക്കി. |
| 1-32 | കരാർ ലംഘനം നടത്തിയ കരാറുകാരനെതിരെ നടപടികൾ സ്വീകരിച്ചില്ല. |
| 1-33 | യഥാസമയം പഞ്ചായത്തുമായി കരാറിലേർപ്പെടാത്ത കരാറുകാർക്കെതിരെ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല |

| | |
|---|---|
| 1-34 | റോഡ് നിർമ്മാണ പൂർത്തീകരണ പ്രോജക്റ്റുകൾ -പ്രോജക്റ്റ് രൂപീകരണ നിർവഹണ പ്രക്രിയകളിൽ അപാകത. |
| 1-35 | വൻതുക ചെലവഴിച്ച പ്രോജക്റ്റുകൾ -പ്രവൃത്തി പൂർത്തീകരിച്ച് നാളിതുവരെ ഫലപ്രദമാക്കിയിട്ടില്ല |
| 1-36 | കടുത്തുരുത്തി ഡിവിഷൻ -കല്ലറ പഞ്ചായത്ത് -മുണ്ടാർ പാടശേഖരങ്ങളുടെ ബണ്ട് ബലപ്പെടുത്തൽ - ഗുണഭോക്തൃസമിതി പ്രവൃത്തികൾ കരാറുകാരെ ഏൽപിച്ചു - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം |
| 1-37 | സമയക്രമം പാലിക്കാത്ത കരാറുകാർക്ക് എതിരെ നടപടി സ്വീകരിച്ചില്ല. |
| 1-38 | മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ജിഎസ് ടി ഈടാക്കിയില്ല. |
| 1-39 | വാകത്താനം പഞ്ചായത്ത്-തെക്കേപ്പറമ്പിൽപടി കൊട്ടാരത്തിൽക്കടവ് ബണ്ട് നിർമ്മാണം - മണ്ണ് ഫില്ലിങ്ങ് -ആവശ്യമായ കുറവുകൾ വരുത്തിയില്ല |
| 1-40 | ടാപ്പുഴ കുടിവെള്ള പദ്ധതി-പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ-നിക്ഷേപ പ്രവൃത്തി വ്യത്യസ്ത തലങ്ങളിൽ ഏകോപനമില്ലാതെ ഏറ്റെടുക്കുന്നു |
| 1-41 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിനു ധനസഹായം നൽകൽ - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധിക തുക നല്കി |
| 1-42 | സ്കൂളുകൾക്ക് കമ്പ്യൂട്ടർ, ഉപകരണങ്ങൾ വാങ്ങൽ -വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തില്ല. |
| 1-43 | നിക്ഷേപ പ്രവൃത്തികൾ - പ്രവൃത്തികൾ നടപ്പാകാതെ 1.23 കോടി രൂപ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു. |
| 1-44 | അയർക്കുന്നം ഡിവിഷനിൽ അയർക്കുന്നം പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾക്ക് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിക്ഷേപിച്ച തുക –പ്രോജക്റ്റ് നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പോലും സ്വീകരിച്ചില്ല – ത്രിതല പഞ്ചായത്തുകളുടെ കോർഡിനേഷൻ ഫലപ്രദമല്ല - 8,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. |
| 1-45 | സംയുക്തപ്രോജക്റ്റുകൾ- പൂർത്തീകരണവിവരങ്ങളും ചെലവഴിച്ച തുകകളുടെ വിനിയോഗ വിവരങ്ങളും ലഭ്യമായിട്ടില്ല- 7975304/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. |
| 1-46 | രൂപീകരിക്കാത്ത പ്രോജക്റ്റിനുവേണ്ടി കൈമാറിയ തുക തിരികെ ലഭിച്ചിട്ടില്ല. |
| 1-47 | ആർ.എം.എസ്.എ. ഫണ്ട് വരവുചെലവ് കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല-കേന്ദ്രവിഹിതം ഇനത്തിൽ ലഭിച്ച 2365000/- രൂപ വിനിയോഗിച്ചില്ല. |
| 1-48 | ജില്ലാപഞ്ചായത്ത് ഒരു ഡിവിഷനിലെ ഗുണഭോക്താക്കൾക്ക് മാത്രമായി വ്യക്തിഗത പ്രോജക്റ്റ്-പഠനമുറി നിർമ്മാണം ആവിഷ്ക്കരിച്ച് നടപ്പിലാക്കി |
| 1-49 | അയർക്കുന്നം ഡിവിഷനിലെ വെജിറ്റബിൾ ക്ലസ്റ്ററിന് വാഹനം വാങ്ങൽ - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 1-50 | സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ - അപാകതകൾ |
| 1-51 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ |

| | |
|---|---|
| | ചാർജ് ഈടാക്കുന്നില്ല |
| 1-52 | ഇ-ടെൻഡർ ഫീസ് - ക്രെഡിറ്റ് ചെയ്യുന്ന തുക സംബന്ധിച്ച രേഖകൾ ലഭ്യമല്ല. |
| 1-53 | ഇ-ടെൻഡർ -ടെൻഡർ ഫീസിനത്തിലുള്ള 167645/- രൂപ ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല. |
| 1-54 | ആയുർവേദാശുപത്രിയിൽ ലിഫ്റ്റ് നിർമ്മാണം - പ്രവൃത്തി പൂർത്തീകരിച്ചില്ല. |
| 1-55 | സെക്രട്ടറിയ്ക്ക് ലീവ് ട്രാവൽ കൺസഷൻ അനുവദിച്ചത് - നടപടിക്രമങ്ങളിലെ അപാകതകൾ. |
| 1-56 | സാക്ഷരതാ മിഷൻ - വരവുചെലവുകണക്കുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 1-57 | എസ്.എസ്.എ.ക്ക് വിഹിതം നൽകൽ - പദ്ധതി ആസൂത്രണത്തിൽ ജില്ല പഞ്ചായത്ത് പങ്ക് വഹിച്ചത് - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 1-58 | അങ്കണവാടി പോഷകാഹാരം - പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ - വിനിയോഗിക്കാത്ത തുക തിരികെ ഒടുക്കിയിട്ടില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു. |
| 1-59 | എൽ.എസ്.ജി.ഡി. ഓഫീസ് കമ്പ്യൂട്ടർവല്ക്കരണം - വിശദാംശങ്ങളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 1-60 | മുച്ചക്ര വാഹനവിതരണ പ്രോജക്ടുകളിലെ അപാകതകൾ |
| 1-61 | മൊബൈൽ മിൽക്കിംഗ് യൂണിറ്റ് - അധികാരപ്പെട്ട സ്ഥാപനത്തിൽ നിന്ന് അനുമതി വാങ്ങിയില്ല |
| 1-62 | തെരുവു നായ നിയന്ത്രണം - സമഗ്ര എബിസി -എ.ആർ .പ്രോഗ്രാം സുതാര്യത ഉറപ്പാക്കിയില്ല |
| 1-63 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 1-64 | കോക്ലിയാർ ഇംപ്ലാന്റ് - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല |
| 1-65 | ആയുസ്സിനും ആരോഗ്യത്തിനും ജൈവകൃഷി - തുടർ പ്രവർത്തനങ്ങൾ ഫലപ്രദമല്ല |
| 1-66 | ജീവനക്കാരുടെ സേവനപുസ്തകങ്ങൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ |
| 2-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 3-1 | നിക്ഷേപ പ്രവൃത്തികൾക്ക് തുക കൈമാറിയത്- സെന്റേജ് ചാർജ് അധികമായി നൽകി |
| 3-2 | പ്രവൃത്തിമൂല്യം കണക്കാക്കിയതിലുള്ള അപാകത -കിഴക്കടമ്പ് കുടിവെള്ള പദ്ധതിയുടെ കോൺട്രാക്ടർക്ക് അധിക തുക നൽകി |
| 3-3 | ജില്ലാ കൃഷിത്തോട്ടം കോഴ- ഷെയ്ഡ് ഹൗസ് മെയിന്റനൻസ് - കരാറുകാരന് അധികം തുക നല്കി |
| 3-4 | കടുത്തുരുത്തി ഡിവിഷൻ -കല്ലറ പഞ്ചായത്ത് -മുണ്ടാർ പാടശേഖരങ്ങളുടെ ബണ്ട് ബലപ്പെടുത്തൽ - ഗുണഭോക്തൃസമിതി പ്രവൃത്തികൾ കരാറുകാരെ ഏൽപിച്ചു - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം |
| 3-5 | വാകത്താനം പഞ്ചായത്ത്-തെക്കേപ്പറമ്പിൽപടി കൊട്ടാരത്തിൽക്കടവ് ബണ്ട് നിർമ്മാണം - മണ്ണ് ഫില്ലിങ്ങ് -ആവശ്യമായ കുറവുകൾ വരുത്തിയില്ല |
| | |

| | |
|---|---|
| 3-6 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിനു ധനസഹായം നൽകൽ - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധിക തുക നല്കി |
| 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4-2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 4-6 | സ്ഥിര നിക്ഷേപം |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| അനുബന്ധം 2 | ഡെപ്പോസിറ്റ് ചെയ്ത തുകകൾ ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല |
| അനുബന്ധം 3 | പ്രോജക്ട് 400/19 പ്രകാരം വിവിധ ഡിവിഷനുകളിൽ വൈദ്യുതി ലൈൻ എക്സ്റ്റൻഷന് നൽകിയ തുകയുടെ വിശദാംശങ്ങൾ |
| അനുബന്ധം 4 | ബാലൻസ് ഷീറ്റ് 31.03.2019 തീയതിയിൽ |
| അനുബന്ധം 5 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം 6 | റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

ജില്ലാ പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 20.03.2018 ലെ 1-ാം നമ്പർ തീരുമാനം പ്രകാരം 2018-19 വർഷത്തെ ബജറ്റ് അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. ബജറ്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥം | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 14,40,95,813 | 1,87,40,903 | | 12,53,54,910 |
| വരവ് | 237,78,29,370 | 67,00,80,942 | | 170,77,48,428 |
| ആകെ | 252,19,25,183 | 68,88,21,845 | | 183,31,03,338 |
| ചെലവ് | 233,72,45,000 | 54,26,65,673 | | 178,45,79,327 |
| നീക്കിയിരിപ്പ് | 18,46,80,183 | 14,61,56,172 | | 485,24,011 |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവുചെലവ് കണക്കുകളും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ അന്തരം ഉള്ളതായി മേൽ പട്ടിക വ്യക്തമാക്കുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ജനറൽ കമ്മിറ്റിയുടെയും മതിയായ ശ്രദ്ധ പതിയേണ്ടതാണ്.

## 1-2 ഫണ്ട് വിനിയോഗം

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2018-19 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടത്/ നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 552687852 | 552687852 | 292176204 | 2605511648 | 52 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 169608709 | 169608709 | 56397004 | 113211705 | 33 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 32829481 | 32829481 | 12236643 | 20592838 | 37 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 172904000 | 172904000 | 68026738 | 104877262 | 39 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 115774206 | 115774206 | 51461262 | 64312944 | 44 |
| സർവ്വ ശിക്ഷാ അഭിയാൻ (SSA) | 5,09,885/- | 18,081 | 5,27,966 | 0 | 5,27,966 | 0 |
| രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (RMSA) | 5,134,1876/- | 0 | 5,13,41,876/- | 48,04,120 | 4,65,37,756 | 9.3 |
| വെർച്ചൽ ക്ലാസ്റൂം ഫണ്ട് | 12,00,000/- | 0 | 12,00,000/- | 0 | 12,00,000/- | 0 |
| മൃഗസംരക്ഷണ വകുപ്പ് ഗ്രാന്റ് | 66,96,025/- | 0 | 66,96,025/- | 59,00,380 | 7,95,645 | 88 |
| ഹയർ സെക്കൻഡറി ഗ്രാന്റ് | 40,98,681/- | 0 | 40,98,681/- | 0 | 40,98,681/- | 0 |
| കേരളോത്സവം ഗ്രാന്റ് | 1,09,700/- | 0 | 1,09,700 | 45,800 | 63,900 | 41 |
| ഹയർ സെക്കൻഡറി വകുപ്പ് ഗ്രാന്റ് ടോയ്ലെറ്റ് നിർമ്മാണം | 6,09,857/- | 0 | 6,09,857 | 0 | 6,09,857 | 0 |
| നബാർഡ് ഫണ്ട് | 11,42,571 | 0 | 11,42,571 | 0 | 11,42,571 | 0 |
| സംയുക്ത പ്രോജക്ട് (ഗ്രാമപഞ്ചായത്ത്- മൂലധന ചെലവുകൾ) | 77,356/- | 5,00,000 | 5,77,356 | 0 | 5,77,356 | 0 |
| സംയുക്ത പ്രോജക്ട് (ഗ്രാമ പഞ്ചായത്ത്- റവന്യൂ ചെലവ് ) | 31,24,664/- | 0 | 31,24,664 | 14,74,367 | 16,50,297 | 47.18 |
| സംയുക്ത പ്രോജക്ട് (ബ്ലോക്ക്പഞ്ചായത്ത്- മൂലധന ചെലവുകൾ) | 12,50,000/- | 23,00,000 | 35,50,000 | 0 | 35,50,000 | 0 |
| സംയുക്ത പ്രോജക്ട് (ബ്ലോക്ക് | 41,76,818 | 0 | 41,76,818/- | 12,70,326 | 29,06,492 | 30 |

| | | | | | | |
|---|---|---|---|---|---|---|
| പഞ്ചായത്ത്- റവന്യൂ ചെലവ് ) | | | | | | |
| സംയുക്ത പ്രോജക്ട് (നഗരസഭ ) | 9,00,000/- | 0 | 9,00,000/- | 0 | 9,00,000/- | 0 |
| ഗുണഭോക്തൃ വിഹിതം | 38,677/- | 0 | 38,677/- | 0 | 38,677/- | 0 |
| സംസ്ഥാന സർക്കാർ അവാർഡ് | 5,00,000/ | 0 | 5,00,000/- | 0 | 5,00,000/- | 0 |
| സാമൂഹ്യ നീതി വകുപ്പ് ഗ്രാന്റ് (ബി-ഫണ്ട്) | 0 | 769954 | 769954 | 769954 | 0 | 100 |
| തനത് ഫണ്ട് (ജനറൽ പർപ്പസ് ഫണ്ട് ഉൾപ്പടെ) | 0 | 567199021 | 567199021 | 22065133 | 34133888 | 0 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ് എന്നീ ഇനങ്ങളുടെ സഞ്ചിത നിധിയിൽ ലഭ്യമായ അലോട്ട്മെന്റും ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് ശതമാനവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വികസന ഫണ്ട്-പൊതുവിഭാഗം, സംരക്ഷണ ഗ്രാന്റ്-റോഡിതരം എന്നീ ഗ്രാന്റുകളിലെ ചെലവുതുക വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ളത് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. തൻവർഷം ലഭിച്ച ജനറൽ പർപ്പസ് ഫണ്ട് 30621023/- രൂപയാണ്. ടി തുകയുടെ വിനിമയം ട്രഷറി ടി.എസ്.ബി. അക്കൗണ്ടിലൂടെയാണ് നടത്തുന്നത്. എ.ബി.സി. പ്രോഗ്രാമിനായി ലഭിച്ച തുകകൾ സംയുക്ത പ്രോജക്ടിനായുള്ള (റവന്യൂ ചെലവ്) തുകകളുടെ ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.

## 1-3 പദ്ധതി അവലേകനം

13-ാം പഞ്ചവത്സര പദ്ധതിയിലെ രണ്ടാം വാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണവകുപ്പിന്റെ 29.01.2018ലെ സർക്കാർ ഉത്തരവ് (കൈ) 11/2018 ആയി പുറപ്പെടുവിക്കുകയുണ്ടായി. പദ്ധതി ആസൂത്രണ ഘട്ടങ്ങളും നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിരുന്നു. ടി ഉത്തരവിലെ നിർദ്ദേശ പ്രകാരം പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ *30.12.2017*ന് ചേരുകയും അവസ്ഥാരേഖ (സ്റ്റാറ്റസ് റിപ്പോർട്ട്) പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. തയ്യാറാക്കിയ കരട് പ്രോജക്ടുകൾ ആസൂത്രണ ഗ്രാമസഭ യോഗത്തിൽ അവതരിപ്പിക്കുകയും (ഗ്രാമപഞ്ചായത്ത് ഗ്രാമസഭ യോഗത്തിന് സമാനമായി) അവയുടെ അംഗീകാരത്തോടെ *19.03.18*-ൽ വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തതായി കാണുന്നു.

പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ 13-ാം പഞ്ചവത്സരപദ്ധതിയിലെ രണ്ടാം വാർഷികപദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 29.01.2018ലെ 11/2018 നമ്പർ ഉത്തരവിന്റെ അനുബന്ധം-3ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയ്ക്ക് അന്തിമരൂപം നൽകുന്നതിന്റെ മുന്നോടിയായി, മേഖലാവിഭജന നിബന്ധനകളുടെ അടിസ്ഥാനത്തിൽ ഓരോ മേഖലയിലും വകയിരുത്തേണ്ട തുക, അനിവാര്യമായ ഇനങ്ങൾക്കും വിഭാഗങ്ങൾക്കും വകയിരുത്തേണ്ട തുക എന്നിവ സംബന്ധിച്ച ശുപാർശ ഓരോ സ്റ്റാന്റിംഗ് കമ്മറ്റിയും നൽകേണ്ടതും അവ പരിശോധിച്ച് മേഖല, ഉപമേഖലാ വിഹിതങ്ങൾ സംബന്ധിച്ച് അന്തിമ തീരുമാനം ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ശുപാർശയിന്മേൽ ഭരണസമിതി കൈക്കൊള്ളേണ്ടതുമാണ്. എന്നാൽ പ്രസ്തുത ചുമതലകൾ നിർവ്വഹിച്ചതിന്റെ വിശദാംശങ്ങളൊന്നും തന്നെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സ് ബുക്കുകളിലോ, പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട മറ്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നോ ബോധ്യമായില്ല. പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കേണ്ടതാണ്. ജില്ലാപഞ്ചായത്ത് കമ്മിറ്റിയുടെ *16.2.19ലെ 1-ാം* നമ്പർ തീരുമാനപ്രകാരം 2018-19 വാർഷിക പദ്ധതിക്ക് അംഗീകാരം നല്കി.

വാർഷിക പദ്ധതിയ്ക്ക് *15.03.19ലെ 490/19-/DPC/DPO/KTM* നമ്പർ നടപടിക്രമം പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

**<u>നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും</u>**

ജനങ്ങളുടെ സാമ്പത്തിക വികസനവും സാമൂഹ്യനീതി ഉറപ്പാക്കലും ലക്ഷ്യമിട്ട് തയ്യാറാക്കിയ 2018-19 വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 130.64 കോടി രൂപയും ആകെ ചെലവ് 50.94 കോടി രൂപയുമാണ്. ചെലവുശതമാനം 38.9%. അംഗീകാരം ലഭിച്ച 1221 പ്രോജക്ടുകളിൽ 483 എണ്ണം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| | നിർവ്വഹണ ഉദ്യോഗസ്ഥൻ | തയ്യാറാക്കിയ പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|---|
| 1 | സെക്രട്ടറി | 118 | 78 | 130862695 | 92305743 |
| 2 | പ്രിൻസിപ്പൽ, ഹയർസെക്കന്ററി സ്കൂൾ | 2 | 2 | 150000 | 147200 |
| 3 | പ്രോജക്ട് ഓഫീസർ ഐ.റ്റി.ഡി.പി | 1 | 0 | 1000000 | 00 |
| 4 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ | 6 | 2 | 6369726 | 1257682 |
| 5 | ഡെപ്യൂട്ടി ഡയറക്ടർ മൃഗസംരക്ഷണം | 8 | 5 | 3476000 | 533790 |
| 6 | ഡെപ്യൂട്ടി ഡയറക്ടർ ക്ഷീരവികസനവകുപ്പ് | 2 | 2 | 5760500 | 5570000 |
| 7 | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 7 | 5 | 9066000 | 5897998 |
| 8 | ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം) | 1 | 1 | 1500000 | 1500000 |
| 9 | മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | 1 | 1 | 2000000 | 1000000 |
| 10 | എക്സിക്യൂട്ടീവ് എഞ്ചിനീയർ (തസ്വഭവ) | 93 | 56 | 114859750 | 44436959 |
| 11 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (തസ്വഭവ) | 865 | 267 | 785807985 | 177289861 |
| 12 | സൂപ്രണ്ട്, ജില്ലാ ആശുപത്രി ഹോമിയോ | 1 | 1 | 1000000 | 1000000 |
| 12 | അസിസ്റ്റന്റ് ഡയറക്ടർ റീജിയണൽ പൗൾട്രി ഫാം | 4 | 4 | 8210000 | 5899465 |
| 14 | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 3 | 3 | 8000000 | 6377821 |
| 15 | ജില്ലാ മിഷൻ കോർഡിനേറ്റർ | 1 | 1 | 6331361 | 3135858 |

| | | | | | |
|---|---|---|---|---|---|
| | കുടുംബശ്രീ | | | | |
| 16 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി | 78 | 33 | 69097316 | 17584136 |
| 17 | ഡെപ്യൂട്ടി ഡയറക്ടർ പൊതുവിദ്യാഭ്യാസം | 21 | 13 | 29807204 | 23072154 |
| 18 | സൂപ്രണ്ട്, ജില്ലാ ആശുപത്രി (അലോപ്പതി) | 2 | 2 | 2500000 | 1948756 |
| 19 | സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (ആയുർവ്വേദം) | 3 | 3 | 11405000 | 11280993 |
| 20 | പ്രോജക്ട് ഡയറക്ടർ പി.എ.യു | 4 | 4 | 109227035 | 109227035 |
| | **ആകെ** | 1221 | 483 | 1306430572 | 509465451 |

ജില്ലാ പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ ഭൂരിഭാഗം പ്രോജക്ടുകളും നിക്ഷേപപ്രവൃത്തികളായിരുന്നു. കെ.എസ്.ഇ.ബി., കേരളാ വാട്ടർ അതോറിറ്റി, ഭൂജലവകുപ്പ്, പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം എന്നീ നിർവ്വഹണ ഏജൻസികളിൽ ഓഡിറ്റ് വർഷം വൻതുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പ്രവൃത്തികളുടെ യഥാർത്ഥ വിനിയോഗം ഉറപ്പുവരുത്തിയിട്ടില്ല. സെക്രട്ടറിയുടെ പ്രോജക്ടുകളിൽ ചെലവ് പത്രിക പ്രകാരം 66% പ്രോജക്ടുകൾക്ക് തുക ചെലവഴിച്ചുവെങ്കിലും അത്രയും തുക യഥാർത്ഥത്തിൽ വിനിയോഗിക്കപ്പെട്ടിട്ടില്ല എന്ന് പരിശോധനയിൽ വ്യക്തമാകുന്നു. അതായത് വിവിധ ഏജൻസികളിൽ തൻവർഷം നിക്ഷേപ പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകയിൽ 90ശതമാനവും ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. എഞ്ചിനീയറിംഗ് വിഭാഗത്തിൽ പകുതി പ്രോജക്ടുകൾ പോലും നടപ്പാക്കുവാൻ സാധിച്ചിട്ടില്ല. പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുള്ള സമയക്രമം പാലിക്കാത്തത് പ്രോജക്ടുകളുടെ നിർവ്വഹണത്തെ തടസ്സപ്പെടുത്തുന്നു.

<u>വിനിയോഗലക്ഷ്യം കൈവരിച്ചില്ല – 56.35 കോടി രൂപ നഷ്ടപ്പെട്ടു</u>

ഓഡിറ്റ് വർഷം സമയബന്ധിതമായി പദ്ധതി നടപ്പാക്കാത്തതിനാൽ നഷ്ടമായ സർക്കാർ ഗ്രാന്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 552687852 | 552687852 | 292176204 | 26,05,11,648 |
| വികസനഫണ്ട് – എസ്.സി.പി. | 169608709 | 169608709 | 56397004 | 11,32,11,705 |
| വികസനഫണ്ട് – ടി.എസ്.പി. | 32829481 | 32829481 | 12236643 | 2,05,92,838 |
| സംരക്ഷണഗ്രാന്റ് – റോഡ് | 172904000 | 172904000 | 68026738 | 10,48,77,262 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 115774206 | 115774206 | 51461262 | 6,43,12,944 |
| ആകെനീക്കിയിരിപ്പ് | | | | 56,35,06,397 |

പ്രവൃത്തികളുടെ ബാഹുല്യവും, പദ്ധതി നിർവ്വഹണ നടപടികളിലെ മെല്ലെപ്പോക്കും സർക്കാർ ഫണ്ട് നഷ്ടപ്പെടാൻ പ്രധാന കാരണമാണ്. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർവ്വഹണ ചുമതല ഉണ്ടായിരുന്ന മരാമത്ത് പ്രവൃത്തികളിൽ പകുതിയോളം നടപ്പിലായില്ല. ഫണ്ട് ലാപ്സാകുന്നതിൽ ഇത് പ്രധാന കാരണമായി ഭവിച്ചു. തൻവർഷത്തേയ്ക്ക് ലഭിക്കാൻ സാദ്ധ്യതയുള്ള ആകെ പദ്ധതി തുകയ്ക്ക്

ആനുപാതികമായി മാത്രം പദ്ധതികൾ തയ്യാറാക്കുകയോ (സ്പിൽ ഓവർ ഉൾപ്പെടെ), അതല്ലെങ്കിൽ സ്പിൽ ഓവർ പദ്ധതികളുടെ പ്രവർത്തനങ്ങൾ വർഷാരംഭത്തിൽ തന്നെ പൂർത്തീകരിച്ച് ലഭിക്കാൻ സാദ്ധ്യതയുള്ള അധിക വിഹിതത്തിനായി സർക്കാരിനെ സമീപിക്കുകയോ ചെയ്യേണ്ടത് അനിവാര്യമാണ്. വികസനപ്രവർത്തനങ്ങൾക്കായി ലഭ്യമായിരുന്ന തുകയിൽ 56.3 കോടി രൂപ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടിട്ടുണ്ട്. ഇതിൽ തിരികെ ലഭിക്കാൻ അർഹതയുള്ള തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ച് ഇപ്രകാരമുണ്ടാകുന്ന അപരിഹാര്യമായ നഷ്ടം ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

കാർഷികമേഖലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനും നെൽകൃഷി വികസനത്തിനും പര്യാപ്തമായ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയെങ്കിലും ആനുപാതികമായി ചെലവ് നടത്തിയിട്ടില്ല. ഓഡിറ്റു വർഷം കാർഷികമേഖലയിൽ നിർവ്വഹിച്ച പ്രോജക്ടുകൾ ഫലപ്രദമായ മേൽനോട്ടത്തിന്റെ അഭാവത്തിൽ പൂർത്തീകരിച്ചിട്ടുമില്ല. എന്നാൽ ഉത്പാദനമേഖലയിൽ ക്ഷീരവികസനം, മൃഗസംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പ്രോജക്ടുകൾ മികച്ചവയായിരുന്നു. സേവനമേഖലയിൽ സാമൂഹ്യനീതി ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഫയൽ സൂക്ഷിപ്പ് തൃപ്തികരമല്ല. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നടപ്പിലാക്കിയ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം വാങ്ങിയ ഉപകരണങ്ങൾ പലതും സ്കൂളുകളിൽ സ്റ്റോക്കിലെടുത്തിട്ടില്ല. കൂടാതെ സ്കൂളുകൾക്ക് ഫർണിച്ചറുകൾ വാങ്ങി നൽകിയത് പരിശോധിച്ചതിൽ ഇൻവോയ്സ് പ്രകാരമുള്ള ഉപകരണങ്ങൾ അല്ല വിതരണം നടത്തിയതെന്ന് കണ്ടെത്തി. ജില്ലാ വ്യവസായ കേന്ദ്രം മാനേജർ നടപ്പിലാക്കിയ പരമ്പരാഗത വ്യവസായ മേഖലയുടെ പുനരുദ്ധാരണം എന്ന പ്രോജക്ട് ഫലപ്രദമായിരുന്നു. കുടുംബശ്രീ ജില്ലാ കോ-ഓർഡിനേറ്ററുടെ സമഗ്ര എ ബി സി പ്രോഗ്രാമുമായി ബന്ധപ്പെട്ട വരവുചെലവ് കണക്കുകളുടെ സുതാര്യത ഉറപ്പ് വരുത്തിയിട്ടില്ല.

പട്ടികജാതി വികസനഓഫീസർ നടപ്പിലാക്കിയ പ്രോജക്ടിൽ പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല. ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർക്ക് തുക വകയിരുത്തിയിരുന്നത് ഒരു പ്രോജക്ടിനായിരുന്നു. പ്രസ്തുത പ്രോജക്ട് പോലും നടപ്പിലാക്കിയില്ല. മെഡിക്കൽ ഓഫീസർമാർ നടപ്പിലാക്കിയത് മരുന്ന് വാങ്ങൽ പ്രോജക്ടുകൾ മാത്രമായിരുന്നു.

<u>കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകൾ</u>

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 32 പ്രോജക്ടുകൾ നടപ്പാക്കിയതിൽ 24 എണ്ണവും സ്പിൽ ഓവർ പ്രോജക്ടുകളായിരുന്നു. ഇവയെല്ലാം തന്നെ 2017-18 വർഷം കരാർ വച്ച് പ്രവർത്തനം ആരംഭിച്ചവയായിരുന്നു. 6 മാസത്തോളം മാത്രം പൂർത്തീകരണ കാലാവധിയുള്ള പ്രസ്തുത പ്രോജക്ടുകൾ പലതും പണി ആരംഭിച്ചത് പോലും 2019 ജനുവരി-ഫെബ്രുവരി മാസങ്ങളിലായിരുന്നു. 2018 ഓഗസ്റ്റ് മാസമുണ്ടായ മഹാപ്രളയം പണി പൂർത്തീകരിക്കുന്നതിന് തടസ്സം സൃഷ്ടിച്ചിരുന്നുവെങ്കിലും പണികൾ കരാർ വച്ച് 6 മാസത്തിന് ശേഷവും ആരംഭിച്ചിട്ടു പോലുമില്ലായെന്നത് നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിന് പൊതുമരാമത്ത് മാനുവലിൽ അനുശാസിക്കുന്ന പിഴ ഈടാക്കിയിരുന്നുമില്ല. നടപടിക്രമങ്ങൾ പാലിക്കുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

പാടശേഖരങ്ങളിൽ അടിസ്ഥാനസൗകര്യവികസന പ്രോജക്ടുകൾ പ്രകാരം ജില്ലാ പഞ്ചായത്തിന്റെ/ ഗ്രാമ പഞ്ചായത്തിന്റേതല്ലാത്ത ആസ്തികളിൽ മരാമത്ത് പ്രവൃത്തികൾ നടത്തിയിരുന്നു. സംരക്ഷണഭിത്തി നിർമ്മാണം, ബണ്ട് കല്ല് കെട്ടി ബലപ്പെടുത്തൽ, പറക്കുഴി നിർമ്മാണം എന്നിവ സ്വകാര്യവ്യക്തികളുടെ പാടശേഖരങ്ങളിലാണ് നടപ്പാക്കിയിരുന്നത്. ജില്ലാപഞ്ചായത്തിന്റെ/ ഗ്രാമപഞ്ചായത്തിന്റെതല്ലാത്ത ആസ്തികളിൽ മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കിയിരുന്നില്ല.

ജില്ലാ പഞ്ചായത്തിന്റെ 2018-19 വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തിയത് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരാണ്. എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 109 പ്രോജക്ടുകൾക്ക് (108 എണ്ണം സ്പിൽ ഓവറും 1 എണ്ണം പുതിയതും) അംഗീകാരം ലഭിച്ചു. എന്നാൽ പുതിയവ ഉൾപ്പെടെ ആകെ 72 പ്രോജക്ടുകൾ ആണ് തൻവർഷം ഭാഗികമായിപ്പോലും നടപ്പാക്കിയത്. 37 സ്പിൽ ഓവർ പ്രവൃത്തികൾ തൻവർഷവും ഏറ്റെടുത്തിട്ടില്ല. ആകെ അടങ്കൽ തുകയായ 11,48,59,750/- രൂപയിൽ 4,44,36,959/- രൂപ മാത്രമാണ് ചെലവഴിക്കപ്പെട്ടത്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 339 സ്പിൽ ഓവർ പ്രോജക്ടുകളും 526 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 865 പ്രവൃത്തികൾക്കാണ് വാർഷിക പദ്ധതിയിൽ അംഗീകാരം ലഭിച്ചത്. നടപ്പിലാക്കിയതാവട്ടെ 194 സ്പിൽ ഓവർ പ്രോജക്ടുകളും 86 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 280 എണ്ണം മാത്രം. 145 സ്പിൽ ഓവർ പ്രോജക്ടുകളും 440 പുതിയ പ്രോജക്ടുകളും തൻവർഷം ഏറ്റെടുത്തില്ല. പ്രോജക്ടുകളുടെ ആകെ അടങ്കൽ തുകയായ 78,58,07,985/- രൂപയിൽ 17,72,89,861/- രൂപ മാത്രമാണ് ചെലവഴിക്കപ്പെട്ടത്. മാത്രമല്ല, ഇവയിൽ പല പ്രോജക്ടുകളും ഇനിയും ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടുമില്ല.

2018-19 വർഷം മരാമത്ത് പ്രവൃത്തികളിൽ സ്പിൽ ഓവർ ഇനത്തിൽ അംഗീകാരം ലഭിച്ച 447 പ്രവൃത്തികളിൽ 265 എണ്ണം മാത്രവും പുതുതായി തയ്യാറാക്കി അംഗീകാരം വാങ്ങിയ 527 എണ്ണത്തിൽ 87 എണ്ണം മാത്രവുമാണ് തൻവർഷം ഏറ്റെടുക്കാൻ ജില്ലാ പഞ്ചായത്തിന് സാധിച്ചുള്ളുവെന്നത് ആവശ്യാധിഷ്ഠിതമായോ മതിയായ പഠനത്തിന്റെയും ആസൂത്രണത്തിന്റെയും പിൻബലത്തിലോ അല്ല പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതെന്ന വസ്തുതയാണ് വെളിവാക്കുന്നത്. പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരം നേടുന്നതുവരെയുള്ള കടലാസുപണികളുൾപ്പെടെ ഉദ്യോഗസ്ഥരുടെയും ഭരണസമിതി അംഗങ്ങളുൾപ്പെടെയുള്ളവരുടെയും പ്രയത്നങ്ങൾ പാഴാകുന്നുവെന്നാണ് വ്യക്തമാകുന്നത്. കൂടാതെ ജില്ലാ പഞ്ചായത്ത് തലത്തിൽ ഏറ്റെടുക്കേണ്ട പല വലിയ പ്രോജക്ടുകളും ഏറ്റെടുക്കാതെ ഫണ്ട് പാഴാകുന്ന അവസ്ഥ സംജാതമാകുന്നു. ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിലെ ഏറ്റവും ഉയർന്ന തലത്തിലുള്ള ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുന്ന പല പ്രോജക്ടുകളും ഗ്രാമപഞ്ചായത്തിന്റെ നിർവ്വഹണതലത്തിൽ മാത്രം ഉൾപ്പെടുന്നതായാണ് കാണുന്നത്. പഞ്ചായത്ത് രാജ് നിയമങ്ങളും വാർഷിക പദ്ധതി പ്രോജക്ട് രൂപീകരണം സംബന്ധിച്ച സർക്കാർ ഉത്തരവുകളും അവഗണിച്ച് പ്രോജക്ടുകൾ തയ്യാറാക്കുകയും വിവിധ തലങ്ങളിൽ കൃത്യമായ പരിശോധനകളില്ലാതെ അംഗീകരിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യം നിലവിലുള്ളതുമൂലമാണ് ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കരുതെന്ന് നിഷ്ക്കർഷിച്ചിട്ടുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നത്.
മരാമത്ത് പ്രവൃത്തികളുടെ മാത്രം ആകെ അടങ്കൽ തുകയായ 90,06,67,735/- (11,48,59,750 + 78,58,07,985)ൽ 22,17,26,820/- രൂപ മാത്രമാണ് തൻവർഷം പ്രവൃത്തികൾക്ക് ചെലവാക്കിയത്. അതായത് അടങ്കലിന്റെ 25% പോലും ചെലവഴിക്കാൻ സാധിച്ചിട്ടില്ല.
പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിൽ കൃത്യമായ ആസൂത്രണവും പ്രോജക്ടുകളുടെ തെരഞ്ഞെടുപ്പിലും നടപ്പാക്കലിലും ഉചിതമായ കാഴ്ചപ്പാടും വൈദഗ്ദ്ധ്യവും ഉറപ്പാക്കി ജില്ലയെ ഒറ്റ യൂണിറ്റായി കണ്ട് ശരിയായ പ്രോജക്ടുകൾ ആണ് ഏറ്റെടുക്കുന്നതെന്ന് ഉറപ്പാക്കി പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കുകയും ഏറ്റെടുക്കുന്ന പ്രോജക്ടുകൾ യഥാസമയം പൂർത്തീകരിക്കുകയും ചെയ്യേണ്ടതാണ്. ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ് കൂടുതൽ പ്രോജക്ടുകൾക്കും തുക നിക്ഷേപിക്കുന്നതും പ്രവൃത്തികൾക്ക് കരാർ വയ്ക്കുന്നതും. തുടർമോണിട്ടറിംഗ് സംവിധാനവും ഫലപ്രദമല്ല. കൃത്യമായ സമയക്രമം പാലിച്ച് പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ചെലവ് ശതമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
<u>ത്രിതലപഞ്ചായത്തുകൾ തമ്മിലുള്ള ഏകീകൃതപ്രവർത്തനത്തിന്റെ അഭാവം പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുന്നു.</u>

ജില്ലാ പഞ്ചായത്ത്, വിവിധ ഡിവിഷനുകളിലേക്കുള്ള പദ്ധതികൾ തയ്യാറാക്കുമ്പോൾ അതാത് തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുമായി ആശയവിനിമയം നടത്തുകയോ പ്രോജക്ടുകൾ നിർവ്വഹിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തുകയോ ചെയ്യുന്നില്ല. അയർക്കുന്നം ഡിവിഷനിലെ വിവിധ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് നടത്തിയ സ്ഥലപരിശോധനയിൽ പഞ്ചായത്ത് തുക നിക്ഷേപിച്ച 204 മീറ്റർ പൈപ്പ് എക്സ്റ്റൻഷൻ ജില്ലാ പഞ്ചായത്ത് ചെയ്തതായി കണ്ടു. പൈപ്പ് സ്ഥാപിച്ചതല്ലാതെ ബാക്കി പണികൾ പൂർത്തീകരിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള യാതൊരു പ്രോജക്ടും നിലവിൽ ആവിഷ്ക്കരിച്ചിട്ടുമില്ല. 6-ാം വാർഡ് ജനപ്രതിനിധി പ്രവൃത്തി പൂർത്തീകരിച്ചപ്പോഴാണ് അത് ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ട് ആണെന്ന് അറിയുന്നത്. കൂടാതെ, എസ്.സി.പി.ഫണ്ട് വകയിരുത്തിയ നീറിക്കാട് ഹരിജൻ കോളനിയിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പ്രോജക്ട് സംബന്ധിച്ചും ജനപ്രതിനിധികൾ തമ്മിൽ ആശയവിനിമയം നടന്നിട്ടില്ലെന്ന് വ്യക്തമാകുന്നു. റോഡ് പ്രവൃത്തികളിലും ഈ കോർഡിനേഷന്റെ അഭാവം വ്യക്തമായിട്ടുണ്ട്. വിശദാംശം ഖണ്ഡിക 1-34 ൽ ചേർത്തിട്ടുണ്ട്.
അയർക്കുന്നം പഞ്ചായത്തിൽ മുൻവർഷങ്ങളിൽ ജില്ലാപഞ്ചായത്ത് നിർമ്മിച്ച പകൽവീട് നിലവിലും വൈദ്യുതി കണക്ഷൻ പോലും ലഭ്യമാകാതെ നിഷ്ക്രിയമായി നിലകൊള്ളുന്നത് (ചിത്രം ചുവടെ ചേർക്കുന്നു) ഇതിന് മറ്റൊരു ഉദാഹരണമാണ്. പാമ്പാടി കാർഷികവിപണനകേന്ദ്രം നാളിതുവരെ

പ്രവർത്തന ക്ഷമമാക്കാത്തതിനും കോർഡിനേഷൻ ഇല്ലായ്മ ഒരു പരിധിവരെ കാരണമാണ്. ത്രിതല പഞ്ചായത്തുകൾ ആവിഷ്ക്കരിക്കുന്ന പ്രോജക്ടുകളിൽ ഇരട്ടിപ്പ് വരാതിരിക്കുന്നതിനും പ്രോജക്ടുകൾ ഫലപ്രാപ്തിയിലെത്തുന്നതിനും സ്ഥാപനങ്ങൾ തമ്മിലും ജനപ്രതിനിധികൾ തമ്മിലുമുള്ള ആശയവിനിമയവും കോർഡിനേഷനും ഉറപ്പുവരുത്തേണ്ടതാണ്.



*അയർക്കുന്നം പഞ്ചായത്തിലെ പകൽ വീട് പ്രവർത്തനക്ഷമമല്ലാത്ത നിലയിൽ*

**ജില്ലാപഞ്ചായത്ത് പൊതുമരാമത്ത് വിഭാഗം – ചുമതലാ നിർവ്വഹണത്തിനുള്ള പൂർണ്ണമായ ശേഷി കൈവരിച്ചിട്ടില്ല.**

കോട്ടയം ജില്ലയിലെ 22 ഡിവിഷനുകളിലായി വ്യാപിച്ചു കിടക്കുന്ന ജില്ലാപഞ്ചായത്തിന്റെ വാർഷികപദ്ധതിയിലെ ഭൂരിഭാഗം പ്രോജക്ടുകളും സാങ്കേതിക വിഭാഗം നിർവ്വഹിക്കേണ്ടതായ പൊതുമരാമത്തുപ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ളവയാണ്. ജില്ലാ പഞ്ചായത്തിന്റെ തൻവർഷത്തെ വാർഷികപദ്ധതിയിൽ അംഗീകരിക്കപ്പെട്ട 1221 പ്രോജക്ടുകളിൽ 958 പ്രോജക്ടുകളുടെയും (78%) നിർവ്വഹണചുമതല എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിനാണ് നൽകിയിരുന്നത്. തൻവർഷം ആകെ നടപ്പിലാക്കിയ 483 പ്രോജക്ടുകളിൽ 323 പ്രോജക്ടുകളും (67%) എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗമാണ് നിർവ്വഹിച്ചത്. ഓരോ വർഷവും ആയിരത്തിൽപരം പൊതുമരാമത്ത് പ്രവൃത്തികളുടെ സ്ഥലപരിശോധന, എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കൽ എന്നിവ ചുരുങ്ങിയ സമയത്തിനുള്ളിൽ പൂർത്തീകരിക്കുക എന്ന ഭാരിച്ച ദൗത്യമാണ് എൽ.എസ്.ജി.ഡി.വിഭാഗം നിർവ്വഹിക്കേണ്ടി വരുന്നത്. എന്നാൽ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിൽ മേൽ പരാമർശിച്ച നിർവ്വഹണ ഉദ്യോഗസ്ഥർ കൂടാതെ ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെയും നാല് ഓവർസിയർമാരുടെയും തസ്തികകൾ മാത്രമാണ് അനുവദിച്ചിട്ടുള്ളത് ( അനുവദിച്ചിട്ടുള്ള ക്ലറിക്കൽ തസ്തികകളുടെ എണ്ണവും പര്യാപ്തമല്ല) . എസ്റ്റിമേറ്റുകളുടെ വിശദമായ പരിശോധന, അംഗീകാരം നൽകൽ മുതലായ പ്രക്രിയകളിൽ അപാകത നിലനിൽക്കുന്നതും ആവിഷ്ക്കരിക്കുന്ന പ്രോജക്ടുകൾ പൂർണ്ണമായി നടപ്പാക്കുവാൻ കഴിയാതെ വരുന്നതും ഒരു പരിധി വരെ ജീവനക്കാരുടെ അപര്യാപ്തത മൂലമാണെന്ന് വിശദീകരിക്കുകയുണ്ടായി. പൊതുമരാമത്ത് പ്രവൃത്തികൾ പലതും ഫലപ്രാപ്തി കൈവരിക്കാത്തതും യഥാസമയം പൂർത്തീകരിക്കാത്തതും അവയുടെ മേൽനോട്ടത്തിന്റെ അഭാവം മൂലമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ ജില്ലാ പഞ്ചായത്ത് സാങ്കേതിക വിഭാഗത്തിന്റെ ചുമതലാനിർവ്വഹണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുന്നത് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് അനിവാര്യമാണ്.

ഈ പ്രതിസന്ധി വിജയകരമായി തരണം ചെയ്ത് പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഭരണതലത്തിലും സർക്കാർ തലത്തിലും ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു.

സെക്രട്ടറി നടപ്പാക്കിയ പ്രവൃത്തികളിൽ ഭൂരിഭാഗവും നിക്ഷേപ/തുകകൈമാറൽ പ്രവൃത്തികളായിരുന്നു. വൈദ്യുതിബോർഡ് വാട്ടർ അതോറിറ്റി, ഭൂജലവകുപ്പ്, പൊതുമരാമത്ത് വകുപ്പ് (ഇലക്ട്രിക്കൽവിഭാഗം) എന്നീ നിർവ്വഹണ ഏജൻസികളിലായി വൻതുക നിക്ഷേപിച്ചിട്ടുണ്ട്. കൃത്യമായ ആവശ്യകതാനിർണ്ണയം നടത്താതെയും വിശദമായ പഠനം നടത്താതെയുമാണ് പ്രോജക്ടുകൾ നടപ്പാക്കിയത്. കരാർ കാലാവധിയ്ക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ/പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വികസനപ്രവർത്തനങ്ങൾക്ക് ലഭ്യമായ ഫണ്ടിന്റെ നല്ലൊരുഭാഗം നിർവ്വഹണഏജൻസികളുടെ അക്കൗണ്ടിൽ നിഷ്ക്രിയമായി ശേഷിക്കുന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**മേഖലാ ചുമതലകളുടെ നിർവ്വഹണം തൃപ്തികരമല്ല.**

ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ എല്ലാ വികസന മേഖലകൾക്കും മതിയായ പ്രാധാന്യം നൽകിയിട്ടില്ല. പശ്ചാത്തല മേഖലയിലെ നിർമ്മാണ പ്രവൃത്തികൾക്കുവേണ്ടിയാണ് 80%

പ്രോജക്ടുകളും ആവിഷ്കരിച്ചിട്ടുള്ളത്. കൃഷി, മൃഗസംരക്ഷണം, ചെറുകിട വ്യവസായം, മത്സ്യബന്ധനം, തുടങ്ങിയ അടിസ്ഥാന വികസന മേഖലകളിൽ പ്രോജക്ടുകളുടെ എണ്ണവും, ഫണ്ട് വകയിരുത്തലും പരിമിതമാണ്. ചുമതലയുള്ള എല്ലാ മേഖലകളിലും പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും, കൈമാറികിട്ടിയ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും സേവനം പദ്ധതി നിർവ്വഹണത്തിൽ ഉപയോഗപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

<u>മോണിറ്ററിംഗ്</u>

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

ആസൂത്രണത്തിലെ അപാകതകൾ, പ്രോജക്ടുകളുടെ ആധിക്യം, സമയബന്ധിതമായ നിർവ്വഹണ നടപടികൾ ഇല്ലാത്തത്, സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉൾപ്പെടെയുള്ള മേൽനോട്ട സംവിധാനങ്ങളുടെ ഇടപെടലുകളിലെ വീഴ്ച എന്നിവ മേൽ സ്ഥിതിവിശേഷത്തിന് കാരണമായിട്ടുണ്ട്. ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ ഇത് പ്രതിപാദിക്കുന്നുണ്ട്.

## 1-4 ആഭ്യന്തരനിയന്ത്രണം

ജില്ലാപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതിൽ നിരവധി അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു. അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതിൽ ജീവനക്കാർക്കുള്ള പരിചയക്കുറവ് അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്. പ്രോജക്ട് ഫയലുകളിൽ ബന്ധപ്പെട്ട സെക്ഷനുകൾ യഥാസമയം നടപടികൾ സ്വീകരിക്കുന്നതായും ഇത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതായും കാണുന്നില്ല. കരാർ വച്ച ഭൂരിഭാഗം പ്രവൃത്തികളും യഥാസമയം പൂർത്തീകരിച്ചതായി കാണുന്നില്ല. രജിസ്റ്ററുകളുടെയും വിവരശേഖരണ സംവിധാനങ്ങളുടെയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പിൽ കുറേക്കൂടി ജാഗ്രത പുലർത്തേണ്ടതുണ്ട്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതി ഉദ്യോഗസ്ഥതലങ്ങളിലും പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ട വിഷയമാണിത്.

സെക്രട്ടറി ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ജോലി വിഭജിച്ചു നൽകിയിട്ടുണ്ട്. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്. ചെലവു വൗച്ചറുകളുടെയും സബ് വൗച്ചറുകളുടെയും സൂക്ഷിപ്പ് തൃപ്തികരമാണ്.

ഭരണപരമായ നയങ്ങളുടെ പരിപാലനം, നടപടിക്രമങ്ങൾ, കടമകൾ എന്നിവ നിറവേറ്റുന്നതിൽ ഏറെക്കുറെ തൃപ്തികരമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. എന്നാൽ ഭരണ-ഉദ്യോഗസ്ഥതലത്തിലും ജില്ലാപഞ്ചായത്തിന്റെ വിവിധ ഡിവിഷനുകളിലെ തദ്ദേശസ്ഥാപനങ്ങളുമായും വേണ്ടത്ര സഹകരണം ഉറപ്പുവരുത്തിയിട്ടില്ലാത്തത് പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സുതാര്യമായ ധനകാര്യമാനേജ്മെന്റ്, ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത, നിയമ സാധുത എന്നിവ ഉറപ്പാക്കാൻ ജില്ലാപഞ്ചായത്ത് ഇനിയും മുന്നോട്ട് പോകേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു.

## 1-5 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 25.02.2020യിൽ 02.52 PMന്, അക്കൗണ്ടന്റ്, കാഷ്യർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,087/- രൂപയുടെ (രണ്ടായിരത്തി എൺപത്തിയേഴ് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.12.2019 | 2018-19 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് | 21.06.2019-20.07.2019 | 2017-18 | LBA(HQ)II/8A- |

| ജനറലിന്റെ ഓഡിറ്റ് | | 2018-19 | 2019-20/313 dtd 09.08.2019 |
|---|---|---|---|

## 1-7 വാർഷികകണക്കുകളുടെ അവലോകനം

ജില്ലാ പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷികകണക്കുകൾ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി.യിലെ നിർദ്ദേശം പാലിച്ച് ജില്ലാ പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ജില്ലാ പഞ്ചായത്ത് ആർജ്ജിച്ച ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2. ജില്ലാ പഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ 31.03.2019-ലെ ജനറൽ ഫണ്ട് കൃത്യമല്ല.
3. ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ബി.7 ഷെഡ്യൂളിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
4. സർക്കാർ/മറ്റ് ഏജൻസികളിൽ നിന്നും പ്രത്യേക ഉദ്ദേശ്യത്തിനായി ലഭിക്കുന്ന തുകകളുടെ വരവ്/വിനിയോഗം രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ബി-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.
5. സർക്കാരിലും മറ്റ് ഏജൻസികളിലും ഒടുക്കുന്നതിന് റിക്കവർ ചെയ്ത തുകകളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ബി-9 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
6. 03/2019 മാസത്തെ ശമ്പളവും മറ്റ് റിക്കവറികളും ബാധ്യതയായി ബി-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.
7. ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ ബി-11 ഷെഡ്യൂളിലെ തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല
8. പാർട്ട് ബിൽ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബി-11(എ) ഷെഡ്യൂളിലെ 412010101-Capital Work in Progress ശീർഷകത്തിലെ 172501033/- രൂപയുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.
9. മുൻകൂർ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ബി-18-ഷെഡ്യൂളുകളിൽ കാണിച്ചിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
10. നിക്ഷേപ പ്രവൃത്തികൾക്ക് വേണ്ടി നിർവ്വഹണ ഏജൻസികൾക്ക് നൽകിയിട്ടുള്ള മുൻകൂർ തുകകൾ പൂർണ്ണമായും നിർവ്വഹണ ഏജൻസികൾക്കുള്ള മുൻകൂർ എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നില്ല. ആയതിനാൽ നിർവ്വഹണ ഏജൻസികൾക്ക് നൽകിയതിൽ ക്രമീകരിക്കാനുള്ള മുൻകൂറുകളുടെ കൃത്യമായ വിവരം ബി-18 ഷെഡ്യൂളിൽ ലഭ്യമല്ല.
11. ബി-4 ഷെഡ്യൂളിൽ 320800101-Beneficiary Contribution ശീർഷകത്തിൽ മുൻവർഷങ്ങളിലെ അവശേഷിക്കുന്ന 38,677/- രൂപയുടെ വിശദാംശം ലഭ്യമല്ല.
12. സംയുക്ത പ്രോജക്ടുകൾക്ക് മുനിസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന തുകകൾ യഥാക്രമം 320700201, 320700203, 320700204 എന്നീ ശീർഷകങ്ങളിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ഇവയുടെ വിനിമയം എ.സി.ആർ. തയ്യാറാക്കി നിരീക്ഷിക്കാത്തതിനാൽ മേൽപറഞ്ഞ ശീർഷകങ്ങളിൽ നീക്കിയിരിപ്പുള്ള തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.
13. വരവിനങ്ങളുടെ രജിസ്റ്ററുകൾ കൃത്യമായി പരിപാലിച്ചിട്ടില്ലാത്തതിനാൽ ആർ.പി-5 ഷെഡ്യൂളിലെ വിവിധ വരവിനങ്ങളുടെ കൃത്യത പരിശോധിച്ച് ഉറപ്പാക്കാനാകുന്നില്ല.
14. വികസന ഫണ്ട് -സാധാരണ വിഹിതത്തിന്റെ ആർ.പി-7 ഷെഡ്യൂൾ പ്രകാരമുള്ള വരവ്/ചെലവും സുലേഖ ചെലവ് പത്രികയിലെ ചെലവുമായി 2444 രൂപയുടെ വ്യത്യാസമുണ്ട്.

15. ഐ-18 ഷെഡ്യൂൾ പ്രകാരമുള്ള മുൻവർഷ ക്രമീകരണങ്ങളുടെ കൃത്യത അടിസ്ഥാന രേഖകളുടെ അഭാവത്തിൽ ഉറപ്പാക്കാനാകുന്നില്ല.

## 1-8 വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ ദൈനംദിന പിരിവ് തുക ജില്ലാ പഞ്ചായത്ത് ഫണ്ടിൽ അതാത് ദിവസം ഒടുക്കുന്നില്ല

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 26.03.2011ലെ വിജ്ഞാപനം നമ്പർ ജി.ഒ.(എം.എസ്) നമ്പർ 83/11/ എൽ.എസ്.ജി.ഡി- ഖണ്ഡിക 23 പ്രകാരം ദൈനംദിന വരവുകളായി ലഭിക്കുന്ന പണം, മണിഓർഡർ, ചെക്ക്, ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ ലഭിക്കുന്ന 500/- രൂപയിൽ അധികമാകുന്ന തുകകൾ അതേ ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബന്ധപ്പെട്ട ബാങ്ക്, ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്നും, വിദൂരപ്രദേശങ്ങളായി നോട്ടിഫൈ ചെയ്യുന്ന സ്ഥലങ്ങളിൽ തുക അടവാക്കുന്നതിനുള്ള പരമാവധി സമയം ഒരാഴ്ചയായിരിക്കുന്നതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

വിട്ടുകിട്ടിയ സ്ഥാപനങ്ങളിൽ ഏറ്റവും കൂടുതൽ വിറ്റുവരവുള്ള സ്ഥാപനം ജില്ലാ കൃഷിത്തോട്ടം കോഴയാണ്. 01.11.2018 മുതൽ 31.01.2020 വരെ സ്ഥാപനം 1,21,20,856/- രൂപ ജില്ലാപഞ്ചായത്തിലേക്ക് ഒടുക്കിയിട്ടുണ്ട്. ഇതിൽ 33,99,064/- രൂപ രസീത് പ്രകാരം പിരിച്ചെടുത്ത തുകയാണ്. ബാക്കി 87,21,792/- രൂപ കൃഷി ഭവനുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും ഇൻഡന്റ് പ്രകാരം നൽകുന്ന തൈകളുടെ വിലയാണ്. ഇപ്രകാരം പിരിച്ചെടുക്കുന്ന തുകകൾ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നു. ദിവസേന ഗണ്യമായ തുക വിറ്റുവരവ് ഉണ്ടെങ്കിലും രസീത് പ്രകാരമുള്ള തുകകൾ അഞ്ചും ആറും ദിവസങ്ങൾ കൂടുമ്പോളാണ് സ്ഥാപനത്തിന്റെ തന്നെ അക്കൗണ്ടിലേക്ക് അടവാക്കുന്നത്. ഇത്രയും ദിവസം തുക പണമായി സ്ഥാപനത്തിൽ സൂക്ഷിക്കുന്നു. ഇത് ക്രമപ്രകാരമല്ല. ഇപ്രകാരം സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് അടവാക്കുന്ന തുക ജില്ലാ പഞ്ചായത്തിലേക്ക് അടവാക്കുന്നതിൽ വലിയ കാലതാമസം വരുത്തുന്നതായി കണ്ടു. ഓഡിറ്റ് കാലയളവിൽ (10.10.18 ന് ശേഷം) ജില്ലാ പഞ്ചായത്തിലേക്ക് തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തുക ഒടുക്കിയ തീയതി | രസീത് നമ്പർ | തുക |
|---|---|---|
| 01.11.18 | 118-10400006 | 125594 |
| 01.11.18 | 118-10400007 | 3837718 |
| 24.11.18 | 118-10400008 | 106301 |
| 07.12.18 | 118-10400009 | 103457 |
| 22.12.18 | 118-10400010 | 213119 |
| 18.01.19 | 118-10400013 | 84866 |
| 18.01.19 | 118-10400012 | 898400 |
| 14.03.19 | 118-10400007 | 940698 |
| 01.07.19 | 119010400005 | 136862 |
| 09.08.19 | 119010400017 | 1943963 |
| 24.08.19 | 119010400025 | 187321 |
| 31.08.19 | 119010400032 | 659412 |
| 11.10.19 | 119010400046 | 901913 |
| 12.11.19 | 47460/14 | 256416 |
| 9.12.19 | 119010400076 | 410920 |
| 13.01.2020 | 119010400102 | 232824 |
| | ആകെ | 12120856/- |

മുകളിൽ കൊടുത്തിട്ടുള്ള പട്ടിക പ്രകാരം തുക ഒടുക്കുന്നതിന് മൂന്ന് മാസത്തിൽ കൂടുതൽ വരെ സമയം എടുത്തിട്ടുള്ളതായി കാണാം. സമയബന്ധിതമായി ഒരു തവണപോലും തുക ഒടുക്കിയിട്ടില്ല. അതാത് ദിവസത്തെ പിരിവ് തുക നിയമപ്രകാരമുള്ള സമയപരിധിയിൽ ലഭിക്കുന്നുണ്ട് എന്ന്

ഉറപ്പുവരുത്തേണ്ട ചുമതല ജില്ലാ പഞ്ചായത്തിനുണ്ടായിരുന്നു. ജില്ലാ പഞ്ചായത്ത് ഈ വിഷയത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഇത്തരം വിഷയങ്ങളിൽ കാര്യക്ഷമമമായി ഇടപെടേണ്ടതാണ്.

സംസ്ഥാന വിത്തുൽപാദന കേന്ദ്രം കോഴ, സംസ്ഥാന വിത്തുൽപാദന കേന്ദ്രം വാലാച്ചിറ, ജില്ലാ കൃഷിത്തോട്ടം കോഴ എന്നീ സ്ഥാപനങ്ങൾ ഇൻഡന്റ് പ്രകാരം കൃഷി ഭവനുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും തൈകൾ നൽകുന്നുണ്ട്. ഇപ്രകാരം നൽകുന്ന തൈകളുടെ വില മാസങ്ങൾക്ക് ശേഷമാണ് ലഭിക്കുന്നത്. തുക സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് ട്രാൻഫർ ക്രെഡിറ്റ് ചെയ്ത് ലഭിക്കുകയാണ് ചെയ്യുന്നത്. ഇൻഡന്റ് പ്രകാരം തൈകൾ നൽകുന്നതിന്റെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. തുക ട്രാൻഫർ ക്രെഡിറ്റ് ചെയ്ത് നൽകുന്ന സ്ഥാപനങ്ങൾ പ്രസ്തുത വിവരം അറിയിക്കുന്നുമില്ല. തൻമൂലം ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നാണ് തുക അക്കൗണ്ടിലേക്ക് വന്നത് എന്നോ, ലഭിക്കേണ്ട തുക തന്നെയാണോ ലഭിച്ചത് എന്നുപോലും വ്യക്തതയില്ലാത്ത സാഹചര്യം നിലനിൽക്കുന്നു. ഇൻഡന്റ് പ്രകാരം തൈകൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങളോട് തുക ട്രാൻഫർ ക്രെഡിറ്റ് ചെയ്ത് നൽകുമ്പോൾ തന്നെ പ്രസ്തുത വിവരം രേഖാമൂലം അറിയിക്കണമെന്ന് ആവശ്യപ്പെടേണ്ടതും അപ്രകാരം ചെയ്യുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതും തൈകൾ നൽകുമ്പോൾ തന്നെ രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി വയ്ക്കുകയും തുക കൈമാറിയ വിവരം ലഭ്യമാകുന്ന മുറയ്ക്ക് ആയത് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ജില്ലാ കൃഷിത്തോട്ടത്തിലെ ദൈനംദിന വരവ് അതാത് ദിവസം തന്നെ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻഫർ ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതും ഇത്തരം വിഷയങ്ങളിൽ ജില്ലാ പഞ്ചായത്ത് അധികാരികളുടെ കൃത്യമായ ഇടപെടലുകൾ ഉണ്ടാകേണ്ടതുമാണ്.

## 1-9 പ്രത്യേക ആവശ്യത്തിനുള്ള ഗ്രാന്റുകൾ - ദീർഘകാലമായി ജില്ലാ പഞ്ചായത്ത് ഫണ്ടിന് ബാധ്യത-തുടർനടപടി സ്വീകരിയ്ക്കുന്നില്ല.

**31.03.2019**-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-**4** പ്രകാരമുള്ള പ്രത്യക ആവശ്യത്തിനായി ലഭിച്ച ഗ്രാന്റുകൾ പഞ്ചായത്ത് ഫണ്ടിൽ **3** മുതൽ **5** വരെ വർഷങ്ങളിലധികമായി ബാധ്യതയായി അവശേഷിക്കുന്നു. പ്രസ്തുത ഗ്രാന്റുകൾ ലഭ്യമായതിന്റെ ഉദ്ദേശ്യം സംബന്ധിച്ച വിശദാംശം ജില്ലാ പഞ്ചായത്തിലെ രജിസ്റ്ററിലോ രേഖകളിലോ ലഭ്യമല്ല. ഗ്രാന്റുകൾ അക്കൗണ്ട് ചെയ്ത കണക്ക് ശീർഷകങ്ങളുടെ ലഡ്ജറിലെ രേഖപ്പെടുത്തൽ പ്രകാരമുള്ള വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | കണക്ക് ശീർഷകം | തുക (31.03.2019 ബാലൻസ് ഷീറ്റ് പ്രകാരം) | തുക (04.02.2020) ബാലൻസ് ഷീറ്റ് പ്രകാരം |
|---|---|---|---|
| 1. | എസ്.എസ്.എ | 5,27,966 | 5,27,966 |
| 2 | പ്രത്യേകാവശ്യഗ്രാന്റ് (കേന്ദ്രവിഹിതം) | 12,00,000 | 12,00,000 |
| 3 | കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾ (മൃഗസംരക്ഷണ വകുപ്പ്) | 7,95,645 | 7,95,645 |
| 4 | പ്രത്യേകാവശ്യഗ്രാന്റ് (സംസ്ഥാന വിഹിതം) | 10,50,079 | 10,50,079 |
| 5 | കേരളോത്സവം | 62,900 | 3,63,900 |
| 6 | പ്രത്യേകാവശ്യഗ്രാന്റ് (മറ്റ് ഏജൻസികളിൽ നിന്ന്) | 6,09,857 | 6,09,857 |
| 7 | നബാർഡ് അസിസ്റ്റൻസ് | 11,42,571 | 62,57,657 |
| 8 | സംയുക്ത പ്രോജക്ട് (ബ്ളോക്ക്, പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് വിഹിതം, നഗരസഭവിഹിതം) | 95,84,145 | 79,76,945 |
| | ആകെ | 1,49,73,163 | 2,32,99,328 |

മേൽ വിവരിച്ച ഗ്രാന്റുകളുടെ ആകെത്തുക 1.49 കോടി രൂപ ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്. ജില്ലാപഞ്ചായത്ത് ഫണ്ടിൽ ദീർഘകാലമായി നിലനിൽക്കുന്ന 1.49 കോടി രൂപയുടെ ഗ്രാന്റ് തുക നിർദ്ദേശിക്കപ്പെട്ട ആവശ്യത്തിന് ചെലവഴിക്കുകയോ അല്ലാത്തപക്ഷം

തിരികെ അടവാക്കുകയോ ചെയ്ത് ജില്ലാ പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കേണ്ടതാണ്. പഞ്ചായത്തിന് ലഭ്യമാകുന്ന ഗ്രാന്റ് തുകകളുടെ എല്ലാ വിശദാംശങ്ങളും രജിസ്റ്ററിൽ ചേർത്ത് ഫണ്ട് വിനിയോഗം നിരീക്ഷിക്കേണ്ടതാണ്. മേൽപറഞ്ഞ നടപടികൾ പൂർത്തീകരിയ്ക്കാത്തതിന്റെ കാരണവും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-10 നിക്ഷേപ പ്രവൃത്തികൾ - വർഷങ്ങളായി ഡെപ്പോസിറ്റ് ചെയ്യപ്പെട്ട 16.92 കോടി രൂപ വിവിധ ഏജൻസികളിൽ മുടങ്ങി കിടക്കുന്നു

ജില്ലാ പഞ്ചായത്തിന്റെ വിവിധ വാർഷിക പദ്ധതികളിലായി നിക്ഷേപ പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിക്കപ്പെട്ട തുകകളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പ് വരുത്തുന്നതിനും കൃത്യമായ മോണിറ്ററിംഗ് നടത്തുന്നതിലും വീഴ്ച ഉണ്ടാവുന്നതായി കാണുന്നു. മിക്ക വർഷങ്ങളിലും വാർഷിക പദ്ധതി ഫണ്ട് വിനിയോഗത്തിൽ ഉൾപ്പെട്ട ഗണ്യമായ വിഹിതവും ഇപ്രകാരം നിർവ്വഹണ ഏജൻസികളിൽ തുക നിക്ഷേപിച്ച ഇനത്തിലുള്ളതാണ്. എന്നാൽ നിക്ഷേപിക്കുന്ന തുകയ്ക്ക് അനുസൃതമായ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും ലക്ഷ്യമിട്ട ഭൗതികലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും ഫലപ്രദമായ സംവിധാനം നിലവിലില്ല. വ്യക്തമായ കരാർ വ്യവസ്ഥകൾ കൂടാതെ വൻതുകകൾ നിക്ഷേപിക്കുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ പലപ്പോഴും നിർവ്വഹണ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്താൻ സാധിക്കുന്നില്ല. നിക്ഷേപ പ്രവൃത്തികൾ സംബന്ധിതമായ പ്രോജക്ട് നിർദ്ദേശങ്ങൾ ജനകീയ ആവശ്യങ്ങൾ പരിഗണിച്ചും ത്രിതല പഞ്ചായത്ത് സംവിധാനത്തിലെ ഓരോ തലത്തിലുമുള്ള ഏകോപനം ഉറപ്പ് വരുത്തിയും ശരിയായ പ്രക്രിയയിലൂടെ ഉരുത്തിരിഞ്ഞ് വരുന്നവയാകണം. എന്നാൽ നിക്ഷേപ പ്രവൃത്തികൾ സംബന്ധിയായ പ്രോജക്ടുകൾ ഇപ്രകാരം നിർദ്ദേശിക്കപ്പെടുന്നവയല്ലെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്.

നിക്ഷേപിക്കപ്പെടുന്ന തുകകൾ 'സിവിൽ അഡ്വാൻസ്' എന്ന ശീർഷകത്തിൽ ചേർത്ത് പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രവും മൂല്യനിർണ്ണയ വിശദാംശങ്ങളും ലഭിക്കുന്ന മുറയ്ക്ക് അതാത് മൂലധനചെലവ് ശീർഷകത്തിലേയ്ക്ക് മാറ്റിയാൽ മാത്രമേ ശരിയായ അക്കൗണ്ടിംഗ് നടപടികളും ഇതിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണവും സാധ്യമാവൂ. എന്നാൽ ജില്ലാ പഞ്ചായത്തിൽ ഇത് സംബന്ധമായ അക്കൗണ്ടിംഗ് നടപടികൾ ശരിയായി പാലിക്കാത്തതിനാൽ വർഷങ്ങളായി നിക്ഷേപിക്കപ്പെട്ട തുകയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തവയുടെ വിവരം ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂളിൽ 'ക്രമീകരിക്കാനുള്ള അഡ്വാൻസ്' എന്ന നിലയിൽ പ്രതിഫലിക്കപ്പെടുന്നില്ല. ജില്ലാ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള 2012-13 മുതലുള്ള വിശദാംശങ്ങൾ പരിശോധിച്ചതിൽ 16,92,89,999/- രൂപയുടെ നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം, വിശദമായ മൂല്യനിർണ്ണയ സാക്ഷ്യപത്രം എന്നിവ ലഭിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. മാത്രമല്ല ഈ തുക സാംഖ്യ കണക്കുകളിൽ ചേർത്തിട്ടില്ല. വാർഷിക ധനകാര്യപത്രികയിലെ B-18 ഷെഡ്യൂളിൽ ആകെ ഉൾപ്പെട്ടിട്ടുള്ളത് 4,09,94,594/- രൂപ മാത്രമാണ്. വിവിധ നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ നൽകിയ 12,82,95,405/- രൂപ വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നുമില്ല. (വിശദാംശങ്ങൾ അനുബന്ധം 2 കാണുക).

മേൽ വിഷയത്തിന്റെ ഗൗരവം പരിഗണിച്ച് കൃത്യമായ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിൽ രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-11 റീജിയണൽ പൗൾട്രി ഫാം മണർകാട് - ഇംപ്രസ്റ്റ് തുക പിൻവലിച്ചത്- നടപടിക്രമങ്ങളിലെ അപാകതകൾ

16.01.2010ലെ 359/2010 തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 11(10) നമ്പർ തീരുമാനപ്രകാരം മണർകാട് റീജിയണൽ പൗൾട്രി ഫാമിന് ഇംപ്രസ്റ്റ് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. 10,000/- രൂപയാണ് അനുവദിക്കപ്പെട്ട ഇംപ്രസ്റ്റ് തുക. പൗൾട്രി ഫാമിന്റെ പേരിൽ കോട്ടയം ജില്ലാ ട്രഷറിയിലുള്ള സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടായ 708011400000353-ാം നമ്പർ അക്കൗണ്ടിലൂടെയാണ് ഇംപ്രസ്റ്റ് ഇടപാടുകൾ നടത്തിയിരുന്നത്. 12.02.2018ൽ പൗൾട്രി ഫാമിന്റെ അന്നത്തെ അസിസ്റ്റന്റ് ഡയറക്ടറായിരുന്ന സീനിയർ വെറ്ററിനറി സർജൻ ശ്രീമതി മായാ ജയിംസ് 2390297-ാം നമ്പർ ചെക്ക് പ്രകാരം ഇംപ്രസ്റ്റ് ഇനത്തിൽ 10,000/-രൂപ പിൻവലിച്ചിട്ടുണ്ട്. പിൻവലിച്ച തുകയുടെ വൗച്ചറുകൾ ഹാജരാക്കി പ്രസ്തുത പിൻവലിക്കൽ ആധികാരികമാക്കിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിരുന്നില്ല. 11.07.2018ൽ ജില്ലാ പഞ്ചായത്തിൽ

നിന്നും കറന്റ് ചാർജ്ജിനത്തിൽ 32,328/- രൂപയും ടെലഫോൺ ചാർജ്ജിനത്തിൽ 695/- രൂപയും ഇംപ്രസ്റ്റ് ഇനത്തിൽ 10,000/- രൂപയും ചേർത്ത് സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് 43,023/- രൂപ ട്രാൻസ്ഫർ ചെയ്തപ്പോഴാണ് ശ്രീമതി മായാ ജയിംസ് 2390297-ാം നമ്പർ ചെക്ക് പ്രകാരം ഇംപ്രസ്റ്റ് ഇനത്തിൽ പിൻവലിച്ച 10,000/-രൂപയുടെ വൗച്ചറുകൾ ജില്ലാ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ലാ എന്ന് അന്നത്തെ അസിസ്റ്റന്റ് ഡയറക്ടർ ഫയലിൽ നിന്നും കണ്ടതിൻ പ്രകാരം വിഷയം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ രേഖാമൂലം അറിയിച്ചു. തുടർന്ന് നിരവധി കത്തിടപാടുകളും പരിശോധനകളും നടത്തിയിട്ടുണ്ടെങ്കിലും തുക പിൻവലിച്ചത് സാധൂകരിച്ച് ഇംപ്രസ്റ്റ് തുക അനുവദിച്ചിട്ടില്ല. പിൻവലിച്ച തുകയുടെ വൗച്ചറുകൾ സാധൂകരിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. 12.02.2018ൽ തുക പിൻവലിച്ചത് ആധികാരികമായാണ് എന്നും വൗച്ചറുകൾ പൗൾട്രി ഫാമിൽ ഉണ്ടായിരുന്നു എന്നുമാണ് ശ്രീമതി മായ ജയിംസ് അധികാരികളെ അറിയിച്ചിരുന്നത്. ഈ സാഹചര്യത്തിൽ ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.33/19ന് ഉത്തരവാദിയായ സീനിയർ വെറ്ററിനറി സർജൻ ശ്രീമതി മായാ ജെയിംസ് മറുപടി ലഭ്യമാക്കി.

12.02.2018ൽ പിൻവലിച്ച ഇംപ്രസ്റ്റ് തുക 10,000/- രൂപയുടെ ചെലവനുവാദം ലഭിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് 16.02.2018ൽ 50/17-18 നമ്പർ കത്ത് നൽകിയതിന്റെ പകർപ്പും വൗച്ചറുകളുടെ പകർപ്പും ശ്രീമതി മായാ ജെയിംസ് ഹാജരാക്കി. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 28.02.2018ലെ ബി3-1315/2014 നമ്പർ ഉത്തരവ് പ്രകാരം 16.02.2018ൽ 50/17-18 നമ്പർ കത്തിലൂടെ ആവശ്യപ്പെട്ട 10,000/- രൂപയുടെ വൗച്ചറുകൾ ക്രമപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. പിന്നീട് 17.05.2019ലെ സി1-353/19 നമ്പർ കത്തിലൂടെ ഇംപ്രസ്റ്റ് തുക 10,000/- രൂപ അനധികൃതമായി പിൻവലിച്ചതാണെന്നും ഈ കത്ത് ലഭിച്ചാലുടൻ തുക തിരിച്ചടച്ച് അറിയിക്കേണ്ടതാണ് എന്നും ശ്രീമതി മായാ ജയിംസിനെ ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. 28.02.2018ലെ ബി3-1315/2014 നമ്പർ ഉത്തരവ് പ്രകാരം വൗച്ചറുകൾ ക്രമപ്പെടുത്തിക്കൊണ്ട് ഉത്തരവാകുകയും 17.05.2019ലെ സി1-353/19 നമ്പർ കത്തിലൂടെ ഇംപ്രസ്റ്റ് തുക 10,000/- രൂപ അനധികൃതമായി പിൻവലിച്ചതാണെന്നും തുക തിരിച്ചടയ്ക്കണമെന്നുമുള്ള ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവുകൾ പരസ്പര വിരുദ്ധങ്ങളാണ്. ഇത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടത് ജില്ലാ പഞ്ചായത്ത് അധികാരികളാണ്. പ്രസ്തുത വിഷയങ്ങൾ വിശദമായി പരിശോധിച്ചതിൽ താഴെപ്പറയും പ്രകാരം അഭിപ്രായം അറിയിക്കുന്നു.

1) ഉപയോഗത്തിലിരുന്ന ചെക്ക്ബുക്കിലെ മുഴുവൻ ചെക്ക് ലീഫുകളും ഉപയോഗിക്കാതെയും, അവശേഷിച്ച ചെക്ക് ലീഫുകൾ ക്യാൻസൽ ചെയ്യാതെയും പുതിയ ചെക്ക്ബുക്ക് ഉപയോഗത്തിലെടുത്തതും പുതിയ ചെക്ക്ബുക്ക് ഉപയോഗിച്ചുവരവെ പഴയ ചെക്ക്ബുക്കിൽ അവശേഷിച്ച ചെക്ക്ലീഫ് ഉപയോഗിച്ച് 12.02.2018ൽ 10,000/- രൂപ പിൻവലിച്ചതും ക്രമപ്രകാരമല്ല. അറിവില്ലായ്മ കൊണ്ട് സംഭവിച്ച തെറ്റാണെന്ന് സീനിയർ വെറ്ററിനറി സർജൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2) 12.02.2018ൽ പിൻവലിച്ച 10,000/- രൂപ ക്യാഷ്ബുക്കിൽ എൻട്രി വരുത്താത്തത് തെറ്റായ നടപടിയാണ്. ക്യാഷ് കൈകാര്യം ചെയ്യുന്ന സെക്ഷൻ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തലുകൾ നടത്താതിരുന്നതും ഓഫീസ് മേധാവി എന്ന നിലയിൽ സീനിയർ വെറ്ററിനറി സർജൻ ക്യാഷ്ബുക്ക് പരിശോധിച്ച് കൃത്യത ഉറപ്പാക്കാതിരുന്നതും കൃത്യനിർവഹണത്തിൽ ഉണ്ടായ വീഴ്ചയാണ്.

3) 12.02.2018ൽ പിൻവലിച്ച ഇംപ്രസ്റ്റ് തുക 10,000/- രൂപയുടെ ചെലവനുവാദം ലഭിക്കുന്നതിനായി 16.02.2018ൽ 50/17-18 നമ്പർ കത്ത് പ്രകാരം ചെലവ് സംബന്ധിച്ച വൗച്ചറുകൾ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് ശ്രീമതി മായാ ജയിംസ് നല്കിയിട്ടുണ്ട്. 50/17-18 നമ്പർ കത്ത് പ്രകാരമുള്ള വൗച്ചറുകൾ പാസ്സാക്കി പ്രസ്തുത തുകയുടെ ചെലവനുവാദം 28.02.2018ൽ ബി3-1315/14-ാം നമ്പർ ഉത്തരവ് പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി നൽകിയതായും കാണുന്നു.

4) ശ്രീമതി മായാ ജയിംസ് റീജിയണൽ പൗൾട്രി ഫാമിൽ നിന്നും സ്ഥലം മാറിപ്പോയതിന് ശേഷം 13.01.2020ൽ മണർകാട് പൗൾട്രി ഫാമിന്റെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് (708011400000353) 10,000/- രൂപ നിക്ഷേപിച്ചത് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ സി1-353/19/17.05.19 നമ്പർ ഉത്തരവ് പ്രകാരമാണ് എന്ന് കാണുന്നു.

ചെക്ക് ബുക്കുകൾ ഉപയോഗിക്കുന്നതിലും പിൻവലിച്ച തുക ക്യാഷ്ബുക്കിൽ ചേർക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട് എങ്കിലും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 17.05.2019ലെ സി1-353/19 നം. ഉത്തരവ് പ്രകാരം ചെലവനുവാദം ലഭിച്ച 10,000/- രൂപ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തന്നെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥ തിരികെ ഒടുക്കിയ സാഹചര്യത്തിൽ റീജിയണൽ പൗൾട്രി ഫാമിന്റെ ഇംപ്രസ്റ്റ് അക്കൗണ്ട് ക്രയവിക്രയക്ഷമമാക്കുന്നതിനുള്ള നടപടികൾ ജില്ലാ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-12 ഗവ.എച്ച്.എസ്.എസ്, ടി.വി.പുരം - വെള്ളം ലഭിക്കാതിരുന്ന കാലയളവിലെ വെള്ളക്കരക്കുടിശികയും പലിശയും ഒടുക്കി

ഫയൽ നമ്പർ- സി4- 3842/17

വൗച്ചർ നമ്പർ/തീയതി- 51800278/27.4.2018

തുക - 48026/-

ടി.വി.പുരം ഗവ.എച്ച്.എസ്.എസിന്റെ 01/2002 മുതൽ 8.1.2018 വരെയുള്ള വെള്ളക്കരത്തിന്റെ കുടിശികയിനത്തിൽ 48026/-രൂപ തൻവർഷം ഒടുക്കിയിരുന്നു. സ്കൂളിൽ 2012 വരെ ജലം ലഭിച്ചിരുന്നില്ലെന്നും ജലവിതരണം പുന:സ്ഥാപിച്ചപ്പോൾ ഭീമമായ തുക കുടിശ്ശിക ഒടുക്കണമെന്ന് വാട്ടർ അതോറിറ്റി ആവശ്യപ്പെടുകയാണ് ചെയ്തതെന്നും പ്രിൻസിപ്പൽ അറിയിച്ചതിനെ തുടർന്നാണ് ഇപ്രകാരം തുക അനുവദിച്ചത്. വാട്ടർ അതോറിറ്റിയുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൻ കീഴിൽ കുടിവെള്ളം ലഭ്യമാകാതിരുന്ന കാലയളവിലെ കുടിശിക പൂർണ്ണമായി ഒഴിവാക്കുന്നതിന് സി4-3842/17/4.12.2017 നമ്പർ കത്തുമുഖേന സെക്രട്ടറി വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടുവെങ്കിലും ഇക്കാലയളവിലെ പിഴപ്പലിശ മാത്രമാണ് വാട്ടർ അതോറിറ്റി ഒഴിവാക്കിയത്. 2012 ജൂൺ മാസത്തിൽ തലയാഴത്തിന് സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതുവരെ ടി.വി.പുരം ഗ്രാമപഞ്ചായത്തിൽ കുടിവെള്ളവിതരണം മെച്ചപ്പെട്ട നിലയിൽ ആയിരുന്നില്ലെന്ന് എബി-533/2015 വാല്യം-2 തീയതി 10.6.2016 നമ്പർ കത്തുമുഖേന വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചിട്ടുമുണ്ട്. എങ്കിലും കുടിവെള്ളം ലഭ്യമാകാതിരുന്ന കാലയളവിലെ വാട്ടർ ചാർജും പലിശയും ഉൾപ്പെടെയാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ജില്ലാപഞ്ചായത്ത് ഒടുക്കിയത്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 14.2.2018ലെ എബി1-18/2018 നമ്പർ കത്തുമുഖേന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൻ കീഴിൽ ലഭിച്ച ബില്ലിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| വാട്ടർ ചാർജ് (1/2002-8.1.2018) | 26633 |
| (+)പലിശ @ 12% | 21393 |
| ഒടുക്കേണ്ട തുക | 48026 |

കുടിശിക ഒടുക്കുന്നതിന് 4(1)/23.2.2018 നമ്പരായി ഭരണസമിതി തീരുമാനമെടുത്തുവെങ്കിലും ജലം ലഭ്യമാകാതിരുന്ന 1/2002 മുതൽ 6/2012 വരെയുള്ള കാലയളവിലെ വെള്ളക്കരം, പലിശ എന്നീയിനങ്ങളിലെ കുടിശിക ഒഴിവാക്കിക്കിട്ടുന്നതിന് ഭരണതലത്തിൽ നടപടി സ്വീകരിച്ചില്ല. ഇതു സംബന്ധിച്ച് വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് 67/10.3.2020 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനും ജില്ലാപഞ്ചായത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും സാമ്പത്തിക താല്പര്യങ്ങൾ പരിരക്ഷിക്കുന്നതിനും ഭരണസമിതിയും ഉദ്യോഗസ്ഥരും ജാഗ്രത പുലർത്തേണ്ടതാണ്.

## 1-13 വാഹനങ്ങളുടെ പരിപാലനം - സർക്കാർ മാനദണ്ഡങ്ങൾ പാലിയ്ക്കുന്നില്ല

ജില്ലാ പഞ്ചായത്ത് വാഹനങ്ങളുടെ ലോഗ്ബുക്ക് പരിശോധിച്ചതിൽ നിന്നും വാഹനങ്ങളുടെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് കൃത്യസമയത്ത് നടത്തുന്നില്ല എന്ന് കണ്ടു. ജി.ഒ (എംഎസ് )നം.170/07 ത.സ്വ.ഭ.വ 30.06.2007 പ്രകാരം ആറു മാസത്തിലൊരിയ്ക്കൽ ഓരോ വാഹനത്തിന്റെയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലുള്ള അർഹതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിയേക്കണ്ടതും ഇന്ധന ഉപഭോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കോട്ടയം ജില്ലാ പഞ്ചായത്തിലെ വാഹനങ്ങളുടെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) ആണ് നിർവഹിച്ചിരിയ്ക്കുന്നതായി കാണുന്നത്. ടി ഉദ്യോഗസ്ഥനെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് ചെയ്യുവാൻ ചുമതലപ്പെടുത്തിയ സർക്കാർ ഉത്തരവ് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി 45/5.3.2020 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ഇത് ലഭ്യമാക്കിയില്ല. വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ നിന്നും വാഹനങ്ങളുടെ ഫ്യൂവൽ കൺസംപ്ഷൻ

ടെസ്റ്റ് കൃത്യമായി ആറുമാസത്തിലൊരിയ്ക്കൽ ചെയ്യുന്നില്ല എന്നു കണ്ടു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാഹന നം. | ലോഗ്ബുക്ക് തുടങ്ങിയ തീയതി | ലോഗ്ബുക്ക് അവസാനിച്ച തീയതി | തുടങ്ങിയ കി.മീ. | അവസാനിച്ച കി.മീ. | റിമാർക്സ് |
|---|---|---|---|---|---|
| KL-05-AH999 ഇന്നോവ | 09.07.18 | 16.08.19 | 175097 | 235492 | ടെസ്റ്റ് നടത്തിയിട്ടില്ല |
| KL-05-AE-9480 Xylo | 19.11.15 | 30.04.19 | 115379 | 196780 | ,, ,, |
| KL-05-AF-4416 BOLERO | 18.03.2016 | 31.05.19 | 63223 | 113003 | ആദ്യ ടെസ്റ്റ് – 09-03-17<br>രണ്ടാമത്തെ ടെസ്റ്റ് 10.05.2019<br>ഇതിന് ശേഷം ടെസ്റ്റ് ചെയ്തിട്ടില്ല |

വാഹനങ്ങളുടെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് 30.06.2007 ലെ ജി.ഒ.(എം.എസ്)170/07/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് നടത്തുന്നതിന് വാഹനങ്ങളുടെ കസ്റ്റോഡിയൻ ഓഫീസർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 നിക്ഷേപ പ്രവൃത്തികൾക്ക് തുക കൈമാറിയത്- സെന്റേജ് ചാർജ് അധികമായി നൽകി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ നിക്ഷേപപ്രവൃത്തികൾക്കായി തൻവർഷം 12.5% സെന്റേജ് ചാർജാണ് വാട്ടർ അതോറിറ്റി/പൊതുമരാമത്ത് വകുപ്പുകൾ ഈടാക്കിയിട്ടുള്ളത്. എന്നാൽ പൊതുമരാമത്ത് മാന്വൽ വകുപ്പ് 1601.4 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2.5% സെന്റേജ് ചാർജ് കൊടുക്കേണ്ടതില്ല. തൻവർഷം വിവിധ വകുപ്പുകൾക്ക് സെന്റേജ് ചാർജ്ജിനത്തിൽ അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

### എ) വാട്ടർ അതോറിറ്റി നിക്ഷേപപ്രവൃത്തി

| | |
|---|---|
| പ്രോജക്ട് നമ്പർ,പേര് | (1341/19)<br>നെടിയ മുകൾ മംഗളാദേവി ടെമ്പിൾ റോഡ് (വാർഡ് 1 ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്-കുമരകം ഡിവിഷൻ) കുടിവെള്ള പദ്ധതി<br>പൈപ്പ് ലൈൻ നീട്ടൽ, |
| അടങ്കൽ | 19,00,000(തനതുഫണ്ട് ) |
| ചെലവ് | 4,39,000(തനതുഫണ്ട് ) |
| വൗച്ചർ നമ്പർ,തീയതി | 51800974/03.01.2019 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പൈപ്പ് ലൈൻ നീട്ടൽ എന്ന മേൽ പ്രോജക്ടിനായി 01.12.2018 ലെ DB2/983/PHDK/17-18 നം. കത്തു പ്രകാരം വാട്ടർ അതോറിറ്റി ചുവടെ ചേർക്കുന്ന തുക ഡിമാന്റ് ചെയ്തു.

| | |
|---|---|
| വർക്കിംഗ് ചാർജ് | 168141.16 |
| മെറ്റീരിയൽ കോസ്റ്റ് | 117951.22 |

| | |
|---|---|
| ആകെ | 286092.38 |
| 12.5 % സെന്റേജ് | 35761.55 |
| ആകെ | 321853.93 |
| റൗണ്ടിംഗ് തുക | 322000 |

കേരളവാട്ടർ അതോറിറ്റി മുഖേനയുള്ള ഡെപ്പോസിറ്റ് വർക്കിന് 10% സൂപ്പർവിഷൻ ചാർജും 2.5% എസ്റ്റിമേറ്റ്/പ്ലാൻ തയ്യാറാക്കൽ ചാർജും വാങ്ങുന്നുണ്ട്. കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 13.12.17ലെ യോഗത്തിന്റെ 4.76 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2.5% ചാർജ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാനാവില്ല (PWD മാന്വൽ 1601.4 ബാധകമായതിനാൽ). അതിനാൽ 28609/- രൂപയാണ് നൽകാനാവുന്നത്. 7152/- രൂപ അധികമായി നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ 12.02.2020ലെ 11-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയും ലഭ്യമാക്കിയിട്ടില്ല.

## ബി) പൊതുമരാമത്ത് വകുപ്പ് നിക്ഷേപപ്രവൃത്തി

പ്രോജക്ട് നം. 613/19
സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ടി പ്രോജക്ട് പ്രകാരം 18,31,165/- രൂപ (ബിൽ നം.51/18-19/24.11.2018) തൻവർഷം വിവിധ സ്കൂളുകളിലെ ഗേൾസ് ഫ്രണ്ട്ലി ടോയ്ലെറ്റുകളുടെ വൈദ്യുതീകരണത്തിനായി പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് തുകയോടൊപ്പം 12.5% സെന്റേജ് ചാർജ്ജ് കൂട്ടിയാണ് തുക നിക്ഷേപിച്ചിട്ടുള്ളത്. ടി ഫയൽ പരിശോധിച്ചതിൽ സെന്റേജ് ചാർജ്ജ് ഇനത്തിൽ 40693/- രൂപ അധികം അടച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് | എസ്റ്റിമേറ്റ് തുക | സെന്റേജ് ചാർജ്ജ് ഉൾപ്പെടുത്തിയത് 12.5% | ആകെ നൽകിയ തുക | അനുവദനീയമല്ലാത്തത് 2.5% |
|---|---|---|---|---|---|
| 1 | പൂഞ്ഞാർ ഡിവിഷൻ, തിടനാട് വി.എച്ച്.എസ്.എസ്. | 71,200 | 8,900 | 80,100 | 1,780 |
| 2 | സി.സി.എം. ഹയർസെക്കണ്ടറി സ്കൂൾ, മണിമല (കാഞ്ഞിരപ്പള്ളി ഡിവിഷൻ) | 69,000 | 8,625 | 77,625 | 1,725 |
| 3 | അച്ചാമ്മ മെമ്മോറിയൽ എച്ച്.എസ്.എസ്. കാഞ്ഞിരപ്പള്ളി | 71,000 | 8,875 | 79,875 | 1,775 |
| 4 | സെന്റ് ആന്റണീസ് എച്ച്.എസ്.എസ്. ചെങ്ങളം (അകലക്കുന്നം ഗ്രാമപഞ്ചായത്ത്) | 74,400 | 9,300 | 83,700 | 1,860 |
| 5 | ഭരണങ്ങാനം ഡിവിഷൻ കരൂർ ഗ്രാ.പ. സെന്റ് മൈക്കിൾസ് എച്ച്.എസ്.എസ്. | 52,500 | 6,563 | 59,063 | 1,313 |
| 6 | സെന്റ് മൈക്കിൾസ് സ്കൂൾ കടുത്തുരുത്തി | 75,400 | 9,425 | 84,825 | 1,885 |
| 7 | ഇമ്മാനുവൽ ഹൈസ്കൂൾ, | 76,000 | 9,500 | 85,500 | 1,900 |

| | | | | | |
|---|---|---|---|---|---|
| | കാണക്കാരി, കുറവിലങ്ങാട് ഡിവിഷൻ | | | | |
| 8 | സെന്റ് സേവ്യേഴ്സ് എച്ച്.എസ്.എസ്. കുറുപ്പന്തറ, കുറവിലങ്ങാട് | 76,000 | 9,500 | 85,500 | 1,900 |
| 9 | എൻ.എസ്.എസ്. സ്കൂൾ തമ്പലക്കാട്, കാഞ്ഞിരപ്പള്ളി ഡിവിഷൻ | 56,000 | 7,000 | 63,000 | 1,400 |
| 10 | ഗവ.എച്ച്.എസ്.എസ്. കപ്പാട്, കാഞ്ഞിരപ്പള്ളി | 76,900 | 9,613 | 86,513 | 1,922 |
| 11 | മാനത്തൂർ സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്., കടനാട്, ഭരണങ്ങാനം ഡിവിഷൻ | 67,300 | 8,413 | 75,713 | 1,682 |
| 12 | ഗ്രേസി മെമ്മോറിയൽ സ്കൂൾ, പാറത്തോട്, മുണ്ടക്കയം ഡിവിഷൻ | 74,400 | 9,300 | 83,700 | 1,860 |
| 13 | പുന്നത്തുറ സെന്റ് തോമസ് എച്ച്.എസ്.. അയർക്കുന്നം ഡിവിഷൻ | 78,800 | 9,850 | 88,650 | 1,970 |
| 14 | സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ്. അയർക്കുന്നം ഗ്രാ.പ., അയർക്കുന്നം ഡിവിഷൻ | 72,300 | 9,037 | 81,337 | 1,807 |
| 15 | ഗവ.എച്ച്.എസ്.എസ്. കടപ്പൂർ, കാണക്കാരി | 72,900 | 9,113 | 82,013 | 1,823 |
| 16 | പുതുവേലി ഗവ.എച്ച്.എസ്.എസ്., വെളിയന്നൂർ, ഉഴവൂർ ഡിവിഷൻ | 47,600 | 5,950 | 53,550 | 1,190 |
| 17 | എ.വി.എച്ച്.എസ്. കുറിച്ചി ഗ്രാ.പ., കുറിച്ചി ഡിവിഷൻ | 67,500 | 8,438 | 75,938 | 1,688 |
| 18 | തൃക്കൊടിത്താനം ഗവ.എച്ച്.എസ്.എസ്. | 65,200 | 8,150 | 73,350 | 1,630 |

| | | | | | |
|---|---|---|---|---|---|
| | തൃക്കൊടിത്താനം ഡിവിഷൻ | | | | |
| 19 | പൊൻകുന്നം വർക്കി മെമ്മോറിയൽ ജി.എച്ച്.എസ്.എസ്., പാമ്പാടി ഗ്രാമപഞ്ചായത്ത്, പാമ്പാടി ഡിവിഷൻ | 65,800 | 8,225 | 74,025 | 1,645 |
| 20 | അരീപ്പറമ്പ് ഗവ.എച്ച്.എസ്.എസ്. അയർക്കുന്നം ഡിവിഷൻ, അയർക്കുന്നം ഗ്രാ.പ. | 67,700 | 8,463 | 76,163 | 1,693 |
| 21 | സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്. കൂവപ്പള്ളി, കാഞ്ഞിരപ്പള്ളി ഡിവിഷൻ | 66,000 | 8,250 | 74,250 | 1,650 |
| 22 | ഗവ.എച്ച്.എസ്.എസ്. വാഴൂർ ഗ്രാ.പ., പൊൻകുന്നം ഡിവിഷൻ | 68,000 | 8,500 | 76,500 | 1,700 |
| 23 | ഗവ.എച്ച്.എസ്.എസ്. നെടുങ്കുന്നം, കങ്ങഴ ഡിവിഷൻ | 65,600 | 8,200 | 73,800 | 1,640 |
| 24 | സെന്റ് ജോൺസ് എച്ച്.എസ്.എസ്. കൊഴുവനാൽ, കിടങ്ങൂർ | 50,200 | 6,275 | 56,475 | 1,255 |
| | ആകെ | 16,27,700 | 2,03,465 | 18,31,165 | 40,693 |

കേരള വാട്ടർ അതോറിറ്റിയിലും പൊതുമരാമത്ത് വകുപ്പിലും സെന്റേജ് ചാർജ് ഇനത്തിൽ അധികം നൽകിയ 47,845/- (7152+40693) രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

കൂടാതെ, തൃക്കൊടിത്താനം ഗവ.ഹയർ സെക്കൻഡറി സ്ക്കൂൾ, നെടുംകുന്നം ഗവ.ഹയർ സെക്കൻഡറി സ്ക്കൂൾ എന്നിവിടങ്ങളിലെ ശുചിമുറികൾ സന്ദർശിച്ചതിൽ തൃക്കൊടിത്താനത്ത് വയറിംഗ് നടത്തി ഇലക്ട്രിക് കണക്ഷൻ ലഭ്യമാക്കിയിട്ടില്ലെന്ന് കണ്ടു. ശുചിമുറി ഉപയോഗക്ഷമമാക്കിയിട്ടില്ല. നെടുംകുന്നത്ത് ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും കണക്ഷൻ നൽകി പ്രവർത്തനക്ഷമമാക്കിയിട്ടില്ല.



*നെടുങ്കുന്നം ഗവ.ഹയർസെക്കണ്ടറി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള ഇൻസിനറേറ്റർ*

*ഇലക്ട്രിക് വാട്ടർ കണക്ഷനുകൾ ലഭ്യമാക്കി*



*പ്രവർത്തനക്ഷമമാക്കിയിട്ടില്ലാത്ത*

*തൃക്കൊടിത്താനം ഗവ.ഹയർസെക്കണ്ടറി സ്കൂളിലെ ലേഡീസ് ഫ്രണ്ട്ലി ശുചിമുറി*

വിവിധ സ്ക്കൂളുകളിൽ പരിശോധന നടത്തി ശുചിമുറികൾ കുട്ടികൾക്ക് ഉപയോഗപ്രദമാണെന്ന് ഉറപ്പുവരുത്തേണ്ടതും എസ്റ്റിമേറ്റ് പ്രകാരമുള്ള ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. അതുവരെ അംഗീകരിക്കാത്ത 40,693/- രൂപ കിഴിച്ച് 17,90,472/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-15 കിടങ്ങൂർ ഡിവിഷനിലെ കിടങ്ങൂർ പഞ്ചായത്തിൽ ക്രിമിറ്റോറിയം - ജില്ലാപഞ്ചായത്ത് വിഹിതം കൈമാറിയത് - പദ്ധതി തുക നാളിതുവരെ വിനിയോഗിച്ചില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു.

തൻവർഷം കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ "വിശ്രാന്തി - സമഗ്ര ശ്മശാന നവീകരണ പദ്ധതി " എന്ന പ്രോജക്ടിന്റെ ഭാഗമായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ജില്ലാപഞ്ചായത്ത് വിഹിതം 20,00,000/- രൂപ (ബിൽ നം.65/19/ 4.1.2019) പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. പ്രോജക്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 542/19 |
| പ്രോജക്ടിന്റെ പേര് | കിടങ്ങൂർ ഡിവിഷനിലെ കിടങ്ങൂർ പഞ്ചായത്തിൽ ക്രിമിറ്റോറിയം - ജില്ലാ പഞ്ചായത്ത് വിഹിതം |
| അടങ്കൽ | 2000000(വികസനഫണ്ട് ജനറൽ) |
| ചെലവ് | 2000000 |
| എഗ്രിമെന്റ് തീയതി | 16.02.19 |

എന്നാൽ കിടങ്ങൂർ പഞ്ചായത്ത് ടി പ്രോജക്ട് പ്രകാരം തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. ടി പ്രോജക്ടിന് വെറ്റിംഗ് ഓഫീസറുടെ അംഗീകാരം ലഭിച്ചിട്ടില്ലെന്ന് സെക്രട്ടറിയുടെ കത്തിൽ



സൂചിപ്പിച്ചിട്ടുണ്ട്. 16.2.2019ൽ കരാർ ചമച്ച ടി പ്രോജക്ടിന്റെ നിലവിലെ സ്ഥിതിയും തൻവർഷം പ്രോജക്ട് നടപ്പിലാക്കാതിരുന്നതിന്റെ കാരണവും ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.12/11.02.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 7.3.2020 ൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ട വിവരം ചുവടെ ചേർക്കുന്നു. പരിശോധനാതീയതി വരെയും ജില്ലാപഞ്ചായത്ത് വിഹിതം ചെലവഴിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് വിഹിതം 20,00,000/- രൂപയും കടപ്ലാമറ്റം പഞ്ചായത്ത് വിഹിതം 3,00,000/-രൂപയും ഉൾപ്പെടെ 43,00,000/- രൂപ മറ്റ് സ്ഥാപനങ്ങളുടെ വിഹിതം ലഭിച്ച ടി പ്രോജക്ടിന് ബ്ലോക്ക് വിഹിതം ഉപയോഗിച്ച് കെട്ടിടനിർമ്മാണം പൂർത്തീകരിച്ചു വരുന്നതായാണ് പരിശോധനയിൽ കണ്ടത്. 9,12,708/- രൂപ മാത്രമാണ് നാളിതുവരെ ടി പ്രോജക്ടിന് ചെലവഴിച്ചിട്ടുള്ളത്. 2019-20 പദ്ധതിയിൽ 31.6ലക്ഷം രൂപ വകയിരുത്തി 3 പ്രോജക്ടുകൾ തയ്യാറാക്കിയെങ്കിലും യാതൊരുതുകയും ചെലവഴിച്ചില്ല. ജില്ലാപഞ്ചായത്ത് വിഹിതം ഉപയോഗിച്ച്



ഫർണസ് വാങ്ങുന്നതിന് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവെങ്കിലും കെട്ടിടം പണി യഥാസമയം പൂർത്തീകരിക്കാതിരുന്നതിനാൽ ഫർണസ് സ്ഥാപിക്കുവാൻ സാധിച്ചിട്ടില്ല. 2019-20 വർഷവും ജില്ലാപഞ്ചായത്ത് വിഹിതം ചെലവഴിക്കുവാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. പ്രോജക്ടുകൾക്ക് അതാത് വർഷങ്ങളിൽ ആവശ്യമായ തുകകൾ മാത്രം വിഹിതമായി നൽകുന്നതിന് പകരം തുക നൽകി വർഷങ്ങളോളം വിനിയോഗിക്കാതെ അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നതും മറ്റ് വികസന പ്രവർത്തനങ്ങൾക്ക്

വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്നതും ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങളിലെ പാളിച്ചകളാണ്. വരും വർഷങ്ങളിൽ ഇത് ഒഴിവാക്കുന്നതിന് ആസൂത്രണ പ്രക്രിയകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്. തുക വിനിയോഗിച്ച് വിവരം അറിയിക്കുന്നതുവരെ 20,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 പ്രവൃത്തിമൂല്യം കണക്കാക്കിയതിലുള്ള അപാകത -കിഴക്കടമ്പ് കുടിവെള്ള പദ്ധതിയുടെ കോൺട്രാക്ടർക്ക് അധിക തുക നൽകി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രോജക്ട് നം/പേര് | SO665/19,<br>പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത്<br>കിഴക്കടമ്പ് കുടിവെള്ള പദ്ധതി |
| വകയിരുത്തിയ തുക | വികസനഫണ്ട് -10,00,000 രൂപ |
| കോൺട്രാക്ടർ | സജുതോമസ് ,എടക്കര,ഏഴാച്ചേരി |
| എഗ്രിമെൻറ് നം. | 330/EE/LSGD/14-15 dtd 23.4.15 |
| എം ബുക്ക് നം. | 35/14-15 ,32/16-17 |
| ബിൽ നം. | 115, C.B.No.110/18-19 തീയതി 05.02.2019 – 89,276/- |

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിലെ കിഴക്കടമ്പ് കുടിവെള്ള പദ്ധതി എന്ന ബഹുവർഷ പ്രോജക്ടിലുൾപ്പെടുത്തി കിണർനിർമ്മാണം, പമ്പ്ഹൗസ്, വാട്ടർടാങ്ക് നിർമ്മാണം, പമ്പ് സെറ്റ് സ്ഥാപിക്കൽ, പൈപ്പ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിലെ അപ്പൻഡിക്സ് ബി എക്സ്ട്രാ ഇനം ക്രമ നം.1 ൽ earth work excavation in hard soil for foundation(50% hard soil and 50% ordinary rock) എന്ന പ്രവൃത്തി 3.095ക്യൂബിക് മീറ്റർ ചെയ്തിട്ടുണ്ട്.ഇതിന് 2373/10m3 നിരക്കിൽ അനുവദിക്കാവുന്ന തുക 734.44 രൂപയാണ്. എന്നാൽ പ്രസ്തുത ഇനത്തിന് 73444.35/രൂപ എന്ന് തെറ്റായി കണക്കാക്കിയാണ് ബില്ല് തയ്യാറാക്കിയിട്ടുള്ളത്. ഈ ഇനത്തിന് മാത്രമായി 72710/-രൂപ അധികം മൂല്യം കണക്കാക്കി(73444.35-734.44=72710/-). വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| | കണക്കാക്കിയ ബിൽ തുക | അർഹമായത് |
|---|---|---|
| ആകെ പ്രവൃത്തികളുടെ മൂല്യം | 1045512 | 972802/- (1045512-72710) |
| 1st& പാർട്ട് ബിൽ പ്രകാരം അനുവദിച്ച തുക | 910274 | 910274 |
| ബാലൻസ് തുക | 135238 | 62528 |
| 2nd&part ബിൽ പ്രകാരം പിൻവലിച്ചബിൽ | 89726 | അധികം നൽകിയത്-27198 (89726-62528) |
| ബാക്കി നല്കാനുള്ളത് | 45512/- | ഇല്ല |

2019-20 ൽ കോൺട്രാക്ടർക്ക് നല്കാനുള്ള ബാക്കി തുക 45512/-രൂപ നൽകാനായിട്ട് പ്രോജക്ട് തയ്യാറാക്കിയിരുന്നു . ആയത് പ്രകാരം തുക നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.44/02.03.2020) നൽകിയെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ കോൺട്രാക്ടർക്ക് തൻവർഷം അധികമായി നല്കിയ 27198/-രൂപ നിർവ്വഹണോദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എൻജിനിയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-17 ജില്ലാ കൃഷിത്തോട്ടം കോഴ- ഷെയ്ഡ് ഹൗസ് മെയിന്റനൻസ് - കരാറുകാരന് അധികം തുക നല്കി

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.1140/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, കൃഷി |
| കരാറുകാരൻ | ശ്രീ.ജോർജ്ജ് ജോൺ |
| കരാർ നമ്പർ | 73/18-19 /25.6.18 |

| | |
|---|---|
| കരാർ തുക | 869703/-രൂപ |
| അടങ്കൽ | 9,99,900/-രൂപ |
| ചെലവ്- ബിൽ നമ്പർ/ തുക | 26/13.3.19 - 653026/-രൂപ |
| | Q ബിൽ -285115/-രൂപ |

മേൽ പ്രോജക്ടിനായി ടെൻഡർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത ശ്രീ.ജോർജ്ജ് ജോൺ എന്നയാളുടെ ടെൻഡർ അംഗീകരിക്കുകയും കരാർ വച്ച് പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 24.2.18 ന് കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ചുവെങ്കിലും ടിയാൾ കരാറിലേർപ്പെടാത്തതിനാൽ 26.3.18 ൽ എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല എന്നു കാണിച്ച് വീണ്ടും കത്ത് അയച്ചതിന്റെ അടിസ്ഥാനത്തിൽ 25.6.18 ന് കരാറിലേർപ്പെട്ടിട്ടുണ്ട്. എന്നാൽ കരാറിലേർപ്പെടാൻ കാലതാമസം നേരിട്ടതിന് നിയമാനുസൃതമായ പിഴ (പി.എ.സി യുടെ 1%) 9999/- രൂപ ഈടാക്കിയില്ല.

2. എസ്റ്റിമേറ്റ് എടുത്ത സൈറ്റിൽ നിന്നും മാറി ഷെയ്ക്ക് ഹൗസ് നിർമ്മിക്കുന്നതാണ് കൂടുതൽ ഫലപ്രദമെന്നതിനാൽ എസ്റ്റിമേറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അനുമതി വാങ്ങി നല്കണമെന്ന് ഫാം സൂപ്രണ്ട് 3-1-2019ൽ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. എം.ബുക്ക് പ്രകാരം 10.12.18ൽ പണി ആരംഭിച്ചതായി കാണുന്നു. അതായത് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനു മുൻപു തന്നെ സൈറ്റിൽ നിന്നും മാറി നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിലെ ഇനങ്ങളാണ് ആദ്യം ചെയ്തിട്ടുമുള്ളത്. എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് സാങ്കേതികാനുമതി ലഭിക്കുന്നതിനു മുൻപു അംഗീകൃത സൈറ്റിൽ നിന്ന് മാറി ഷെയ്ക്ക് ഹൗസ് നിർമ്മിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ടതിന്, ഫാമിലെ പ്രവൃത്തികൾ അടിയന്തിരമായി ചെയ്യേണ്ടതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് ഉടൻ അനുമതി നൽകാമെന്ന് പറഞ്ഞതുകൊണ്ടാണ് അനുമതി ലഭിക്കുന്നതിന് മുൻപ് പണികൾ ആരംഭിച്ചതെന്ന് മറുപടി നല്കി. ഈ നടപടി ക്രമപ്രകാരമല്ല.

3. ബിൽ തയ്യാറാക്കിയ വേളയിൽ കരാറുകാരൻ കോട്ട് ചെയ്ത നിരക്ക് പ്രകാരം റിവൈസ്ഡ് ഐറ്റംസിലെ നിരക്ക് കണക്കാക്കുന്നതിനു പകരം എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് നല്കി. കരാറുകാരൻ 13.03% ടെൻഡർ below യാണ് കോട്ട് ചെയ്തിരിക്കുന്നത്. എന്നാൽ ടി ടെൻഡർ വ്യതിയാനം റിവൈസ്ഡ് എസ്റ്റിമേറ്റിലെ എക്സ്ട്രാ ഇനങ്ങൾക്ക് നല്കിയില്ല. ആയതിനാൽ 12 മുതൽ 18 വരെയുള്ള ഇനങ്ങൾക്ക് എസ്റ്റിമേറ്റിലെ തുക നല്കിയതു മൂലം അധികം തുക കരാറുകാരന് നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഐറ്റം നമ്പർ | ഇനം | നല്കിയ തുക | നല്കേണ്ടതുക | അധികം നല്കിയത് |
|---|---|---|---|---|
| 12 | Felling trees of the girth ... | 8@315.91= 2527.28 | 8@274.7 = 2198 | 329 |
| 13 | Surface dressing of the ground | 608m2@20.10 =12220.80 | 608@17.48 = 10628 | 1592 |
| 14 | Filling with contractors own earth | 54.597@448.57=24490.58 | 54.597@390.12 =21300 | 3191 |
| 15 | Providing & laying in position cement concrete | 8.024@7100.79=56976.74 | 8.024 @6175.5 =49552 | 7425 |
| 16 | Solid block masnory | 4.849@5465.05=26500.03 | 4.849@4752.95=23047 | 3453 |
| 17 | 12 mm cement plaster | 75.59@249.26 =18841.56 | 75.59@216.78=16386.5 | 2455 |
| | | | | |

| | | | | |
|---|---|---|---|---|
| 18 | Pointing on stone work | 43.8@242.77 =10633. | 43.8@211.13=9247.8 | 1386 |
| | | | | |
| | | | ആകെ | 19831 |

4. പണി പൂർത്തിയാകുന്നതിനു മുൻപ് 17.1.19 ൽ പെർഫോർമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നല്കിയതായി കാണുന്നു.

കരാറിലേർപ്പെടാൻ കാലതാമസം നേരിട്ടതിനുള്ള പിഴയായ 9999/-രൂപയും എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ എക്സ്ട്രാ ഇനങ്ങൾക്കു അധികമായി നല്കിയ 19831/- രൂപയും ചേർത്ത് ആകെ 29830/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.23/04.03.2020) നല്കിയപ്പോൾ എക്സ്ട്രാ ഇനങ്ങൾക്കു അധികമായി നല്കിയ 19831/- രൂപയിൽ 7770/- രൂപ ചെലാൻ പ്രകാരം സർക്കാരിലേക്ക് അടവാക്കി. കരാറിലേർപ്പെടാൻ കാലതാമസം നേരിട്ടതിനുള്ള പിഴയായ 9999/-രൂപയും എക്സ്ട്രാ ഇനങ്ങൾക്കു അധികമായി നല്കിയ 19831/- രൂപയിൽ അവശേഷിക്കുന്ന 12061 രൂപയും(19831-7770) ചേർത്ത് ആകെ 22060/- രൂപ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-18 നിരീക്ഷണക്യാമറ സ്ഥാപിയ്ക്കൽ -നാളിതുവരെ പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല

**ഫയൽ നം**-A2/3853/2018

| | |
|---|---|
| പ്രോജക്ട് നം – പ്രോജക്ടിന്റെ പേര് | 602/19- കഞ്ഞഴ ഡിവിഷനിലെ വിവിധ പഞ്ചായത്തുകളിൽ നിരീക്ഷണ ക്യാമറ സ്ഥാപിയ്ക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| വകയിരുത്തിയ തുക | 20,00,000 |
| ചെലവുതുക | 1993950/- |
| ബിൽ നം/ തീയതി | 92/2018-19/05.03.19 |

കഞ്ഞഴ ഡിവിഷനിലെ വിവിധ പഞ്ചായത്തുകളിൽ നിരീക്ഷണ ക്യാമറ സ്ഥാപിയ്ക്കക എന്ന പ്രോജക്ടിന്റെ ഭാഗമായി കറുകച്ചാൽ ടൗണിന്റെ ഒൻപത് കേന്ദ്രങ്ങളിൽ ഇരുപത് ക്യാമറകൾ സ്ഥാപിയ്ക്കുന്നതുമായി ബന്ധപ്പെട്ട് പോലീസ്, ജില്ലാപഞ്ചായത്ത് അംഗം എന്നിവരുമായി ചർച്ചനടത്തി ക്യാമറകൾ സ്ഥാപിയ്ക്കേണ്ട സ്ഥലങ്ങൾ സന്ദർശിച്ച് നിശ്ചയിക്കുകയും ആയത് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിയ്ക്കുകയും പി.ഡബ്ള്യൂ.ഡി എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ വിംഗ്, തിരുവനന്തപുരത്തിന്റെ അക്കൗണ്ടിലേയ്ക്ക് 19,93,950/- രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്. മെസ്സേഴ്സ് അനാഡ്യൂവസ് സിസ്റ്റംസ് , ആറ്റിങ്ങൽ, തിരുവനന്തപുരം എന്ന സ്ഥാപനത്തിനാണ് കറുകച്ചാൽപഞ്ചായത്തിന്റെ പ്രവൃത്തിനിർവ്വഹണത്തിനായി ടെൻഡർ നൽകിയിരിയ്ക്കുന്നത്.

കറുകച്ചാൽ പഞ്ചായത്തിന്റെ ടൗൺ ഭാഗത്ത് ഒൻപത് സ്ഥലങ്ങളിലായി ഇരുപത് ക്യാമറകൾ സ്ഥാപിയ്ക്കുന്നതിനാണ് തുക നൽകിയത്. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ സൂചിപ്പിയ്ക്കും പ്രകാരം വൈദ്യുത തൂണുകളിലൂടെ ഒപ്റ്റിക്കൽ ഫൈബർ വലിക്കുന്നതിനുള്ള അനുമതി ബന്ധപ്പെട്ട വിഭാഗത്തിൽ നിന്നും പഞ്ചായത്ത് വാങ്ങേണ്ടതാണെന്നും, ക്യാമറകൾക്കാവശ്യമായ വൈദ്യുതചാർജ്ജും പഞ്ചായത്ത് അധികൃതർ കണ്ടെത്തേണ്ടതാണെന്നും 17.12.19ലെ ESK/SS/ 01/19നമ്പർ കത്ത് പ്രകാരം ജില്ലാപഞ്ചായത്ത് കറുകച്ചാൽ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതുപ്രകാരം പഞ്ചായത്ത് കമ്മറ്റികൂടി (12.02.2020 /9(1) തീരുമാനം ) ക്യാമറകൾക്കാവശ്യമായ വൈദ്യുതി ചാർജ്ജ് , തുടർപരിപാലനം എന്നിവ പഞ്ചായത്ത് നിർവ്വഹിയ്ക്കുന്നതിനും തീരുമാനിച്ചു. എന്നാൽ വൈദ്യുത തൂണുകളിലൂടെ ഒപ്റ്റിക്കൽ ഫൈബർ വലിയ്ക്കുന്നതിനുള്ള അനുമതി വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ച് നാളിതുവരെ ജില്ലാപഞ്ചായത്തിനെ അറിയിച്ചിട്ടില്ല. പ്രോജക്ട് നിർവ്വഹണത്തിനായി ടെൻഡർ ക്ഷണിച്ചതിന്റെ വിശദാംശങ്ങൾ, പ്രവൃത്തി നിർവ്വഹണത്തിന്റെ പുരോഗതി എന്നിവ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. കരാർ കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിയ്ക്കാത്തതിന്റെ കാരണവും വ്യക്തമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-16/15.02.2020 ). കൂടാതെ, ടി ക്യാമറകളിൽ രാത്രികാലങ്ങളിൽ വാഹനങ്ങളുടെ നമ്പർ പ്ലേറ്റുകൾ വ്യക്തമാവുകയില്ലെന്നും അത്തരം ക്യാമറകൾക്ക് നിരക്ക് കൂടുതലാണെന്നും നിർവ്വഹണ ഏജൻസി ജില്ലാപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ഗുണനിലവാരമില്ലാത്തതും ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് ഉപകരിക്കാത്തതുമായ കൂടുതൽ

ഉപകരണങ്ങൾ വാങ്ങുന്നതിലും ലക്ഷ്യം നിറവേറ്റാനുതകുന്ന പരിമിത ഉപകരണങ്ങൾ വാങ്ങുന്നതാണ് യുക്തമായ നടപടി. എന്നാൽ അങ്ങനെയൊരു തീരുമാനം ജില്ലാപഞ്ചായത്ത് അധികാരികൾ സ്വീകരിച്ചതായി കാണുന്നില്ല. ചുരുക്കത്തിൽ, അടിസ്ഥാന സംവിധാനങ്ങൾ ഒരുക്കാതെയും നിർവ്വഹണ ഏജൻസിയുമായി വേണ്ടത്ര ചർച്ച നടത്താതെയും മുൻകൂർ തുക നൽകിയത് ഗുരുതര വീഴ്ചയാണ്. ഇപ്രകാരം ഇരുപത് ലക്ഷത്തോളം വരുന്ന സർക്കാർ ഫണ്ട് ഒരു വർഷത്തിൽ കൂടുതൽ കാലയളവിൽ മറ്റ് വികസന പദ്ധതികൾക്ക് വിനിയോഗിക്കാൻ സാധിക്കാതെ നിഷ്ക്രിയമായ അവസ്ഥ സംജാതമായത് ആശാസ്യമല്ല. ദീർഘ വീക്ഷണം ഇല്ലാതേയും പ്രയോഗികത പരിശോധിക്കാതേയും പദ്ധതി ആസൂത്രണം ചെയ്തതിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിക്കും വർക്കിംഗ് ഗ്രൂപ്പിനും വീഴ്ച സംഭവിച്ചിട്ടുണ്ട്. ഭരണസമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു. വീഴ്ചകൾ പരിഹരിച്ച് പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ഉത്തരവാദികൾക്കെതിരെ ഉചിത നടപടി സ്വീകരിക്കേണ്ടതുമാണ്. അതുവരെ ചെലവ് തുക 19,93,950/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-19 കടുത്തുരുത്തി ഡിവിഷൻ - കടുത്തുരുത്തി ഗ്രാമപഞ്ചായത്തിൽ വലിയതോടും ചുള്ളിത്തോടും മാലിന്യമുക്തമാക്കൽ - പദ്ധതിനിർവഹണത്തിലെ അപാകതകൾ .

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | എസ്.281/2019, കടുത്തുരുത്തി ഡിവിഷൻ - കടുത്തുരുത്തി ഗ്രാമപഞ്ചായത്തിൽ വലിയതോടും ചുള്ളിത്തോടും മാലിന്യമുക്തമാക്കൽ |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| അടങ്കൽ | 3220252 രൂപ |
| കരാറുകാരൻ | ശ്രീ.സിന്തോൾ തോമസ്, വടക്കേ കാഞ്ഞിരത്തിങ്കൽ, പൂവരണി |
| കരാർ നം./തീയതി | 342/AEE/LSGD/17-18/31.03.18 |
| തുക/ബിൽ നമ്പർ/തീയതി | 1567102: 127/18-19/13.11.2018 |
| | 764396: 164/18-19/11.3.2019 |
| | 888750: 216/18-19/11.3.2019 |
| ആകെ ചെലവ് | 3220248 രൂപ |
| എം.ബുക്ക് നമ്പർ | 474/17-18, 80/18-19 |

തോട്ടിലേയ്ക്ക് മാലിന്യങ്ങൾ വലിച്ചെറിയാതിരിക്കുന്നതിന് വേണ്ടി പ്രോജക്ട് പ്രകാരം കടുത്തുരുത്തി ടൗണിലെ വലിയതോടിന്റെയും ചുള്ളിത്തോടിന്റെയും ഇരുകരകളിലും, വലിയതോടിനു കുറുകെയുള്ള പാലത്തിന്റെ ഇരുവശങ്ങളിലും പി.വി.സി.കോട്ടിംഗ് ഉള്ള ജി.ഐ. വല ഉപയോഗിച്ച് മറച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം 4 മി.മീ വ്യാസമുള്ളതും പി.വി.സി കോട്ടിംഗ് ഉള്ളതുമായ ജി.ഐ.വല സ്ഥാപിക്കുന്നതിനാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ 6.3.2020ൽ സ്ഥലപരിശോധന നടത്തിയതിൽ ഗുണനിലവാരം കുറഞ്ഞ വല സ്ഥാപിച്ചതിനാൽ പലയിടങ്ങളിലും വല തുരുമ്പിച്ച് നാശോന്മുഖമായ അവസ്ഥയിലാണെന്ന് കണ്ടു. പി.വി.സി.കോട്ടിംഗ് ഉള്ള ജി.ഐ.വലയാണ് ഉപയോഗിച്ചിരുന്നെങ്കിൽ സ്ഥാപിച്ച് ഒന്നര വർഷത്തിനുള്ളിൽ ദ്രവിക്കുമായിരുന്നില്ല. ഇതിൽനിന്ന് യഥാർത്ഥത്തിൽ ഉപയോഗിച്ച വല മൈൽഡ് സ്റ്റീൽ പോലുള്ളതും ഡ്യൂറബിലിറ്റി കുറഞ്ഞതുമായ പദാർത്ഥം കൊണ്ടാണ് നിർമ്മിച്ചതെന്ന് വ്യക്തമാണ്. പ്രാദേശികപരിശോധനയിൽ ഇരുമ്പുവലയുടെ ഭൂരിഭാഗവും സ്ഥാപിച്ചത് പൊതുജനങ്ങൾ മാലിന്യം വലിച്ചെറിയാൻ സാദ്ധ്യത ഇല്ലാത്തതും ചുള്ളിത്തോടിന്റെ ഇടതുവശത്ത് ഒരു സ്വകാര്യവ്യക്തിയുടെ ഉടമസ്ഥതയിലുള്ള ബാർഹോട്ടലിന്റെ പിൻഭാഗത്താണെന്നും, ഇതിന്റെ കുറച്ചുഭാഗം പൊളിച്ചുമാറ്റിയ നിലയിലാണെന്നും കണ്ടു. ഇവിടെ മാലിന്യ നിക്ഷേപം നടത്തുന്നുണ്ട് എങ്കിൽ സ്ഥാപനത്തിനെതിരെ നടപടി എടുക്കാതെ വൻതുക മുടക്കി ഇപ്രകാരം പ്രവൃത്തി നിർവഹിച്ചതിന്റെ സാംഗത്യം വ്യക്തമല്ല. മാത്രമല്ല, പൊതുജനങ്ങൾ മാലിന്യം വലിച്ചെറിയുവാൻ സാധ്യതയുള്ള, ഓട്ടോസ്റ്റാന്റിന്റെയും ഓപ്പൺ സ്റ്റേജിന്റെയും വശങ്ങളിൽ ഇരുമ്പുവലകൾ സ്ഥാപിച്ചിട്ടുമില്ല. വല ഉറപ്പിക്കുന്നതിനുള്ള ജി.ഐ.പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് 296288.2 രൂപയും (നിലവിലുള്ള കല്ല് കെട്ട് പൊളിക്കുക, ജി.ഐ.പോസ്റ്റുകൾ



സ്ഥാപിച്ച് കോൺക്രീറ്റ് ഉപയോഗിച്ച് ഉറപ്പിക്കുക തുടങ്ങിയ പ്രവൃത്തികൾ). പി.വി.സി. കോട്ടിംഗ് ഉള്ള ജി.ഐ. വല സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റിലെ ഇനം 6 പ്രകാരം ആകെ 16,12,420/- രൂപയും ഉൾപ്പെടെ ആകെ 19,08,708.2 രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

**<u>ജി.ഐ.പോസ്റ്റുകൾ ഉറപ്പിക്കുന്നതിന്റെ ചെലവ്</u>**

| ഇനം നമ്പർ | ഇനം | എം.ബുക്ക് നമ്പർ | ചെയ്ത അളവ് | നിരക്ക് | അനുവദിച്ച തുക |
|---|---|---|---|---|---|
| എക്സ്ട്രാ 1 | Dismantling DR- Dismantling clearing away and carefully stacking materials usseful for reuse for any thickness of walls in DR masonry including disposal of debris within a distance of 150m. | 474/ 17-18 | 7.557m3 | 403.08/m3 | 3046 |
| 1 | Earth excavation by mechanical means/ manual means in foundation trenches or drains including dressing of sides and ramming of bottom, lift upto 1.5.m, including getting out the excavated soil and disposal of surplus excavated soil | 474/ 17-18 | 3.632m3 | 232.55/m3 | 844.62 |
| എക്സ്ട്രാ 2 | Centering and shuttering including strutting etc. and removal of form for foundations, footings, bases of columns etc for mass concrete. | 474/ 17-18 | 13.0605m2 | 261.28/m2 | 3412.45 |
| 2 | Providing and laying in position CC of specified grade excluding the cost of centering and shuttering – All work upto plinth level. | 474/ 17-18 | 1.512m3 | 6257.9/m3 | 9461.95 |
| 3 | Providing and laying in position CC of specified grade excluding the cost of centering and shuttering – All work upto plinth level. | 474/ 17-18 | 10.302m3 | 7590/m3 | 78192.18 |
| 4 | Steel work for purlin/ single section with GI pipes including cutting, hoisting, fixing in position and applying a priming coat of approved steel primer including steel primer, including welding and bolted with special shaped washers etc complete. | 474/ 17-18 | 98.8m @ 3.7kg/m= 365.56 | 104.5/kg | 38201 |
| 5 | Structural steel work riveted, bolted or welded in built up sections, trusses and framed work, including cutting, | 80/18-19 | 402.53m@ 2.7kg/m= 1086.83kg | 91.08/kg | 163130 |

| | | | | |
|---|---|---|---|---|
| | hoisting, fixing in position and applying a priming coat of approved steel primer all complete. | 472.64m@ 1.49kg/m= 704.23kg<br>1791.06kg | | |
| ആകെ | | | | 296288.2 |

**ജി.ഐ. വല സ്ഥാപിക്കുന്നതിന്റെ ചെലവ്**

| ഇനം നമ്പർ | എം.ബുക്ക് നമ്പർ | ഇനം | ചെയ്ത അളവ് | നിരക്ക് | അനുവദിച്ച തുക |
|---|---|---|---|---|---|
| 6 | 474/ 17-18 | Providing& fixing GI chain link fabric fencing of required width in mesh size 50x50mm including strengthening with 2mm dia. wire or nuts, bolts and washers as required complete as per the direction. Made of GI wire of dia. 4Mm PVC coated to achieve outer dia. not less than 5mm in required colour and shade. | 780.271m2 | 808.5/m2 | 630849.10 |
| | 80/18-19 | ,, | 1200m2<br>14.194m2 | 808.5/m2<br>801.11/m2 | 970200<br>11370.96 |
| ആകെ | | | | | 1612420 |

മാലിന്യം നിക്ഷേപിക്കുന്നതു കണ്ടെത്തുന്നതിന് സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്നതിന് 8,88,750/- രൂപ 1808010000000045165/11.3.2019 നമ്പർ ചെലാൻ പ്രകാരം പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് വിഭാഗത്തിൽ ഒടുക്കിയതിന്റെ റെമിറ്റൻസ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഫയലിൽ ചേർത്തിട്ടുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ചെലാന്റെ പകർപ്പ്, പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ്, ക്യാമറകൾ/മോണിട്ടറിംഗ് സംവിധാനം സ്ഥാപിക്കേണ്ട സ്ഥലങ്ങളുടെ വിശദാംശങ്ങൾ തുടങ്ങിയവയിൽ വ്യക്തത വരുത്താതെയും ഇതിന്റെ ഫലപ്രാപ്തി, തുടർ വർഷങ്ങളിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ എന്നിവയിൽ വ്യക്തത വരുത്താതെയും തുക നിക്ഷേപിച്ചത് നിർവ്വഹണത്തിലെ പാളിച്ചയാണ്. പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് വിഭാഗത്തിൽ നേരിട്ട് അന്വേഷിച്ചതിൽ ടെൻഡറിംഗ് നടപടികൾ പൂർത്തിയായതായി അറിയിച്ചിട്ടുണ്ട്. പ്രോജക്ട് നിർവഹണത്തിലെ അപാകതകളിൽ വിശദീകരണം ലഭ്യമാക്കുന്നതിന് 63/9.3.2020 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ഫലപ്രാപ്തി സംബന്ധിച്ച് പഠനം നടത്തി ഉറപ്പു വരുത്താതെ ക്യാമറ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള 8,88,750/- രൂപയുടെ ചെലവും സ്ഥാപിക്കപ്പെട്ട വല ന്യൂനതാ പരിഹാരകാലയളവിനുള്ളിൽ തന്നെ തുരുമ്പെടുത്തതിനാലും സ്വകാര്യവ്യക്തിയുടെ ഉടമസ്ഥതയിലുള്ള ബാർ ഹോട്ടലിന് മാത്രം ഫലം ലഭിക്കും വിധം പ്രവൃത്തിനിർവഹിച്ചതിനാലും ഈ ഇനത്തിലെ 19,08,708/- രൂപയുടെ ചെലവും ഉൾപ്പെടെ 27,97,458/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ജലാശയങ്ങൾ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി പ്രോജക്ട് രൂപീകരിച്ച നടപടി അവശ്യവും അഭിനന്ദനാർഹവും ആണെങ്കിലും നിർവ്വഹണം നിരീക്ഷിക്കുന്നതിൽ പാളിച്ചയുണ്ടായതായി വിലയിരുത്തുന്നു. ആയതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇരുമ്പുവല സ്ഥാപിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ, ക്യാമറ സ്ഥാപിക്കുന്ന പ്രവൃത്തി സമയബന്ധിതമായി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.



## 1-20 സാങ്കേതിക അനുമതി ലഭിച്ചതിൽ നിന്നും വ്യത്യസ്തമായി ചെയ്ത പ്രവൃത്തിക്ക് കൺവീനർക്ക് തുക നല്കി.

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | എലിക്കുളം ഗ്രാമപഞ്ചായത്തിലെ പനമറ്റം ജി.എച്ച്.എസ്.എസ്.സ്കൂൾ മെയിന്റനൻസും, ടോയ്ലറ്റും 1075/2019 |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കൺവീനർ | റോസ് എസ്.കാതറിൻ (എച്ച്.എം) |
| അടങ്കൽ | വികസനഫണ്ട് 250000/-രൂപ,<br>കേന്ദ്രാവിഷ്കൃത പരിപാടി 353278/-രൂപ,<br>ആകെ 603278/- രൂപ |
| ചെലവ് | ആകെ വേലമൂല്യം 505467/- (5% ഓവർഹെഡ് ചാർജ് കുറച്ച്)<br>ഐ.റ്റി 2% 10109/-,വെൽഫയർ ഫണ്ട് 5055/-<br>കൺവീനർ 490303/- |
| ചെലവ് ,വിശദാംശങ്ങൾ | 152189/- (വികസനഫണ്ട്), ബിൽ നം 162/18-19 തീ24/12/2018<br>353278/- (കേന്ദ്രാവിഷ്കൃത ഫണ്ട്) |

ഈ പ്രോജക്ടിൽ നിലവിലുള്ള കെട്ടിടത്തിന് പെയിന്റിംഗും പുതിയ ടോയ്ലറ്റ് നിർമ്മാണവുമാണ് ഉൾപ്പെടുത്തിയിരുന്നത്. ഇതിൽ കെട്ടിട പെയിന്റിംഗിന് 1886 ച. മീ വാട്ടർ പ്രൂഫിംഗ് സിമന്റ് പെയിന്റും 121.302 ച.മീ സിന്തറ്റിക് ഇനാമൽ പെയിന്റും ഉൾപ്പെട്ടിരുന്നു. അളവുപുസ്തക പ്രകാരം ഇവ യഥാക്രമം 1860.26 ച.മീറ്ററും,121.302 ച.മീറ്ററും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം ഇതിൽ ആദ്യ ഇനമായ വാട്ടർ പ്രൂഫിംഗ് സിമന്റ് പെയിന്റ് ചെയ്യുന്നതിന് 714.34 കി. ഗ്രാം മെറ്റീരിയൽ (വാട്ടർ പ്രൂഫിംഗ് സിമന്റ് പെയിന്റ്) ആവശ്യമുണ്ട്. എന്നാൽ കൺവീനർ ഹാജരാക്കിയിട്ടുള്ള ബില്ലുകൾ പ്രകാരം വാട്ടർ പ്രൂഫിംഗ് സിമന്റ് പെയിന്റ് വാങ്ങിയിട്ടുള്ളതായി കാണുന്നില്ല. എന്നാൽ എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനമായ സിമന്റ് പ്രൈമർ 200 ലിറ്റർ വാങ്ങിയതിന്റെ ബില്ലുകൾ ഹാജരാക്കിയിട്ടുണ്ട്. ഇതിൽ നിന്നും വാട്ടർ പ്രൂഫിംഗ് സിമന്റ് ഒഴിവാക്കി സിമന്റ് പ്രൈമർ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് വ്യക്തമാണ്. കൂടാതെ എസ്റ്റിമേറ്റിലും അളവുപുസ്തകത്തിലും ഉൾപ്പെട്ടിട്ടില്ലാത്ത ഇനമായ 80 ലിറ്റർ എമൽഷൻ (എക്സ്റ്റീരിയർ ) വാങ്ങിയിട്ടുണ്ട്.

സാങ്കേതിക അനുമതി ലഭിച്ചിട്ടുള്ളത് 1860 ച.മീ വാട്ടർ പ്രൂഫിംഗ് സിമന്റ് പെയിന്റ് ചെയ്യുന്നതിനാണെന്നിരിക്കെ നിരക്ക് കുറഞ്ഞ സിമന്റ് പ്രൈമർ ഉപയോഗിക്കുകയും ആയതിന് വാട്ടർ പ്രൂഫിംഗ് സിമന്റ് പെയിന്റിന്റെ നിരക്കായ79.33രൂപ/ച.മീ പ്രകാരം 147369.79 രൂപ നല്കുകയും ചെയ്തതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (54/09.03.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. എഞ്ചിനീയറിംഗ് വിഭാഗം പ്രവൃത്തി പുനപരിശോധിക്കേണ്ടതും സാങ്കേതിക അനുമതി ലഭിച്ച പ്രവൃത്തിയാണ് കൺവീനർ ചെയ്തിട്ടുള്ളത് എന്നുറപ്പ് വരുത്തേണ്ടതുമാണ്. പരിശോധനാ റിപ്പോർട്ട് ലഭ്യമാകുംവരെ ഈ ഇനത്തിലുള്ള ചെലവ് 1,47,369/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 പൂഞ്ഞാർ ഡിവിഷൻ മേലുകാവ്മറ്റം 12-ാം വാർഡ് കുടിവെള്ളപദ്ധതി - അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |
| പ്രോജക്ട് നം. | 450/19 |
| അടങ്കൽ | 2500000രൂപ<br>വികസനഫണ്ട്(പൊതുവിഭാഗം ) |
| ചെലവ് | 155500 രൂപ |
| ബിൽ നം | 232/18-19/ 13.2.2019 |

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഏറ്റെടുത്തതാണ് മേൽ പദ്ധതി. മേലുകാവ് ടൗൺ കുടിവെള്ള പദ്ധതിക്കുവേണ്ടി പഞ്ചായത്തിന്റെ പാർക്കിംഗ് ഗ്രൗണ്ടിൽ കുഴൽ കിണർ നിർമ്മിച്ച് അതിൽ നിന്നുള്ള വെള്ളം മേലുകാവ് മഠത്തിന്റെ സ്ഥലത്തുള്ള ടാങ്കിൽ എത്തിച്ച് വിതരണം നടത്തുന്നതിനും കൊടിത്തോപ്പ്- പാണ്ടിയാമ്മാവ് കുടിവെള്ള പദ്ധതിക്ക് കൊടിത്തോപ്പിൽ കുഴൽ കിണർ നിർമ്മിച്ച് അതിൽ നിന്നുള്ള വെള്ളം പാണ്ടിയാമ്മാവ് ഭാഗത്തുള്ള ടാങ്കിൽ എത്തിച്ച് കൊടിത്തോപ്പ്, മുതിരംപാറ കോളനി എന്നിവിടങ്ങളിൽ വിതരണം ചെയ്യുന്നതിനുമാണ് പ്രോജക്ട്

ലക്ഷ്യമിട്ടിരുന്നത്. പാർക്കിംഗ് ഗ്രൗണ്ട്, പാണ്ടിയാമ്മാവ് എന്നിവിടങ്ങളിൽ 150mm വ്യാസവും 110m ആഴവുമുള്ള രണ്ട് കുഴൽ കിണർ നിർമ്മിക്കുന്നതിനായി 155500/- രൂപ ഭൂജലവകുപ്പ് കോട്ടയം ജില്ലാ ഓഫീസറുടെ പേരിൽ ജില്ലാ ട്രഷറിയിലുള്ള അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ കുഴൽ കിണറുകൾ നിർമ്മിച്ചതായി ഫയലിൽ നിന്നും വ്യക്തമല്ല.

കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റിലെ മറ്റിനങ്ങൾ ചെയ്യുന്നതിനായി കരാറുകാരൻ ശ്രീ ജോമി മാത്യുവുമായി 2.3.2019 ൽ കരാർ വെച്ചു. പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ എം ബുക്ക് ഫയലിൽ ചേർത്തിട്ടില്ല. മേലുകാവ് എൽ.എസ്.ജി.ഡി. സെക്ഷൻ അസിസ്റ്റന്റ് എൻജിനീയറുടെ 16.12.2019 ലെ എക്സിക്യൂട്ടീവ് എൻജിനീയർക്കുള്ള കത്തിൽ പദ്ധതി ഏറ്റെടുക്കുവാനിരുന്ന സ്ഥലത്ത് സോയിൽ കൺസർവ്വേഷൻ ഡിപ്പാർട്ട്മെന്റ് കുളവും ടാങ്കും ഏറ്റെടുത്ത് ചെയ്തതിനാൽ ടി പ്രോജക്ടിൽ വിതരണലൈൻ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനായി സമർപ്പിച്ചതായി കാണുന്നു. സോയിൽ കൺസർവ്വേഷൻ ഡിപ്പാർട്ട്മെന്റ് കുളം നിർമ്മിച്ച് നൽകിയതിനാൽ ഭൂജലവകുപ്പിൽ നിക്ഷേപിച്ച തുക വിനിയോഗിച്ച് കുഴൽ കിണർ നിർമ്മിക്കേണ്ട ആവശ്യമുണ്ടോ എന്നതിൽ വ്യക്തതയില്ല. അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 69-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കുഴൽ കിണർ ആവശ്യമില്ലാത്തപക്ഷം ഭൂജലവകുപ്പിൽ നിക്ഷേപിച്ച തുക തിരികെ ലഭ്യമാക്കിയും കുടിവെള്ളപദ്ധതി പൂർത്തിയാക്കിയും വിവരം ഓഡിറ്റിൽ അറിയിക്കുന്നത് വരെ 1,55,500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 പൂഞ്ഞാർ ഡിവിഷൻ- പൂഞ്ഞാർ ഗ്രാമ പഞ്ചായത്തിലെ പെരുന്നിലം- ചെറപ്പാറ കുടിവെള്ള പദ്ധതി- അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രോജക്ട് നം. | 896/19 |
| അടങ്കൽ | 1147710/- രൂപ ( വികസന ഫണ്ട്-1000000 + ഗ്രാമ പഞ്ചായത്ത് വിഹിതം- 147710 ) |
| ചെലവ് | 36890 രൂപ |
| ബിൽ നം. | 190/18-19/ 29.12.2018 |

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത മേൽ കുടിവെള്ള പദ്ധതിയ്ക്കുവേണ്ടി 110mm വ്യാസവും 90m ആഴവുമുള്ള കുഴൽ കിണർ നിർമ്മിക്കുന്നതിന് ഭൂജലവകുപ്പിൽ നിന്നും ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം 36890 രൂപ ഭൂജലവകുപ്പിൽ നിക്ഷേപിച്ചു. ഭൂജലവകുപ്പിൽ നിന്നും ലഭ്യമാക്കിയ കത്ത് പ്രകാരം നിർമ്മിച്ച കുഴൽ കിണറിന്റെ താഴ്ച 40m മാത്രമാണ്. എസ്റ്റിമേറ്റ് പ്രകാരം കുഴൽ കിണർ നിർമ്മിക്കുന്നതിനുള്ള നിരക്ക് മീറ്ററിന് 370 രൂപയാണ്. അതായത് 18500/- രൂപ (370x50= 18500 ) ഭൂജലവകുപ്പിൽ അധികമായി നിൽക്കുന്നു. പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി 2019-20ൽ തയ്യാറാക്കിയ പ്രോജക്ടുപ്രകാരം വാട്ടർ ടാങ്ക്, പൈപ്പ് ലൈൻ, പമ്പ് ഹൗസ്, സബ്മേഴ്സിബിൾ പമ്പ് സെറ്റ്, ഇലക്ട്രിഫിക്കേഷൻ എന്നീ ഇനങ്ങൾ ഉൾപ്പെടുത്തിയിരുന്നു. ഇതിൽ വാട്ടർ ടാങ്ക്, പൈപ്പ് ലൈൻ, പമ്പ് ഹൗസ് എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. (2019-2020 ൽ 1008179രൂപയുടെ ബിൽ തയ്യാറാക്കിയിട്ടുണ്ട്. ചെലവ് ആയിട്ടില്ല). റിവൈസ്ഡ് എസ്റ്റിമേറ്റിൽ 10 HP സബ്മേഴ്സിബിൾ പമ്പ് സെറ്റ്, ഇലക്ട്രിഫിക്കേഷൻ എന്നീ ഇനങ്ങൾക്കായി 102641 രൂപ വകയിരുത്തിയിരുന്നു. എന്നാൽ ആയവ പൂർത്തിയാക്കിയിട്ടില്ല. ഭൂജലവകുപ്പിൽ അധികമായി നിൽക്കുന്ന 18500/- രൂപ തിരികെ ഈടാക്കുന്നതിനും കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതിനും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 62/09.03.2020-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഭൂജലവകുപ്പിൽ അധികമായി നിൽക്കുന്ന 18500/- രൂപ തിരികെ ഈടാക്കേണ്ടതും കുടിവെള്ള പദ്ധതി പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. അതുവരെ 36,890/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് - കാഞ്ഞിരംകുളം കുടിവെള്ളപദ്ധതി പൂർത്തീകരണം - മോട്ടോർ സ്ഥാപിച്ചതിലെ അപാകത

| | |
|---|---|
| പ്രോജക്ട്/ നം. | 939/19 |

| | |
|---|---|
| | കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് - കാഞ്ഞിരംകുളം കുടിവെള്ളപദ്ധതി പൂർത്തീകരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| അടങ്കൽ | 490000(വികസനഫണ്ട്-പൊതു വിഭാഗം) + 1010000(തനത് ഫണ്ട്)<br>ആകെ - 1500000 രൂപ |
| ചെലവ് | 490000 (വികസനഫണ്ട്-പൊതു വിഭാഗം)ബിൽനം - 163/18-19/01.01.19, 685010 (തനത് ഫണ്ട്)ചെക്ക് നം - 0003056/03.01.19,<br>ആകെ - 1175010 രൂപ |
| കരാറുകാരൻ | പി എസ് രവീന്ദ്രൻ നായർ |
| കരാർ നം. | 84/AEE/LSGD/18-19/24/07/18 |

കാഞ്ഞിരംകുളം കുടിവെള്ളപദ്ധതി പൂർത്തീകരണത്തിന്റെ ഭാഗമായി തയ്യാറാക്കിയ പ്രോജക്ടിൽ




വാട്ടർ ടാങ്കിനുള്ള പ്ലാറ്റ് ഫോം, വാട്ടർ ടാങ്ക് സ്ഥാപനം, വിതരണലൈനുകളുടെ സ്ഥാപനം, 15 HP മോട്ടോർ സ്ഥാപനം എന്നിവ ഉൾപ്പെടുത്തിയിരുന്നു. 06/03/2020ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ 10 HP കപ്പാസിറ്റിയുള്ള മോട്ടോർ ഉപയോഗിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് കണ്ടു. എം ബുക്ക് നം. 396/17-18 പേജ് നം.31 ൽ 15 HP കപ്പാസിറ്റിയുള്ള സബ്മേഴ്സിബിൾ മോട്ടോർ സ്ഥാപനത്തിനായാണ് 2,32,300/- രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.57/09.03.20) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ 15 HP മോട്ടോർ സ്ഥാപനത്തിനായി ചെലവഴിച്ച 2,32,300/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. യഥാർത്ഥത്തിൽ ചെയ്തതിൽ നിന്നും വ്യത്യസ്തമായ പ്രവൃത്തി അളവുപുസ്തകത്തിൽ രേഖപ്പെടുത്തി തുക നല്കിയ നടപടി അംഗീകരിക്കാവുന്നതല്ല. യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തിയുടെ മൂല്യം നിശ്ചയിച്ച് അധികം നല്കിയ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും അളവുപുസ്തകത്തിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തിയതിന് വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-24 കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ വനിതാ വ്യവസായ കേന്ദ്രം - ആസൂത്രണത്തിൽ അപാകം

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ വനിതാ വ്യവസായ കേന്ദ്രം<br>736/2019 |
| നിർവ്വഹണോദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കരാറുകാരൻ | ഫെബിൻ അലക്സ് വർഗ്ഗീസ് |
| അടങ്കൽ | വികസനഫണ്ട് 1000000/-രൂപ |
| ചെലവ് | ആകെ വേലമൂല്യം 907734/-,ഐ.റ്റി 1% 9077/-<br>വെൽഫയർ ഫണ്ട് 9077/- ,ജി.എസ്.റ്റി 18154/-,കരാറുകാരൻ 871426/- |
| ചെലവ് വിശദാംശങ്ങൾ | 907734/-( വികസനഫണ്ട്)ബിൽ നം 106/18-19 തീ27-12-2018 |

കാഞ്ഞിരപ്പള്ളി പഞ്ചായത്ത് പരിധിയിൽപ്പെട്ട പട്ടിമറ്റം എന്ന സ്ഥലത്ത് തോട്ട് പുറമ്പോക്കിൽ നിർമ്മാണം പുരോഗമിച്ചു വരുന്ന കെട്ടിടത്തിന്റെ ആദ്യഘട്ട പ്രവൃത്തികളാണ് 2018-19 ൽ നടത്തിയിട്ടുള്ളത്. നിർമ്മാണസ്ഥലം 06/03/2020 ൽ നേരിട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**കെട്ടിടത്തിന്റെ ആവശ്യകത അവ്യക്തം**

വനിതാ തൊഴിൽ പരിശീലനകേന്ദ്രം എന്ന് പേര് നല്കി ആരംഭിച്ച കെട്ടിടനിർമ്മാണം പുരോഗമിക്കുന്നുണ്ടെങ്കിലും പരിശീലനം ആരംഭിക്കുന്നത് സംബന്ധിച്ച് നിലവിൽ എന്തെങ്കിലും ചർച്ചകൾ നടത്തുകയോ പ്രാരംഭ നടപടികൾ തുടങ്ങുകയോ ചെയ്തിട്ടില്ല. ഇത്തരത്തിൽ അരംഭിക്കാൻ ഉദ്ദേശിക്കുന്ന പരിശീലന കേന്ദ്രത്തിന്റെ സാദ്ധ്യത സംബന്ധിച്ച എന്തെങ്കിലും പഠനം നടത്തിയിട്ടുള്ളതായും കാണുന്നില്ല. ഗ്രാമസഭാ രേഖകൾ പരിശോധിച്ചതിൽ ഇത്തരം കെട്ടിട നിർമ്മാണത്തിനുള്ള ആവശ്യം ഉയർന്നു വന്നിട്ടുള്ളതായും കാണുന്നില്ല.

**അനുയോജ്യമല്ലാത്ത സ്ഥലം കെട്ടിട നിർമ്മാണത്തിന് തെരഞ്ഞെടുത്തു**

തോട്ട് പുറമ്പോക്കിലുള്ള സ്ഥലം റോഡ് നിരപ്പിൽ നിന്നും താഴ്ന്നതായതിനാൽ 2018-19 ൽ മുടക്കിയ തുക പൂർണ്ണമായും സ്ട്രക്ചർ നിർമ്മാണത്തിനാണ് ഉപയോഗിച്ചത്. ഫലപ്രദമായി ഉപയോഗിക്കാവുന്നത് റോഡ് നിരപ്പിലുള്ള കെട്ടിടഭാഗം മാത്രമാണ്. കെട്ടിടനിർമ്മാണത്തിനുള്ള സ്ഥലം തെരഞ്ഞെടുത്തതിലെ അപാകത മൂലം വൻ തുകയാണ് അസ്ഥിവാരം തയ്യാറാക്കുന്നതിന് ചെലവഴിച്ചത്. അനുയോജ്യമല്ലാത്ത സ്ഥലം കെട്ടിട നിർമമാണത്തിന് തെരഞ്ഞെടുത്തതിലൂടെ സാമ്പത്തിക മിതത്വം പാലിക്കുന്നതിൽ ജില്ലാപഞ്ചായത്തിന് വീഴ്ചയുണ്ടായി.



**ഫലപ്രാപ്തിയിലെത്താൻ വൻ തുക ചെലവഴിക്കണം**



നിലവിൽ 2 പ്രോജക്ടുകളിലായി തുക വകയിരുത്തി സ്ട്രക്ചർ തീർത്ത കെട്ടിടം ഉപയോഗപ്രദമാക്കണമെങ്കിൽ ഇനിയും വൻ തുക മുടക്കേണ്ടതുണ്ട്. കെട്ടിട നിർമ്മാണ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ വൈദ്യുതീകരണം,പ്ലമ്പിംഗ് ഉൾപ്പെടെയുള്ള ഇനങ്ങൾ വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കണമെന്ന പദ്ധതി രൂപീകരണ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല.

**കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിർമ്മാണം.**

തോട് അരികിൽ നിർമ്മിച്ചിട്ടുള്ള കെട്ടിടം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല (തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ കെട്ടിടമാണെങ്കിൽ ചട്ടങ്ങൾ പാലിച്ചിട്ടുണ്ട് എന്ന് സെക്രട്ടറി സാക്ഷ്യപത്രം നല്കണം) പരിശോധനയിൽ കെട്ടിടത്തിന്റെ വശങ്ങളിൽ പാലിക്കേണ്ട അകലം പല ഭാഗങ്ങളിലും ലംഘിച്ചിട്ടുള്ളതായി കാണുന്നു. അപാകതയിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (52/09.03.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിട നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ അനുയോജ്യവും അനാവശ്യ ചെലവ് ഉണ്ടാകാത്തതുമായ സ്ഥലം കണ്ടെത്തി പരമാവധി ചെലവ് ചുരുക്കി നിർമ്മിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. നിർമ്മിച്ച ആസ്തികൾ പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതും ഭരണ സമിതിയുടെ ചുമതലയാണ്.

## 1-25 കൂരോപ്പട പബ്ലിക് ലൈബ്രറി കെട്ടിട നിർമ്മാണം - ആവശ്യകത പരിഗണിച്ചില്ല

പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ലൈബ്രറികൾക്ക് ഫർണിച്ചർ, കെട്ടിടം തുടങ്ങിയ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിന് പ്രോജക്ടുകൾ ഏറ്റെടുക്കാമെങ്കിലും ആയത് ഭൗതികസാഹചര്യങ്ങൾ ഇല്ലാതെ ബുദ്ധിമുട്ടുന്ന ലൈബ്രറികൾക്കാണെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. കൂരോപ്പട പബ്ലിക് ലൈബ്രറിക്ക് 2018-19ൽ ഷട്ടർ ഇട്ട 2 മുറികൾ നിർമ്മിക്കുന്നതിന് 6.03 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് പ്രകാരം ചെലവഴിച്ചിട്ടുണ്ട്. 05/03/2020ൽ സ്ഥലം നേരിട്ട് പരിശോധിച്ചതിൽ പ്രസ്തുത ചെലവിന്റെ ആവശ്യകത

ബോധ്യപ്പെട്ടിട്ടില്ല.നിലവിലുണ്ടായിരുന്ന കെട്ടിടം പൊളിച്ച് നീക്കി ഭൂനിരപ്പിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കത്തക്ക രീതിയിൽ 5 ഷട്ടർ മുറികൾ പണിതിട്ടുള്ളതായും ഒന്നാം നിലയിൽ ലൈബ്രറിക്കാവശ്യമായ കെട്ടിടം ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തു വരുന്നതായും കാണുന്നു.



കെട്ടിടത്തിന്റെ ഭൂനിരപ്പിലുള്ള മുറികളുടെ ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കും ഒന്നാം നിലയിലെ കെട്ടിടത്തിന്റെ പൂർത്തീകരണത്തിനായും ജില്ലാ പഞ്ചായത്തിൽ നിന്നും വീണ്ടും ഫണ്ട് അനുവദിച്ചിട്ടുള്ളതായാണ് അറിയുന്നത്. കൂടാതെ സ്ഥലം എം എൽ എയുടെ പ്രാദേശിക വികസന ഫണ്ടും കെട്ടിട നിർമ്മാണത്തിന് ലഭിച്ചിട്ടുണ്ട്. ലൈബ്രറി പ്രസിഡന്റ് അറിയിച്ചതനുസരിച്ച് ലൈബ്രറിയുടെ വനിതാവിഭാഗം, യൂത്ത് ക്ലബ്, ബാലവിഭാഗം തുടങ്ങിയവയ്ക്ക് കൂടിയാണ് വൻ തുക മുടക്കി കെട്ടിടം നിർമ്മിക്കുന്നത്. ജില്ലാ തലത്തിൽ ഭൗതികസാഹചര്യങ്ങൾ ഇല്ലാതെ ബുദ്ധിമുട്ടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ലൈബ്രറികൾ വരെ ഉള്ളപ്പോൾ ആയവ പരിഗണിക്കാതെ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് ആവശ്യത്തിലധികമായി കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് വിനിയോഗിക്കുന്നത് ഉചിതമാണോ എന്നത് ഭരണസമിതി പരിശോധിക്കേണ്ടതാണ്.

പദ്ധതി രൂപീകരണ മാർഗ്ഗരേഖ 11/2018തസ്വഭവ തീ 29/1/2018 ഖ 3-8-29-6 പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ട സാഹചര്യം വരികയാണെങ്കിൽ ആ പ്രവൃത്തിയുടെ ഭേദഗതി ചെയ്ത എസ്റ്റിമേറ്റിന് കാലതാമസം കൂടാതെ സാങ്കേതിക അനുമതി തേടേണ്ടതാണെന്നും പ്രവൃത്തി പൂർത്തിയായതിന് ശേഷമോ വളരെയേറെ പുരോഗതി ഉണ്ടായ ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നല്കാൻ പാടില്ല എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയുടെ നിർവ്വഹണ ഘട്ടങ്ങളിൽ എല്ലാം തന്നെ സമയക്രമങ്ങളിൽ അംഗീകരിക്കാനാവാത്ത അപാകതകൾ ഉണ്ടായിട്ടുണ്ട്. 26/12/2017 ൽ പൂർത്തീകരിച്ച പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് 01/2018 ൽ നടപടികൾ സ്വീകരിക്കുകയും 18/1/2018 ലെ പഞ്ചായത്ത് കമ്മറ്റി ആയത് അംഗീകരിക്കുകയും ചെയ്തു.

16-2-2017ൽ കരാർവച്ച പ്രവൃത്തിക്ക് സൈറ്റ് കൈമാറി നല്കിയത് 07/09/2017 ലാണ്. എന്നാൽ 08/2017 ൽ കരാറുകാരൻ സമയം ദീർഘിപ്പിച്ച് നൽകുന്നതിന് അപേക്ഷിക്കുകയും ആയത് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മാർഗ്ഗ രേഖ പാലിക്കുന്നതിലും പദ്ധതി നിർവ്വഹണ സമയക്രമം പാലിക്കുന്നതിലും എഞ്ചിനീയറിംഗ് വിഭാഗം നീതീകരിക്കാനാവാത്ത വീഴ്ച വരുത്തുന്നതായി വിലയിരുത്തുന്നു. അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.53/09.03.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമസഭയിൽ നിന്നും ഉയർന്നു വരുന്ന ആവശ്യങ്ങൾ പരിഗണിച്ചും ആവശ്യകതക്കനുസരിച്ചും മാത്രം കെട്ടിട നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്.

## 1-26 വാഴൂർ ജി.എച്ച്.എസ്.എസ് ഇലക്ട്രിഫിക്കേഷൻ ആന്റ് സൗണ്ട് സിസ്റ്റം - തുക കൈമാറുന്നതിൽ കാലതാമസ്സം, പൂർത്തീകരണ വിവരം ലഭ്യമല്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രോജക്ട് നം. | 799/19 |
| അടങ്കൽ | 94441 രൂപ |
| ചെലവ് | 94441 രൂപ |
| ബിൽ നം. | 11/18-19 തീയതി 18/05/18 |

വാഴൂർ ജി.എച്ച്.എസ്സിൽ ഇലക്ട്രിഫിക്കേഷൻ ആന്റ് സൗണ്ട് സിസ്റ്റം എന്ന പദ്ധതി നടപ്പാക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് ഡിവിഷൻ തിരുവനന്തപുരത്തിന് 23/06/2018 ലെ ചെലാൻ നം. 20369 പ്രകാരം 8443-00-108-പി.ഡബ്ല്യു.ഡി-ഡിപ്പോസിറ്റ് എന്ന ശീർഷകത്തിൽ 0104-59ബി-046 എന്ന ഡിഡിഒ കോഡു പ്രകാരം 94441/- രൂപ ഒടുക്കിയതായി ഫയലിൽ കാണുന്നു. എന്നാൽ ഈ തുക 27.03.2018ൽ എൽ എസ് ജി ഡി ഡിവിഷന്റെ 70801140000015 നം

അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിരുന്നതായി രേഖകൾ പ്രകാരം കാണുന്നു. 27.03.2018ൽ ട്രഷറിയിൽ നിന്നും പിൻവലിച്ച തുക ഡിപ്പോസ്റ്റ് വർക്ക് ചെയ്യേണ്ട സ്ഥാപനത്തിന് കൈമാറുന്നതിൽ കാലതാമസം വരുത്തിയതിന് വിശദീകരണം നൽകേണ്ടതാണെന്നും പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച വിശദാംശങ്ങൾകൂടി ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.59-10/03/2020 ന് മറുപടി ലഭ്യമാക്കിയില്ല. ഭവനനിർമ്മാണം പോലെ വികസനഫണ്ട് മുൻകൂർ പിൻവലിക്കാൻ അനുമതിയുള്ള പ്രോജക്ടുകൾക്കൊഴികെ വികസനഫണ്ട് മുൻകൂർ പിൻവലിക്കുന്നത് നിയമാനുസൃതമല്ലെന്നിരിക്കെ 94441/-രൂപ പിൻവലിച്ച് 3 മാസത്തോളം അക്കൗണ്ടിൽ സൂക്ഷിച്ച നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടിക്ക് വിശദീകരണം നൽകേണ്ടതും സമാനരീതിയിലുള്ള അപാകത ആവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-27 ഇളങ്ങോയി പാലം/കടവ് - നാലാം മൈൽ റോഡ് പുനരുദ്ധാരണം- ഒരു പ്രവൃത്തിക്കായി രണ്ട് പ്രോജക്ടുകൾ

2016-17 വാർഷിക പദ്ധതിയിൽ പ്രോജക്ട് നം.559/17 (717/19) പ്രകാരവും 2017-18 വാർഷിക പദ്ധതിയിൽ പ്രോജക്ട് നം.80/18(1037/19) പ്രകാരവും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ഏറ്റെടുത്തത് ഇളങ്ങോയിക്കടവ് - നാലാം മൈൽ റോഡിന്റെ പുനരുദ്ധാരണം ആയിരുന്നു. ആദ്യ പ്രോജക്ട് അനുസരിച്ച് 95 മീറ്റർ നീളത്തിൽ 3.5 മീറ്റർ വീതിയിൽ 75mm ഘനത്തിൽ ഒരു പാളി WMM ചെയ്തശേഷം ടാറിംഗും 300മീറ്റർ റീടാറിംഗും ഉൾപ്പെടെ 395 മീറ്റർ റോഡ് 7.4.2018 ൽ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന് 438404/- രൂപ ചെലവഴിച്ചിട്ടുണ്ട്. എം ബുക്ക് നം.53/16-17 പ്രകാരം രണ്ടാമത്തെ പ്രവൃത്തി ചെയിനേജ് 0-270.3മീറ്റർ ഭാഗത്താണ് നടപ്പിലാക്കിയിട്ടുള്ളത്. ഇതിന് 244149/- രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ രണ്ട് പ്രവൃത്തികളും ഏകദേശം 540 മീറ്റർ നീളമുള്ള ഒരേ റോഡിൽ തന്നെയാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് കാണുന്നു. ആദ്യ പ്രോജക്ട് പ്രകാരം 395മീറ്റർ പൂർത്തിയാക്കിയതിനാൽ തുടർന്ന് ചെയ്യാനുള്ളത് 145 മീറ്റർ മാത്രമാണെന്നിരിക്കെ 270 മീറ്റർ ചെയ്തതായി രേഖപ്പെടുത്തിയത് എങ്ങനെയെന്ന് വ്യക്തമല്ല.

ഇത് സംബന്ധിച്ച ചിറക്കടവ് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ 8.6.2018 ലെ റിപ്പോർട്ട് ഇപ്രകാരമാണ്. "കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിലുൾപ്പെട്ട ചിറക്കടവ് ഗ്രാമപഞ്ചായത്തിലെ ഇളങ്ങോയി പാലം - നാലാം മൈൽ റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയും 2017-18 വാർഷിക പദ്ധതിയിലുൾപ്പെട്ട ഇളങ്ങോയിക്കടവ് - നാലാം മൈൽ റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയും ഒരേ റോഡിൽ തന്നെയാണ് ചെയ്യേണ്ടത്. 2016-17ലെ പ്രവൃത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം നാലാം മൈൽ മുതൽ പിന്നോട്ട് പൂർണ്ണമായും നടപ്പാക്കിയതിനാൽ 2017-18ലെ പ്രവൃത്തി പൂർണ്ണമായും നടപ്പാക്കുവാൻ അവശ്യമായ നീളം മേൽപ്പറഞ്ഞ റോഡിന് ഇല്ലാത്ത സാഹചര്യത്തിൽ ഭാഗികമായി പ്രവൃത്തി നടപ്പാക്കേണ്ടി വന്നു". ഇതിൽ നിന്നും സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിക്കാതെയും ഗ്രാമസഭയിൽ ആവശ്യമായ ചർച്ചകൾ നടത്താതെയുമാണ് പ്രോജക്ടുകൾ തയ്യാറാക്കുന്നത് എന്ന് വിലയിരുത്തുന്നു. അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.70/11.03.2020) മറുപടി നല്കിയിട്ടില്ല. അപാകതയിൽ ഭരണസമിതി അന്വേഷണം നടത്തി ജില്ലാപഞ്ചായത്തിന് ധനനഷ്ടം ഉണ്ടായിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതും സമാനരീതിയിൽ ഉണ്ടാകുന്ന അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## 1-28 പാമ്പാടി കാർഷികവിപണനകേന്ദ്രം നിർമ്മാണം- നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.656/19 |
| അടങ്കൽ | 500000/- |
| ചെലവ് | 442697/- |
| നിർവഹണോദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ |

നബാർഡിന്റെ സഹായത്തോടുകൂടി ജില്ലാ പഞ്ചായത്തിന്റെ 2014-15 വാർഷിക പദ്ധതിയിൽ പാമ്പാടി കാർഷികവിപണനകേന്ദ്രത്തിന്റെ നിർമ്മാണം ആരംഭിച്ച് 2017 മെയ് മാസത്തിൽ പൂർത്തിയാക്കിയെങ്കിലും ടി കേന്ദ്രം നാളിതുവരെ പ്രവർത്തനം തുടങ്ങിയിട്ടില്ല. 19.6.2014ൽ കരാറുകാരൻ ശ്രീ.ഷാജി ജോസഫ് ഇലവത്തിലുമായി ജില്ലാപഞ്ചായത്ത് ചമച്ച 1/EE/LSGD/14-15/19.6.14 നമ്പർ കരാർ പ്രകാരം 12 മാസമായിരുന്നു പ്രവൃത്തി നിർവ്വഹണത്തിന് അനുവദിച്ചിരുന്ന കാലാവധി. കരാർ തീയതിയിൽ തന്നെ സ്ഥലം കരാറുകാരന് കൈമാറിയിരുന്നുവെങ്കിലും സ്ഥലത്തിന്റെ

ഉടമസ്ഥത, റോഡിന്റെ വീതി എന്നിവ സംബന്ധിച്ച തർക്കം, വർഷകാലത്തെ വെള്ളക്കെട്ട് തുടങ്ങിയ കാരണങ്ങളാൽ പ്രവൃത്തി നിർവഹണം നീണ്ടുപോയിരുന്നു. തുടർന്ന് 24.5.2017നാണ് പ്രവൃത്തി പൂർത്തീകരിച്ചത്. കെട്ടിടത്തിന്റെ വൈദ്യുതീകരണം ഉൾപ്പെടെ പ്രവൃത്തി പൂർത്തിയായെങ്കിലും കരാറുകാരന് ഫൈനൽ ബിൽ തുക അനുവദിക്കുകയോ, യഥാസമയം കെട്ടിടം ഏറ്റെടുക്കുകയോ ചെയ്തിരുന്നില്ല. കരാറുകാരൻ സമയബന്ധിതമായി കെട്ടിടം കൈമാറാതെ തൊഴിലാളികളെ കെട്ടിടത്തിൽ താമസിപ്പിച്ചുവരുന്നതായി പാമ്പാടി ഗ്രാമപഞ്ചായത്ത് 6-ാം വാർഡ് മെമ്പർ ശ്രീമതി ഷേർലി തര്യൻ 4.1.2019ൽ പരാതി നൽകിയതിനെ തുടർന്നാണ് കെട്ടിടം പാമ്പാടി ഗ്രാമപഞ്ചായത്തിന് കൈമാറിയത്. ഇപ്രകാരം 23.1.2019ൽ കെട്ടിടം കൈമാറിയെങ്കിലും കാർഷികവിപണനത്തിനായി യാതൊരു നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. (പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2018-2019 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് , ഖണ്ഡിക 1- കാണുക). 2018-19 വർഷം കരാറുകാരന് അനുവദിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ധനസ്രോതസ് | തുക | ബിൽ/ ചെക്ക് നമ്പർ/ തീയതി |
|---|---|---|
| വികസനഫണ്ട് | 442697 | 110/18-19/11.3.2019 |
| റീടെൻഷൻ (എക്സി.എഞ്ചിനീയർ) | 252000 | 344966/8.11.2018 |
| റീടെൻഷൻ (സെക്രട്ടറി) | 82100 | 3001/21.11.2018 |
| ആകെ | 776797 | |

കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാരൻ ബഹു.കേരള ഹൈക്കോടതിയിൽ ഡബ്ല്യൂ.പി.(സി) 23682/2018 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. എന്നാൽ കേസിന്റെ വിശദാംശങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. കേന്ദ്രം പ്രവർത്തനം ആരംഭിക്കാത്തതു സംബന്ധിച്ച വിശദീകരണവും കേസിന്റെ നിലവിലെ സ്ഥിതി, നബാർഡിൽനിന്ന് ലഭിച്ച ധനസഹായം, കരാറുകാരന് നാളിതുവരെ നൽകിയ തുക, പ്രവൃത്തിയുടെ ആകെ ചെലവ്, നികുതിവിഹിതങ്ങൾ എന്നിവയുടെ വിവരങ്ങളും ഓഡിറ്റിൽ ഹാജരാക്കുന്നതിന് 46/4.3.2020 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി നല്കിയില്ല. ഏകദേശം 2കോടിരൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടത്തിൽ പൊതുജനങ്ങൾക്ക് ഉപയുക്തമാകുംവിധം കാർഷികവിപണനകേന്ദ്രം പ്രവർത്തിപ്പിക്കുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. ഇക്കാര്യത്തിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ആയതിനാൽ കോടതിക്കേസിന്റെയും ഫൈനൽ ബില്ലിന്റെയും വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതും കാർഷിക വിപണനകേന്ദ്രം തുറന്ന് പ്രവർത്തിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-29 ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില/ജി എസ് ടി ഈടാക്കുന്നതിലെ അപാകത

എ) ടാർവീപ്പകളുടെ വില – നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക്, ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ബാരൽവില ഉൾപ്പെടെയുള്ള തുക ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു. (150120105 sale of empties and waste materials എന്ന ഹെഡിൽ 2018-19 ൽ 587460 രൂപ ജില്ലാ പഞ്ചായത്ത് തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട് ) തനതുഫണ്ടിലേക്ക് ബാരൽ വിലയിനത്തിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ള വിവിധ സർക്കാർ ഫണ്ടുകൾ അതാതു ഫണ്ടിനുള്ള നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. കൂടാതെ ടാർവീപ്പകളുടെ വിലയോടൊപ്പം ഈടാക്കിയിട്ടുള്ള 18% ജി.എസ്.റ്റിയും 150120105 sale of empties and waste materials എന്ന ശീർഷകത്തിൽ തനത് ഫണ്ട് അക്കൗണ്ടിൽത്തന്നെയാണ് സൂക്ഷിച്ചിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | ആകെ ചെലവ് / ഫണ്ട് | ടാർവീപ്പകളുടെ വില (തനത്ഫണ്ടിൽ നിക്ഷേപിച്ചത്) | 18% ജി.എസ്.റ്റി (തനത് ഫണ്ടിൽ നിക്ഷേപിച്ചത്) |
|---|---|---|---|
| 104/19,വെള്ളൂർ ഗ്രാമപഞ്ചായത്ത് പുന്നോത്ത് പുത്തൻമാന റോഡ് റീടാറിംഗ് | 909763 (മെയിന്റനൻസ് ഗ്രാന്റ് - റോഡ്) | 1666 | 300 |
| 1096/19, എലിക്കുളം ഗ്രാമപഞ്ചായത്ത് കുരുവിക്കൂട് ജീരകത്തുപടി റോഡ് മെയിന്റനൻസ് | 389729 (മെയിന്റനൻസ് ഗ്രാന്റ് - റോഡ്) | 2618 | 471 |
| 68/19 മണർകാട് ഗ്രാമപഞ്ചായത്ത് പാറേപ്പടി മൂലേപ്പടി റോഡ് മെയിന്റനൻസ് | 630620 (മെയിന്റനൻസ് ഗ്രാന്റ് - റോഡ്) | 7140 | 1285 |

ബി) <u>ടാർവീപ്പകളുടെ വിലയോടൊപ്പം ജി.എസ്.ടി ഈടാക്കിട്ടില്ല.</u>

ചില മരാമത്ത് പ്രവൃത്തികളിൽ ടാർവീപ്പകളുടെ വിലയോടൊപ്പം 18% ജി.എസ്.ടി ഈടാക്കിയിട്ടില്ല. കൂടാതെ ടാർവീപ്പകളുടെ വില തനത്ഫണ്ടിൽ അവശേഷിക്കുകയും ചെയ്യുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | ആകെ ചെലവ് / ഫണ്ട് (രൂപ) | ടാർവീപ്പകളുടെ വില (തനത്ഫണ്ടിൽ നിക്ഷേപിച്ചത്) | ഈടാക്കേണ്ടിയിരുന്ന ജി.എസ്.റ്റി (രൂപ) |
|---|---|---|---|
| 797/19 മണർകാട് ഗ്രാമപഞ്ചായത്ത് ചേന്നംകുന്ന് കിഴക്കേടത്തുപടിറോഡ് റീടാറിംഗ് | 396044 (മെയിന്റനൻസ് ഗ്രാന്റ്- റോഡ്) | 2618 രൂപ ( 11 x 238) | 471 |
| 922/19 പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് ഗവ.എൽപിഎസ്- അമ്പലക്കവല റോഡ് റീടാറിംഗ് | 351317(മെയിന്റനൻസ് ഗ്രാന്റ്- റോഡ്) | 2380 രൂപ ( 10x 238) | 428 |
| 701/19 മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്ത് കണ്ണംചിറ വരിക്കാംതൊട്ടി റോഡ് ടാറിംഗ് | 268267 വികസന ഫണ്ട് (ജനറൽ) | 2618രൂപ (11x238) | 471 |
| 717/19 ചിറക്കടവ് ഗ്രാമപഞ്ചായത്ത് ഇളങ്ങോയി പാലം- 4-ാം മൈൽ റോഡ് മെയിന്റനൻസ് | 438904 (മെയിന്റനൻസ് ഗ്രാന്റ്- റോഡ്) | 6188 (26x238) | 1114 |
| ആനുവേലിൽ തമ്പലക്കാട് റോഡ് പുനരുദ്ധാരണം 809/19 | 664746 ((മെയിന്റനൻസ് ഫണ്ട്(റോഡ്) | 9044 (38x238) | 1628 |

| | | | |
|---|---|---|---|
| അയർക്കുന്നംഗ്രാമപഞ്ചായത്ത് വാർഡ് 2നന്നിക്കുന്നേൽ പ്പടി -കൂടാരപ്പള്ളി റോഡ് റീ ടാറിംഗ്833/19 | 468096 (മെയിന്റനൻസ് ഫണ്ട്(റോഡ്) | 1904 (8x238) | 343 |
| സദനംകവല-സദനം സ്കൂൾ റോഡ് മെയിന്റനൻസ് കുറിച്ചി ഡിവി ഷൻ 853/19 | 440025 (മെയിന്റനൻസ് ഫണ്ട്(റോഡ്) | 4760 (20x238) | 857 |
| കരൂർപഞ്ചായത്തിൽ പൂവേലിൽ -ചെല്ലിയിൽ സെന്റ് തോമസ് മൗണ്ട് റോഡ് ടാറിംഗ് 779/19 | 784822 (വികസനഫണ്ട്) | 4760 (20x238) | 857 |
| ഉഴവൂർ ഡിവിഷൻ രാമപുരം പഞ്ചായത്ത് ഇടക്കോലി ഇടമനക്കുന്നേൽ വെള്ളക്കല്ലേൽ റോഡ് മെയിന്റനൻസ് 777/19 | 804181 (മെയിന്റനൻസ് ഫണ്ട്(റോഡ്) | 13090 (55x238) | 2356 |
| കുറിച്ചി ഡിവിഷനിൽ പനച്ചിക്കാട്പഞ്ചായത്തിൽ കണ്ണൻകുളം കവല കണിയാൻമല റോഡ് റീടാറിംഗ് (917/19) | 777794<br>മെയിന്റനൻസ് ഫണ്ട് (റോഡ്) | 10948 (46x238) | 1971 |

ഇത് സംബന്ധിച്ച് 50/06.03.2020 നമ്പരായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതും സർക്കാരിലേക്ക് അടവാക്കേണ്ടതുമായ ബാരൽവില അടവാക്കുവാനും, ജി എസ് റ്റി ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കുവാനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 കെട്ടിട നിർമ്മാണ പ്രവൃത്തികൾ - നിർവ്വഹണത്തിലും ആസ്തി സംരക്ഷണത്തിലും അപാകത

| | |
|---|---|
| പ്രോജക്റ്റ്/പ്രോജക്റ്റ് നമ്പർ | നെടുങ്കുന്നം ഹയർ സെക്കന്ററി സ്കൂൾ മെയിന്റനൻസ് ,735/2019 |
| നിർവ്വഹണോദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കരാറുകാരൻ | സന്തോഷ് കുമാർ എസ്. |
| അടങ്കൽ | വികസനഫണ്ട് 1000000/-രൂപ |
| ചെലവ് | ആകെ വേലമൂല്യം 839404/-,ഐ.റ്റി 1% 8394/-<br>വെൽഫയർ ഫണ്ട് 8394/- ,ഫൈൻ 33580/-<br>റിടെൻഷൻ 33487/-,കരാറുകാരൻ 755548/- |
| ചെലവ് വിശദാംശങ്ങൾ | 839403/- ( വികസനഫണ്ട്),<br>ബിൽ നം/തീ 107/18-19,31-12-2018 |

നിലവിലുള്ള കെട്ടിടത്തിന്റെ മേൽക്കൂര പൊളിച്ച് മാറ്റി ട്രസ് വർക്ക് ചെയ്ത് പുതിയ ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര സ്ഥാപിക്കുന്നതിനാണ് പ്രോജക്റ്റ് തയ്യാറാക്കിയിരുന്നത്. നിർവ്വഹണ സമയത്ത് നിലവിലുള്ള ഭിത്തി ബലക്ഷയമുള്ളതിനാൽ ജി.ഐ തൂണുപയോഗിച്ച് ട്രസ് വർക്കിന് സപ്പോർട്ട് നല്കി മേൽക്കൂര നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം മേൽ പ്രവൃത്തി ചെയ്തതിന് ശേഷം ബലക്ഷയമുള്ള ഭിത്തി പൊളിച്ച് മാറ്റി പുതിയ ഭിത്തി നിർമ്മിക്കണമെന്നും എന്നാൽ മാത്രമേ ഓഡിറ്റോറിയം പണി പൂർത്തീകരിക്കാൻ സാധിക്കൂ എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സാഹചര്യത്തിൽ ഭിത്തി പൊളിച്ച് മാറ്റി പുതിയ ഭിത്തി സ്ഥാപിച്ച ശേഷം ആയതിൽ ട്രസ് ഉറപ്പിച്ച് മേൽക്കൂര സ്ഥാപിക്കുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്. തുടർ



പ്രോജക്ടുകളിൽ ഭിത്തി പുതിയതായി നിർമ്മിച്ചിട്ടുള്ളതായി കാണുന്നു. ഈ സാഹചര്യത്തിൽ ട്രസ് വർക്കിന് സപ്പോർട്ട് നല്കുന്നതിന് ചെയ്ത ഇനങ്ങൾക്ക് ചെലവഴിച്ച തുക അനാവശ്യ ചെലവായി വിലയിരുത്തുന്നു.(ട്രസ് വർക്ക് സപ്പോർട്ടിന് 1375 കി.ഗ്രാം. ജി.ഐ. പൈപ്പ് ഉപയോഗിക്കുകയും ആയതിന് കി.ഗ്രാമിന് 106/- രൂപ നിരക്കിൽ 145750/- രൂപ ചെലവഴിക്കുകയും ചെയ്തു).

വിവിധ പ്രോജക്ടുകളിലായി വലിയ തുക ചെലവഴിച്ചെങ്കിലും, ഇലക്ട്രിഫിക്കേഷൻ, സീലിംഗ് തുടങ്ങിയവ കൂടി പൂർത്തിയായാൽ മാത്രമേ ഓഡിറ്റോറിയം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുകയുള്ളൂ. കെട്ടിട നിർമ്മാണ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ വൈദ്യുതീകരണം, പ്ലമ്പിംഗ് ഉൾപ്പെടെയുള്ള ഇനങ്ങൾക്ക് തുക വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കണമെന്ന പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. ഓരോ വർഷവും പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കുന്നതിനാൽ ആകെ ചെലവ്, വാർഷിക പദ്ധതികളിൽ ചെയ്ത പ്രവൃത്തികൾ എന്നിവ പരിശോധിച്ച് ഉറപ്പു വരുത്തുന്നതിന് കഴിയാതെ വരുന്നു.

അസിസ്റ്റന്റ് എഞ്ചിനീയറുടെ സർവേ റിപ്പോർട്ട് പ്രകാരം 33487/- രൂപ മൂല്യമുള്ള വസ്തുക്കൾ കെട്ടിടം പൊളിച്ചപ്പോൾ ലഭിച്ചിട്ടുണ്ട്. സൈറ്റിൽ ശേഖരിച്ചിരുന്ന സാധനങ്ങൾ ലേലം ചെയ്ത് ജില്ലാപഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതും (റവന്യൂ ശീർഷകത്തിൽ) തുടർന്ന് സ്കൂളിന്റെ ആവശ്യങ്ങൾക്കായി പ്രസ്തുത തുക വിനിയോഗിക്കുകയും ചെയ്യേണ്ടതിന് പകരം കരാറുകാരനിൽ നിന്നും റിടെൻഷൻ തുകയായി ഈ തുക ഈടാക്കുകയും ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ ബാധ്യതകണക്കിൽ ഉൾപ്പെടുത്തി തുക നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. സമയബന്ധിതമായി ലേലം ചെയ്യാതിരുന്നതുമൂലം ശേഖരിച്ചിരുന്ന സാധനങ്ങൾ നശിക്കുകയും മൂല്യത്തിൽ കുറവ് വരുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ബാധ്യത കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക ജില്ലാപഞ്ചായത്തിന്റെ വരവായി പരിവർത്തനം ചെയ്യേണ്ടതാണ്.



മുൻ കാലങ്ങളിൽ ജില്ലാപഞ്ചായത്തിൽ നിന്നും 7 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച് നല്കിയ ഗേൾസ് ഫ്രണ്ട്ലി ടോയ്ലെറ്റിന് ജലസൗകര്യം ഒരുക്കിയിട്ടില്ലാത്തതിനാൽ ഒരിക്കൽ പോലും ഉപയോഗിക്കാതെ പൂട്ടിയിട്ട നിലയിലാണ്. വൻ തുക മുടക്കി ചെയ്യുന്ന പ്രവൃത്തികൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നുണ്ട് എന്നു കൂടി ഉറപ്പു വരുത്തേണ്ടതാണ്. അപാകതകളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (51/09.03.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭരണസമിതി വിഷയം പരിശോധിക്കേണ്ടതും പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ആസ്തികൾ സ്ഥാപനം ഫലപ്രദമായി ഉപയോഗിക്കുന്നു എന്നും മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ സാമ്പത്തിക മിതത്വം പാലിച്ചിട്ടുണ്ട് എന്നും അനാവശ്യപ്രവൃത്തികൾ നടത്തി പാഴ്ചെലവ് ഉണ്ടാക്കുന്നില്ല എന്നും ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-31 പഞ്ചായത്ത് കമ്മിറ്റിയെ തെറ്റിദ്ധരിപ്പിച്ച് പിഴ ഒഴിവാക്കി.

എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഉഴവൂർ ഡിവിഷൻ – മരങ്ങാട്ട്പിള്ളി പഞ്ചായത്ത് കണ്ണംചിറ – വരിക്കാംതൊട്ടി റോഡ് എന്ന 701/2019 നമ്പർ പ്രോജക്ടിന് ( വികസനഫണ്ട് 4 ലക്ഷം രൂപ അടങ്കൽ ) പി.എ.ജോസഫ് എന്ന കരാറുകാരൻ 14/3/2017ൽ 292/EE/LSGD/16-17 നമ്പരായി എഗ്രിമെന്റ് വച്ചിട്ടുള്ളതും 28/03/2018ൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളതുമാണ്. കരാർ പ്രകാരം 13/06/2017ൽ പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിനാൽ 14/9/2017ൽ നിർവ്വഹണഉദ്യോഗസ്ഥൻ DB1/440/16-17നമ്പരായി കരാറുകാരന് കത്ത് നല്കുകയും തുടർന്ന് കരാറുകാരൻ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് കിട്ടുന്നതിന് കത്ത് നല്കുകയുമുണ്ടായി. പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതിയായ 13/06/2017ൽ സോളിംഗ് പ്രവൃത്തികൾ പൂർത്തിയാക്കിയെന്നും മഴമൂലം ടാറിംഗ് പ്രവൃത്തികൾ നടത്താൻ കഴിഞ്ഞില്ല എന്നുമാണ് അപേക്ഷയിൽ കരാറുകാരൻ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. കരാറുകാരന്റെ അപേക്ഷ മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ, ഉഴവൂർബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ കണ്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച എക്സിക്യൂട്ടീവ് എഞ്ചിനീയർ 5/12/2017 ലെ DB1/440/16-17 നമ്പർ പ്രകാരം കാലാവധി ദീർഘിപ്പിച്ച് നല്കുന്നതിന്

അനുമതിക്കായി ജില്ലാ പഞ്ചായത്തിന് കത്ത് നല്കി. 13/12/2017 ലെ 1(7) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മറ്റി കാലാവധി 31/12/2017 വരെ ദീർഘിപ്പിച്ച് നല്കുകയും ചെയ്തിട്ടുണ്ട്.

സോളിംഗ് മുതലുള്ള (വെറ്റ് മിക്സ് മെക്കാഡം) പ്രവൃത്തികൾ ഉൾപ്പെട്ട വേല 23/3/2018 ന് ശേഷമാണ് കരാറുകാരൻ ആരംഭിച്ചത് എന്ന് ഫയൽ പരിശോധിച്ചതിൽ വ്യക്തമാണ്. വെറ്റ് മിക്സ് മെക്കാഡം ചെയ്യുന്നതിന് മുമ്പുള്ള അളവുകൾ ലവൽ ഫീൽഡ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത് 23/3/2018ലും ചെയ്തതിന് ശേഷമുള്ള അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത് 28/3/2018ലും മാത്രമാണ്. പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു കിട്ടുന്നതിന് കരാറുകാരൻ നല്കിയ കത്ത് പ്രകാരം 13/06/2017ൽ പൂർത്തിയായതായി അവകാശപ്പെടുന്ന പ്രവൃത്തികൾ അളവു പുസ്തക പ്രകാരം 23/3/18 ൽ ആരംഭിച്ച് 28/3/2018 ൽ അവസാനിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

കരാറുകാരന്റെ അപേക്ഷയിലെ വിവരങ്ങൾ വസ്തുതാപരമല്ലെന്നും തെറ്റായ വിവരങ്ങൾ നല്കി പിഴയിൽ നിന്നും ഒഴിവാകുന്നതിന് കരാറുകാരൻ നടത്തിയ ശ്രമത്തിന് ആവശ്യമായ പരിശോധന നടത്താതെ എഞ്ചിനീയറിംഗ് വിഭാഗം പിന്തുണ നല്കിയതായും കാണുന്നു. കാലാവധി ദീർഘിപ്പിച്ച് കിട്ടുന്നതിന് പഞ്ചായത്ത് കമ്മിറ്റിക്ക് നല്കിയതും തെറ്റായ വിവരങ്ങളാണ്. അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.55/09.03.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. വിഷയം പുന:പരിശോധിച്ച് തെറ്റായ വിവരം നല്കിയത് കരാറുകാരനാണെങ്കിൽ യഥാർത്ഥ പിഴ കണക്കാക്കി ഈടാക്കേണ്ടതും ലവൽ ഫീൽഡ് ബുക്കിൽ തെറ്റായ വിവരം രേഖപ്പെടുത്തിയതാണെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-32 കരാർ ലംഘനം നടത്തിയ കരാറുകാരനെതിരെ നടപടികൾ സ്വീകരിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – എക്സിക്യൂട്ടീവ് എഞ്ചിനീയർ

വൈക്കംഡിവിഷനിൽ മറവൻതുരുത്ത് പഞ്ചായത്തിൽ കുലശേഖരമംഗലം വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂൾ ഗേൾസ് ഫ്രണ്ടലി ടോയ്ലെറ്റ് നിർമ്മാണം, വെള്ളൂർ ഡിവിഷനിൽ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ വൈക്കം മുഹമ്മദ് ബഷീർ സ്മാരക ഹയർ സെക്കന്ററി സ്ക്കൂളിൽ പ്രവേശനകവാടം നിർമ്മാണവും വൈദ്യുതീകരണവും, വെള്ളൂർ ഡിവിഷനിൽ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ എ ജെ ജോൺ മെമ്മോറിയൽ സ്ക്കൂളിൽ ഗേൾസ് ഫ്രണ്ട്ലി ടോയ്ലെറ്റ് നിർമ്മാണം, കടുത്തുരുത്തി ഡിവിഷനിൽ മാഞ്ഞൂർ പഞ്ചായത്തിൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂൾ മെയിന്റനൻസ് എന്നീ പ്രവൃത്തികളുടെ ടെണ്ടർ എടുത്ത കരാറുകാനായ ശ്രീ സുഹാസ് ആർ.എന്ന ആൾ പ്രവൃത്തികൾ തുടങ്ങിയിട്ടില്ലാത്തതിനാൽ ടി കോൺട്രാക്ടർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാളുടെ നിരതദ്രവ്യം ഫോർഫീറ്റ് ചെയ്യുന്നതിന് 24/8/17ൽ കൂടിയ ജില്ലാപഞ്ചായത്ത് കമ്മിറ്റി, എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു. എന്നാൽ പ്രസ്തുത തീരുമാനം നടപ്പാക്കിയതായി കാണുന്നില്ല. കരാറുകാരനെതിരെ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.40/26.02.2020) മറുപടി ലഭ്യമാക്കിയില്ല. കരാർലംഘനം നടത്തിയ കരാറുകാരനെതിരെ മരാമത്ത് ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-33 യഥാസമയം പഞ്ചായത്തുമായി കരാറിലേർപ്പെടാത്ത കരാറുകാർക്കെതിരെ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല

കേരള പൊതുമരാമത്ത് മാന്വൽ വകുപ്പ് 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ (അറിയിപ്പ് കത്ത് രജിസ്റ്റർ ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കും) 14 ദിവസത്തിനകം പിഴ കൂടാതെയും തുടർന്ന് 10 ദിവസം കരാർ തുകയുടെ 1% പിഴ ഈടാക്കിയും കരാറിലേർപ്പെടാൻ കരാറെടുത്ത ആൾക്ക് അനുമതി നൽകാവുന്നതാണ്. എന്നാൽ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത പല പ്രവൃത്തികളിലും പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള സമയക്രമം പാലിക്കാത്തതിന് പിഴ ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | പ്രോജക്റ്റ്/നമ്പർ | കരാറുകാരൻ | കരാർതുക | അറിയിപ്പ് | ഈടാക്കേണ്ട |
|---|---|---|---|---|---|

| | | | (രൂപ) | തീയതി/ കരാർ തീയതി | പിഴ 1% (രൂപ) |
|---|---|---|---|---|---|
| 1 | വാകത്താനം ഡിവിഷൻ- ജയ്ഹിന്ദ് വായനശാല കെട്ടിട നിർമ്മാണം 524/2019 | ജിജി.കെ മാത്യു | 562665 | 29-9-2018/ 16-11-2018 | 5626 |
| 2 | അയർക്കുന്നം ഗ്രാമപഞ്ചായത്ത് - വല്യേലിൽ കുടിവെള്ള പദ്ധതി പൂർത്തീകരണം 843/19 | ആശിഷ് ഫിലിപ്പ് | 414694 | 30-12-2017 19-01-2018 | 4147 |
| 3 | മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത് - മേക്കര ഭാഗത്ത് മത്സ്യത്തൊഴിലാളികൾക്ക് വള്ളങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള വള്ളക്കുളം നിർമ്മാണം 1056/19 | സോനിഷ് പി വി | 789455 | 30-01-2018 19-02-2019 | 7894 |

കരാറുകാരിൽ നിന്നും പിഴ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-34 റോഡ് നിർമ്മാണ പൂർത്തീകരണ പ്രോജക്ടുകൾ -പ്രോജക്ട് രൂപീകരണ നിർവഹണ പ്രക്രിയകളിൽ അപാകത.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 173 ജില്ലാ പഞ്ചായത്തുകളുടെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളുമാണ് പ്രതിപാദിക്കുന്നത്. ഇത് സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്ന 5-ാം പട്ടികപ്രകാരം പൊതുമരാമത്ത് പ്രവൃത്തികളിലുൾപ്പെട്ടവയിൽ മേജർ ജില്ലാ റോഡുകൾ ഒഴികെയുള്ള, ജില്ലാ പഞ്ചായത്തിൽ നിക്ഷിപ്തമായ റോഡുകൾ നിർമ്മിക്കുകയും സംരക്ഷിക്കുകയുമാണ് ജില്ലാപഞ്ചായത്തിന്റെ ഒരു ചുമതല. വാർഷികപദ്ധതി രൂപീകരണം സംബന്ധിച്ച സർക്കാർ ഉത്തരവ് നം.11/2018/തസ്വഭവ/29/01/2018 പ്രകാരം ജില്ലാ പഞ്ചായത്തിന്റെ ചുമതലയിലുള്ള എല്ലാ റോഡുകളും പൂർണ്ണഗതാഗതയോഗ്യമാക്കിയശേഷം ഗ്രാമപഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിലുൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ രേഖാമൂലമുള്ള സമ്മതത്തോടെ ഏറ്റെടുക്കാവുന്നതാണ്. എന്നാൽ പഞ്ചായത്ത് രാജ് ആക്ടിലെയും, വാർഷികപദ്ധതി രൂപീകരണം സംബന്ധിച്ച സർക്കാർ ഉത്തരവിലെയും നിഷ്കർഷകൾ പാലിക്കാതെയാണ് ജില്ലാപഞ്ചായത്തിൽ റോഡ് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നത് എന്ന് ചുവടെ ചേർക്കുന്ന ഉദാഹരണം വ്യക്തമാക്കുന്നു.

ജില്ലാപഞ്ചായത്തിന്റെ 696/19 നമ്പർ, തോട്ടയ്ക്കാട് ശിവക്ഷേത്രം-കക്കാട്ടുപടി റോഡ് പൂർത്തീകരണം എന്ന പ്രോജക്ടിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ട് അപ്പന്റിക്സ് എ, പ്രകാരം 232 മീറ്റർ നീളത്തിലും 3.2 മീറ്റർ വീതിയിലും (കാര്യേജ് വേ) ടാർ ചെയ്യാനാണ് ലക്ഷ്യമാക്കുന്നത്. മണ്ണ് പണി, WMM, പ്രൈം കോട്ട്, (742.401 m2),ടാക് കോട്ട് (742.401 m2), 20 mm ചിപ്പിംഗ് കാർപ്പെറ്റ് (742.401 m2), സീൽകോട്ട് എന്നിവയാണ് ഉൾപ്പെടുന്ന പ്രവൃത്തികൾ. അപ്പന്റിക്സ് ബി ആയി റോഡിന്റെ ഒരു വശം 15 മീ. നീളത്തിൽ ഓട നിർമാണവും അപ്പന്റിക്സ് സി പ്രകാരം ചപ്പാത്ത് നിർമാണം,15മീറ്റർ ഐറിഷ് ഡ്രെയിൻ റോഡിന്റ രണ്ടുവശത്തും എന്നിവയുമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഡീറ്റയിൽഡ് എസ്റ്റിമേറ്റിലും ഈ ഇനങ്ങൾ എല്ലാം ഉൾപ്പെട്ടിട്ടുണ്ട്. ടെൻഡറിൽ കുറഞ്ഞ തുക കോട്ട് ചെയ്ത അജി ജോസഫ്, കണ്ണൻചിറ എന്ന വ്യക്തി 189/EE/LSGD/16-17/തീയതി.4-2-2017 ആയി ജില്ലാ പഞ്ചായത്തുമായി കരാർ വയ്ക്കുകയും 14-2-17 ൽ കരാറുകാരന് സൈറ്റ് കൈമാറുകയും ചെയ്തു.

വാകത്താനം ഗ്രാമപഞ്ചായത്തിലെ അസി.എൻജിനീയർ 4-5-2017 ൽ എക്സിക്യൂട്ടീവ് എൻജിനീയർക്ക് നല്കിയ കത്തിൽ അറിയച്ചത് മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് ഇതേ റോഡിൽതന്നെ വർക്ക് നടത്തിയത് മൂലം നിലവിൽ ടാർ ചെയ്യാൻ 140 മീറ്റർ മാത്രമേ അവശേഷിക്കുന്നുള്ളുവെന്നും ആയതിനാൽ ടി വർക്കിന്റെ അടങ്കൽ തുകയിൽ മാറ്റമില്ലാതെ ഐറിഷ് ഡ്രെയിൻ, ക്രോസ് കൾവർട്ട് എന്നിവ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള തീരുമാനം നല്കണമെന്നുമാണ്. 29-5-2017ലെ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ III(3) നമ്പർ തീരുമാനപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ അനുവദിച്ചു. 29-5-17ൽ കരാറുകാരൻ സമർപ്പിച്ച പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷയിൽ 40% പ്രവൃത്തി പൂർത്തീകരിച്ചതായും ബാക്കി പ്രവൃത്തി പൂർത്തിയാക്കുന്നതിന് 30-9-17 വരെ സമയം നീട്ടണമെന്നുമാണ് ആവശ്യപ്പെട്ടത്. എന്നാൽ പ്രവൃത്തിയുടെ എം.ബുക്ക് നം.444/15-16 പേജ് 1ലെ രേഖപ്പെടുത്തൽ പ്രകാരം 21-7-17 ലാണ് പ്രവൃത്തിയുടെ അളവ് ആദ്യമായി രേഖപ്പെടുത്തിയിട്ടുള്ളത്.

റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം അപ്പന്റിക്സ് എ.140 മീ.നീളത്തിലും,3.8 മീ.വീതിയിലും റോഡ് ടാർ ചെയ്യുന്നതിനും അപ്പന്റിക്സ് ബി പ്രകാരം റോഡിന്റെ ഒരുവശം 20.5മീ നീളത്തിൽ ഓട നിർമ്മിക്കുന്നതിനും അപ്പന്റിക്സ് സി പ്രകാരം റോഡിനിരുവശവും 70മീ.നീളവും 1 മീറ്റർ വീതിയുമുള്ള ഐറിഷ് ഡ്രെയിൻ നിർമ്മിക്കുന്നതിനുമാണ് ലക്ഷ്യമാക്കിയത്. കൂടാതെ എക്സ്ട്രാ ഇനം പ്രവൃത്തികളും ഉൾപ്പെടുത്തിയിരുന്നു. ഡീറ്റയിൽഡ് എസ്റ്റിമേറ്റിലും ഇപ്രകാരമുള്ള പ്രവൃത്തികളുൾപ്പെടുത്തിയിട്ടുണ്ട്. എം ബുക്ക് 444/15-16,445/15-16 എന്നിവയിലെ രേഖപ്പെടുത്തൽ പ്രകാരം ടി പ്രവൃത്തികൾ നിർവഹിച്ചിട്ടുമുണ്ട്.

ഇപ്രകാരം പ്രോജക്ട് തയ്യാറാക്കി ആസൂത്രണ സമിതി അംഗീകാരം വാങ്ങി നടപടിക്രമങ്ങൾ പാലിച്ച് കരാറുകാരൻ പ്രവൃത്തി തുടങ്ങുന്ന അവസരത്തിൽ മറ്റൊരു തദ്ദേശസ്ഥാപനം ഇതേ പ്രവൃത്തി ചെയ്തുവെന്ന് കാണുന്നത് പദ്ധതി ആസൂത്രണത്തിലെ പാളിച്ചകളും, വിവിധ തദ്ദേശസ്ഥാപനങ്ങൾ തമ്മിൽ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതു സംബന്ധിച്ച ഏകോപനമില്ലായ്മയും കാരണമാണ്. പ്രസ്തുത റോഡിന്റെ ഉടമസ്ഥത ഏത് തദ്ദേശസ്ഥാപനത്തിൽ നിക്ഷിപ്തമാണെന്നതു സംബന്ധിച്ച (ഗ്രാമ,ബ്ലോക്ക്,ജില്ലാ പഞ്ചായത്ത്) വിവരം ലഭ്യമല്ല. ഗ്രാമപഞ്ചായത്തിൽ നിന്ന് പ്രവൃത്തി നടത്തുന്നത് സംബന്ധിച്ച് ജില്ലാപഞ്ചായത്തിന് നല്കിയ രേഖകളൊന്നും ഫയലിൽ ഇല്ല. പഞ്ചായത്ത് രാജ് ആക്ടിലെയും, പദ്ധതി ആസൂത്രണമാർഗരേഖയിലെയും നിഷ്കർഷകൾ പാലിക്കാത്തതും ഇപ്രകാരം വീഴ്ച വരുന്നതിന് കാരണമായി. ബ്ലോക്ക്പഞ്ചായത്തും ജില്ലാപഞ്ചായത്തും തയ്യാറാക്കിയ ഒരേ പ്രോജക്ടുകൾക്ക് ആസൂത്രണസമിതി അംഗീകാരം നല്കിയത് മതിയായ വിവരശേഖരണവും വിവരങ്ങളുടെ സൂക്ഷിപ്പും ഇല്ലാത്തതുമൂലമാണ്. കൂടാതെ ജില്ലാ പഞ്ചായത്തിന്റെ ചുമതലയിലുള്ള റോഡുകളുടെ പട്ടിക തയ്യാറാക്കി സൂക്ഷിക്കുന്നതിലെ വീഴ്ചയും കാരണമായിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് നിർദ്ദേശം എവിടെനിന്നാണ് ഉയർന്നുവന്നതെന്നതും സംശയാസ്പദമാണ്.

ഒരേ റോഡിൽ തന്നെ (ഒരേ ചെയിനേജ്) രണ്ട് വ്യത്യസ്ത വർഷങ്ങളിലായി പ്രോജക്ട് തയ്യാറാക്കി നിർവഹണം നടത്തിയതാണ് ചിറക്കടവ് പഞ്ചായത്തിലെ ഇളങ്ങോയി പാലം - നാലാം മൈൽ റോഡ് പുനരുദ്ധാരണം(717/19), ഇളങ്ങോയിക്കടവ്-നാലാം മൈൽ റോഡ് പുനരുദ്ധാരണം(1037/19) എന്നീ പ്രോജക്ടുകൾ. ആദ്യ പ്രോജക്ട് സമയബന്ധിതമായി നടപ്പാക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ രണ്ടാമത്തെ പ്രോജക്ടിന്റെ ആവശ്യകത തന്നെ ഉണ്ടാകുമായിരുന്നില്ല. ആദ്യ പ്രോജക്ട് റിവൈസ് ചെയ്തതിനാൽ പ്രവൃത്തി നടപ്പാക്കിയ റോഡ് ഭാഗത്തിന്റെ നീളത്തിൽ ഗണ്യമായി കുറവുണ്ടായിട്ടുപോലും രണ്ടാമത്തെ പ്രോജക്ട് നടപ്പാക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരമുള്ള നീളം ലഭ്യമല്ലാതിരുന്നതിനാൽ ഭാഗികമായി മാത്രമാണ് നടപ്പാക്കുവാൻ സാധിച്ചത്. അതായത്,രണ്ടാമത്തെ പ്രോജക്ട് തയ്യാറാക്കിയത് ആദ്യത്തെ പ്രവൃത്തി സംബന്ധിച്ച യാതൊരു ധാരണയും ഇല്ലാതെയാണ് എന്ന് കാണുന്നു. വാർഷിക പ്രോജക്ടുകൾ തയ്യാറാക്കുന്ന അവസരത്തിൽ നിലവിലുള്ള പ്രോജക്ടുകൾ പ്രകാരമുള്ള പ്രവൃത്തികൾ തന്നെയാണോ വീണ്ടും ഉൾപ്പെടുന്നത് എന്നത് സംബന്ധിച്ച ഒരു പരിശോധന ഉണ്ടാകുന്നില്ല എന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. കൂടാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ ഗ്രാമ,ബ്ലോക്ക്,ജില്ലാ പഞ്ചായത്ത് തലങ്ങളിൽ ഏകോപനമില്ലായ്മയും കാണപ്പെടുന്നു.

നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്ന ഘട്ടത്തിലും നിർവഹണഘട്ടത്തിലും മേൽ സൂചിപ്പിച്ച പ്രശ്നങ്ങൾ മൂലം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ ആവർത്തിക്കേണ്ടിവരുന്നത് ക്ലറിക്കൽ ജോലികളുൾപ്പെടെ അധികജോലിചെയ്യേണ്ടിവരുന്ന സാഹചര്യവും സമയനഷ്ടവും, സാമ്പത്തികനഷ്ടവും ഉണ്ടാക്കുന്നു. പ്രവൃത്തി പൂർത്തീകരണത്തിൽ സമയക്രമം പാലിക്കാൻ സാധിക്കാതെ പ്രവൃത്തികൾ അനാവശ്യമായി സ്പിൽഓവറാകാനും ഫണ്ടുകൾ ലാപ്സാകുന്നതിനും കാരണമാകുന്നു. സർക്കാർ നിർദ്ദേശങ്ങളും, പഞ്ചായത്ത് രാജ് ആക്ടുൾപ്പെടെയുള്ള

നിയമവ്യവസ്ഥകളും പാലിച്ച് പ്രോജക്ട് രൂപീകരണ നിർവഹണ പ്രക്രിയകൾ പൂർത്തീകരിക്കേണ്ടതാണ്.

## 1-35 വൻതുക ചെലവഴിച്ച പ്രോജക്ടുകൾ -പ്രവൃത്തി പൂർത്തീകരിച്ച് നാളിതുവരെ ഫലപ്രദമാക്കിയിട്ടില്ല

2016-17 വർഷം മുതൽ ആരംഭിച്ച പല പ്രോജക്ടുകളും 2018-19 ൽ സ്പിൽ ഓവർ പ്രോജക്ടായി ചെയ്ത് അവസാന തുക നല്കിയിട്ടുണ്ടെങ്കിലും ആയവ ഇപ്പോഴും പൊതു ജനങ്ങൾക്ക് ഉപകാരപ്രദമായിട്ടില്ല എന്ന് പ്രാദേശിക പരിശോധന നടത്തിയതിലും, ഫയലുകൾ പരിശോധിച്ചതിലും വ്യക്തമായിട്ടുണ്ട്. ഇത്തരത്തിലുള്ള ഏതാനും പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

**1.പാറത്തോട് പഞ്ചായത്ത് ഡ്രീം ലാൻഡ് കോളനിയിൽ എസ്. സി. വിഭാഗത്തിന് സാംസ്കാരിക നിലയം**

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പാറത്തോട് പഞ്ചായത്ത് ഡ്രീം ലാൻഡ് കോളനിയിൽ എസ്.സി. വിഭാഗത്തിന് സാംസ്കാരിക നിലയം നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കി രണ്ട് നിലകളിലായി കെട്ടിടനിർമ്മാണം പൂർത്തിയാക്കിയെങ്കിലും പ്ലമ്പിംഗ്, ഇലക്ട്രിഫിക്കേഷൻ, സാനിട്ടറി വർക്കുകൾ എന്നിവ നിർവ്വഹിച്ച് സാംസ്കാരിക നിലയം പ്രവർത്തനക്ഷമമാക്കിയിട്ടില്ലാത്തതായി ജില്ലാ പഞ്ചായത്ത് ഓഡിറ്റിന്റെ ഭാഗമായി 05/03/2020-ാം തിയതി ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ഇതിനോടകം 12,63,067/- രൂപ ചെലവഴിച്ച സാംസ്കാരികനിലയത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായ പ്ലമ്പിംഗ്, ഇലക്ട്രിഫിക്കേഷൻ, സാനിട്ടറി വർക്കുകൾ എന്നിവ നിർവ്വഹിച്ച് കെട്ടിടം പ്രവർത്തനക്ഷമമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**2.കാഞ്ഞിരപ്പള്ളി പഞ്ചായത്ത് പട്ടിമറ്റം ഭാഗത്ത് എസ്.സി. വിഭാഗത്തിന് ആധുനിക ശ്മശാനം**

എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കാഞ്ഞിരപ്പള്ളി പഞ്ചായത്ത് പട്ടിമറ്റം ഭാഗത്ത് എസ്.സി. വിഭാഗത്തിന് ആധുനിക ശ്മശാനം നിർമ്മിക്കാൻ വിഭാവനം ചെയ്ത പദ്ധതിയിൽ വോൾട്ട്, ഷെഡ്ഡുകൾ എന്നിവ നിർമ്മിച്ചു എങ്കിലും പ്ലമ്പിംഗ്, ഇലക്ട്രിഫിക്കേഷൻ ജോലികൾ നടത്തി ശ്മശാനം പ്രവർത്തനക്ഷമമാക്കിയിട്ടില്ല എന്ന് ജില്ലാ പഞ്ചായത്ത് ഓഡിറ്റിന്റെ ഭാഗമായി 05/03/2020ൽ ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ഇതിനോടകം 12,63,067/- രൂപ ചെലവഴിച്ച ആധുനിക ശ്മശാനം പ്ലമ്പിംഗ്, ഇലക്ട്രിഫിക്കേഷൻ വർക്കുകൾ എന്നിവ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

**3.പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്തിൽ നെയ്യാട്ടുശ്ശേരി പുലിയുറുമ്പിൽ കുടിവെള്ളപദ്ധതി**

പൊൻകുന്നം ഡിവിഷനിൽ പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്തിൽ നെയ്യാട്ടുശ്ശേരി പുലിയുറുമ്പിൽ കുടിവെള്ളപദ്ധതിയ്ക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ പമ്പ് ഹൗസ്, പമ്പിങ്ങ് മെയിൻ, വിതരണലൈനുകൾ, വൈദ്യുത കണക്ഷൻ, 10 HP മോട്ടോർ സ്ഥാപനം എന്നിവ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ 5,19,942/- രൂപ ചെലവഴിച്ച് പമ്പ് ഹൗസ് നിർമ്മാണം, പമ്പിങ്ങ് മെയിൻ, വിതരണലൈനുകൾ എന്നിവ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. കുടിവെള്ളപദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ വൈദ്യുത കണക്ഷൻ, 10 HP മോട്ടോർ സ്ഥാപനം എന്നിവ നാളിതുവരെ നടപ്പാക്കിയിട്ടില്ല. പ്രോജക്ട് വിഭാവനം ചെയ്ത മുഴുവൻ ഇനങ്ങളും പൂർത്തീകരിക്കാതെ കുടിവെള്ളപദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല. 05/03/2020ൽ നടത്തിയ സ്ഥലപരിശോധനയിൽ വൈദ്യുത കണക്ഷൻ ലഭ്യമാക്കൽ, 10 HP മോട്ടോർ സ്ഥാപനം എന്നീ പ്രവൃത്തികൾ നിലവിലും ആരംഭിച്ചിട്ടില്ലാത്തതായി കണ്ടു. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (56/06.03.2020) മറുപടി ലഭ്യമായില്ല. പ്രവൃത്തി പൂർത്തീകരിച്ച് കുടിവെള്ളം ലഭ്യമാക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

**4.കിടങ്ങൂർ ഡിവിഷൻ- കിടങ്ങൂർ ഗ്രാമ പഞ്ചായത്ത്- കുമ്മണ്ണൂരിൽ വയോജനങ്ങൾക്ക് വിശ്രമകേന്ദ്രം - നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.**

കിടങ്ങൂർ ഗ്രാമ പഞ്ചായത്തിൽ കുമ്മണ്ണൂർ സാംസ്കാരിക നിലയത്തിന് സമീപത്തായി 65.5m2 അളവിലുള്ള RCC കെട്ടിടം നിർമ്മിച്ച് വയോജനങ്ങൾക്ക് വിശ്രമകേന്ദ്രം ഒരുക്കുന്നതിനാണ് പ്രോജക്ട് (243/19). 7,00,000/- രൂപ ചെലവഴിച്ച് കെട്ടിടനിർമ്മാണം പൂർത്തിയാക്കിയെങ്കിലും വാട്ടർ കണക്ഷൻ, ഇലക്ട്രിഫിക്കേഷൻ എന്നീ പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ലാത്തതായി 7.3.2020ൽ നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായി. വിശ്രമകേന്ദ്രം പൂർത്തിയാക്കിയാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 66-ാം നമ്പർ ഓഡിറ്റ്

എൻക്വയറിക്ക് മറുപടി ലഭ്യമാക്കില്ല. വിശ്രമകേന്ദ്രം പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**5.ഉഴവൂർ ഡിവിഷനിലെ രാമപുരം അമ്പലം കുടിവെള്ളപദ്ധതി -പൂർത്തീകരിച്ചിട്ടില്ല**

463.5 മീറ്റർ 40 mm, 465 മീറ്റർ 32 mm പി.വി.സി വിതരണ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്ത മേൽ പദ്ധതിയുടെ (പ്രോജക്ട് നം334/18,943/19) നടത്തിപ്പിനായി ടെണ്ടർ നടപടികൾ പൂർത്തിയാക്കി 4.12.17ൽ കരാറുകാരനായ ശ്രീ.പി.എസ്.രവീന്ദ്രൻ നായർക്ക് സൈറ്റ് കൈമാറിയിരുന്നു. നിലവിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുപയോഗിച്ച് കിണർ നിർമ്മാണവും 900മീറ്റർ 63mm പി.വി.സി.പൈപ്പ് സ്ഥാപിക്കലും പൂർത്തീകരിച്ചിട്ടുള്ളതായും എം.പി.ഫണ്ടുപയോഗിച്ച് പമ്പ് ഹൗസ്, മോട്ടോർ, പാനൽ ബോർഡ്, ടാങ്ക് ബേസ്, ടാങ്ക് എന്നിവ സ്ഥാപിക്കുന്നതിനും എം.എൽ.എ.ഫണ്ടുപയോഗിച്ച് 300മീറ്റർ 75 mm HDPE പൈപ്പ് സ്ഥാപിക്കുന്നതിനും എസ്റ്റിമേറ്റ് എടുത്തിട്ടുള്ളതായും എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറയുന്നു. പൂർത്തീകരണ കാലയളവ് രണ്ട് മാസം മാത്രമായിരുന്നെങ്കിലും പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത് 9 മാസങ്ങൾക്ക് ശേഷമാണ്. ബ്ലോക്ക് പഞ്ചായത്ത് വക വിതരണ ലൈനിന്റെ അദ്യ ഘട്ടവും ടാങ്ക് നിർമ്മാണവും പൂർത്തീകരിക്കാതെ ടി പ്രവൃത്തികൾ നടപ്പിലാക്കാൻ സാധിക്കില്ല എന്ന കാരണത്താൽ പിഴയില്ലാതെയാണ് പൂർത്തീകരണ കാലയളവ് നീട്ടി നൽകിയിട്ടുള്ളത്. എന്നാൽ, സൈറ്റ് പരിശോധനയിൽ നിലവിലും ടാങ്ക് നിർമ്മിച്ചിട്ടില്ല എന്നും ടാങ്ക് ബേസ് അടുത്തിടെ മാത്രം നിർമ്മിച്ചിട്ടുള്ളതായും കാണാൻ കഴിഞ്ഞു. അതായത്, പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് കാരണമായി പറഞ്ഞ കാര്യങ്ങൾ പൂർത്തീകരിക്കാതെ തന്നെയാണ് കരാറുകാരന് ബില്ലുമാറി തുക നൽകിയിട്ടുള്ളത്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അതുപോലെ, മോട്ടോർ, പാനൽ ബോർഡ്, പമ്പിംഗ് ലൈൻ എന്നിവ സ്ഥാപിച്ചിട്ടില്ല. രാമപുരം അമ്പലം കുടിവെള്ള പദ്ധതി പൂർത്തീകരണം എന്ന പദ്ധതി നിലവിൽ പൂർത്തീകരിയ്ക്കപ്പെടാത്ത/ലക്ഷ്യം കൈവരിച്ചിട്ടില്ലാത്ത അവസ്ഥയിലാണ്. ആയത് എത്രയും വേഗം പൂർത്തീകരിച്ച് ജനോപകാരപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 കടുത്തുരുത്തി ഡിവിഷൻ -കല്ലറ പഞ്ചായത്ത് -മുണ്ടാർ പാടശേഖരങ്ങളുടെ ബണ്ട് ബലപ്പെടുത്തൽ - ഗുണഭോക്തൃസമിതി പ്രവൃത്തികൾ കരാറുകാരെ ഏൽപിച്ചു - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | എസ്.1195/19 |
| അടങ്കൽ | 7,00,000/-(2018-19വർഷം 259384/-) |
| ചെലവ് | 699675/-(2018-19വർഷം259059/-) വികസനഫണ്ട് |
| കൺവീനർ | സരസപ്പൻ |
| കരാർ നമ്പർ | 38/2017-18 തീയതി 20-11-17 |
| എം.ബുക്ക് നമ്പർ | 38/17-18 |
| ബിൽ നമ്പർ | 7/18-19 തീയതി 28-09-18 |

കല്ലറ ഗ്രാമപഞ്ചായത്തിലെ മുണ്ടാർ പാടശേഖരങ്ങളുടെ 1400 മീറ്റർ നീളത്തിൽ പുറം ബണ്ട് ബലപ്പെടുത്തലിന്റെ ഭാഗമായി ഹാർഡ് സ്റ്റിഫ് ക്ലേ 1400m3 ഫില്ല് ചെയ്യുന്നതിനും 210m3 റെഡ് എർത്ത് ഫില്ലുചെയ്യുന്നതിനും ഉദ്ദേശിച്ചായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1) ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ നിർമ്മാണ പ്രവൃത്തികൾക്ക് ഓവർ ഹെഡ്ചാർജ് അധികം നൽകി**

തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11-5-17 ലെ ഡിബി3/6512(B)/13/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തുന്ന പ്രവൃത്തികളിൽ 7.5% ഓവർഹെഡ്ചാർജ് അനുവദിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത പ്രോജക്ടിന്റെ എസ്റ്റിമേറ്റിന്റെ ഡാറ്റായിൽ ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയിരുന്നില്ലെങ്കിലും ആകെ

വേലമൂല്യത്തിന്റെ കൂടെ 7.5% ഓവർഹെഡ് ചാർജ്ജ് കൂടി ഉൾപ്പെടുത്തിയായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കി ബില്ലുകൾ തയ്യാറാക്കിയവേളയിൽ ആദായ നികുതി- 2%, നിർമ്മാണതൊഴിലാളി ക്ഷേമനിധിവിഹിതം- 1% എന്നിവ മാത്രമാണ് ബില്ലിൽ നിന്നും കുറവ് ചെയ്തിരുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 16-03-18 ലെ ഡിബി3-9058/17/CE/LSGD നമ്പർ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 7.5% ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളത് എങ്കിൽ 1-7-2017 മുതൽ വാറ്റ് നിലവിലില്ലാത്തതിനാൽ ബില്ലിൽ നിന്നും ടി തുക കുറവ് ചെയ്യേണ്ടതാണ്. പ്രസ്തുത പ്രവൃത്തിയുടെ ബില്ലിൽനിന്ന് ആകെ 2%+1%=3% മാത്രം റിക്കവറിയിനത്തിൽ ഈടാക്കിയതിനാൽ ഓവർഹെഡ് ചാർജ്ജിനത്തിൽ ബാക്കിയുള്ള 4.5% തുക കൺവീനർക്ക് അധികമായി നൽകിയിട്ടുണ്ട്. അധികം നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ വേലമൂല്യം (OH 7.5% ഉൾപ്പെടെ) | 6,99,675/- |
| OH 4.5% കുറവ് ചെയ്യുമ്പോൾ നൽകാവുന്ന തുക | 6,99,675x1.03/1.075= 6,70,386/- |
| അധികം നൽകിയ തുക | 29,289/- |

**2) ഗുണഭോക്തൃസമിതി ഏറ്റെടുത്ത പ്രവൃത്തി കരാറുകാരനെ ഏൽപ്പിച്ചു.**

ഗുണഭോക്തൃസമിതി മുഖേനയുള്ള നിർവ്വഹണം സംബന്ധിച്ച മാർഗരേഖ പ്രകാരം സമിതികൾ ഏറ്റെടുക്കുന്ന പ്രവൃത്തി ഭാഗികമായോ പൂർണ്ണമായോ യാതൊരു കരാറുകാരനെയോ കരാറുകാരുടെ കമ്പനിയെയോ ഏൽപിക്കരുത് എന്ന് വ്യക്തമാക്കിയിരുന്നു. കൂടാതെ, പ്രത്യേക വൈദഗ്ദ്ധ്യം ആവശ്യമുള്ള പണികൾ ക്വട്ടേഷനുകൾ വിളിച്ച് നടത്താവുന്നതാണ് എന്നും വ്യക്തമാക്കിയിരുന്നു. ടി വ്യവസ്ഥകൾ കരാറുടമ്പടിയിൽ ഉൾപ്പെടുത്തിയിരുന്നതുമാണ്. എന്നാൽ പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ഗവ.കോൺട്രാക്ടറായ ശ്രീ.കെ.എം ജോസഫിന്റെ ഉടമസ്ഥതയിലുള്ള സെന്റ് മേരീസ് എർത്ത് മൂവേഴ്സ് എന്ന കൺസ്ട്രക്ഷൻ കമ്പനി തൊഴിലാളികളുടെ വേതനമുൾപ്പെടെ മുഴുവൻ തുകയും കൈപ്പറ്റിയതായാണ് ചേർത്തിരിക്കുന്നത്. ഇത് ഗുരുതരമായ ക്രമക്കേടാണ്. ഗുണഭോക്തൃസമിതിയ്ക്ക് ഏൽപിച്ച് നൽകിയ പ്രവൃത്തി കരാറുകാരന് നൽകിയത് വഴി ബിനാമി ഇടപാട് നടന്നതായി വ്യക്തമാകുന്നു. പൊതുമരാമത്ത് ചട്ടങ്ങളിലെ ചട്ടം 15(5) പ്രകാരം ബിനാമി ഇടപാട് ശിക്ഷാർഹമായ കുറ്റമാകുന്നതും ഗുണഭോക്തൃസമിതിയുടെ പേരിൽ ശിക്ഷാനടപടിയ്ക്ക് ഇടയാകുന്നതുമാണ്. മാത്രമല്ല, ഹിറ്റാച്ചി ഉപയോഗിച്ചതിന് സെന്റ് മേരീസ് എർത്ത് മൂവേഴ്സ് എന്ന സ്ഥാപനത്തിന്റെ 20-3-2018 ലെ ബിൽനമ്പർ 144 പ്രകാരം മണിക്കൂറിന് 1700/-രൂപ നിരക്കിൽ 280 മണിക്കൂർ പ്രവർത്തിച്ചതിന് ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെ 5 ലക്ഷം രൂപ ചെലവ് വന്നതായി കാണുന്നു. എന്നാൽ പ്രസ്തുത സ്ഥാപനത്തിന്റെ തന്നെ 04-4-2018 ലെ ബിൽനമ്പർ 145 പ്രകാരം 253 മണിക്കൂർ ഹിറ്റാച്ചി പ്രവർത്തിച്ചതിന് 2000/-രൂപ നിരക്കിൽ ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ 5,07,000/-രൂപ നൽകിയതായി കാണുന്നു. (സ്ഥാപനത്തിന്റെ കൈപ്പറ്റ് രസീതിൽ 5,07,000/-രൂപ നൽകിയതായാണ് കാണുന്നത്). ഇതിൽ നിന്നും ഹിറ്റാച്ചിയുടെ മണിക്കൂറിനുള്ള നിരക്ക് സംബന്ധിച്ച് ക്വട്ടേഷനുകൾ ക്ഷണിച്ച് ആയതിന്റെ അടിസ്ഥാനത്തിലായിരുന്നില്ല പ്രവൃത്തി നടത്തിയതെന്ന് വ്യക്തമാകുന്നു. ഫയലിൽ മസ്റ്റർ റോൾ, മിനിറ്റ്സ് ബുക്ക്, ജോയിന്റ് അക്കൗണ്ട് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ സൂക്ഷിച്ചിരുന്നില്ല. ഇതിൽ നിന്നും അതീവ ഗുരുതരമായ ക്രമക്കേടാണ് പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ഉണ്ടായത് എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

കൺവീനർക്ക് അധികം നൽകിയ 29289/- രൂപ ഉത്തരവാദിയായ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഗുണഭോക്തൃസമിതിയുടെ നിർവ്വഹണത്തിൽ പാളിച്ചവന്നതിനാൽ 2018-19 വർഷം ചെലവഴിച്ച 2,59,059/- രൂപയിൽ നിരാകരിച്ച 29289/-രൂപ കിഴിച്ച് ശേഷമുള്ള 2,29,770/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-37 സമയക്രമം പാലിക്കാത്ത കരാറുകാർക്ക് എതിരെ നടപടി സ്വീകരിച്ചില്ല.

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ കരാർ പ്രകാരമുള്ള സമയക്രമം പാലിക്കാത്ത കരാറുകാർക്ക് എതിരെ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു..

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | എസ്.858/2019 വെള്ളൂർ ഡിവിഷൻ- മുളക്കുളം പഞ്ചായത്തിൽ ഇടയാറ്റ് |

| | |
|---|---|
| | പാടശേഖരത്തിന് അടിസ്ഥാന സൗകര്യ വികസനം |
| കരാറുകാരൻ | ശ്രീ.ലൂക്കോസ് പാച്ചൻ |
| കരാർ നമ്പർ/തീയതി | 44/17-18/03.01.2018 |
| അടങ്കൽ<br>പി.എ.സി<br>കരാർ തുക | 8,00,000/- (വികസന ഫണ്ട് -ജനറൽ)<br>709442/-<br>532385/- |
| സെലക്ഷൻ നോട്ടീസ് | AE (3)/807/2017 Dt.28.11.17 |
| സൈറ്റ് കൈമാറിയ തീയതി | 03.01.2018 |
| പൂർത്തീകരണ സമയം | 6 മാസം |
| നികുതി അടക്കം ആകെ ചെലവ് | 483484/- |
| കരാറുകാരന് നല്കിയ തുക | 473511/- |
| ചെലവ്- തുക/ ബിൽ നം./തീയതി | 231414/- (1/23.5.18)<br>198965/- (13/29.01.2019)<br>52805/- (30/21.3.19) |

കരാറുകാരനായ ശ്രീ ലൂക്കോസ് പാച്ചന് 28.11.17 ൽ നല്കിയ സെലക്ഷൻ നോട്ടീസ് പ്രകാരം 12.12.2017 വരെ പിഴ കൂടാതെ കരാർ വയ്ക്കുന്നതിന് സമയം നല്കിയിരുന്നു. എന്നാൽ 03.01.2018ൽ കരാർ വച്ചപ്പോൾ നിയമാനുസൃതമുള്ള 1% പിഴയായ 7094 /-രൂപ ഈടാക്കിയിട്ടില്ല.

കരാർ പ്രകാരം, സ്ഥലം ഏറ്റു വാങ്ങി 10 ദിവസത്തിനകം പണി ആരംഭിച്ച് പ്രവർത്തന കലണ്ടർ പ്രകാരമുള്ള സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പക്ഷം കാലാവധിയുടെ 20% പിഴയില്ലാതെയും തുടർന്ന് ഒരു തവണ നിലവിലുള്ള പൂർത്തീകരണ കാലാവധിയുടെ 25% (45 ദിവസം)1% പിഴയോടെയും തുടർന്നുള്ള കാലാവധി ദീർഘിപ്പിക്കലിന് 2% പിഴയും ഈടാക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് (ജിഒ(പി)13/PWD/ 1-2-2012 2012ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112). നിയമാനുസൃത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| നിയമാനുസൃതം പ്രവൃത്തി ആരംഭിക്കേണ്ടിയിരുന്ന തീയതി | 13.01.2018 (സ്ഥലം ഏറ്റുവാങ്ങി 10 ദിവസം) |
| പൂർത്തീകരിക്കേണ്ട തീയതി | 12.07.2018 |
| പിഴ ഇല്ലാതെ ദീർഘിപ്പിച്ച് നല്കാവുന്നത് (20% ഗ്രേസ് പിരീഡ്) | 18.08.2018<br>(ദീർഘിപ്പിക്കുന്നതിന് അപേക്ഷ നല്കിയിട്ടില്ല) |
| പൂർത്തിയായത് | 11.03.2019 |
| ഈടാക്കേണ്ടിയിരുന്ന പിഴ | 19.08.2018മുതൽ 2.10.2018 വരെ 532385രൂപയുടെ 1% -5324<br>3.10.18മുതൽ 2%-10648<br>5324+10648 = 15972 |
| കരാറുകാരന് തുക നല്കിയതിന്റെ വിവരം | SBI – 67236800398 |

യഥാസമയം കരാർ വെക്കാതിരുന്നതിന് ഈടാക്കേണ്ട പിഴ 7094/- രൂപയും യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് ഈടാക്കേണ്ട പിഴ 15972/- രൂപയും കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**2)**

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | എസ്.1159/2019 പുതുപ്പള്ളി ഡിവിഷൻ – പനച്ചിക്കാട് പഞ്ചായത്ത് - കോക്കാട്ടുചാൽ പാടശേഖരം - വാച്ചാൽ നിർമ്മാണം |
| കരാറുകാരൻ | ശ്രീ.ഷാജി ആന്റണി |
| കരാർ നമ്പർ/ തീയതി | 66/17-18/07.03.2018 |
| അടങ്കൽ<br>പി.എ.സി<br>കരാർ തുക | 12,00,000/- (വികസന ഫണ്ട് -ജനറൽ)<br>1196383<br>1122904.8 |
| സെലക്ഷൻ നോട്ടീസ് | AE (3)/804/2017 Dt.28.11.17 |
| സൈറ്റ് കൈമാറിയ തീയതി | 07.03.2018 |
| പൂർത്തീകരണ സമയം | 6 മാസം |
| നികുതി അടക്കം ആകെ ചെലവ് | 971024/- |
| കരാറുകാരന് നല്കിയ തുക | 951604/- |
| ചെലവ്- തുക/ ബിൽ നം./ തീയതി | 971024 /-(24/13.03.2019)<br>46314 (Q ബിൽ ) |

കരാറുകാരനായ ശ്രീ. ഷാജി ആന്റണിക്ക് 28.11.17 ൽ നൽകിയ സെലക്ഷൻ നോട്ടീസ് പ്രകാരം 12.12.2017 വരെ പിഴ കൂടാതെ കരാർ വയ്ക്കുന്നതിന് സമയം നല്കിയിരുന്നു. എന്നാൽ 17.03.2018ൽ കരാർ വച്ചപ്പോൾ നിയമാനുസൃതമുള്ള 1% പിഴയായ 11963/-രൂപ ഈടാക്കിയിട്ടില്ല.

കരാർ പ്രകാരം, സ്ഥലം ഏറ്റു വാങ്ങി 10 ദിവസത്തിനകം പണി ആരംഭിച്ച് പ്രവർത്തന കലണ്ടർ പ്രകാരമുള്ള സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പക്ഷം കാലാവധിയുടെ 20% പിഴയില്ലാതെയും തുടർന്ന് ഒരു തവണ നിലവിലുള്ള പൂർത്തീകരണ കാലാവധിയുടെ 25% ( 45 ദിവസം )1% പിഴയോടെയും തുടർന്നുള്ള കാലാവധി ദീർഘിപ്പിക്കലിന് 2% പിഴയും ഈടാക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എഗ്രിമെന്റ് കാലാവധി തീർന്നതിനാൽ എഗ്രിമെന്റ് ടൈം എക്സ്റ്റൻഷൻ നടത്തി പ്രവൃത്തി ആരംഭിച്ച് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുകാണിച്ച് 10.10.18ൽ എ.ഇ(3)/804/17 നമ്പരായി കരാറുകാരന് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 22.10.18ൽ സപ്ളിമെന്ററി എഗ്രിമെന്റിലേർപ്പെട്ടിട്ടുണ്ട്. എന്നാൽ നിയമാനുസൃതമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിയമാനുസൃതം പ്രവൃത്തി ആരംഭിക്കേണ്ടിയിരുന്ന തീയതി | 17.03.2018 (സ്ഥലം ഏറ്റുവാങ്ങി 10 ദിവസം) |
| പൂർത്തീകരിക്കേണ്ട തീയതി | 16.09.2018 |
| പിഴ ഇല്ലാതെ ദീർഘിപ്പിച്ച് നൽകാവുന്നത് (20% ഗ്രേസ് പിരീഡ്) | 21.10.2018 |
| | |

| | |
|---|---|
| പൂർത്തിയായത് | 28.02.2019 |
| ഈടാക്കേണ്ടിയിരുന്ന പിഴ | 21.10.2018 മുതൽ 04.12.2018 വരെ 1122904/- രൂപയുടെ 1% -11229, 5-12-18മുതൽ 2%-22458,11229+22458 = 33687 |
| കരാറുകാരന് തുക നല്കിയതിന്റെ വിവരം | SBI – 6783988653 |

കരാർ വെക്കുന്നതിന് താമസം നേരിട്ടതിന് ഈടാക്കേണ്ട പിഴ 11963/- രൂപയും യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് ഈടാക്കേണ്ട പിഴയായ 33687/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കാതിരുന്നതിന് വിശദീകരണം നല്കാനാവശ്യപ്പെട്ടു ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29/19.02.2020) നൽകിയപ്പോൾ 11963/- രൂപ രസീത് നമ്പർ ബി-6506793 പ്രകാരം ജില്ലാ പഞ്ചായത്തിൽ അടവാക്കി. ബാക്കി 33,687/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-38 മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ജിഎസ് ടി ഈടാക്കിയില്ല.

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2018-19 വർഷം നടപ്പാക്കിയ പ്രൊജക്ടുകളുടെ ഫൈനൽ/പാർട്ട് ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടിയിരുന്ന ജിഎസ് ടി വിഹിതമായ 2%കുറവ് ചെയ്തിരുന്നില്ല. 14-9-2018 ലെ CBECസർക്കുലർ നം 65/39/2018-DOR പ്രകാരം 1-10-2018 മുതൽ ഒറ്റ കോൺട്രാക്റ്റിൽ രണ്ടരലക്ഷം രൂപയ്ക്ക് മുകളിലുള്ള വർക്കുകളുടെ ബില്ലിൽ നിന്നും 2%ടിഡിഎസ് പിടിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ രീതിയിൽ വർക്ക് ബില്ലുകളിൽ നിന്നും ജിഎസ് ടി വിഹിതം കുറവ് വരുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/17-2-2020) മറുപടിയായി 2019 ഫെബ്രുവരി മാസമാണ് ജി.എസ്.ടി രജിസ്ട്രേഷൻ ലഭ്യമായതെന്നും മാർച്ച് മാസം മുതലുള്ള ബില്ലുകളിൽ നിന്നും ജി.എസ്.ടി ഈടാക്കിയിരുന്നു എന്നും അറിയിച്ചിരുന്നു. കരാറുകാരിലൊരാളായ കെ.എം ജോസഫ് നിർദ്ദിഷ്ട വർക്കുബില്ലുകളിൽ നിന്നും ജി.എസ്.ടി വിഹിതം അടയ്ക്കാതിരുന്നതിനും റിട്ടേൺ ഫയലുചെയ്യാതിരുന്നതിനും ജി.എസ്.ടി.വകുപ്പിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടതായി (സംസ്ഥാന ജി.എസ്.ടി വകുപ്പിന്റെ 13-1-2020ലെ 32B11PK9339PIZL നം കത്ത്) ഫയലിൽ നിന്നും വ്യക്തമാകുന്നു. ജി.എസ്.ടി വിഹിതം സ്രോതസ്സിൽ നിന്നും കുറവ് ചെയ്യുന്നില്ലായെന്നത് കൂടാതെ കരാറുകാർ ടി വിഹിതവും കൂടി ഉൾപ്പെടുത്തി റിട്ടേൺ ഫയൽ ചെയ്യുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തുന്നുമില്ലായെന്ന് കാണുന്നു. കരാറുകാരന്റെ ബില്ലിൽ നിന്നും നിയമപ്രകാരമുള്ള എല്ലാ തിരിച്ചടവുകളും പൂർത്തിയാക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം നിർവ്വഹണോദ്യോഗസ്ഥനാണ്. ഈ രീതിയിൽ കരാറുകാർ മുഖേന നിർവ്വഹണം നടത്തിയതിനും ബില്ലുകളിൽ നിന്നും ജി.എസ്.ടി. വിഹിതം ഈടാക്കാതിരുന്നതിനും സമയബന്ധിതമായി ജി.എസ്.ടി. രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-39 വാകത്താനം പഞ്ചായത്ത്-തെക്കേപ്പറമ്പിൽപടി കൊട്ടാരത്തിൽക്കടവ് ബണ്ട് നിർമ്മാണം - മണ്ണ് ഫില്ലിങ്ങ് -ആവശ്യമായ കുറവുകൾ വരുത്തിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രൊജക്റ്റ് നം. | 1192/19 |
| അടങ്കൽ | 12,00,000/-(2018-19=576264) |
| ചെലവ് | 456318/-(2018-19) വികസനഫണ്ട് |
| കൺവീനർ | ഗോപാലകൃഷ്ണൻ നായർ |
| കരാർ നം. | 53/2017-18 തീയതി15-2-18 |
| എംബുക്ക് നം. | 07/17-18 |
| ബിൽ നം. | 18/18-19തീയതി 23-03-19 |

തെക്കേപ്പറമ്പിൽപടി കൊട്ടാരത്തിൽക്കടവ് പാടശേഖരത്തിന് ബണ്ട് നിർമ്മാണത്തിനായി 66മീറ്റർ നീളത്തിൽ ഡ്രൈറബിൾ പാക്കിങ്ങ് നടത്തി അതിൽ മണ്ണ് നിറച്ച് ബണ്ട് ബലപ്പെടുത്തുന്നതിനായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്.

**മണ്ണ് ഫില്ലിങ്ങ് -കൺസോളിഡേഷൻ കുറവ് ചെയ്തില്ല**

പ്രവൃത്തിയുടെ 6-ാമത്തെ ഇനമായ മണ്ണ് ഫില്ലിങ്ങിന് 635.026m3 മണ്ണ് ഫില്ല് ചെയ്തതായി കാണുന്നു. കരാറുകാരന്റെ സ്വന്തം മണ്ണ് മനുഷ്യപ്രയത്നം ഉപയോഗിച്ച് ഇടിച്ച് ഉറപ്പിക്കുന്നതിനുള്ള നിരക്കായ 453.76/ക്യു.മീ ആണ് കരാറുകാരന് നല്കിയത്. (ആകെ 635.026m3x453.76= 288149.40/-). എന്നാൽ ഡി.എസ്.ആർ സ്പെസിഫിക്കേഷൻസ് പ്രകാരം യന്ത്രോപകരണങ്ങളുടെ സഹായത്തോടെയുള്ള ഉറപ്പിക്കൽ അല്ലെങ്കിൽ ഫില്ലിംഗിന്റെ 10% കൺസോളിഡേഷന് കുറവ് ചെയ്യേണ്ടതുണ്ട്. എന്നാൽ ഇവിടെ 635.026m3 ന്റെ 10% 63.503m3കുറവ് ചെയ്തിരുന്നില്ല.

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 21/17-2-2020) മറുപടിയായി ലെവൽസ് എടുത്ത് ക്വാണ്ടിറ്റി കണക്ക് കൂട്ടിയതിനാൽ കൺസോളിഡേഷൻ നൽകേണ്ടതില്ല എന്ന് അറിയിച്ചത് അംഗീകരിക്കാവുന്നതല്ല. കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിനായി ഉപയോഗിക്കേണ്ടിയിരുന്ന 78.983m3 ഉം കൺസോളിഡേഷന് കുറവ് ചെയ്യാതിരുന്ന 63.503m3 ഉം ഉൾപ്പടെ ആകെ 142.486 m3 മണ്ണിന് 453.76/m3 നിരക്കിലുള്ള വിലയായ 64,654/- രൂപ അധികമായി കൺവീനർക്ക് നൽകുവാനിടയായി. അധികം നൽകിയ തുക നിർവ്വഹണോദ്യോഗസ്ഥനായ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

## 1-40 ടാപ്പുഴ കുടിവെള്ള പദ്ധതി-പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ-നിക്ഷേപ പ്രവൃത്തി വ്യത്യസ്ത തലങ്ങളിൽ ഏകോപനമില്ലാതെ ഏറ്റെടുക്കുന്നു

അയർക്കുന്നം ഡിവിഷനിലെ ടാപ്പുഴ കുടിവെള്ള പദ്ധതിയുടെ പൈപ്പ്ലൈൻ എക്സ്റ്റൻഷനായി അയർക്കുന്നം ഗ്രാമപഞ്ചായത്തും, കോട്ടയം ജില്ലാ പഞ്ചായത്തും ഓഡിറ്റ് വർഷം ചുവടെ ചേർക്കും പ്രകാരം കേരളാ വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം./ പേര് | തുക നിക്ഷേപിച്ച സ്ഥാപനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവ് | ബിൽ നം./ വൗച്ചർ നം. |
|---|---|---|---|---|---|
| 1 | 1422/19 ടാപ്പുഴ കുടിവെള്ള പദ്ധതി അയർക്കുന്നം പഞ്ചായത്ത് വാർഡ് IXപൈപ്പ്ലൈൻ നീട്ടൽ | കോട്ടയം ജില്ലാ പഞ്ചായത്ത് | സെക്രട്ടറി | 8,00,000 (പദ്ധതി വിഹിതം) | 108/19 20.3.2019 |
| 2 | 1454/19 വാർഡ് 2, 3, 6, 14ൽ ടാപ്പുഴ കുടിവെള്ള പദ്ധതി പൈപ്പ്ലൈൻ നീട്ടൽ | കോട്ടയം ജില്ലാ പഞ്ചായത്ത് | സെക്രട്ടറി | 10,00,000 (പദ്ധതി വിഹിതം) | 112/19 20.3.19 |
| 3 | 23/19, പഞ്ചായത്തിലെ വാർഡ് 1, 3-11, 13-18, 20 വാർഡുകളിൽ ടാപ്പുഴ | അയർക്കുന്നം ഗ്രാമപഞ്ചായത്ത് | സെക്രട്ടറി | 4,40,000 (പദ്ധതി വിഹിതം) 5,10,000(തനതുഫണ്ട്) | 22/28.12.18 903373/ 8.3.19 |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ള പദ്ധതിയുടെ പൈപ്പ്ലൈൻ നീട്ടൽ | | | | |
| | **ആകെ** | | | **27,50,000** | |

കോട്ടയം ജില്ലാ പഞ്ചായത്തും അയർക്കുന്നം ഗ്രാമപഞ്ചായത്തും ചേർന്ന് അതാത് തലങ്ങളിലെ പ്രോജക്ടുകൾ പ്രകാരം 27.5 ലക്ഷം രൂപ നിക്ഷേപിച്ചിരുന്നുവെങ്കിലും പ്രവൃത്തിയുടെ പ്രാരംഭനടപടികൾ മാത്രമെ ആരംഭിച്ചിട്ടുള്ളൂവെന്ന് അയർക്കുന്നം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ 7.03.2020ൽ നടത്തിയ ഭൗതിക പരിശോധനയിൽ വ്യക്തമായിട്ടുണ്ട് (ജില്ലാ പഞ്ചായത്തിന്റെ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥലപരിശോധന). ജില്ലാ പഞ്ചായത്തിന്റെ 1454/19 നമ്പർ പ്രോജക്ട് പ്രകാരം അയർക്കുന്നം പഞ്ചായത്തിന്റെ 9-ാം വാർഡിൽ പുളിയമ്മാക്കൽ-പൊടിമറ്റം ഭാഗത്താണ് പൈപ്പ്ലൈൻ എക്സ്റ്റൻഷനായി തുക നിക്ഷേപിച്ചിരുന്നത്. എന്നാൽ അയർക്കുന്നം പഞ്ചായത്തിലും പുളിയമ്മാക്കൽ-വാരിക്കാട് ഭാഗത്ത് പൈപ്പ്ലൈൻ എക്സ്റ്റൻഷനായി തുക നിക്ഷേപിച്ചിരിക്കുന്നു. ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ടിന്റെ ഭാഗമായ എസ്റ്റിമേറ്റിൽ (8,00,000/- രൂപയുടെ എസ്റ്റിമേറ്റ്) ടി ഭാഗം കൂടി ഉൾപ്പെട്ടിരുന്നോ എന്നതിൽ വ്യക്തതയില്ല.

ജില്ലാ പഞ്ചായത്തിന്റെ 1422-ാം നമ്പർ പ്രോജക്ടിലും അയർക്കുന്നം പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ പ്രോജക്ടിലും ചാരത്തുപടി മരുതൂർ റോഡിൽ പൈപ്പ്ലൈൻ എക്സ്റ്റൻഷനായി തുക നിക്ഷേപിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ചവ കൂടാതെ 2019-20 സാമ്പത്തികവർഷത്തേയ്ക്കും 145/20 നമ്പർ പ്രോജക്ട് തയ്യാറാക്കി (4.6 ലക്ഷം രൂപ) എസ്റ്റിമേറ്റ് റിപ്പോർട്ട് നൽകുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.ഡബ്ല്യു.എ.യ്ക്ക് കത്ത് നൽകിയിട്ടുണ്ട് (കത്ത് നം.എ3-8893/17 തീയതി 6.08.2019). അയർക്കുന്നം പഞ്ചായത്തിന്റെ പല വാർഡുകളിലും ഗ്രാമപഞ്ചായത്ത് അധികൃതരുമായി കൂടിയാലോചിക്കാതെ അനധികൃതമായി ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ട് പ്രകാരം പൈപ്പ്ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചത് ഉചിതമല്ലായെന്ന് ചൂണ്ടിക്കാട്ടി പഞ്ചായത്ത് മെമ്പർ ശ്രീമതി ആനി ജെയിംസ് പരാതി നൽകിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തുകളിലെ പല വാർഡുകളും വേനൽക്കാലത്ത് ശുദ്ധജലക്ഷാമം തീവ്രമായി അനുഭവപ്പെടുന്നവയാണ് എന്ന് അറിയുന്നു. ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും ഏകോപനമില്ലാതെ പ്രത്യേകം പ്രോജക്ടുകൾ തയ്യാറാക്കി വൻതുക നിക്ഷേപിച്ചെങ്കിലും നാളിതുവരെ പ്രവൃത്തിയുടെ പ്രാരംഭനടപടികൾ മാത്രമേ ആരംഭിച്ചിട്ടുള്ളൂ. വാർഡുകളിലെ ഒരേ പ്രദേശങ്ങളിലെ പൈപ്പ്ലൈൻ എക്സ്റ്റൻഷന് വേണ്ടി ജില്ലാ പഞ്ചായത്തും, ഗ്രാമപഞ്ചായത്തും തുക നിക്ഷേപിച്ച സാഹചര്യം ത്രിതല പഞ്ചായത്ത് സംവിധാനങ്ങളിലെ വിവിധ തലങ്ങളിലുള്ള ഏകോപനമില്ലായ്മ വെളിപ്പെടുത്തുന്നു. ശരിയായ പ്രക്രിയയിലൂടെ ഉരുത്തിരിഞ്ഞതും ജനകീയ ആവശ്യങ്ങൾ പരിഗണിച്ചുള്ളതുമായ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള പ്രോജക്ട് ഏതെങ്കിലും ഒരു തലത്തിലൂടെ സംയോജിത പ്രോജക്ടായി ഏറ്റെടുത്തെങ്കിൽ മാത്രമേ കൃത്യമായ ഏകോപനവും മോണിറ്ററിംഗും സാദ്ധ്യമാവൂ. ഇതിന് വിരുദ്ധമായി ഓരോ തലത്തിലും വ്യത്യസ്തമായ പ്രോജക്ടുകൾ സമാന്തരമായി ഏറ്റെടുത്ത് തുക നിക്ഷേപിക്കുകയും നിക്ഷേപിച്ച തുകയ്ക്ക് അനുസൃതമായ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥ ആശാസ്യമല്ല. മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കെഡബ്ല്യുഎയുമായി ഏർപ്പെട്ടിട്ടുള്ള 29.03.2019ലെ കരാർ പ്രകാരം പൂർത്തീകരണ കാലാവധി 3 മാസമാണെങ്കിലും പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കെ.ഡബ്ല്യു.എ.യ്ക്ക് കത്ത് നൽകിയത് 01/2020ൽ മാത്രമാണ്.

2. മേൽ പ്രോജക്ട് പ്രകാരം എത്ര കി.മീ.നീളത്തിലാണ് പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ നടത്തിയതെന്നും എത്ര ഗുണഭോക്താക്കൾക്കാണ് പുതിയതായി ഗാർഹിക വാട്ടർ കണക്ഷൻ നൽകിയതെന്നും വ്യക്തമല്ല.

ഇത്തരം പ്രവണതകൾ വികസനഫണ്ടിന്റെ പാഴ്ചെലവിനും പദ്ധതി പ്രവർത്തനങ്ങളുടെ പരാജയത്തിനും ഇടയാക്കുമെന്നതിനാൽ മേൽ അപാകതകൾ ആവശ്യമായ വിശദീകരണത്തിനും പരിഹാര നടപടികൾക്കുമായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-41 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിനു ധനസഹായം നൽകൽ - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധിക തുക നല്കി

പ്രോജക്ടിന്റെ പേര് - പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിനു ധനസഹായം നൽകൽ (SO404/18-19)

| | | |
|---|---|---|
| അടങ്കൽ | | 4300000 |
| ചെലവ് | | 4210000 |
| ബിൽ നം - 5/MS/18-19 | 27-11-2018 | 715000 |

1. ജില്ല പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രോജക്ട് തയ്യാറാക്കിയത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉന്നതവിദ്യാഭ്യാസ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനാണ്. 14/02/2018 ലെ സ.ഉ.(കൈ)നം.22/18/ത.സ്വ.ഭ.വ ഖണ്ഡിക 7.2.5 പ്രകാരം സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ, സർക്കാരുകൾ ചുമതലപ്പെടുത്തിയ ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേയ്ക്കും യോഗ്യത നേടി പഠനം നടത്തിവരുന്ന എല്ലാ വിദ്യാർത്ഥികൾക്കും സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 15000/- രൂപ സ്കോളർഷിപ്പ് നൽകാവുന്നതാണ് (ബിരുദം/പോളിടെക്നിക് ഡിപ്ളോമ ഒഴികെ). എന്നാൽ പട്ടികജാതി വികസന ഓഫീസർ ഈ മാർഗ്ഗരേഖാ നിർദ്ദേശങ്ങളേക്കാൾ അധികമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | കോഴ്സ് | നൽകിയ തുക | നൽകേണ്ടിയിരുന്ന തുക | അധികമായി നൽകിയ തുക |
|---|---|---|---|---|---|
| 1 | ശരണ്യ ജയദാസ് | ഡി.എഡ് | 20000 | 15000 | 5000 |
| 2 | അതുല്യ ദാസ് | ഡി.എഡ് | 20000 | 15000 | 5000 |
| ആകെ | | | | | 10000/- |

ഡിപ്ലോമ ഇൻ എഡ്യുക്കേഷൻ വിദ്യാർത്ഥികൾക്ക് ബിരുദ വിദ്യാർത്ഥികളുടെ നിരക്കിൽ ധനസഹായം നൽകിയതിനു വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി - 17/15.02.2020) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അനുവദിച്ച 10000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ ജില്ലാ പട്ടികജാതി വികസന ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

**2. ധനസഹായ തുക തെറ്റായ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു**

ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 21.01.2019 ലെ എ3- 4801/18 കത്ത് പ്രകാരം സൂര്യ സുരേഷ്, കൊച്ചുപുരയ്ക്കൽ, റബർ ബോർഡ് പി ഒ, കോട്ടയം എന്ന വ്യക്തിക്ക് 20000/- രൂപ മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് തെറ്റായി ക്രെഡിറ്റ് ചെയ്തത് തിരിച്ചടവാക്കാൻ ആവശ്യപ്പെട്ടതായി കാണുന്നു. തെറ്റായി ക്രെഡിറ്റ് ചെയ്തതിന്റെ കാരണം, പണം തിരിച്ചടവാക്കിയെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്നിവ ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/17.02.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. തെറ്റായി നല്കിയ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത തുക നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ പട്ടികജാതി വികസന ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-42 സ്കൂളുകൾക്ക് കമ്പ്യൂട്ടർ, ഉപകരണങ്ങൾ വാങ്ങൽ -വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തില്ല.

പ്രോജക്ട് നം- 860/19

പ്രോജക്ടിന്റെ പേര് - വാകത്താനം ഡിവിഷനിലെ തൃക്കോതമംഗലം ഹയർ സെക്കന്ററി സ്കൂളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ

അടങ്കൽ -2000000/-(മെയിന്റനൻസ് ഫണ്ട് - നോൺറോഡ് )

ചെലവ് - 1989400/- (ബിൽ നം- 18/ 06.08.2018 )

2018-19 വർഷം വിദ്യാഭ്യാസ ഉപഡെപ്യൂട്ടി ഡയറക്ടർ നിർവഹണം നടത്തിയ ഈ പ്രോജക്ട് പ്രകാരം നേരിട്ടുള്ള നിർവഹണരീതി (ക്വട്ടേഷൻ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളിൽ നിന്ന് വാങ്ങാൻ) അവലംബിച്ച് ഫോട്ടോസ്റ്റാറ്റ് മെഷീൻ, ലാപ്ടോപ്പ്, സ്കാനർ, കമ്പ്യൂട്ടർ, പ്രൊജക്ടർ മുതലായവ വാങ്ങുന്നതിന് അംഗീകാരം ലഭിച്ചിരുന്നു (പ്രോജക്ട് നം. 794/17). സ്പിൽ ഓവറായി 2018-19 വർഷം നിർവഹണം നടത്തിയ ഈ പ്രോജക്ട് പ്രകാരം 52 ലാപ്ടോപ്പുകൾ 2 പ്രൊജക്ടറുകൾ (ഇൻവോയിസ് നം. P/080/17-18,തീ.19/03/2018), 2 നോൺ മാഗ്നറ്റിക് വൈറ്റ് റൈറ്റിംഗ് ബോർഡ്, 4 യു പി എസ് (3KVA) (ഇൻവോയിസ് നം. P/077/17-18, തീ.19/03/2018) എന്നിവ കെൽട്രോണിൽ നിന്നും നേരിട്ടും ക്വട്ടേഷൻ ക്ഷണിച്ച് ആർ.ജെ എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും ഫോട്ടോകോപ്പിയറും (ഇൻവോയിസ് നം.ജിഎസ് റ്റി00358 /തീ 22.02.2018 ) വാങ്ങിയിട്ടുണ്ട്. ഇൻവോയിസ് നം. P/077/17-18, തീ.19/03/2018 പ്രകാരം കെൽട്രോണിൽ നിന്നും വാങ്ങിയ 2 നോൺ മാഗ്നറ്റിക് വൈറ്റ് റൈറ്റിംഗ് ബോർഡ് സ്ഥാപനത്തിന്റെ സ്റ്റോക്കിലെടുത്തിട്ടില്ലെന്ന് സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കി ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റിലും പ്രസ്തുത ബോർഡുകൾ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ ബോർഡുകൾ സ്റ്റോക്കിലെടുക്കാൻ സാധിച്ചില്ലെന്നും നിലവിൽ ബോർഡുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരമുള്ള അപാകതക ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ നിർവഹണഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ് .

## 1-43 നിക്ഷേപ പ്രവൃത്തികൾ - പ്രവൃത്തികൾ നടപ്പാകാതെ 1.23 കോടി രൂപ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി നിയമാനുസരണം കരാർ ചമച്ച് എസ്റ്റിമേറ്റനുസരിച്ചുള്ള തുകകൾ വിവിധ നിർവ്വഹണ സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകിയിരുന്നു. എന്നാൽ പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ കരാർ പ്രകാരമുള്ള സമയപരിധിക്കകം പ്രവൃത്തി ആരംഭിക്കുകയോ നാളിതുവരെ പൂർത്തീകരിക്കുകയോ ചെയ്തതായി ഫയലിൽ രേഖകളില്ല. പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | നിർവ്വഹണ ഏജൻസി | കൈമാറിയ തുക | ബിൽ നമ്പർ | റിമാർക്സ് |
|---|---|---|---|---|---|
| 1 | 1338/19 അയർക്കുന്നം ഡിവിഷനിൽ മാനാട്ടുകുന്ന് കുടിവെള്ളപദ്ധതി- പൈപ്പ് ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | 100000/- | 109/19 20-3-19 | |
| 2 | 1423/19 കടുത്തുരുത്തി ഡിവിഷൻ - വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്റ്റൻഷൻ | എക്സി. എൻജിനീയർ, കേരള വാട്ടർ അതോറിറ്റി, കടുത്തുരുത്തി | 1000000/- | 105/19 20-3-19 | |
| 3 | 1469/19 കടുത്തുരുത്തി ഡിവിഷൻ- വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ വലിക്കൽ | ,, | 500000/- | 141/19 23-3-19 | |
| 4 | 1209/19 പുതുപ്പള്ളി ഡിവിഷൻ -6-ാം വാർഡിൽ പൈപ്പ് ലൈൻ വലിക്കൽ | എക്സി.എൻജിനീയർ വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, കോട്ടയം | 500000/- | 50/18 23-11-18 | |
| 5 | 1439/19 മറവൻതുരുത്ത് പഞ്ചായത്ത് വാർഡ് 7-ൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | എക്സി.എൻജിനീയർ കെ.എസ്.ഇ.ബി, വൈക്കം ഡിവിഷൻ | 155919/- | 115/19 20-3-19 | |

| | | | | | |
|---|---|---|---|---|---|
| 6 | 1440/19<br>കുറവിലങ്ങാട് ഡിവിഷൻ- മാഞ്ഞൂർ, കുറവിലങ്ങാട് പഞ്ചായത്തുകളിൽ വൈദ്യുതലൈൻ വലിക്കൽ | എക്സി.എൻജിനീയർ<br>കെ.എസ്.ഇ.ബി, വൈക്കം ഡിവിഷൻ | 496445/- | | |
| 7 | 1446/19<br>ഉഴവൂർ ഡിവിഷൻ -മരങ്ങാട്ടുപള്ളി പഞ്ചായത്ത് സ്ട്രീറ്റ് ലൈൻ വലിക്കൽ | എക്സി.എൻജിനീയർ<br>കെ.എസ്.ഇ.ബി, ഡിവിഷൻ | 2547709/- | | |
| 8 | 1419/19<br>വിവിധ പഞ്ചായത്തുകളിൽ കുറവിലങ്ങാട്,ഏറ്റുമാനൂർ,നീണ്ടൂർ) വൈദ്യുതലൈൻ വലിക്കൽ | എക്സിക്യൂട്ടീവ് എൻജിനീയർ<br>കെ.എസ്.ഇ.ബി, വൈക്കം ഡിവിഷൻ | 99356 +<br>559831 +<br>184104<br>843291 | | |
| 9 | 1403/19 വൈക്കം ഡിവിഷൻ - മൂലേക്കരി പാടശേഖരത്തിന് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - തുക അടവാക്കൽ | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് , തലയാഴം | 138318 | 71/19/ 18.1.2019 | കരാർ തീയതി - 22.3.2019<br>കരാർ വ്യവസ്ഥ ക്രമ നം. 8 പ്രകാരം എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ തുക നിക്ഷേപിച്ച് മൂന്ന് മാസത്തിനകം പൂർത്തിയാക്കേണ്ടതാണ്. |
| 10 | 1443/19 വൈക്കം ഡിവിഷൻ - തലയാഴം പഞ്ചായത്ത് - കാട്ടകരി പാടശേഖരത്തിന് ത്രീഫേസ്ലൈനും ട്രാൻസ്ഫോർമറും സ്ഥാപിക്കൽ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ ഡിവിഷൻ, വൈക്കം | 610000 | 106/19/12.3.19 | കരാർ തീയതി - 8.3.2019<br>കരാർ വ്യവസ്ഥ ക്രമ നം. 8 പ്രകാരം എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ തുക നിക്ഷേപിച്ച് മൂന്ന് മാസത്തിനകം പൂർത്തിയാക്കേണ്ടതാണ്. |
| 11 | 1438/19 വൈക്കം ഡിവിഷൻ - തലയാഴം പഞ്ചായത്ത്- സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ ഡിവിഷൻ, വൈക്കം | 156000 | 110/19/12.3.2019 | കരാർ തീയതി - 8.3.2019<br>കരാർ വ്യവസ്ഥ പ്രകാരം എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ തുക നിക്ഷേപിച്ച് മൂന്ന് മാസത്തിനകം പൂർത്തിയാക്കേണ്ടതാണ്. |
| 12 | 176/18-19 ഐ.കെ.എം. വിഹിതം | എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ | 500000 | 9/18-19/31.5.2018 | |
| 13 | 400/19 വിവിധ ഡിവിഷനുകളിൽ വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ | വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. | 3374188 | അനുബന്ധം കാണുക | |
| 14 | 595/19 സുജലം പദ്ധതിയുടെ ഭാഗമായി ജില്ലാ പഞ്ചായത്തിന് കീഴിലുള്ള വിവിധ തോടുകൾ വൃത്തിയാക്കുന്നു. | സെക്രട്ടറി, ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് | 1000000 | 93/18-19/2.3.19 | |
| ആകെ | | | 1,23,49,622 | | |

മേൽ പ്രോജക്കുകളിൽ ഇതിനോടകം നിർവ്വഹണം പൂർത്തീകരിച്ചവയുടെ പൂർത്തീകരണസാക്ഷ്യപത്രവും നിക്ഷേപത്തുകയുടെ വിശദമായ വിനിയോഗവിവരങ്ങളും പൂർത്തീകരിച്ചിട്ടില്ലാത്ത സംഗതികളിൽ പ്രോജക്കുകളുടെ നിലവിലെ സ്ഥിതിവിവരവും രേഖാമൂലം ആവശ്യപ്പെട്ടുവെങ്കിലും (എൻക്വയറി നമ്പർ - 35/24.2.2020, 10/11.02.2020, 19/15.02.2020) മറുപടിയോ പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആർപ്പൂക്കര പഞ്ചായത്തിന് സുജലം പദ്ധതിക്ക് കൈമാറിയ തുക തൻവർഷം ചെലവഴിച്ചിട്ടില്ലെന്ന്

പഞ്ചായത്തിന്റെ ചെലവ് പത്രികയുടെ പരിശോധനയിൽ കാണുന്നു. തുകകൾ കൈമാറി ഒരുവർഷം കഴിഞ്ഞിട്ടും പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ മേൽ പട്ടികപ്രകാരം വിവിധ നിർവ്വഹണ ഏജൻസികൾക്കായി കൈമാറിയിട്ടുള്ള ആകെത്തുകയായ 1,23,49,622/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ നടപ്പാക്കിക്കിട്ടുന്നതിനും ഓരോ പ്രവൃത്തികൾക്കും കൈമാറി നൽകിയ തുകകളുടെ വിശദമായ വിനിയോഗ വിവരങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-44 അയർക്കുന്നം ഡിവിഷനിൽ അയർക്കുന്നം പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾക്ക് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിക്ഷേപിച്ച തുക –പ്രോജക്റ്റ് നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പോലും സ്വീകരിച്ചില്ല – ത്രിതല പഞ്ചായത്തുകളുടെ കോർഡിനേഷൻ ഫലപ്രദമല്ല - 8,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

അയർക്കുന്നം ഡിവിഷനിൽ അയർക്കുന്നം പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾക്ക് തൻവർഷം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിക്ഷേപിച്ച തുകകളുടെ പൂർത്തീകരണ വിനിയോഗ വിവരങ്ങൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | നൽകിയ തുക | ബിൽ നം./ തീയതി | റിമാർക്ക്സ് |
|---|---|---|---|---|
| 1467/19 | അയർക്കുന്നം ഡിവിഷൻ - അയർക്കുന്നം പഞ്ചായത്ത് -എടാട്ട് ഭാഗത്ത് കുഴൽകിണർ നിർമ്മാണം | 300000 (വികസനഫണ്ട് ജനറൽ) | 121/19/16.3.2019 | 8.3.2019 ൽ ഭൂജലവകുപ്പ് ജില്ലാ ഓഫീസറുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. |
| 625/19 | അയർക്കുന്നം ഡിവിഷൻ - അയർക്കുന്നം പഞ്ചായത്ത് - നീറിക്കാട് ഹരിജൻ കോളനിയിൽ കുടിവെള്ളം എത്തിക്കുക | 500000 (വികസനഫണ്ട് എസ്.സി.പി.) | 46/18-19/ 8.11.2018 | 14.11.2018ൽ ഭൂജലവകുപ്പ് ജില്ലാ ഓഫീസറുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. |

കരാർ വ്യവസ്ഥ 7 പ്രകാരം 1467/19-ാം നമ്പർ പ്രോജക്റ്റ് തുക നിക്ഷേപിച്ച് മൂന്ന് മാസത്തിനകവും 625/19-ാം നമ്പർ പ്രോജക്റ്റ് രണ്ട് മാസത്തിനകവും പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ ടി പ്രോജക്റ്റുകൾ നാളിതുവരെ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തപക്ഷം പ്രവൃത്തിയുടെ നിലവിലെ അവസ്ഥ ലഭ്യമാക്കുന്നതിന് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭിച്ചിട്ടില്ല. കരാർ വ്യവസ്ഥ 12 പ്രകാരം തദ്ദേശസ്ഥാപനം നിശ്ചയിക്കുന്ന ഒരു മോണിട്ടറിംഗ് കമ്മിറ്റിക്ക് പ്രവൃത്തിയുടെ മോണിട്ടറിംഗ് നടത്താവുന്നതാണ്. എന്നാൽ ഇപ്രകാരം സ്ഥലപരിശോധന നടത്തി മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കുകയോ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/10.02.2020) മറുപടി നൽകുകയോ ചെയ്തില്ല. ടി സാഹചര്യത്തിൽ 7.3.2020 ൽ ഓഡിറ്റ് ടീം പഞ്ചായത്ത് ഓഫീസ് സന്ദർശിക്കുകയും സ്ഥലപരിശോധന നടത്തുകയുമുണ്ടായി. ടി പ്രോജക്റ്റുകൾക്ക് തുക വകയിരുത്തിയതും ഡെപ്പോസിറ്റ് ചെയ്തതും അതാത് വാർഡ് മെമ്പർമാർ അറിഞ്ഞിരുന്നതുപോലുമില്ലെന്ന് ഓഡിറ്റ് ടീമിനെ അറിയിച്ചു. അയർക്കുന്നം ഡിവിഷൻ മെമ്പറുമായി വാർഡ് മെമ്പർ മുഖേന ഫോണിൽ സംസാരിച്ചതിൽ 1467/19 നമ്പർ പ്രോജക്റ്റ് തുക മണാട്ടുഭാഗത്ത് കുടിവെള്ളം ലഭ്യമാക്കുന്ന പ്രോജക്റ്റിന് മാറ്റി നൽകുവാൻ തീരുമാനിച്ചുവെന്നും 625/19 നമ്പർ പ്രോജക്റ്റിന്റെ സ്ഥലം ചതുപ്പുനിലം ആയതിനാൽ കുഴൽകിണർ കുഴിക്കുവാൻ

സാധിക്കില്ല എന്നുമാണ് അറിയിച്ചത്. അയർക്കുന്നം പഞ്ചായത്തിലെ 17-ാംവാർഡിലുൾപ്പെട്ട നീറിക്കാട് ഹരിജൻ കോളനി വാർഡ് മെമ്പറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം സന്ദർശിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

ഉയർന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നതും 32 എസ്.സി. കുടുംബങ്ങൾ അധിവസിക്കുന്നതുമായ പ്രസ്തുത കോളനിയുടെ തുടക്കഭാഗത്തുള്ള അങ്കണവാടിയിലെ കിണറ്റിൽ ജലലഭ്യത ഇല്ലാത്തതിനാൽ പ്രത്യേകമായി ജലം ശേഖരിച്ച് ഉപയോഗിക്കേണ്ട അവസ്ഥയാണ് നിലവിലുള്ളത്. ഹൗസ് കണക്ഷനുകൾ വന്നതോടെ വാട്ടർ അതോറിറ്റി സ്ഥാപിച്ച ഒരേയൊരു ടാപ്പിൽ വല്ലപ്പോഴും മാത്രമാണ് കുടിവെള്ളം ലഭ്യമാകുന്നത്. ഒരു പഞ്ചായത്ത് കിണറും ഒരു കുഴൽകിണറും കോളനിയിൽ ഉണ്ടെങ്കിലും രണ്ടിലും വെള്ളമില്ലാത്ത സ്ഥിതിയാണ്. ജലക്ഷാമം രൂക്ഷമായ ടി പ്രദേശത്ത് കുടിവെള്ളം ലഭ്യമാക്കുന്നതിന് എസ്.സി.പി. ഫണ്ട് വകയിരുത്തിയ ടി പ്രോജക്ട് നടപ്പാക്കുന്നതിന് പ്രാഥമിക നടപടികൾ പോലും സ്വീകരിക്കാതിരുന്നതും പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ സഹകരണം ഉറപ്പു വരുത്താത്തത് ഭരണനിർവ്വഹണത്തിലെ വീഴ്ചയായി കണക്കാക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/10.02.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കുന്നതു വരെ 8,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-45 സംയുക്തപ്രോജക്ടുകൾ- പൂർത്തീകരണവിവരങ്ങളും ചെലവഴിച്ച തുകകളുടെ വിനിയോഗ വിവരങ്ങളും ലഭ്യമായിട്ടില്ല- 7975304/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്തുകൾ സംയുക്തമായി നടപ്പാക്കുന്ന വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വകയിരുത്തിയിരുന്ന തുകകൾ ബന്ധപ്പെട്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെ ജോയിന്റ് വെഞ്ചർ അക്കൗണ്ടിലേക്ക് അക്കൗണ്ട് ട്രാൻസ്ഫർവഴി നൽകിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് നിർവ്വഹണസ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും പ്രോജക്ടുകളുടെ നിർവ്വഹണനടപടികൾ സംബന്ധിച്ച വിവരങ്ങളോ കൈമാറിയ തുകകളുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങളോ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രോജക്ടുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | നിർവ്വഹണസ്ഥാപനം | നൽകിയ തുക | ബിൽ നമ്പർ | റിമാർക്സ് |
|---|---|---|---|---|---|
| 1 | 558/19<br>അയർക്കുന്നം ഗ്രാമപഞ്ചായത്ത് വാർഡ് ഏഴ് - പക്കിക്കുന്ന് കുടിവെള്ളപദ്ധതി പൂർത്തീകരണം | അയർക്കുന്നം ഗ്രാമപഞ്ചായത്ത് | 100000/- | 23/31-8-18 | |
| 2 | 521/19<br>കൊഴുവനാൽ പഞ്ചായത്ത്- തണ്ണീറാമറ്റം - തട്ടപ്പാലം റോഡ് പാലം നിർമ്മാണം | കൊഴുവനാൽ ഗ്രാമ പഞ്ചായത്ത് | 400000/- | 19/2018-19 | |
| 3 | 1375/19<br>നെടുങ്കുന്നം പഞ്ചായത്ത്- ചാത്തൻപാറ മിഷൻതോട് റോഡ് നിർമ്മാണം | നെടുങ്കുന്നം പഞ്ചായത്ത്- | 200000/- | 99/19<br>തീ.22-3-19 | |
| 4 | 1377/19 | | 850000/- | 75/19 | |

| | | | | | |
|---|---|---|---|---|---|
| | നെടുങ്കുന്നം പഞ്ചായത്ത് – തൊട്ടിക്കൽ അങ്കണവാടി നിർമ്മാണം | നെടുങ്കുന്നം പഞ്ചായത്ത്- | | 18-1-19 | |
| 5 | 1378/19<br>നെടുങ്കുന്നം പഞ്ചായത്ത് -67-ാം നമ്പർ അങ്കണവാടി നിർമ്മാണം | നെടുങ്കുന്നം പഞ്ചായത്ത്- | 500000/- | 73/19<br>18-1-19 | |
| 6 | 199/19<br>വിജയപുരം ഗ്രാമപഞ്ചായത്ത്- ചെമ്പോല കുടിവെള്ളപദ്ധതി പൂർത്തീകരണം | വിജയപുരം പഞ്ചായത്ത്- | 900000/- | 55/19<br>29-11-18 | |
| 7 | 1380/19<br>കങ്ങഴ പഞ്ചായത്ത് -പഴുതാക്കുളം റോഡ് കോൺക്രീറ്റിംഗ് -വിഹിതം നൽകൽ | കങ്ങഴ പഞ്ചായത്ത് | 300000/- | 116/20-3-19 | |
| 8 | 1374/19<br>നെടുങ്കുന്നം പഞ്ചായത്ത് – മാണിക്കുന്നം -മുതിരമല റോഡ് കോൺക്രീറ്റിംഗ് | നെടുങ്കുന്നം പഞ്ചായത്ത് | 200000/- | 96/20-3-19 | |
| 9 | 1373/19<br>നെടുങ്കുന്നം പഞ്ചായത്ത്- കിടിത്തറ ചമ്പന്നൂർറോഡ്റോഡ് | നെടുങ്കുന്നം പഞ്ചായത്ത് | 200000/- | 100/20-3-19 | |
| 10 | 1376/19<br>നെടുങ്കുന്നം പഞ്ചായത്ത്- അച്ചിപ്പറമ്പിൽ- അച്ചനാപുരം റോഡ് | നെടുങ്കുന്നം പഞ്ചായത്ത് | 200000/- | 101/20-3-19 | |
| 11 | 1381/19<br>നെടുങ്കുന്നം പഞ്ചായത്ത് -<br>കുര്യൻപ്ലാക്കൽ -ലക്ഷംവീട് കോളനിറോഡ് | കങ്ങഴ പഞ്ചായത്ത് | 300000/- | 117/19<br>20-3-19 | |
| 12 | 1321/19<br>കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത്, കാണക്കാരി | കാണക്കാരി ഗ്രാമപഞ്ചായത്ത് | 1000000/- | 123/19<br>20-3-19 | |

| | | | | | |
|---|---|---|---|---|---|
| | ഗ്രാമപഞ്ചായത്ത് - കിണർ റീചാർജിംഗ് | | | | |
| 13 | 1447/19 രാമപുരം പഞ്ചായത്ത്- സോളാർപാനൽ സ്ഥാപിക്കുന്നതിന് പഞ്ചായത്തിന് വിഹിതം നൽകൽ | രാമപുരം പഞ്ചായത്ത് | 600000/- | 94/19 20-3-19 | |
| 14 | 1345/19 പാമ്പാടി ഡിവിഷൻ – വെള്ളൂർ - മാങ്കുഴി കുടിവെള്ള പദ്ധതി പാമ്പാടി ബ്ലോക്കിന് വിഹിതംനൽകൽ | പാമ്പാടി ബ്ലോക്ക്പഞ്ചായത്ത് | 325304/- | | |
| 15 | 601/19 ഭരണങ്ങാനം ഡിവിഷനിൽ കടനാട് പഞ്ചായത്തിൽ നൂറുമല കുടിവെള്ളപദ്ധതി പൂർത്തീകരണം | സെക്രട്ടറി, കടനാട് ഗ്രാമ പഞ്ചായത്ത് | 500000 | 126/19/ 16.3.2019 | കടനാട് പഞ്ചായത്ത് തൻവർഷം ടി പ്രോജക്ടിന് തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| 16 | 603/19 ഭരണങ്ങാനം ഡിവിഷനിൽ കടനാട് പഞ്ചായത്തിൽ കുറുമണ്ണ് വാർഡ് വരകിൽ രണ്ട്മാവ് കുറുമണ്ണ് ഇഞ്ചിക്കാവ് കുടിവെള്ളപദ്ധതി പൂർത്തീകരണം | സെക്രട്ടറി, കടനാട് ഗ്രാമ പഞ്ചായത്ത് | 500000 | 130/19/ 16.3. 2019 | കടനാട് പഞ്ചായത്ത് തൻവർഷം ടി പ്രോജക്ടിന് തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| 17 | 1387/19 ഭരണങ്ങാനം ഡിവിഷൻ- കടനാട് പഞ്ചായത്ത് - മണിയാക്കുപാറ കുടിവെള്ളപദ്ധതി - പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - പഞ്ചായത്തിന് വിഹിതം നൽകൽ. | സെക്രട്ടറി, കടനാട് ഗ്രാമ പഞ്ചായത്ത് | 200000 | 128/19/ 16.3.2019 | പഞ്ചായത്ത് തൻവർഷം ടി പ്രോജക്ടിന് 1,71,535/- രൂപ ചെലവഴിച്ചു. 28,465/- രൂപ നീക്കിയിരിപ്പുണ്ട്. |
| 18 | 530/19 കിടങ്ങൂർ ഡിവിഷൻ - മുത്തോലി ഗ്രാമപഞ്ചായത്ത് നെയ്യൂർ തോട്ടിൽ മുത്തോലി കോൺവെന്റിന് പടിഞ്ഞാറ് വശം മണ്ണൂർ ഭാഗത്ത് ചെക്ക് ഡാം നിർമ്മാണം - ജില്ലാപഞ്ചായത്ത് | സെക്രട്ടറി, മുത്തോലി ഗ്രാമപഞ്ചായത്ത് | 700000 | 133/19/ 22.3.2019 | കരാർ തീയതി - 2.3.2019. 2019-20ലാണ് പ്രോജക്ട് നടപ്പാക്കിയത്. 6,39,367/-രൂപ ചെലവഴിച്ചു. 60,633/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | വിഹിതം ഗ്രാമപഞ്ചായത്തിന് നൽകൽ | | | | |
| ആകെ | | 7975304/ | | | |

സംയുക്ത പ്രോജക്ടുകൾക്ക് ലഭ്യമാക്കുന്ന തുകകൾ അതാത് വർഷം തന്നെ വിനിയോഗിച്ച് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണെന്ന നിർദ്ദേശം പാലിക്കപ്പെടുന്നില്ല. മേൽപ്പറഞ്ഞ പ്രോജക്ടുകളുടെ പൂർത്തീകരണ സാക്ഷ്യപത്രവും കൈമാറിയ തുകകളുടെ വിനിയോഗവിശദാംശങ്ങളും നാളിതുവരെ ലഭ്യമായിട്ടില്ലാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.34/20.02.2020, 8/10.02.2020, 11/11.02.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ച് വിനിയോഗവിവരം ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കേണ്ടതും വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകകൾ തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കേണ്ടതുമാണ്. ടി വിവരങ്ങൾ ലഭ്യമാക്കുന്നതുവരെ 79,75,304/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-46 രൂപീകരിക്കാത്ത പ്രോജക്ടിനുവേണ്ടി കൈമാറിയ തുക തിരികെ ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് | 599/19,<br>കൃഷി ആവശ്യത്തിനായി നെടുങ്കുന്നം പഞ്ചായത്തിന് തുക കൈമാറുന്നത്. |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 500000/- (വികസനഫണ്ട്) |
| ചെലവ് | 24000/- |
| ബിൽ നമ്പർ | 15/19 (ബിൽനമ്പർ 15/19 /27-3-19) |

നെടുങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ വാർഷികപദ്ധതിയിലെ കർഷകഗ്രൂപ്പുകൾക്ക് സബ്സിഡി അനുവദിക്കൽ (പ്രോജക്ട്നമ്പർ 111/19) എന്ന പ്രോജക്ടിന് ജില്ലാപഞ്ചായത്ത് വിഹിതം അനുവദിക്കുന്നതിനുവേണ്ടിയുള്ള മേൽ പ്രോജക്ട് പ്രകാരം 24000/-രൂപ മാത്രമേ തൻവർഷം ഗ്രാമപഞ്ചായത്തിന് കൈമാറിയിരുന്നുള്ളൂ. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25-3-19-ലെ കത്തിന്റെ അടിസ്ഥാനത്തിൽ 50000/- രൂപയുടെ ബിൽ കൂടി ട്രഷറിയിൽ സമർപ്പിച്ചിരുന്നെങ്കിലും ബിൽ പാസ്സാകാതെ ക്യൂ ലിസ്റ്റിലാവുകയാണുണ്ടായത്. പ്രോജക്ട് പൂർത്തീകരിക്കാത്തതിനാൽ 2019-20 വർഷം സ്പിൽ ഓവറായി പ്രോജക്ടിന് അംഗീകാരം ലഭിക്കുകയും പ്രസ്തുത ബിൽ പിന്നീട് 8/2019-ൽ ട്രഷറി പാസ്സാക്കി സംയുക്തപ്രോജക്ടുകൾക്കുവേണ്ടി ഗ്രാമപഞ്ചായത്തിന്റെ കറുകച്ചാൽ സബ്ട്രഷറിയിലുള്ള അക്കൗണ്ടിലേക്ക് (അക്കൗണ്ട്നം-799011400003362) ക്രെഡിറ്റ് ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ തൻവർഷം പ്രസ്തുത ഉദ്ദേശ്യത്തിനായി ഗ്രാമപഞ്ചായത്ത് പ്രോജക്ട് രൂപീകരിച്ചിട്ടില്ലാത്തതിനാൽ ജില്ലാ ട്രഷറിയിൽ ജില്ലാപഞ്ചായത്തിന്റെ പേരിലുള്ള 708011400000041നമ്പർ അക്കൗണ്ടിലേക്ക് തുക തിരികെ അടവാക്കി വിവരം രേഖാമൂലം അറിയിക്കുകയും ചെയ്തു. എന്നാൽ ജില്ലാപഞ്ചായത്തിന് ഇപ്രകാരമൊരു അക്കൗണ്ട് നിലവിലില്ലെന്നും ആയതിനാൽ പ്രസ്തുത തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്കോ ജില്ലാപഞ്ചായത്തിന്റെ പേരിലുള്ള 708011400000021 നമ്പർ അക്കൗണ്ടിലേക്കോ തിരിച്ചടയ്ക്കേണ്ടതാണെന്ന് രേഖാമൂലം ഗ്രാമപഞ്ചായത്തിനെ അറിയിക്കുകയും ചെയ്തു. അക്കൗണ്ട് സംബന്ധിച്ച കാര്യത്തിൽ വ്യക്തത ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് ജില്ലാ ട്രഷറിക്ക് കത്ത്

നൽകിയതിനെതുടർന്ന് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് & സെക്രട്ടറി, ജില്ലാ കളക്ടർ, ജില്ലാ പ്ലാനിംഗ് കമ്മിറ്റി എന്നിവർ ഉൾപ്പെടുന്ന ജോയിന്റ് അക്കൗണ്ട് (അക്കൗണ്ട് നമ്പർ70801140000041) ജില്ലാ ട്രഷറിയിൽ നിലനിൽക്കുന്നതായി അറിയിച്ചതായും അക്കൗണ്ട് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയതായും കാണുന്നു. അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം ജില്ലാപഞ്ചായത്ത് കൈമാറിയ തുക തിരികെ ഈ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു.

പ്രസ്തുത അക്കൗണ്ട് ഏതാവശ്യത്തിനുവേണ്ടി ആരംഭിച്ചിട്ടുള്ളതാണെന്നും അക്കൗണ്ട് ആരംഭിച്ച തീയതി അക്കൗണ്ടിൽ നിലവിലുള്ള ബാലൻസ് എന്നീ വിവരങ്ങൾ സംബന്ധിച്ച് വ്യക്തത ലഭിച്ചിട്ടില്ല. ലഭ്യമാക്കിയ ഫയൽ പ്രകാരം ഈ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിരുന്ന വികസനഫണ്ട് വിഹിതമായ 50,000/-രൂപ ജില്ലാപഞ്ചായത്തിന്റെ 70801140000021 നമ്പർ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുകയോ സർക്കാരിലേക്ക് തിരിച്ചടച്ചതായോ കാണുന്നില്ല. തുക ലഭ്യമായിട്ടുള്ളപക്ഷം ആയതിന്റെ വിവരം രേഖാമൂലം അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടെങ്കിലും (എൻക്വയറി നമ്പർ-32/20-2-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തിരികെ ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കി ചെലാൻ പകർപ്പ് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-47 ആർ.എം.എസ്.എ. ഫണ്ട് വരവുചെലവ് കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല-കേന്ദ്രവിഹിതം ഇനത്തിൽ ലഭിച്ച 2365000/- രൂപ വിനിയോഗിച്ചില്ല.

ഫയൽ നം. സി3.1247/2017
കോട്ടയം ജില്ലയിലെ വിവിധ സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി ലഭിക്കുന്ന കേന്ദ്രവിഹിതമാണ് ആർ.എം.എസ്.എ.ഫണ്ട്. വാർഷികകണക്ക് പ്രകാരം 2018-19ലെ ചെലവ് തുക 48,04,120/- രൂപയും നീക്കിയിരിപ്പ് 4,65,37,756/- രൂപയുമാണ്. ചെലവഴിച്ച തുക ജില്ലയിലെ ഏതൊക്കെ സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ചെലവഴിച്ചു എന്നതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ആർ എം എസ് എ ഫണ്ട് തിരികെ ഒടുക്കിയതിനാൽ തൻവർഷം കേന്ദ്രവിഹിതം ഇനത്തിൽ 23,65,000/- രൂപ നഷ്ടമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചതും ഹൈസ്ക്കൂളുകളായി ഉയർത്തിയതുമായ ജില്ലയിലെ വിവിധ ഗവ.സെക്കൻഡറി സ്ക്കൂളുകളിൽ ടോയ്‌ലറ്റ്, സയൻസ് ലബോറട്ടറി, ആർട്ട്& കൾച്ചർ ഹാൾ, ലൈബ്രറി എന്നിവ നിർമ്മിക്കുന്നതിന് സ്ക്കൂൾ ശാക്തീകരണത്തിന്റെ ഭാഗമായി രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാനിൽ (RMSA) നിന്ന് ലഭിച്ച തുകയിൽ 27,60,000/- രൂപ വൗച്ചർ നമ്പർ 21800777/9.11.2018 പ്രകാരം 2018-19 വർഷം തിരികെ ഒടുക്കിയിരുന്നു. വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ടോയ്‌ലറ്റ് സൗകര്യം സ്ക്കൂളുകളിൽ ഉണ്ടെന്ന കാരണത്താലാണ് ടോയ്‌ലറ്റിന് 1 ലക്ഷം രൂപ വീതം അനുവദിക്കപ്പെട്ട 47 സ്ക്കൂളുകളിൽ 13 സ്ക്കൂളുകളും ടോയ്‌ലറ്റ് നിർമ്മാണത്തിന് തുക വേണ്ടെന്ന് അറിയിച്ചത്. എന്നാൽ സ്ക്കൂൾ ശാക്തീകരണവുമായി ബന്ധപ്പെട്ട് RMSA നിർദ്ദേശിച്ച മാനദണ്ഡങ്ങൾക്ക് അനുസൃതമായി ലാബ് നിർമ്മാണം നടത്തുവാൻ RMSAയിൽ നിന്ന് ലഭിച്ച തുക അപര്യാപ്തമായതിനാൽ പ്രോജക്ടിൽനിന്ന് ഒഴിവാക്കണമെന്ന് മീനടം, താഴത്തുവടകര ഗവ.സ്ക്കൂൾ മേധാവികൾ അറിയിക്കുകയാണ് ചെയ്തത്. ഓരോ സ്ക്കൂളിനും അനുവദിച്ച തുകയിൽ അധികമായി ചെലവ് വരികയാണെങ്കിൽ ആയത് ബന്ധപ്പെട്ട ജില്ലാപഞ്ചായത്തുകൾ വഹിക്കേണ്ടതാണെന്ന് ഫണ്ട് അനുവദിച്ചുകൊണ്ടുള്ള RMSAയുടെ ഉത്തരവുകളിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും സ്ക്കൂളുകൾക്ക് ലാബ് നിർമ്മാണത്തിന് അധികമായി വേണ്ടിവരുന്ന തുക വകയിരുത്താൻ ജില്ലാപഞ്ചായത്ത് തയ്യാറാകാതിരുന്നതിനാലാണ് ഇപ്രകാരം തുക തിരികെ ഒടുക്കേണ്ടിവന്നത്. കൈമാറിക്കിട്ടിയ സ്ക്കൂളുകളുടെ അടിസ്ഥാനസൗകര്യവികസനത്തിന് ജില്ലാപഞ്ചായത്ത് തുക അനുവദിക്കാതിരുന്നതിനാൽ മേല്പറഞ്ഞ സ്ക്കൂളുകൾക്ക് ലഭിക്കേണ്ടിയിരുന്ന 18,10,000/- രൂപ നഷ്ടപ്പെട്ടു.

RMSA ജില്ലാ പ്രോജക്ട് ഡയറക്ടറുടെ 20.5.2017ലെ 201/RMSA നമ്പർ ഉത്തരവുപ്രകാരം സയൻസ് ലബോറട്ടറി അനുവദിക്കപ്പെട്ട സ്ക്കൂളുകളുടെ പട്ടികയിൽ ഗവ.ഹൈസ്ക്കൂൾ, കരിപ്പൂത്തട്ട് ഉൾപ്പെട്ടിരുന്നില്ലെങ്കിലും ടി സ്ക്കൂളിന് നിലവിൽ ലാബ് ഉണ്ടെന്ന കാരണത്താൽ 5,55,000/-രൂപ RMSAയിലേയ്ക്ക് തിരികെ ഒടുക്കിയിട്ടുണ്ട്. പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്കൂളിന്റെ പേരിൽ ഇപ്രകാരം തുക തിരികെ ഒടുക്കിയത് ഗുരുതരമായ വീഴ്ചയാണ്. മേൽകാരണങ്ങളാൽ ലഭിക്കേണ്ടിയിരുന്ന കേന്ദ്രവിഹിതം 23,65,000/- രൂപ (1810000+555000) ജില്ലാപഞ്ചായത്തിന് നഷ്ടമായതായി ഓഡിറ്റിൽ വിലയിരുത്തുന്നു.

| സ്ക്കൂളിന്റെ പേര് | തുക (രൂപ) | | | | | |
|---|---|---|---|---|---|---|
| | നിർമ്മാണത്തിന് അനുവദിച്ച തുക | | | | ഒന്നാംഗഡു | തിരികെ ഒടുക്കിയത് |
| | ലൈബ്രറി | ലബോറട്ടറി | ആർട്ട് & കൾച്ചർ ഹാൾ | ആകെ | | |
| ഗവ.ഹൈസ്ക്കൂൾ, മീനടം | | 610000 | | 610000 | 305000 | 305000 |
| ഗവ.ഹയർ സെക്കൻഡറി സ്ക്കൂൾ, താഴത്തുവടകര | 700000 | | 500000 | 1200000 | 600000 | 600000 |
| ഗവ.ഹൈസ്ക്കൂൾ, കരിപ്പൂത്തട്ട് | | | | | | 555000 |
| ആകെ | 700000 | 610000 | 500000 | 1810000 | | 1460000 |

ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് 58/9.3.2020 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ RMSAയിൽ നിന്ന് തുക തിരികെ ഈടാക്കുന്നതിനും സ്കൂളുകളിൽ അടിസ്ഥാനസൗകര്യം ഒരുക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-48 ജില്ലാപഞ്ചായത്ത് ഒരു ഡിവിഷനിലെ ഗുണഭോക്താക്കൾക്ക് മാത്രമായി വ്യക്തിഗത പ്രോജക്ട്-പഠനമുറി നിർമ്മാണം ആവിഷ്ക്കരിച്ച് നടപ്പിലാക്കി

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | S1197/19 , അയർക്കുന്നം ഡിവിഷനിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം |
| അടങ്കൽ | 32,00,000/- വികസനഫണ്ട്(എസ്.സി.പി) |
| ചെലവ് | 19,00,000/-രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | എസ്.സി.ഡെവലപ്പ്മെന്റ് ഓഫീസർ |

ജില്ലാപഞ്ചായത്തിന് കീഴിൽ 71 ഗ്രാമപഞ്ചായത്തുകൾ ഉള്ളതിൽ ഒരു ഡിവിഷനിലെ മാത്രം ഗ്രാമപഞ്ചായത്തുകളിലെ എസ്.സി.വിഭാഗം വിദ്യാർത്ഥികൾക്കായി പ്രോജക്ട് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത് ക്രമപ്രകാരമല്ല. എസ്.സി വിഭാഗക്കാർ കൂടുതലായി അധിവസിക്കുന്ന ഗ്രാമപഞ്ചായത്തുകളെ പോലും പരിഗണിക്കാതെ അയർക്കുന്നം ഗ്രാമപഞ്ചായത്തിനെ ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് പരിഗണിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല. ജില്ലയിലെ അർഹരായ മറ്റ് ഗ്രാമപഞ്ചായത്തുകളിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ പ്രോജക്ട് കൊണ്ട് പ്രയോജനം ലഭിച്ചിട്ടില്ല. വ്യക്തിഗത ഗുണഭോക്താക്കൾക്കായിട്ടുള്ള പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമ്പോൾ ജില്ലാപഞ്ചായത്തിനെ ഒറ്റയൂണിറ്റായി പരിഗണിച്ച് എല്ലാ പ്രദേശങ്ങളിലുമുള്ള ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതാണ്. ഒരു ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് മാത്രമായി പ്രോജക്ട് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയതിനാൽ 32,00,000/-രൂപ വകയിരുത്തിയതിൽ 19,00,000/-രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. കൂടാതെ, 2018-19 വർഷം എഗ്രിമെന്റ് വച്ച് പണിയാരംഭിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|
| | |

| | |
|---|---|
| കാർത്തികേയൻ പി., കരിങ്ങാക്കുഴിയിൽ, തിരുവഞ്ചൂർ | 150,000 |
| സാന്ദ്ര രാജഗോപാൽ, മംഗലത്ത്, അറുമാനൂർ | 150,000 |
| അവിനാശ് ബാബു, മംഗലത്ത്, അറുമാനൂർ | 150,000 |

ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (31/18-19തീ20-2-2020) നൽകിയെങ്കിലും മറുപടി ഹാജരാക്കിയില്ല. മേൽ പരാമർശിച്ച ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്. വ്യക്തിഗത ഗുണഭോക്താക്കൾക്കായിട്ടുള്ള പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമ്പോൾ ജില്ലാപഞ്ചായത്തിനെ ഒറ്റയൂണിറ്റായി പരിഗണിച്ച് എല്ലാ പ്രദേശങ്ങളിലുമുള്ള ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.

## 1-49 അയർക്കുന്നം ഡിവിഷനിലെ വെജിറ്റബിൾ ക്ലസ്റ്ററിന് വാഹനം വാങ്ങൽ - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് /നം | അയർക്കുന്നം ഡിവിഷനിലെ വെജിറ്റബിൾ ക്ലസ്റ്ററിന് വാഹനം വാങ്ങൽ, 1178/19 |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഡെപ്യൂട്ടി ഡയറക്ടർ |
| അടങ്കൽ | 495000/- |
| ചെലവ് /വൗച്ചർ നം. തി. | 495000/-, 51800963/ 31.12.18 |

അയർക്കുന്നം ഡിവിഷനിലെ (അയർക്കുന്നം പഞ്ചായത്ത്) വെജിറ്റബിൾ ക്ലസ്റ്ററിന്റെ സുഗമമായ പ്രവർത്തനത്തിനായി കൃഷി ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി മേൽ സൂചിത പ്രോജക്ടു പ്രകാരം ഏറ്റുമാനൂരിലെ ഇൻഡസ് മോട്ടോഴ്സിൽ നിന്ന് ഒരു ഗുഡ്സ് കാരിയർ വാഹനം വാങ്ങി നൽകിയിരുന്നു. പ്രസ്തുത വാഹനത്തിന്റെ കസ്റ്റോഡിയൻ അയർക്കുന്നം പഞ്ചായത്തിലെ കൃഷി ഓഫീസറായിരുന്നു. 07.03.2020-തീയതിയിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ഉപയോഗത്തിനുശേഷം വാഹനം ഗ്യാരേജിൽ സൂക്ഷിയ്ക്കുന്നതായി കണ്ടു. എന്നാൽ വാഹനത്തിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട് വെജിറ്റബിൾ ക്ലസ്റ്ററിലെ സെക്രട്ടറിയുമായി 16.10.2018-ൽ ചമച്ചിരുന്ന കരാറിലെ ചുവടെ ചേർക്കുന്ന നിബന്ധനകൾ പാലിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

- വാഹനത്തിന്റെ ദൈനം ദിന ഉപയോഗം സംബന്ധിച്ച വിവരങ്ങൾ , വരവ് ചെലവ് കണക്കുകൾ ലോഗ് ബുക്ക് , ക്ലെയിം എന്നിവ
- വാഹനം വാടകയ്ക്ക് നൽകുന്നതും വാടക നിശ്ചയിച്ചതും ഈടാക്കിയതും സംബന്ധിച്ച തീരുമാനങ്ങൾ
- പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്

വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.15/06.02.2020) പ്രോജക്ടിനായി ചെലവഴിച്ച 4,95,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-50 സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 586/18-19 |
| ചെലവ് | 3400000 ( വികസനഫണ്ട് )(ബിൽ നം.636/5-3-2019)<br>1000000 ( സംരക്ഷണഗ്രാന്റ് റോഡിതരം)(ബിൽ നം.611/5-3-2019)<br>4400000/- |

വിദ്യാഭ്യാസ ഉപഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായിരുന്ന സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം ആകെ 44,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ജില്ലാപഞ്ചായത്ത് കമ്മിറ്റിയുടെ 7-8-18-ലെ യോഗതീരുമാനപ്രകാരം ആവശ്യമായ ഉപകരണങ്ങൾ ടെൻഡർ നടപടികൾ കൂടാതെ ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽനിന്നും വാങ്ങുകകയാണുണ്ടായത്. വാങ്ങൽ നടപടികളുടെ ഭാഗമായി 3-11-18-ൽ സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകുകയും 8-11-18-ൽ സ്ഥാപനവുമായി കരാറിലേർപ്പെടുകയും ചെയ്തു. പ്രോജക്ടിന്റെ ഭാഗമായി വിവിധ വിദ്യാഭ്യാസ ഉപജില്ലകളിലുള്ള 14 സ്കൂളുകളിൽ വിവിധതരം ഫർണിച്ചറുകൾ വിതരണം ചെയ്തിട്ടുണ്ട്. സ്കൂളുകളുടെ റിക്വിസിഷൻ അനുസരിച്ചാണ് ഡിമാന്റ് സ്ഥാപനത്തിന് നൽകിയിട്ടുള്ളതെന്ന് നോട്ട്ഫയലിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും പ്രോജക്ട് ഫയലിൽ ഒരു സ്കൂളിന്റെ റിക്വിസിഷൻ മാത്രമേ സൂക്ഷിച്ചിട്ടുള്ളൂ. (കടപ്പൂർ ഗവ.എച്ച്.എസ്.എസ്.) ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പ്രാദേശികപരിശോധനയിൽ (ഗവ.എച്ച്.എസ്.എസ്.തൃക്കൊടിത്താനം) ഇൻവോയ്സിലെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഉപകരണങ്ങളല്ല യഥാർത്ഥത്തിൽ വിതരണം ചെയ്തിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു.

പ്രോജക്ട് പ്രകാരം തൃക്കൊടിത്താനം ഗവ.ഹൈസ്കൂളിലും ഹയർസെക്കണ്ടറി സ്കൂളിലുമായി ചുവടെ ചേർക്കുന്ന ഇനങ്ങൾ സപ്ലൈ ചെയ്യുന്നതിനായി 10 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1) | AW JEFFRSION CHAIR WITH PLANK SEAT & REEPER BACK | 50 എണ്ണം |
| 2) | AW SLOPE DESK 150X35X10-80-70 CM WITH SHELF & WIRENET FIXED ON BACK | 61 എണ്ണം |
| 3) | AW BENCH WITH BACK REST 180X40X90 CM | 61 എണ്ണം |

എന്നാൽ വിതരണ ചെലാൻ പ്രകാരം സ്ഥാപനത്തിന് ലഭ്യമാക്കിയ ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ ചുവടെ ചേർക്കും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു (ക്രമ നമ്പർ 2&3).

| | | |
|---|---|---|
| 2) | AW DESK WITH BOOK SHELF 105X45X75 | 61 |
| 3) | AW BENCH WITH BACK REST 105x45x90 | 61 |

ഹയർസെക്കന്ററി സ്കൂളിൽ ലഭ്യമാക്കിയ ഡെസ്ക്കുകൾക്ക് പരീക്ഷയ്ക്കിരിക്കുന്ന കുട്ടികൾ തമ്മിലുണ്ടായിരിക്കേണ്ട അകലം പാലിക്കാൻ പര്യാപ്തമായ തരത്തിലുള്ള നീളം ഇല്ലാത്തതിനാൽ പരീക്ഷാസമയങ്ങളിൽ പ്രയോജനപ്പെടുകയില്ല എന്നും അദ്ധ്യാപകർ അറിയിക്കുകയുണ്ടായി. ഹൈസ്കൂളിൽ കൈപ്പറ്റിയ ഉപകരണങ്ങൾ (ബഞ്ചുകളും ഡെസ്കുകളും 48 എണ്ണം വീതം) നിലവിൽ ഉപയോഗിക്കാതെ പാചകപ്പുരയിൽ പഴയ ഉപകരണങ്ങൾക്കൊപ്പം സൂക്ഷിച്ചിരിക്കുകയാണ്. ഇതുസംബന്ധിച്ച് സ്കൂളിലെ സ്ഥലപരിമിതി മൂലമാണ് ഇവിടെ സൂക്ഷിച്ചിട്ടുള്ളതെന്നും സ്കൂൾ കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നതാണെന്നും ഹെഡ്മിസ്ട്രസ് വിശദീകരണം ലഭ്യമാക്കി.

മേൽ അപാകതകൾ സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നമ്പർ -26) ലഭ്യമാക്കിയ മറുപടിയിൽ ഒളശ്ശ സ്കൂളിൽ വിതരണം ചെയ്ത കസേരകൾ ഇറക്കുന്ന സമയത്ത് സ്ക്രൂ അയഞ്ഞുപോകുകയും തുടർന്നുള്ള സ്ഥിരമായ ഉപയോഗത്തിൽ കേടുപാടുകൾ സംഭവിച്ചതാണെന്നും കസേരകൾക്കുവന്ന കേടുപാടുകൾ ആട്കോ തന്നെ പരിഹരിച്ചുനൽകിയതായും മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടിയിലെ വിവരങ്ങൾ സ്ഥലപരിശോധനാവേളയിൽ സ്കൂളധികാരികൾ നൽകിയ വിശദീകരണവുമായി പൊരുത്തപ്പെടുന്നില്ല.

തൃക്കൊടിത്താനം സ്കൂളിലെ ഫർണിച്ചർ വിതരണവുമായി ബന്ധപ്പെട്ട് പ്രോജക്ട് പ്രകാരം ലഭ്യമാക്കിയ ഡസ്ക്കുകൾക്ക് ബില്ലിൽ രേഖപ്പെടുത്തിയ അളവിൽനിന്നും വ്യത്യാസമുണ്ടെന്നും ബില്ലിലെ

സ്പെസിഫിക്കേഷൻ പ്രകാരമുള്ള സൗകര്യങ്ങൾ ഇല്ലെന്ന് പ്രാഥമികപരിശോധനയിൽ ബോധ്യപ്പെട്ടതായും രണ്ടാഴ്ചക്കുള്ളിൽ ബില്ലിൽ പറഞ്ഞിട്ടുള്ള നീളത്തിനനുസരിച്ചുള്ള ഡസ്ക്കുകൾ സപ്ലൈ ചെയ്യുന്നതാണെന്ന് സ്ഥാപനം അറിയിച്ചിട്ടുള്ളതായും മറുപടി ലഭ്യമാക്കി.

പ്രോജക്ടിന്റെ അടങ്കൽ തുക വിവിധ സ്കൂളുകളുടെ റിക്വയർമെന്റ് അനുസരിച്ചുള്ള ആകെത്തുകയേക്കാൾ കുറവായിരുന്നതിനാൽ അടങ്കലനുസരിച്ച് ഓരോ സ്കൂളുകൾക്കും അനുവദിച്ച തുക ക്രമീകരിച്ചിരുന്നതായും മറുപടിയിൽ പറയുന്നു. ഇപ്രകാരം ഓരോ സ്കൂളിനും അനുവദിച്ച തുകയ്ക്കുള്ളിൽനിന്നുകൊണ്ട് ആവശ്യമായ ഫർണിച്ചറുകൾക്ക് ആർട്ടോയുമായി ബന്ധപ്പെടുന്നതിന് ഹെഡ്മാസ്റ്റർമാരെ ചുമതലപ്പെടുത്തുകയും അവസാനം സ്കൂളധികൃതർ ആവശ്യപ്പെട്ട ഉപകരണങ്ങളുടെ മുൻഗണനയനുസരിച്ച് തയ്യാറാക്കിയ പ്രൊഫോർമയിലെ വിവരങ്ങൾ ഹെഡ്മാസ്റ്റർമാരുമായി ഫോൺമുഖേന ബന്ധപ്പെട്ട് ഉറപ്പുവരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആർട്ടോയ്ക്ക് സപ്ലൈ ഓർഡർ നൽകുകയാണുണ്ടായതെന്നും പ്രോജക്ട് നിർവ്വഹണത്തിലൂടെ സാമ്പത്തികനഷ്ടം ഉണ്ടായിട്ടില്ലെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ വിഷയം സംബന്ധിച്ച് വിതരണ ഏജൻസിയായ ARTCO-യുടെ രേഖാമൂലമുള്ള വിശദീകരണം 08.05.2020ലെ എച്ച്.1/885/2020 നമ്പർ കത്തുപ്രകാരം നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കുകയുണ്ടായി. ഇൻവോയ്സ് പ്രകാരമുള്ള ഫർണിച്ചർ ആണ് എല്ലാ സ്കൂളുകളിലും വിതരണം നടത്തിയിട്ടുള്ളതെന്നും എന്നാൽ തൃക്കൊടിത്താനം സ്കൂളിൽ ഇൻവോയ്സ് പ്രകാരമുള്ള ഫർണിച്ചർ കൊണ്ടുവന്നത് പൂർണ്ണമായും ഹെഡ്മാസ്റ്റർ, പി.റ്റി.എ.പ്രസിഡന്റ്, വാർഡ് മെമ്പർ എന്നിവരുടെ അഭിപ്രായപ്രകാരം തിരിച്ചയയ്ക്കുകയും പകരം അവർക്കാവശ്യമുള്ളതിന്റെ മോഡലും അളവും നൽകിയതനുസരിച്ച് ഫർണിച്ചർ മാറ്റി നൽകുകയാണുണ്ടായതെന്നും ഇൻവോയ്സ് പ്രകാരമുള്ള ഫർണിച്ചറുകൾ വിതരണം ചെയ്യാൻ സ്ഥാപനം തയ്യാറാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ വിശദീകരണങ്ങളിൽ നിന്നും യഥാർത്ഥത്തിലുള്ളതും ചെലവു നടത്തപ്പെട്ടതുമായ ഇൻവോയ്സിലെ ഉപകരണങ്ങളല്ല സ്ഥാപനത്തിന് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്. ആയതിനാൽ നിലവിൽ ലഭ്യമാക്കിയിട്ടുള്ള ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനും വിലയും വ്യക്തമാക്കി ഇൻവോയ്സ് പുതുക്കി തയ്യാറാക്കേണ്ടതും സ്ഥാപനം അധികം തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്.

എന്നാൽ യഥാർത്ഥിൽ ലഭ്യമാക്കിയ ഉപകരണങ്ങൾക്ക് മേൽപ്പറഞ്ഞപ്രകാരം തയ്യാറാക്കിയ പ്രഫോർമ ഇൻവോയ്സിലെ അഥവാ വിതരണ ബില്ലിലെ സ്പെസിഫിക്കേനിൽനിന്നും വ്യത്യാസമുള്ള വിവരം പ്രാഥമികപരിശോധനയിൽ നിർവ്വഹണോഗദ്യോഗസ്ഥന് ബോധ്യപ്പെടുകയും ബില്ലിലെ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ഉപകരണങ്ങൾ മാറ്റി നൽകുന്നതാണെന്ന് സ്ഥാപനം സമ്മതിച്ചിട്ടുള്ള സാഹചര്യത്തിലും പ്രോജക്ട് പ്രകാരം ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുള്ള മുഴുവൻ സ്കൂളുകളിലും പരിശോധന നടത്തേണ്ടതാണ്. പരിശോധനയിൽ സ്ഥാപനം ഈടാക്കിയ വിലയ്ക്കനുസരിച്ചുള്ള ഉപകരണങ്ങൾ ലഭ്യമായിട്ടില്ലാത്ത സ്കൂളുകളിൽ അവ മാറ്റി ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഉപകരണങ്ങൾ മാറ്റി ലഭ്യമാകാത്തപക്ഷം സ്കൂളുകൾക്ക് യഥാർത്ഥത്തിൽ ലഭ്യമാക്കിയ ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനും അളവുകളും ആയതിന്റെ വിലയും രേഖപ്പെടുത്തി പുതിയ പ്രൊഫോർമ ഇൻവോയ്സുകൾ തയ്യാറാക്കുകയും പ്രസ്തുത ഇൻവോയ്സുകളുടെ അടിസ്ഥാനത്തിൽ യഥാർത്ഥ ചെലവു കണക്കാക്കേണ്ടതും അധികച്ചെലവ് ക്രമീകരിക്കേണ്ടതുമാണ്. തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കുന്നതുവരെ 44,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-51 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി ഈടാക്കാവുന്നതാണ്. കോട്ടയം ജില്ലാ പഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം എക്സിക്യൂട്ടീവ് എൻജിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥനായി 22,17,26,820/- രൂപയുടെ മരാമത്ത് പ്രവൃത്തികളാണ് നിർവഹിച്ചിട്ടുള്ളത്. അതായത്, കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് 2018-19 സാമ്പത്തിക വർഷം 22,17,268/- രൂപ ഒടുക്കിയിട്ടുണ്ട്. ആയതിന്റെ കളക്ഷൻ ചാർജ്ജിനത്തിൽ 22,173/- രൂപ തൻവർഷം കളക്ഷൻ ചാർജ്ജായി ജില്ലാപഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്നു. തുടർന്നുള്ള വർക്ക് ബില്ലുകളിൽ നിന്ന് ഈടാക്കുന്ന കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിൽ നിന്നും കളക്ഷൻ ചാർജ്ജ് കിഴിച്ചുള്ള തുക വെൽഫയർ ഫണ്ടിലേക്ക് അടയ്ക്കേണ്ടതും അധികം അടച്ച 22,173/-

രൂപ തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ട് വിഹിതം ബില്ലുകളിൽ നിന്നും ഈടാക്കുന്ന മുഴുവൻ നിർവ്വഹണ ഉദ്യോഗസ്ഥരും 1% കളക്ഷൻ ചാർജ് ജില്ലാപഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുന്നുണ്ട് എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-52 ഇ-ടെൻഡർ ഫീസ് - ക്രെഡിറ്റ് ചെയ്യുന്ന തുക സംബന്ധിച്ച രേഖകൾ ലഭ്യമല്ല.

കോട്ടയം ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയുടെ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെൻഡർ നടപടികളുടെ ഭാഗമായി ഓൺലൈൻ സമ്പ്രദായത്തിലൂടെ ഈടാക്കിയ ടെൻഡർ ഫീ ഇനത്തിലുള്ള തുകയും ( ഫോറം വില + വാറ്റ്), ഇ.എം.ഡി ഇനത്തിലുമുള്ള തുകകളും കോട്ടയം ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ കളക്ട്രേറ്റ് ശാഖയിലുള്ള 67255971951 നമ്പർ അക്കൗണ്ടിലാണ് വരവുവെയ്ക്കുന്നത്. നാളിതുവരെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ടെൻഡർ ഫീ ഇനത്തിൽ ലഭിച്ച തുക അതാത് സ്ഥാപനങ്ങൾക്ക് തിരികെ നൽകാതെ പ്രസ്തുത അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. പ്രസ്തുത അക്കൗണ്ട് സീറോ ബാലൻസ് വ്യവസ്ഥയിൽ ആരംഭിച്ചതാകയാൽ ശരാശരി 1.5 കോടി രൂപ പലിശരഹിതമായും ബാങ്കിംഗ് സ്ഥാപനത്തിന് അനർഹമായ നേട്ടം ലഭിക്കുന്ന രീതിയിലും വാണിജ്യബാങ്കിന്റെ അക്കൗണ്ടിൽ അവശേഷിക്കുന്നു. ടെൻഡർ ഫീ ഇനത്തിൽ പ്രസ്തുത അക്കൗണ്ടിലേക്ക് വന്ന തുകകളുടെ വിവരം രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കുകയോ, അനുബന്ധ രേഖകൾ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. 2018-19 വർഷത്തെ (01.04.18 മുതൽ 31.03.19 വരെയുള്ള) ബാങ്ക് സ്റ്റേറ്റ്മെന്റ് ഓഡിറ്റ് ആവശ്യപ്പെടുന്നതുവരെ ബാങ്കിൽ നിന്നും വാങ്ങുകയോ അക്കൗണ്ടിലേക്ക് തൻവർഷം ക്രെഡിറ്റ് ചെയ്ത തുകയുടെ വിശദാംശങ്ങൾ പരിശോധിച്ച് ഉറപ്പാക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത നടപടി ബന്ധപ്പെട്ട അധികൃതരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കാണാവുന്നതാണ്. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ (2015-16 ഖണ്ഡിക – 2-4, 2016-17 ഖണ്ഡിക - 2-5(1), 2017-18 ഖണ്ഡിക - 2-5) ആവർത്തിച്ച് പരാമർശിച്ചിട്ടും ഇ-ടെൻഡർ ഇനത്തിൽ ലഭിക്കുന്ന തുകയുടെ വിവരം രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതും ബാങ്ക് സ്റ്റേറ്റ്മെന്റ് വാങ്ങി സൂക്ഷിക്കാത്തതും ഉചിതമായ നടപടിയല്ല.

പ്രസ്തുത അക്കൗണ്ടിൽ 01.04.18ൽ 1,10,26,371/- രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. 31.03.2019ലെ ക്ലോസിംഗ് ബാലൻസ് 1,48,62,039/- രൂപയാണ്. രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിനാലും, ബാങ്ക് സ്റ്റേറ്റ്മെന്റ് വാങ്ങി സൂക്ഷിക്കാത്തതിനാലും 01.04.19 മുതൽ പ്രസ്തുത അക്കൗണ്ടിലേക്ക് വന്ന തുക എത്രയെന്ന് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ഓരോ മാസാവസാനവും അക്കൗണ്ട് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ബാങ്കിൽ നിന്നും ലഭ്യമാക്കി ആയത് സാമ്പത്തിക വർഷ ക്രമത്തിൽ ഫയൽ ചെയ്യേണ്ടതും സബ്സിഡിയറി രജിസ്റ്റർ സൂക്ഷിച്ച് പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കേണ്ടതുമാണ്.

വിവിധ പഞ്ചായത്തുകളുടെ ടെൻഡർ ഐഡിയിൽ നിന്നും പ്രസ്തുത അക്കൗണ്ടിലേക്ക് ക്രെഡിറ്റാകുന്ന തുകകളുടെ വിവരം വർഷം തിരിച്ച് ലഭ്യമാക്കിയാൽ മാത്രമേ തുക അതാത് ഗ്രാമ/ ബ്ലോക്ക് പഞ്ചായത്തുകൾക്ക് തിരികെ നൽകാൻ സാധിക്കൂ എന്നാണ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്. ഇപ്രകാരമുള്ള വിവരങ്ങൾ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരവും, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അസി.ഡെവലപ്മെന്റ് കമ്മീഷണർ മുഖാന്തിരവും അടിയന്തിരമായി സ്വീകരിച്ച് തുക അതാത് സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്. കൂടാതെ, ജില്ലാ പഞ്ചായത്ത് തനത് ഫണ്ടിലേക്ക് ലഭിക്കേണ്ട വിഹിതവും കൈമാറി നൽകിയിട്ടില്ല. ഇത്രയും തുക അക്കൗണ്ടിൽ അവശേഷിച്ചിട്ടും ഇത് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്താത്തതും ഇതിൽ ഉൾപ്പെട്ട ബാദ്ധ്യത തുകകൾ പ്രത്യേകമായി നിർണ്ണയിച്ച് ബാദ്ധ്യതാ കണക്കിൽ ഉൾപ്പെടുത്താത്തതും ഗൗരവസ്വഭാവമുള്ള വീഴ്ചയാണ്. പ്രസ്തുത അക്കൗണ്ട് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലാണ് നിലനിർത്തിയിട്ടുള്ളതെങ്കിലും ഇതിൽ ഗണ്യമായ തുകയുടെ നിക്ഷേപം ഉണ്ടാകുന്നതിനാലും ഇതിൽ ഉൾപ്പെട്ട തുക ജില്ലാ പഞ്ചായത്തിന്റെ ബാധ്യത ആകയാലും സാംഖ്യയിൽ ഉൾപ്പെടുത്തി ധനകാര്യപത്രികയുടെ ഭാഗമാക്കേണ്ടത് ഏറ്റവും ആവശ്യമാണ്. മേൽ അപാകത പരിഹാരനടപടികൾക്കും വിശദീകരണത്തിനുമായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-53 ഇ-ടെൻഡർ -ടെൻഡർ ഫീസിനത്തിലുള്ള 167645/- രൂപ ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല.

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ 2018-19ൽ വിവിധ മരാമത്ത് പ്രവൃത്തികൾക്ക് ഇ-ടെൻഡർ നടത്തിയിരുന്നു. ഇ-ടെൻഡർ നടത്തിയ പ്രവൃത്തികളുടെ ടെൻഡർ ഫീസ് തുകകൾ ഡയറക്ടർ ഓഫ് അഗ്രികൾച്ചറുടെ അക്കൗണ്ടിൽ നിന്നും ജില്ലാ പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിലേക്ക് ലഭ്യമായിട്ടില്ല. ടി തുക ജില്ലാ പഞ്ചായത്തിനു ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം/ പേര് | അടങ്കൽ തുക | ലഭിച്ച ടെൻഡറുകളുടെ എണ്ണം | ഫാറ വില | ആകെ ഫീസ് |
|---|---|---|---|---|---|
| 1. | 632/19 തെന്നാട്ടുപടി തുമ്പക്കര തോട് ആഴം കൂട്ടൽ | 999508 | 2 | 2360 | 4720 |
| 2 | 654/19 നാവങ്കരി വണ്ടങ്കരി തോട് ആഴം കൂട്ടി ബണ്ട് നിർമ്മാണം | 997551 | 2 | 2360 | 4720 |
| 3 | 328/19 മാനാപ്പള്ളി തോടിന് ആഴം കൂട്ടൽ | 999408 | 6 | 2360 | 14160 |
| 4 | 1323/19 വെള്ളൂർ ആലങ്കരി പാടശേഖരം പുറംബണ്ട് നിർമ്മാണം | 998969 | 2 | 2360 | 4720 |
| 5 | 1314/19 വെമ്പള്ളി കട്ടച്ചിറത്തോട് സംരക്ഷണം | 997432 | 1 | 2360 | 2360 |
| 6 | 1359/19 കൈപ്പുഴക്കൽ പാടശേഖരത്തിന് ബണ്ട് നിർമ്മാണം | 1982206 | 1 | 4720 | 4720 |
| 8 | 1312/19 വെച്ചൂർ അരികുപുറം പാടശേഖരം ബണ്ട് നിർമ്മാണം | 998969 | 2 | 2360 | 4720 |
| 9 | 1328/19 അയ്യനാടൻ പുത്തൻകരി പാടശേഖരത്തിന് പുറം ബണ്ട് നിർമ്മാണം | 985284 | 1 | 2360 | 2360 |
| 10 | 1326/19 പനമ്പുചാൽ പാടശേഖരം പുറം ബണ്ട് ബലപ്പെടുത്തൽ | 994415 | 4 | 2360 | 9440 |
| 11 | 1327/19 മധുരവേലി വിരുത്തിക്കൽ പാടശേഖരങ്ങളുടെ ബണ്ട് ബലപ്പെടുത്തൽ | 999771 | 4 | 2360 | 9440 |
| 12. | 1324/19 | 997059 | 1 | 2360 | 2360 |

| | | | | | |
|---|---|---|---|---|---|
| | ചിറപ്പാട് ഭാഗം തോട് ആഴം കൂട്ടി സംരക്ഷണ ഭിത്തി നിർമ്മാണം | | | | |
| 13 | 1322/19<br>കുരുവിക്കാട്ട് മണ്ണങ്കര റോഡ് പുനരുദ്ധാരണം | 998171 | 1 | 2360 | 2360 |
| 14 | 342/19<br>ഇടത്തറക്കടവ് പാടശേഖരത്തിന്റെ പുറം ബണ്ട് ബലപ്പെടുത്തൽ | 999132 | 3 | 2360 | 7080 |
| 15 | 1315/19<br>തട്ടാർക്കാട് പാടശേഖരത്തിന് പുറം ബണ്ട് നിർമ്മാണം | 998969 | 1 | 2360 | 2360 |
| 16 | 1329/19 പഴയംകേരി പാടശേഖരത്തിന് പുറം ബണ്ട് ബലപ്പെടുത്തൽ | 986695 | 3 | 2360 | 7080 |
| 17 | 221/19<br>കരിവട്ടം പാടശേഖരത്തിന് പുറം ബണ്ട് നിർമ്മാണം | 998936 | 1 | 2360 | 2360 |
| 18 | 222/19<br>വൈക്കത്തുകുഴി നാഗൂഢ അഞ്ചലശ്ശേരി പാഠശേഖരം പുറം ബണ്ട് നിർമ്മാണം | 999900 | 2 | 2360 | 4720 |
| 19 | 1148/19<br>തെക്കേവനം പാടശേഖരം പുറം ബണ്ട് ബലപ്പെടുത്തൽ | 1424217 | 1 | 2950 | 2950 |
| 20 | 1142/19<br>സ്റ്റേറ്റ് സീഡ് ഫാം വാലാച്ചിറയിൽ തടയണ നിർമ്മാണം | 299974 | 1 | 675 | 675 |
| 21 | 1313/19<br>ചേരിക്കലായ കടമ്പാടം പാടശേഖരത്തിന് അടിസ്ഥാന സൗകര്യ വികസനം | 997256 | 1 | 2360 | 2360 |
| 22 | 1324/19<br>ചിറപ്പാട് ഭാഗത്ത് തോട് ആഴം കൂട്ടി സംരക്ഷണ ഭിത്തി നിർമ്മാണം | 997059 | 2 | 2360 | 4720 |
| 23 | 1320/19 | 998969 | 2 | 2360 | 4720 |

| | | | | | |
|---|---|---|---|---|---|
| | ചൂരത്തറ പാടശേഖരം പുറംബണ്ട് നിർമ്മാണം | | | | |
| 24 | 341/19<br>വരമ്പിനകം പാടശേഖരത്തിലെ പുറം ബണ്ട് ബലപ്പെടുത്തൽ | 1498401 | 2 | 3540 | 7080 |
| 25 | 434/19<br>കോലാത്തുകുഴി പാടശേഖരം അടിസ്ഥാന സൗകര്യ വികസനം | 999000 | 2 | 2360 | 4720 |
| 26 | 221/19<br>കരിവട്ടം പാടശേഖരത്തിന് പുറം ബണ്ട് നിർമ്മാണം | 998936 | 1 | 2360 | 2360 |
| 27 | 1428/19<br>പൂവത്തിക്കരി പാടശേഖരത്തിന് മോട്ടോറുകളുടെ പറക്കുഴി നിർമ്മാണം | 1498432 | 3 | 3540 | 10620 |
| 28 | 1379/19<br>വെമ്പള്ളി പാടശേഖരത്തിന് സംരക്ഷണവും സംരക്ഷണ ഭിത്തി നിർമ്മാണവും | 984664 | 1 | 2360 | 2360 |
| 29 | 1328/19<br>വെച്ചൂർ അയ്യനാടൻ പുത്തൻകരി പാടശേഖരത്തിന് പുറംബണ്ട് നിർമ്മാണം | 985284 | 1 | 2360 | 2360 |
| 30 | 1316/19<br>എരമല്ലൂർ പാടശേഖരം അടിസ്ഥാന സൗകര്യ വികസനം | 992687 | 2 | 2360 | 4720 |
| 31 | 1315/19<br>തട്ടാർകാട് പാടശേഖരത്തിന് പുറംബണ്ട് നിർമ്മാണം | 998969 | 3 | 2360 | 7080 |
| 32 | 332/19<br>മാത്താങ്കരി എ & ബി പമ്പ് ഹൗസ് | 973155 | 1 | 2360 | 2360 |
| 33 | 1314/19<br>വെമ്പള്ളി കട്ടച്ചിറത്തോട് സംരക്ഷണം കൽക്കെട്ട് നിർമ്മാണം | 997432 | 1 | 2360 | 2360 |
| 34 | 1322/19 | 998171 | 1 | 2360 | 2360 |

| | | | | | |
|---|---|---|---|---|---|
| | മണ്ണങ്കര കുറിഞ്ഞിക്കാട്ട് പാടശേഖരത്തിലേക്കുള്ള കുരുവിക്കാട്ട് മണ്ണങ്കര റോഡ് പുനരുദ്ധാരണം | | | | |
| 35 | 352/19<br>നടുവേൽപ്പാടം പാടശേഖരത്തിന് പുറംബണ്ട് ബലപ്പെടുത്തൽ | 1000000 | 1 | 2360 | 2360 |
| 36 | 581/19<br>കാളത്തോട് ആഴംകൂട്ടി ബണ്ട് ബലപ്പെടുത്തൽ രണ്ടാം ഘട്ടം | 1198059 | 4 | 2950 | 11800 |
| | ആകെ | | | | 167645 |

## 1-54 ആയുർവേദാശുപത്രിയിൽ ലിഫ്റ്റ് നിർമ്മാണം - പ്രവൃത്തി പൂർത്തീകരിച്ചില്ല.

പ്രോജക്റ്റ് നം. 05/19

അടങ്കൽ തുക – 4000000/- (മെയിന്റനൻസ് ഗ്രാന്റ് ,റോഡിതരം)

ചെലവ് തുക – 4000000/- (ബിൽ നം 5/2018-19, തീയതി - 28.07.2018 )

മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണം നടത്തിയ “ആയുർവേദാശുപത്രിയിൽ ലിഫ്റ്റ് നിർമ്മാണം” എന്ന പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, ചെലവ് തുകയായ 40,00,000/- രൂപ പി.ഡബ്ല്യു.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതായി കാണപ്പെട്ടു. എന്നാൽ തുക നല്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥനായ ചീഫ് മെഡിക്കൽ ഓഫീസറും പ്രവൃത്തിയുടെ നിർവ്വഹണ ചുമതലയുള്ള സ്ഥാപനത്തിന്റെ മേധാവിയുമായി കരാർ വെച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ലിഫ്റ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ സെക്ഷൻ ലഭ്യമാക്കിയ 35,00,000/- രൂപയുടെയും പി.ഡബ്ല്യു.ഡി. സിവിൽ വർക്കിന്റെ 5,00,000/- രൂപയുടേയും എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ, ഭൗതീക പരിശോധനയിൽ ലിഫ്റ്റ് നിർമ്മാണത്തിന്റെ പ്രാരംഭഘട്ടം പോലും ആരംഭിച്ചിട്ടില്ലയെന്ന് കാണപ്പെട്ടു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.37/05.03.2020) ലഭ്യമാക്കിയ മറുപടിയിൽ പിഡബ്ല്യുഡി ബിൽഡിംഗ്സ്, ഇലക്ട്രിക്ക് വിഭാഗങ്ങളുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരോട് ഫോൺ മുഖേന നിരന്തരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും കരാർ വയ്ക്കുവാൻ തയ്യാറായില്ല എന്ന് അറിയിച്ചു. നിലവിൽ ലിഫ്റ്റ് നിർമ്മാണത്തിനാവശ്യമായ യന്ത്രസാമഗ്രികൾ ആശുപത്രിയിൽ എത്തിയിട്ടുള്ളതിനാൽ ഒരു മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് അറിയിക്കുന്നത് വരെ 40,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-55 സെക്രട്ടറിയ്ക്ക് ലീവ് ട്രാവൽ കൺസഷൻ അനുവദിച്ചത് - നടപടിക്രമങ്ങളിലെ അപാകതകൾ.

ഫയൽ നമ്പർ- ഇ1-3686/2016

ജില്ലാപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ.ടി.ജെ.വർക്കിയ്ക്ക് ലീവ് ട്രാവൽ കൺസഷൻ ഇനത്തിൽ 1,00,000/- രൂപ 22.3.2019ൽ മുൻകൂർ അനുവദിക്കുകയും 15.5.2019ൽ ക്രമീകരിക്കുകയും ചെയ്തിരുന്നു. ഡൽഹി, ആഗ്ര, ജയ്പൂർ എന്നീ സ്ഥലങ്ങൾ സന്ദർശിക്കുന്നതിനാണ് ജി.ഒ.(ആർടി) 1601/2019/ജി.എ.ഡി തീയതി 18.3.2019 പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നത്. ലീവ് ട്രാവൽ കൺസഷൻ സംബന്ധിച്ച ജി.ഒ.(പി)5/2013/ഫിൻ തീയതി 2.1.2013 പ്രകാരം യാത്ര ചെയ്തതിന്റെ ഒറിജിനൽ ടിക്കറ്റുകൾ ഹാജരാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഒറിജിനൽ ടിക്കറ്റുകൾ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. പ്രൈവറ്റ് എയർലൈൻസിൽ യാത്ര ചെയ്യുന്നതിന് തുക അനുവദിക്കുന്നതിന് നാഷണൽ എയർലൈൻസിലെ നിരക്കിനേക്കാൾ കൂടുതലായിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കണമെന്ന് 10/2019/ഫിൻ തീയതി

2.2.2019 നമ്പർ സർക്കുലറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. കൂടാതെ, ഒന്നിലധികം ലക്ഷ്യസ്ഥാനങ്ങളിലേയ്ക്ക് തുക അനുവദനീയമല്ലാത്തതാണ്. എന്നാൽ ഡൽഹിയിൽ നിന്ന് ആഗ്രയിലേയ്ക്ക് യാത്ര ചെയ്തതിന് 2400/- രൂപ ബസ് ചാർജിനത്തിൽ അനുവദിച്ചിട്ടുണ്ട്. മുൻകൂർ അനുവദിച്ചതിന്റെയും ക്രമീകരിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക (രൂപ) |
|---|---|
| മുൻകൂർ അനുവദിച്ചത് (വൗച്ചർ നമ്പർ-21801316/22.3.2019) | 1,00,000 |
| ഫ്ലൈറ്റ് ചാർജ് (കൊച്ചി- ഡൽഹി- കൊച്ചി) | 97336 |
| ബസ് ചാർജ് (ഡൽഹി- ആഗ്ര) 300x8 | 2400 |
| തിരികെ ഒടുക്കിയത് (രസീത് നമ്പർ- 119010100055/15.5.2019) | 264 |

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക അനുവദിച്ചതു സംബന്ധിച്ച വിശദീകരണം ഓഡിറ്റിൽ ഹാജരാക്കുന്നതിന് 47/4.3.2020 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി ബസ് ചാർജ് ഇനത്തിൽ നല്കിയ 2400/- രൂപ തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ ഒറിജിനൽ ഫ്ലൈറ്റ് ടിക്കറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-56 സാക്ഷരതാ മിഷൻ - വരവുചെലവുകണക്കുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഫയൽ നം-C3/2567/2012

കോട്ടയം ജില്ലയിലെ സാക്ഷരതാപ്രവർത്തനങ്ങൾക്കും അനുബന്ധചെലവുകൾക്കുമായാണ് സംസ്ഥാനസാക്ഷരതാ മിഷനിൽ നിന്നും തുക ലഭ്യമാകുന്നത്. ടി തുകയുടെ വരവുചെലവുമായി ബന്ധപ്പെട്ട കണക്കുകൾ സൂക്ഷിയ്ക്കുകയോ വാർഷികകണക്കിൽ അവ കൃത്യമായി അക്കൗണ്ട് ചെയ്യുകയോ ചെയ്യുന്നില്ല. മേൽ സൂചിത വരവുചെലവുമായി ബന്ധപ്പെട്ട് ഓഡിറ്റു വർഷം പ്രേരക് മാർക്ക് ഹോണറേറിയം ഇനത്തിൽ നൽകിയ തുകയുടെ വിശദാംശങ്ങൾ, തുല്യതാ പരീക്ഷയ്ക്കായി ചെലവഴിച്ച തുകയുടെ വിവരം, 2018-19 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി മിഷൻ 2020-ന് നൽകിയ തുകയുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയും ലഭ്യമാക്കിയില്ല (06/10.02.2020). സാക്ഷരതാ മിഷൻ വരവുചെലവുകണക്കുകൾ കൃത്യമാക്കി (വാർഷികകണക്കിലേത് ഉൾപ്പെടെ) പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-57 എസ്.എസ്.എ.ക്ക് വിഹിതം നൽകൽ - പദ്ധതി ആസൂത്രണത്തിൽ ജില്ല പഞ്ചായത്ത് പങ്ക് വഹിച്ചത് - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

| പ്രോജക്റ്റിന്റെ പേര്, നം. | എസ്.എസ്.എ.ക്ക് വിഹിതം നൽകൽ, 175/19 |
|---|---|
| അടങ്കൽ | 27,00,000/- |
| ഫണ്ട് | വികസനം (പൊതുവിഭാഗം) |
| ചെലവ് | 27,00,000/- |
| ബിൽ നം. തീയതി | 5/2018-19 dt 19.05.2018 – 9,00,000/-<br>8/2018-19 dt 31.05.2018- 9,00,000/-<br>17/2018-19 dt 24.07.2018 – 9,00,000/- |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ജില്ലാ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.എസ്.എ. പ്രോജക്റ്റ് ഓഫീസർക്ക് 27,00,000/- രൂപ കൈമാറിയിട്ടുണ്ട്. സ.ഉ.(കൈ) നം.11/2018ത.സ്വ.ഭ.വ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.07.6-3ൽ പഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ പ്രോജക്റ്റുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്റ്റുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ ജില്ലാപഞ്ചായത്ത് പങ്ക് വഹിച്ചിട്ടില്ല. മാത്രമല്ല ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ, വർക്കിംഗ് ഗ്രൂപ്പോ പദ്ധതി നിർവ്വഹണത്തിൽ

ഇടപെടലുകൾ നടത്തിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദമായ പ്രോജക്ടുകളുടെ രൂപരേഖയോ വിശദമായ വിനിയോഗ സാക്ഷ്യപത്രമോ ഇല്ലാതെ കൃത്യമായ മോണിട്ടറിംഗ് സാധ്യമാവുകയില്ല.

പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ പരിശോധയ്ക്ക് ഹാജരാക്കാത്തതിനാൽ ടിയിനത്തിൽ ചെലവഴിച്ച 27,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-58 അങ്കണവാടി പോഷകാഹാരം - പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ - വിനിയോഗിക്കാത്ത തുക തിരികെ ഒടുക്കിയിട്ടില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 402 /19 |
| പ്രോജക്ടിന്റെ പേര് | അങ്കണവാടി പോഷകാഹാരം - പഞ്ചായത്തുകൾക്ക് വിഹിതം |
| അടങ്കൽ | 2700000 (വികസനഫണ്ട് ജനറൽ) |
| ചെലവ് | 2700000 (2500000 - ബിൽ നം. 22/18-19/5.9.18 & 200000 – ബിൽ നം. 90/18-19/18.3.19) |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ടി പ്രോജക്ട് പ്രകാരം 11 ഗ്രാമപഞ്ചായത്തുകൾക്ക് അങ്കണവാടി പോഷകാഹാരത്തിന് വിഹിതം നൽകുന്നതിനാണ് തുക വകയിരുത്തിയത് . ടി തുകയിൽ തൻവർഷം ചെലവഴിക്കാത്ത തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്ത് | നൽകിയ വിഹിതം | വിനിയോഗിച്ചത് | തൻവർഷം വിനിയോഗിക്കാതെ അവശേഷിക്കുന്നത് |
|---|---|---|---|
| തീക്കോയി | 175000 | 64562 | 110438 |
| അയ്മനം | 275000 | - | 275000 |
| ആകെ | | | 385438 |

ചെലവഴിക്കാത്ത തുക തിരികെ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കൂടാതെ, അയ്മനം പഞ്ചായത്ത് തൻവർഷം പോഷകാഹാരവിഹിതം പൂർണ്ണമായും വിനിയോഗിച്ചിട്ടില്ലെന്ന് പഞ്ചായത്തിന്റെ പരിശോധനാസമയത്ത് ബോധ്യപ്പെട്ടിട്ടുള്ളതുമാണ്. വിനിയോഗവിവരം ലഭ്യമാക്കുകയും ചെലവഴിക്കാത്ത തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുവരുത്തി അറിയിക്കുകയും ചെയ്യുന്നതുവരെ 3,85,438/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-59 എൽ.എസ്.ജി.ഡി. ഓഫീസ് കമ്പ്യൂട്ടർവല്ക്കരണം - വിശദാംശങ്ങളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 844/19 |
| പ്രോജക്ടിന്റെ പേര് | എൽ.എസ്.ജി.ഡി.ഓഫീസ് കമ്പ്യൂട്ടർവൽക്കരണം |
| അടങ്കൽ | 1000000 /- |

| | |
|---|---|
| ചെലവ് | 666930 /- |
| ബിൽ നം. & തീയതി | 01/18-19/18.05.2018 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി സ്പിൽ ഓവറായി നടപ്പാക്കിയ ടി പ്രോജക്ട് പ്രകാരം എൽ.എസ്.ജി.ഡി. ഓഫീസ് കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി സിഗ്മ സൊല്യൂഷൻസ് , തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും 6,66,930/- രൂപ ചെലവഴിച്ച് ചുവടെ ചേർക്കുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | ഇൻവോയ്സ് നം. | തീയതി | ഇനം | എണ്ണം | തുക |
|---|---|---|---|---|---|
| 1 | ZS/54/2017-18 | 17.03.2018 | HP Desktop 280 MT | 10 | 489900 |
| 2 | ZS/546/2017-18 | 17.03.2018 | EPSON SCANNER V39 | 1 | 6900 |
| 3 | ZS/490/2017-18 | 13.03.2018 | HYKON AEB 5000VA ONLINE UPS | 1 | 147150 |
| 4 | ZS/661/2017-18 | 27.03.2018 | Samsung SL – M2830 DW Laser Jet Printer | 2 | 23800 |
| | ആകെ | | | | 667750 |

കോട്ടു ചെയ്ത 6,66,930 /- രൂപയാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ച് ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.48/05.03.2020) മുഖേന വിശദീകരണം ആരാഞ്ഞുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1. സെക്രട്ടറി ടി ഉപകരണങ്ങൾ കൈപ്പറ്റിയതിന്റെയും വിതരണം ചെയ്തതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2. സ്ഥാപനത്തിന് 28.02.2018 ൽ സെലക്ഷൻ നോട്ടീസ് നൽകി സാധനങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് മുൻപ് മുദ്രപ്പത്രത്തിൽ കരാർ വയ്ക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

3. സ്ഥാപനത്തിന് തുക കൈമാറിയതിന്റെ ബിൽ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തുകയുടെ കൈപ്പറ്റ് വിവരം ലഭ്യമല്ല.

4. എൽ.എസ്.ജി.ഡി. ഓഫീസിൽ ഭൗതിക പരിശോധന നടത്തിയതിൽ ടി സാധനങ്ങളുടെ കൃത്യത സ്റ്റോക്ക്‌രജിസ്റ്റർ സഹിതം ഓഡിറ്റിനെ ബോധ്യപ്പെടുത്തുവാൻ ജീവനക്കാർക്ക് കഴിഞ്ഞിട്ടില്ല. മുൻവർഷങ്ങളിൽ ലഭിച്ചത് ഉൾപ്പെടെയുള്ള സ്റ്റോക്ക് കൃത്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

നിയമപ്രകാരം കരാർ ചമയ്ക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കണക്കാക്കുന്നു. അപാകങ്ങൾ പരിഹരിച്ച് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ടി പ്രോജക്ടിന് ചെലവഴിച്ച 6,66,930/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-60 മുച്ചക്ര വാഹനവിതരണ പ്രോജക്ടുകളിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 1179/2020 |
| പ്രോജക്ടിന്റെ പേര് | അംഗപരിമിതർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ വിതരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | ജില്ലാ സാമൂഹ്യനീതി ഓഫീസർ |
| അടങ്കൽ തുക | 176600/- (പദ്ധതി വിഹിതം ജനറൽ) |
| ചെലവ് | 1716000/- |

തൻവർഷം സാമൂഹ്യനീതി ഓഫീസർ മുഖേന അംഗപരിമിതർക്ക് മുച്ചക്ര വാഹനവിതരണത്തിനായി രണ്ട് പ്രോജക്ടുകൾ നടപ്പിലാക്കി.

പ്രോജക്ടുകളുടെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നമ്പർ 1179/19 പ്രകാരം ആകെ 26 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട് (ബിൽ നം. 02/18-19 തീയതി 23.03.19 തുക 1716000 രൂപ). എന്നാൽ 14 ഗുണഭോക്താക്കൾ സ്കൂട്ടറിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷുറൻസ് രേഖകൾ എന്നിവ ലഭ്യമാക്കിയില്ല.

2) പ്രോജക്ട് നമ്പർ 1230/19 പ്രകാരം ആകെ 27പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട് (ബിൽ നം 08/18-19 തീയതി 23.03.19 തുക 1534500 രൂപ). എന്നാൽ 7 ഗുണഭോക്താക്കളുടെ അപേക്ഷകൾ, ലൈസൻസ് രേഖകൾ, സ്കൂട്ടറിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷുറൻസ് രേഖകൾ എന്നിവ ലഭ്യമായില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/07.02.20) മറുപടി ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കാത്തതിനാൽ ടി പ്രോജക്ടിനായി ചെലവഴിച്ച 17,16,000/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-61 മൊബൈൽ മിൽക്കിംഗ് യൂണിറ്റ് - അധികാരപ്പെട്ട സ്ഥാപനത്തിൽ നിന്ന് അനുമതി വാങ്ങിയില്ല

| | |
|---|---|
| പ്രോജക്ട് | മൊബൈൽ മിൽക്കിംഗ് യൂണിറ്റ്. |
| പ്രോജക്ട് നമ്പർ | 1196/19. |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസന വകുപ്പ് |
| അടങ്കൽ | 570000/-രൂപ |
| ചെലവ് | 570000/-രൂപ (ബിൽ നം-5/18-19/22.03.19) |

മേൽ പ്രോജക്ട് പ്രകാരം ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 6 ക്ഷീര സഹകരണ സംഘങ്ങൾക്ക് മൊബൈൽ മിൽക്കിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് വേണ്ടിയാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ഇതുപ്രകാരം ഇരുചക്രവാഹനവും മിൽക്കിംഗ് മെഷീനും വാങ്ങി ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് സബ്സിഡി തുക (സബ്സിഡി തുക 75% ) ക്ഷീര സംഘങ്ങൾക്ക് നൽകുന്നു. നൂതന പ്രോജക്ട് നടപ്പാക്കുന്നതിലൂടെ കൂടുതൽ കർഷകരെ ക്ഷീരവികസന മേഖലയിലേക്ക് ആകർഷിക്കുന്നതിനും പാൽ ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞു. ഇപ്രകാരം മിൽക്കിംഗ് യൂണിറ്റ് ആരംഭിച്ചിട്ടുള്ള സംഘങ്ങൾ വാങ്ങിയിട്ടുള്ള ഇരുചക്രവാഹനം ഘടനാപരമായമാറ്റം വരുത്തി വ്യാവസായികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിലും യാത്രാ ഉദ്ദേശ്യം രേഖപ്പെടുത്തിയാണ് ആർ.റ്റി.ഓഫീസിൽ നിന്നും വാഹനം രജിസ്റ്റർ ചെയ്ത് അനുമതി വാങ്ങിയിട്ടുള്ളത്. പ്രസ്തുത അനുമതിക്ക് വിരുദ്ധമായി വാഹനം ഉപയോഗിക്കുമ്പോൾ സംഭവിക്കുന്ന അപകടങ്ങൾക്ക് മതിയായ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുകയില്ല. ഇപ്രകാരം ആർ.റ്റി.ഓഫീസിൽ നിന്ന് അനുമതി വാങ്ങിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.41/26.02.2020) ലഭിച്ച മറുപടിയിൽ അനുമതി ലഭിച്ചതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിരുന്നില്ല. ഇരുചക്രവാഹനങ്ങൾ ഘടനാപരമായി മാറ്റംവരുത്തി യാത്ര ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് (1988 ലെ മോട്ടോർ വെഹിക്കിൾ ആക്ട് സെക്ഷൻ 52(1) പ്രകാരം) വാഹനം രജിസ്റ്റർ

ചെയ്തിട്ടുള്ള സംസ്ഥാനത്തിലെ ആർ.റ്റി.ഓഫീസിൽ നിന്ന് അനുമതി വാങ്ങി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-62 തെരുവു നായ നിയന്ത്രണം - സമഗ്ര എബിസി -എ.ആർ .പ്രോഗ്രാം സുതാര്യത ഉറപ്പാക്കിയില്ല

ജില്ലാപഞ്ചായത്തിന്റെ തെരുവുനായ നിയന്ത്രണം എന്ന സംയുക്ത പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും നഗരസഭകളിൽ നിന്നും സമാഹരിച്ചിരുന്ന 1,65,66,818/- രൂപയിൽ 60,31,320/- രൂപ ടി പദ്ധതിയുടെ അടിസ്ഥാന സൗകര്യങ്ങൾക്കായും എബിസി പ്രോഗ്രാമിനായും ചെലവഴിച്ചിരുന്നു. ടി തുകയിൽ ബാക്കി നിന്ന 1,05,35,498/- രൂപയിൽ 1 കോടി രൂപ വകയിരുത്തി 2017-18, 2018-19, 2019-20 വർഷങ്ങളിലേക്കായി പ്രോജക്ട് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും നഗരസഭകളിൽ നിന്നും തുകകൾ സമാഹരിച്ചിരുന്നുവെങ്കിലും ജില്ലാതലത്തിൽ നടപ്പാക്കിയ പ്രോജക്ടായതിനാൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും ചെലവു വിവരങ്ങൾ പ്രത്യേകമായി കണക്കാക്കാൻ സാധിക്കില്ല.

പ്രസ്തുത പ്രോജക്ടിന്റെ നാളിതുവരെയുള്ള ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

| വർഷം | വരവ് | ചെലവ് | വന്ധ്യംകരണം ചെയ്ത നായ്ക്കളുടെ എണ്ണം |
|---|---|---|---|
| 2017-18 | 3668639 | 3668639 | 2428 |
| 2018-19 | 3135858 | 3135858 | 1767 |
| 2019-20 | 3195503 | 1506651 | 986 |

2018-19 വർഷം നടപ്പിലാക്കിയ പ്രോജക്ട് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. | 866 /19 |
| പ്രോജക്ടിന്റെ പേര് | തെരുവു നായ നിയന്ത്രണം -സമഗ്ര എബിസി -എ.ആർ .പ്രോഗ്രാം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കുടുംബശ്രീ ,ജില്ലാ മിഷൻ കോ ഓർഡിനേറ്റർ |
| അടങ്കൽ -തനത് ഫണ്ട് | 3135858(തുക പൂർണ്ണമായും ചെലവഴിച്ചു) |

തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിനായി തയ്യാറാക്കിയ പ്രസ്തുത പ്രോജക്ട് പ്രകാരം 4അനിമൽ ബർത്ത് കൺട്രോൾ മൈക്രോ സംരംഭക യൂണിറ്റുകൾ (കുടുംബശ്രീ എം.ഇ. യൂണിറ്റുകൾ) മുഖേന നായ്ക്കളുടെ വന്ധ്യംകരണം നടത്തുകയും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ റിക്വസ്റ്റ് പ്രകാരം ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിന്നും തുകകൾ, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ പേരിലുള്ള സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 708011400000049) നൽകുകയാണ് ചെയ്യുന്നത്. ഒരു തെരുവു നായയെ വന്ധ്യംകരിക്കുന്നതിന് 2100/- രൂപ വീതം ചുവടെ ചേർക്കും പ്രകാരമാണ് തുക ചെലവഴിച്ചിട്ടുള്ളത്.

1. കുടുംബശ്രീ എ.ബി.സി.എം.ഇ യൂണിറ്റുകൾക്ക് സേവന തുക ,നായ ഒന്നിന് – 1000
2. ട്രാൻസ്പോർട്ടേഷൻ ,തീറ്റ എന്നിവ നായ ഒന്നിന് -200
3. എംപാനൽ ചെയ്ത വെറ്റിനറി ഡോക്ടർക്ക് ഓണറേറിയം നായ ഒന്നിന് - 400
4. മരുന്ന് അനുബന്ധ ചെലവുകൾ /നായ -500

പ്രസ്തുത പ്രോജക്കുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ മരുന്നുകൾ വാങ്ങുന്നതിനായി ചുവടെ ചേർക്കും പ്രകാരം തുകകൾ ചെലവഴിച്ചതായി കാണുന്നു

| സ്ഥാപനം | ഇൻവോയ്സ് നം | തുക | മരുന്നുകൾ നല്കിയ ഗ്രൂപ്പ് |
|---|---|---|---|
| ജോ ഫാർമസ്യൂട്ടിക്കൽസ് | 1440/27.4.18 | 99967 | നന്മ എബിസി ഗ്രൂപ്പ് പരിയാരം |
| ജോഫാർമസ്യൂട്ടിക്കൽസ് ,പുതുപ്പള്ളി | 1828/17.7.18 | 99126 | നന്മ എബിസി ഗ്രൂപ്പ് പരിയാരം |
| മേരിമാതാ ഫാർമസ്യൂട്ടിക്കൽസ് കാഞ്ഞിരപ്പള്ളി | 25/15.6.18 | 49725 | സ്റ്റാർ എബിസി ഗ്രൂപ്പ് അതിരമ്പുഴ |
| മേരിമാതാ ഫാർമസ്യൂട്ടിക്കൽസ് കാഞ്ഞിരപ്പള്ളി | 50/17.7.18 | 49805 | സ്റ്റാർ എബിസി ഗ്രൂപ്പ് അതിരമ്പുഴ |

ടി മരുന്നുകൾ വാങ്ങിയതിന്റെ ആവശ്യകത എപ്രകാരമാണ് കണക്കാക്കിയത് എന്നതിന് ആധികാരികതയില്ല. ക്വട്ടേഷൻ ക്ഷണിച്ചതിലെ സുതാര്യത വ്യക്തമല്ല. കൂടാതെ വാങ്ങിയ മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയില്ല. ആയതിനാൽ ടി മരുന്നുകൾ മുഴുവനും ലഭിച്ചിട്ടുണ്ടോ എന്നതും വ്യക്തമല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.38/26.02.2020) സ്റ്റോക്ക് രജിസ്റ്റർ യഥാവിധി സൂക്ഷിച്ചിട്ടില്ല എന്ന് മറുപടി ലഭ്യമാക്കി. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 13.08.19 ലെ 7085/H/201HO നം. കത്ത് പ്രകാരം എ.ബി.സി.പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ജില്ലാതല കൺസോർഷ്യം രൂപീകരിക്കുന്നതിന് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൺസോർഷ്യം രൂപീകരിക്കുന്നതു വഴി മരുന്നു വാങ്ങലും അതിന്റെ ഉപയോഗവും കൃത്യവും സുതാര്യവും ആക്കാൻ സാധിക്കുന്നതാണ്. എന്നാൽ ജില്ലയിൽ ഇപ്രകാരം കൺസോർഷ്യം രൂപീകരിച്ചിട്ടില്ല. ആയതിനാൽ കൺസോർഷ്യം രൂപീകരിക്കേണ്ടതും മരുന്നുകൾ വാങ്ങുന്നതിലെയും പദ്ധതി നടപ്പാക്കുന്നതിലെയും സുതാര്യത ഉറപ്പു വരുത്തേണ്ടതുമാണ്.

ടി പ്രോജക്ടിനു പുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് കുടുബശ്രീ വഴി എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കുന്നുണ്ട്. ടി തുകകൾ എ.ബി.സി പ്രോജക്ട്, ഡിസ്ട്രിക്ട് മിഷൻ കോ ഓർഡിനേറ്ററുടെ പേരിലുള്ള യൂണിയൻ ബാങ്കിലെ അക്കൗണ്ടിൽ (അക്കൗണ്ട് നം. 337002010016169 ) നിക്ഷേപിച്ചിട്ടുണ്ട്.

2018-19, 2019-20 വർഷങ്ങളിൽ നൽകിയ തുക ചെലവഴിച്ചു വരുന്നു. പ്രസ്തുത പ്രോജക്ടുകൾ പ്രകാരമുള്ള ചെലവു വിവരങ്ങൾ പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-63 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

I.<u>പി.എം.എ.വൈ. വിഹിതം നൽകൽ</u>

നിർവ്വഹണോദ്യോഗസ്ഥൻ- ദാരിദ്ര്യ ലഘൂകരണവിഭാഗം ഡയറക്ടർ.

പ്രോജക്ട് നം.363/19
പ്രോജക്ട് – പി എം എ വൈ വിഹിതം

ബിൽ നം.1/18-19 //27.07.18

തുക 2692735/-

മേൽ പ്രോജക്ട് പ്രകാരം ഉഴവൂർ, ളാലം ബ്ലോക്ക്-പഞ്ചായത്തുകൾക്ക് 26,92,735/- (ഉഴവൂർ 2104735, ളാലം 588000/-) രൂപ ദാരിദ്ര്യ ലഘൂകരണവിഭാഗം ഡയറക്ടറുടെ അക്കൗണ്ടിൽനിന്നും ബ്ലോക്ക് പഞ്ചായത്തുകളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-36/26.02.2020)മറുപടി ലഭിച്ചില്ല. അർഹരായ ഗുണഭോക്താക്കൾക്ക് വേണ്ടി

തുക ചെലവഴിക്കുന്നുവെന്ന് ഉറപ്പാക്കി വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക സ്ഥാപനങ്ങളിൽ നിന്ന് തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതുമാണ്.

II) <u>ലൈഫ് മിഷന് വിഹിതം നൽകൽ. (ജനറൽ)</u>

1.പ്രോജക്റ്റ് നം.347/19 (ജനറൽ)
നിർവ്വഹണോദ്യോഗസ്ഥൻ- ദാരിദ്ര്യ ലഘൂകരണവിഭാഗം ഡയറക്ടർ

ബിൽ നം.2/18-19/04.09.18 – തുക 79659680/-

ബിൽ നം.2/18-19/4.09.18 തുക 623520/-/-

പ്രസ്തുത പ്രോജക്റ്റ് പ്രകാരം 71 ഗ്രാമപഞ്ചായത്തുകൾക്കായി 8,02,83,200/- രൂപ ദാരിദ്ര്യ ലഘൂകരണവിഭാഗം ഡയറക്ടറുടെ അക്കൗണ്ടിൽനിന്നും പഞ്ചായത്തുകളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇവയിൽ 19 പഞ്ചായത്തുകൾ തുക പൂർണ്ണമായി ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-36/26.02.2020) മറുപടി ലഭിച്ചില്ല. അർഹരായ ഗുണഭോക്താക്കൾക്കായി തുക പൂർണ്ണമായും ചെലവഴിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതും അല്ലാത്തപക്ഷം തുക ടി സ്ഥാപനങ്ങളിൽ നിന്ന് തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതുമാണ്. പഞ്ചായത്തുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പഞ്ചായത്തിന്റെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ്. |
|---|---|---|---|---|
| 1 | അയ്മനം | 3405464 | 340000 | 5464 |
| 2 | അതിരമ്പുഴ | 917640 | 813718 | 103922 |
| 3 | ഭരണങ്ങാനം | 367056 | 346700 | 26356 |
| 4 | ചെമ്പ് | 4639721 | 4636835 | 2891 |
| 5 | എരുമേലി | 2079984 | 2079800 | 184 |
| 6 | കല്ലറ | 285488 | 160000 | 125488 |
| 7 | മാഞ്ഞൂർ | 680429 | 530192 | 150237 |
| 8 | മൂന്നിലവ് | 713720 | 700000 | 13720 |
| 9 | ഞീഴൂർ | 734112 | 720400 | 18712 |
| 10 | പൂഞ്ഞാർ | 1345872 | 1345270 | 602 |
| 11 | പൂഞ്ഞാർതെക്കേക്കര | 1121560 | 1120000 | 1560 |
| 12 | തലയാഴം | 1876064 | 1840000 | 36064 |
| 13 | തലനാട് | 489408 | 480000 | 9408 |
| 14 | തലയോലപ്പറമ്പ് | 938032 | 902236 | 35796 |
| 15 | തിടനാട് | 2671352 | 2640000 | 31352 |
| 16 | തിരുവാർപ്പ് | 2039200 | 2000000 | 39200 |
| 17 | തൃക്കൊടിത്താനം | 1039992 | 960000 | 79992 |
| 18 | വാകത്താനം | 836072 | 810000 | 26072 |
| 19 | വെച്ചൂർ | 1590576 | 1440000 | 150576 |

2) പ്രോജക്റ്റ് നം.357/19
പ്രോജക്റ്റ് - ലൈഫ് മിഷൻ വിഹിതം )(എസ്.റ്റി)

നിർവ്വഹണോദ്യോഗസ്ഥൻ- ദാരിദ്ര്യ ലഘൂകരണവിഭാഗം ഡയറക്ടർ

ബിൽ നം.6/18-19/4.09.18 തുക 3314800/-

പ്രസ്തുത പ്രോജക്റ്റ് പ്രകാരം 19 പഞ്ചായത്തുകൾക്ക് 33,14,800/- രൂപ നൽകിയിട്ടുണ്ട്. ഇതിൽ 7 പഞ്ചായത്തുകൾ ലഭ്യമായ തുക പൂർണ്ണമായും ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം

ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-36/26.02.2020) മറുപടി ലഭിച്ചില്ല. ടി തുക പൂർണ്ണമായും ചെലവഴിച്ച് വിവരം അറിയിക്കേണ്ടതും, അല്ലാത്തപക്ഷം തുക സ്ഥാപനങ്ങളിൽ നിന്ന് തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതുമാണ്. പഞ്ചായത്തുകളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പഞ്ചായത്തിന്റെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | നീക്കിയിരുപ്പ് |
|---|---|---|---|---|
| 1 | ആർപ്പൂക്കര | 39937 | 0 | 39937 |
| 2 | എരുമേലി | 159748 | 0 | 159748- |
| 3 | മണിമല | 39937 | 0 | 39937 |
| 4 | തിടനാട് | 39937 | 0 | 39937 |
| 5 | ഉഴവൂർ | 39937 | 12058 | 27879 |
| 6 | തലനാട് | 39937 | 0 | 39937 |
| 7 | മുണ്ടക്കയം | 199685 | 0 | 199685 |

3)പ്രോജക്റ്റ് നം.357/19

പ്രോജക്റ്റ് - ലൈഫ് മിഷൻ വിഹിതം (എസ്.സി)

നിർവ്വഹണോദ്യോഗസ്ഥൻ- ദാരിദ്ര്യ ലഘൂകരണവിഭാഗം ഡയറക്ടർ

ബിൽ നം.5/18-19 /4.09.18

തുക - 22936300/-

പ്രസ്തുത പ്രോജക്റ്റ് പ്രകാരം 49 ഗ്രാമപഞ്ചായത്തുകൾക്ക് 2,29,36,300/- രൂപ ദാരിദ്ര്യ ലഘൂകരണവിഭാഗം ഡയറക്ടറുടെ അക്കൗണ്ടിൽനിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇതിൽ 16 പഞ്ചായത്തുകൾ തുക പൂർണ്ണമായും ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.36/26.02.2020) മറുപടി ലഭിച്ചില്ല. തുക പൂർണ്ണമായും ചെലവഴിച്ച് വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക ടി സ്ഥാപനങ്ങളിൽ നിന്ന് തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. മുഴുവൻ തുകയുടെയും വിനിയോഗവിവരം ലഭ്യമാക്കാത്ത പഞ്ചായത്തുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | പഞ്ചായത്തിന്റെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ്. |
|---|---|---|---|---|
| 1 | ആർപ്പൂക്കര | 50079 | 0 | 50079 |
| 2 | എരുമേലി | 1151817 | 0 | 1151817 |
| 3 | കടപ്ലാമറ്റം | 250395 | 0 | 250395 |
| 4 | കങ്ങഴ | 250395 | 223125 | 27270 |
| 5 | മാടപ്പള്ളി | 4006321 | 299200 | 101431 |
| 6 | മണിമല | 500790 | 0 | 500790 |
| 7 | മാഞ്ഞൂർ | 150237 | 0 | 150237 |
| 8 | മൂന്നിലവ് | 200316 | 200000 | 316 |

| | | | | |
|---|---|---|---|---|
| 9 | തലയാഴം | 751185 | 0 | 751185 |
| 10 | തലനാട് | 150237 | 131928 | 18309 |
| 11 | തലയോലപറമ്പ് | 1101738 | 0 | 1101738 |
| 12 | തിടനാട് | 100158 | 0 | 100158 |
| 13 | തിരുവാർപ്പ് | 100158 | 0 | 100158 |
| 14 | തൃക്കൊടിത്താനം | 600948 | 0 | 600948 |
| 15 | വെച്ചൂർ | 1051659 | 760000 | 291659 |
| 16 | ഉദയനാപുരം | 3865964 | 3160000 | 705964 |

## 1-64 കോക്ലിയാർ ഇംപ്ലാന്റ് - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 474/2020 |
| പ്രോജക്ടിന്റെ പേര് | കോക്ലിയർ ഇംപ്ലാന്റിന് ശേഷമുള്ള കേൾവി സഹായി വിതരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | ജില്ലാ സാമൂഹ്യനീതി ഓഫീസർ |
| അടങ്കൽ തുക | 10,00,000/- (പദ്ധതി വിഹിതം ജനറൽ) |
| ചെലവ് | 4,50,000/- |

26.02.19 തീയതിയിലെ 426/19/lsgd ഉത്തരവ് പ്രകാരം ശ്രവണ വൈകല്യമുള്ള 9 കുട്ടികളുടെ കോക്ലിയാർ ഇംപ്ലാന്റ് റിപ്പയർ ചെയ്യുന്നതിനായി 4,50,000/- രൂപ (ഓരോ കുട്ടിക്കും 50000 രൂപ വീതം) 23.03.19 തീയതിയിലെ ബിൽ നം.7/18-19 പ്രകാരം പിൻവലിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ 701011400000134 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രസീത്, കോക്ലിയാർ ഇംപ്ലാന്റ് റിപ്പയർ ചെയ്തതായുള്ള ഗുണഭോക്താക്കളുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/07.02.20) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുകയുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കാത്തതിനാൽ പ്രോജക്ടിനായി ചെലവഴിച്ച 4,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-65 ആയുസ്സിനും ആരോഗ്യത്തിനും ജൈവകൃഷി - തുടർ പ്രവർത്തനങ്ങൾ ഫലപ്രദമല്ല

| | |
|---|---|
| പ്രോജക്ട് നം -പേര് | 1176/19,ആയുസ്സിനും ആരോഗ്യത്തിനും ജൈവകൃഷി |
| നിർവ്വഹണം | ഡെപ്യൂട്ടി ഡയറക്ടർ, കൃഷി |
| അടങ്കൽ | 1638628 (വികസനഫണ്ട് ജനറൽ) |
| ചെലവ് | 7,62,682/- |
| ബിൽ നം. | 53/2019/15.03.2019 |

മേൽ സൂചിത പ്രോജക്ട് പ്രകാരം ജില്ലാപഞ്ചായത്തിൽ നിന്നുള്ള ഗുണഭോക്തൃലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിക്കായി ലഭിച്ച അപേക്ഷകൾ ബന്ധപ്പെട്ട കൃഷി ഓഫീസർ പരിശോധിച്ചു. ജൈവകർഷകഗ്രൂപ്പുകളായി പത്തു ഗ്രൂപ്പുകൾ തെരഞ്ഞെടുക്കുകയും അവർ എക്കോഷോപ്പിന്റെ പ്രവർത്തനത്തിനായി കണ്ടെത്തിയ കെട്ടിടത്തിന്റെ വാടകച്ചീട്ടും അടിസ്ഥാനസൗകര്യ വികസനത്തിനായി വാങ്ങിയ സാധനസാമഗ്രികളുടെ ബില്ലുകളും വൗച്ചറുകളും ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിട്ടുള്ള കർഷകഗ്രൂപ്പുകൾക്ക് തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | കർഷകഗ്രൂപ്പിന്റെ പേര് | നൽകിയ തുക |
|---|---|---|
| 1 | കൊരട്ടി ഫാർമേഴ്സ് ക്ലബ്, കുറുവാമൊഴി | 93380 |
| 2 | നെടുംകുന്നം കാർഷികവികസനസംഘം,നെടുംകുന്നം | 31675 |

| | | |
|---|---|---|
| 3 | സൗഹൃദം എസ് എച്ച് ഗ്രൂപ്പ് ആലും ചുവട് മറവൻ തുരുത്ത് | 100000 |
| 4 | എലിക്കുളം കോക്കനട്ട് ആന്റ് വെജിറ്റബിൾ ഫാർമേഴ്സ് സൊസൈറ്റി, കൂരാലി | 81687 |
| 5 | സി പി എസ് മഠത്തിപ്പറമ്പ് ഞീഴൂർ | 74805 |
| 6 | കർഷകമിത്രംപുരുഷസ്വയം സഹായസംഘം, വിഴിക്കത്തോട് | 93723 |
| 7 | മീനച്ചിൽ ജൈവ കാർഷികസമിതി. പാല | 41880 |
| 8 | പത്തായപ്പാറ, ഫാർമേഴ്സ് ക്ലബ് നെടുംകുന്നം | 57420 |
| 9 | കാഞ്ഞിരമറ്റം ഫാർമേഴ്സ് ക്ലബ്, അകലക്കുന്നം | 100000 |
| 10 | തുമ്പമട കർഷകസമിതി, കപ്പാട് പി.ഒ | 88112 |
| ആകെ | | **7,62,682** |

09.03.2020ൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ ക്രമനമ്പർ 2ൽ ഉൾപ്പെട്ട കർഷകസംഘത്തിന് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും നിലവിൽ ഇക്കോഷോപ്പ് പ്രവർത്തനക്ഷമമല്ലെന്ന് ബോദ്ധ്യപ്പെട്ടു. ക്രമ നമ്പർ 8ൽ ഉൾപ്പെട്ട പത്തായപ്പാറ, ഫാർമേഴ്സ് ക്ലബ്ബ് 09.03.2020ലാണ് ഉദ്ഘാടനം ചെയ്യപ്പെട്ടിട്ടുള്ളത്. ക്രമനമ്പർ 4 നാളിതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല. മേൽ സൂചിത വിവരങ്ങൾ 07/03/2020, 09/03/2020 തീയതികളിൽ നടത്തിയ ഭൗതികപരിശോധനയിൽ ബോദ്ധ്യപ്പെട്ടതുമാണ്.



*നിലവിൽ പ്രവർത്തനമില്ലാത്ത നെടുംകുന്നം കാർഷികവികസനസംഘം*

ക്രമ നമ്പർ 2,8,4 എന്നിവ ഉൾപ്പെടെയുള്ള എല്ലാ കർഷകഗ്രൂപ്പുകളുടെയും ഇക്കോഷോപ്പ് പ്രവർത്തനവുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററുകൾ, ബാങ്ക് പാസ്സ് ബുക്ക്, ക്യാഷ് ബുക്ക്,മറ്റു രേഖകൾ എന്നിവ അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (72/11.03.2020 ) മറുപടി നല്കിയിട്ടില്ല. ഇക്കോഷോപ്പുകളുടെ പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ ടിയിനത്തിൽ ചെലവഴിച്ച 7,62,682/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-66 ജീവനക്കാരുടെ സേവനപുസ്തകങ്ങൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

ജീവനക്കാരുടെ സേവനപുസ്തകങ്ങൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

### 1. ശ്രീമതി നിത്യ പി.എസ്., സീനിയർ ക്ലാർക്ക്

- ടി ജീവനക്കാരി 1.7.2017 മുതൽ 31.01.2018 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധിയിൽ ആയിരുന്നു. ടിയാരിക്ക് അർഹമായ ഇൻക്രിമെന്റ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | അർഹമായ ശമ്പളം |
|---|---|
| 1.6.2016 | 25850 |
| 1.6.2017 | 26500 |
| 1.6.2018 | 27150 |
| 1.6.2019 | 27800 |

- 1.6.2017 ൽ 26500/- രൂപയായി ശമ്പളം അനുവദിച്ചതായി സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്ഥാപനത്തിലെ ശമ്പളവിവരങ്ങൾ പരിശോധിച്ചതിൽ 25850/- രൂപയാണ് നൽകിയതായി കാണുന്നത്. ആയത് പുന:പരിശോധിക്കേണ്ടതാണ്.
- 1.6.2018 ൽ അനുവദിക്കേണ്ടിയിരുന്ന ഇൻക്രിമെന്റ് 1.1.2019ലാണ് അനുവദിച്ചതായി കാണുന്നത്. 1.6.2019 ൽ അനുവദിക്കേണ്ടിയിരുന്ന ഇൻക്രിമെന്റ് നാളിതുവരെ അനുവദിച്ചു നൽകിയിട്ടുമില്ല.

- കൂടാതെ, അർദ്ധവേതനാവധി കണക്കാക്കേണ്ടത് പൂർണ്ണവർഷത്തിനായിരിക്കേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഉള്ള ശൂന്യവേതനാവധി അർദ്ധവേതനാവധി കണക്കാക്കുമ്പോൾ കുറവ് ചെയ്യേണ്ടതില്ലായിരുന്നിട്ടും ദിവസങ്ങളുടെ അടിസ്ഥാനത്തിൽ അർദ്ധവേതനാവധി കണക്കാക്കിയതായി കാണുന്നു.

**2. ശ്രീമതി സ്മിത പി., ക്ലാർക്ക്**

- ജനനതീയതി സാക്ഷ്യപ്പെടുത്തിയതിന് ആധാരമായ രേഖകളുടെ വിശദാംശങ്ങൾ ചേർത്തിട്ടില്ല.

**3. ശ്രീ. ശ്രീരാജ് സി. സീനിയർ ക്ലാർക്ക്**

- ജനനതീയതി വെരിഫൈ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. 1.7.2014 ലെ ശമ്പളപരിഷ്ക്കരണത്തിന് ഓഡിറ്റിന്റെ അംഗീകാരം വാങ്ങിയിട്ടില്ല.
- ജീവനക്കാരന് അർഹമായ സേവനാനുകൂല്യങ്ങൾ യഥാസമയം അനുവദിച്ചു നൽകാതിരുന്നതിന് ബന്ധപ്പെട്ട സെക്ഷനിൽ നിന്നും സെക്രട്ടറിയിൽ നിന്നും വിശദീകരണം ആരാഞ്ഞുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.64/09.03.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 നിക്ഷേപ പ്രവൃത്തികൾക്ക് തുക കൈമാറിയത്- സെന്റേജ് ചാർജ് അധികമായി നൽകി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ നിക്ഷേപപ്രവൃത്തികൾക്കായി തൻവർഷം 12.5% സെന്റേജ് ചാർജാണ് വാട്ടർ അതോറിറ്റി/പൊതുമരാമത്ത് വകുപ്പുകൾ ഈടാക്കിയിട്ടുള്ളത്. എന്നാൽ പൊതുമരാമത്ത് മാന്വൽ വകുപ്പ് 1601.4 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2.5% സെന്റേജ് ചാർജ് കൊടുക്കേണ്ടതില്ല. തൻവർഷം വിവിധ വകുപ്പുകൾക്ക് സെന്റേജ് ചാർജ്ജിനത്തിൽ അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

**എ) വാട്ടർ അതോറിറ്റി നിക്ഷേപപ്രവൃത്തി**

| | |
|---|---|
| പ്രോജക്ട് നമ്പർ,പേര് | (1341/19)<br>നെടിയ മുകൾ മംഗളാദേവി ടെമ്പിൾ റോഡ് (വാർഡ് 1 ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്-കുമരകം ഡിവിഷൻ) കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ, |
| അടങ്കൽ | 19,00,000(തനതുഫണ്ട് ) |
| ചെലവ് | 4,39,000(തനതുഫണ്ട് ) |
| വൗച്ചർ നമ്പർ,തീയതി | 51800974/03.01.2019 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പൈപ്പ് ലൈൻ നീട്ടൽ എന്ന മേൽ പ്രോജക്ടിനായി 01.12.2018 ലെ DB2/983/PHDK/17-18 നം. കത്തു പ്രകാരം വാട്ടർ അതോറിറ്റി ചുവടെ ചേർക്കുന്ന തുക ഡിമാന്റ് ചെയ്തു.

| | |
|---|---|
| വർക്കിംഗ് ചാർജ് | 168141.16 |
| മെറ്റീരിയൽ കോസ്റ്റ് | 117951.22 |
| ആകെ | 286092.38 |
| 12.5 % സെന്റേജ് | 35761.55 |
| ആകെ | 321853.93 |
| റൗണ്ടിംഗ് തുക | 322000 |

കേരളവാട്ടർ അതോറിറ്റി മുഖേനയുള്ള ഡെപ്പോസിറ്റ് വർക്കിന് 10% സൂപ്പർവിഷൻ ചാർജും 2.5% എസ്റ്റിമേറ്റ്/പ്ലാൻ തയ്യാറാക്കൽ ചാർജും വാങ്ങുന്നുണ്ട്. കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 13.12.17ലെ യോഗത്തിന്റെ 4.76 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2.5% ചാർജ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാനാവില്ല (PWD മാന്വൽ 1601.4 ബാധകമായതിനാൽ). അതിനാൽ 28609/- രൂപയാണ് നൽകാനാവുന്നത്. 7152/- രൂപ അധികമായി നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ 12.02.2020ലെ 11-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയും ലഭ്യമാക്കിയിട്ടില്ല.

## ബി) പൊതുമരാമത്ത് വകുപ്പ് നിക്ഷേപപ്രവൃത്തി

പ്രോജക്ട് നം. 613/19

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ടി പ്രോജക്ട് പ്രകാരം 18,31,165/- രൂപ (ബിൽ നം.51/18-19/24.11.2018) തൻവർഷം വിവിധ സ്കൂളുകളിലെ ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലെറ്റുകളുടെ വൈദ്യുതീകരണത്തിനായി പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് തുകയോടൊപ്പം 12.5% സെന്റേജ് ചാർജ്ജ് കൂട്ടിയാണ് തുക നിക്ഷേപിച്ചിട്ടുള്ളത്. ടി ഫയൽ പരിശോധിച്ചതിൽ സെന്റേജ് ചാർജ്ജ് ഇനത്തിൽ 40693/- രൂപ അധികം അടച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് | എസ്റ്റിമേറ്റ് തുക | സെന്റേജ് ചാർജ് ഉൾപ്പെടുത്തിയത് 12.5% | ആകെ നൽകിയ തുക | അനുവദനീയമല്ലാത്തത് 2.5% |
|---|---|---|---|---|---|
| 1 | പൂഞ്ഞാർ ഡിവിഷൻ, തിടനാട് വി.എച്ച്.എസ്.എസ്. | 71,200 | 8,900 | 80,100 | 1,780 |
| 2 | സി.സി.എം. ഹയർസെക്കണ്ടറി സ്കൂൾ, മണിമല (കാഞ്ഞിരപ്പള്ളി ഡിവിഷൻ) | 69,000 | 8,625 | 77,625 | 1,725 |
| 3 | അച്ചാമ്മ മെമ്മോറിയൽ എച്ച്.എസ്.എസ്. കാഞ്ഞിരപ്പള്ളി | 71,000 | 8,875 | 79,875 | 1,775 |
| 4 | സെന്റ് ആന്റണീസ് എച്ച്.എസ്.എസ്. ചെങ്ങളം (അകലക്കുന്നം ഗ്രാമപഞ്ചായത്ത്) | 74,400 | 9,300 | 83,700 | 1,860 |

| | | | | | |
|---|---|---|---|---|---|
| 5 | ഭരണങ്ങാനം ഡിവിഷൻ കരൂർ ഗ്രാ.പ. സെന്റ് മൈക്കിൾസ് എച്ച്.എസ്.എസ്. | 52,500 | 6,563 | 59,063 | 1,313 |
| 6 | സെന്റ് മൈക്കിൾസ് സ്കൂൾ കടുത്തുരുത്തി | 75,400 | 9,425 | 84,825 | 1,885 |
| 7 | ഇമ്മാനുവൽ ഹൈസ്കൂൾ, കാണക്കാരി, കുറവിലങ്ങാട് ഡിവിഷൻ | 76,000 | 9,500 | 85,500 | 1,900 |
| 8 | സെന്റ് സേവ്യേഴ്സ് എച്ച്.എസ്.എസ്. കുറുപ്പന്തറ, കുറവിലങ്ങാട് | 76,000 | 9,500 | 85,500 | 1,900 |
| 9 | എൻ.എസ്.എസ്. സ്കൂൾ തമ്പലക്കാട്, കാഞ്ഞിരപ്പള്ളി ഡിവിഷൻ | 56,000 | 7,000 | 63,000 | 1,400 |
| 10 | ഗവ.എച്ച്.എസ്.എസ്. കപ്പാട്, കാഞ്ഞിരപ്പള്ളി | 76,900 | 9,613 | 86,513 | 1,922 |
| 11 | മാനത്തൂർ സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്., കടനാട്, ഭരണങ്ങാനം ഡിവിഷൻ | 67,300 | 8,413 | 75,713 | 1,682 |
| 12 | ഗ്രേസി മെമ്മോറിയൽ സ്കൂൾ, പാറത്തോട്, മുണ്ടക്കയം ഡിവിഷൻ | 74,400 | 9,300 | 83,700 | 1,860 |
| 13 | പുന്നത്തുറ സെന്റ് തോമസ് എച്ച്.എസ്.. അയർക്കുന്നം ഡിവിഷൻ | 78,800 | 9,850 | 88,650 | 1,970 |
| 14 | സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ്. അയർക്കുന്നം ഗ്രാ.പ., അയർക്കുന്നം ഡിവിഷൻ | 72,300 | 9,037 | 81,337 | 1,807 |
| 15 | ഗവ.എച്ച്.എസ്.എസ്. കടപ്പൂർ, കാണക്കാരി | 72,900 | 9,113 | 82,013 | 1,823 |
| 16 | പുതുവേലി | 47,600 | 5,950 | 53,550 | 1,190 |

| | | | | | |
|---|---|---|---|---|---|
| | ഗവ.എച്ച്.എസ്.എസ്., വെളിയന്നൂർ, ഉഴവൂർ ഡിവിഷൻ | | | | |
| 17 | എ.വി.എച്ച്.എസ്. കുറിച്ചി ഗ്രാ.പ., കുറിച്ചി ഡിവിഷൻ | 67,500 | 8,438 | 75,938 | 1,688 |
| 18 | തൃക്കൊടിത്താനം ഗവ.എച്ച്.എസ്.എസ്. തൃക്കൊടിത്താനം ഡിവിഷൻ | 65,200 | 8,150 | 73,350 | 1,630 |
| 19 | പൊൻകുന്നം വർക്കി മെമ്മോറിയൽ ജി.എച്ച്.എസ്.എസ്., പാമ്പാടി ഗ്രാമപഞ്ചായത്ത്, പാമ്പാടി ഡിവിഷൻ | 65,800 | 8,225 | 74,025 | 1,645 |
| 20 | അരീപ്പറമ്പ് ഗവ.എച്ച്.എസ്.എസ്. അയർക്കുന്നം ഡിവിഷൻ, അയർക്കുന്നം ഗ്രാ.പ. | 67,700 | 8,463 | 76,163 | 1,693 |
| 21 | സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്. കൂവപ്പള്ളി, കാഞ്ഞിരപ്പള്ളി ഡിവിഷൻ | 66,000 | 8,250 | 74,250 | 1,650 |
| 22 | ഗവ.എച്ച്.എസ്.എസ്. വാഴൂർ ഗ്രാ.പ., പൊൻകുന്നം ഡിവിഷൻ | 68,000 | 8,500 | 76,500 | 1,700 |
| 23 | ഗവ.എച്ച്.എസ്.എസ്. നെടുങ്കുന്നം, കങ്ങഴ ഡിവിഷൻ | 65,600 | 8,200 | 73,800 | 1,640 |
| 24 | സെന്റ് ജോൺസ് എച്ച്.എസ്.എസ്. കൊഴുവനാൽ, കിടങ്ങൂർ | 50,200 | 6,275 | 56,475 | 1,255 |
| | ആകെ | 16,27,700 | 2,03,465 | 18,31,165 | 40,693 |

കേരള വാട്ടർ അതോറിറ്റിയിലും പൊതുമരാമത്ത് വകുപ്പിലും സെന്റേജ് ചാർജ് ഇനത്തിൽ നൽകിയ 47,845/- (7152+40693) രൂപയുടെ അധികചെലവ് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 പ്രവൃത്തിമൂല്യം കണക്കാക്കിയതിലുള്ള അപാകത -കിഴക്കടമ്പ് കുടിവെള്ള പദ്ധതിയുടെ കോൺട്രാക്ടർക്ക് അധിക തുക നൽകി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രോജക്ട് നം/പേര് | SO665/19, പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് |

| | |
|---|---|
| | കിഴക്കടമ്പ് കുടിവെള്ള പദ്ധതി |
| വകയിരുത്തിയ തുക | വികസനഫണ്ട് -10,00,000 രൂപ |
| കോൺട്രാക്ടർ | സജുതോമസ് ,എടക്കര,ഏഴാച്ചേരി |
| എഗ്രിമെന്റ് നം. | 330/EE/LSGD/14-15 dtd 23.4.15 |
| എം ബുക്ക് നം. | 35/14-15 ,32/16-17 |
| ബിൽ നം. | 115, C.B.No.110/18-19 തീയതി 05.02.2019 – 89,726/- |

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിലെ കിഴക്കടമ്പ് കുടിവെള്ള പദ്ധതി എന്ന ബഹുവർഷ പ്രോജക്ടിലുൾപ്പെടുത്തി കിണർനിർമ്മാണം, പമ്പ്ഹൗസ്, വാട്ടർടാങ്ക് നിർമ്മാണം, പമ്പ് സെറ്റ് സ്ഥാപിക്കൽ, പൈപ്പ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിലെ അപ്പൻഡിക്സ് ബി എക്സ്ട്രാ ഇനം ക്രമ നം.1 ൽ earth work excavation in hard soil for foundation(50% hard soil and 50% ordinary rock) എന്ന പ്രവൃത്തി 3.095ക്യൂബിക് മീറ്റർ ചെയ്തിട്ടുണ്ട്.ഇതിന് 2373/10m3 നിരക്കിൽ അനുവദിക്കാവുന്ന തുക 734.44 രൂപയാണ്. എന്നാൽ പ്രസ്തുത ഇനത്തിന് 73444.35/രൂപ എന്ന് തെറ്റായി കണക്കാക്കിയാണ് ബില്ല് തയ്യാറാക്കിയിട്ടുള്ളത്. ഈ ഇനത്തിന് മാത്രമായി 72710/-രൂപ അധികം മൂല്യം കണക്കാക്കി(73444.35-734.44=72710/-). വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| കണക്കാക്കിയ ബിൽ തുക | | അർഹമായത് |
|---|---|---|
| ആകെ പ്രവൃത്തികളുടെ മൂല്യം | 1045512 | 972802/- (1045512-72710) |
| 1st& പാർട്ട് ബിൽ പ്രകാരം അനുവദിച്ച തുക | 910274 | 910274 |
| ബാലൻസ് തുക | 135238 | 62528 |
| 2nd&part ബിൽ പ്രകാരം പിൻവലിച്ചബിൽ | 89726 | അധികം നൽകിയത്-27198 (89726-62528) |
| ബാക്കി നല്കാനുള്ളത് | 45512/- | ഇല്ല |

2019-20 ൽ കോൺട്രാക്ടർക്ക് നല്കാനുള്ള ബാക്കി തുക 45512/-രൂപ നൽകുന്നതിനായി പ്രോജക്ട് തയ്യാറാക്കിയിരുന്നു. ആയത് പ്രകാരം തുക നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.44/02.03.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ കോൺട്രാക്ടർക്ക് തൻവർഷം അധികമായി നല്കിയ 27,198/-രൂപ നിർവ്വഹണോദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-3 ജില്ലാ കൃഷിത്തോട്ടം കോഴ- ഷെയ്ഡ് ഹൗസ് മെയിന്റനൻസ് - കരാറുകാരന് അധികം തുക നല്കി

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.1140/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, കൃഷി |
| കരാറുകാരൻ | ശ്രീ.ജോർജ്ജ് ജോൺ |
| കരാർ നമ്പർ | 73/18-19 /25.6.18 |
| കരാർ തുക | 869703/-രൂപ |
| അടങ്കൽ | 9,99,900/-രൂപ |
| | |

| | |
|---|---|
| ചെലവ്- ബിൽ നമ്പർ/ തുക | 26/13.3.19 - 653026/-രൂപ |
| | Q ബിൽ -285115/-രൂപ |

മേൽ പ്രോജക്ടിനായി ടെൻഡർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത ശ്രീ.ജോർജ്ജ് ജോൺ എന്നയാളുടെ ടെൻഡർ അംഗീകരിക്കുകയും കരാർ വച്ച് പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 24.2.18 ന് കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ചുവെങ്കിലും ടിയാൾ കരാറിലേർപ്പെടാത്തതിനാൽ 26.3.18 ൽ എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല എന്നു കാണിച്ച് വീണ്ടും കത്ത് അയച്ചതിന്റെ അടിസ്ഥാനത്തിൽ 25.6.18 ന് കരാറിലേർപ്പെട്ടിട്ടുണ്ട്. എന്നാൽ കരാറിലേർപ്പെടാൻ കാലതാമസം നേരിട്ടതിന് നിയമാനുസൃതമായ പിഴ (പി.എ.സി യുടെ 1%) 9999/- രൂപ ഈടാക്കിയില്ല.

2. എസ്റ്റിമേറ്റ് എടുത്ത സൈറ്റിൽ നിന്നും മാറി ഷെഡ്ഡ് ഹൗസ് നിർമ്മിക്കുന്നതാണ് കൂടുതൽ ഫലപ്രദമെന്നതിനാൽ എസ്റ്റിമേറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അനുമതി വാങ്ങി നല്കണമെന്ന് ഫാം സൂപ്രണ്ട് 3-1-2019ൽ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. എം.ബുക്ക് പ്രകാരം 10.12.18ൽ പണി ആരംഭിച്ചതായി കാണുന്നു. അതായത് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനു മുൻപു തന്നെ സൈറ്റിൽ നിന്നും മാറി നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിലെ ഇനങ്ങളാണ് ആദ്യം ചെയ്തിട്ടുമുള്ളത്. എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് സാങ്കേതികാനുമതി ലഭിക്കുന്നതിനു മുൻപു അംഗീകൃത സൈറ്റിൽ നിന്ന് മാറി ഷെഡ്ഡ് ഹൗസ് നിർമ്മിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ടതിന്, ഫാമിലെ പ്രവൃത്തികൾ അടിയന്തിരമായി ചെയ്യേണ്ടതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് ഉടൻ അനുമതി നൽകാമെന്ന് പറഞ്ഞതുകൊണ്ടാണ് അനുമതി ലഭിക്കുന്നതിന് മുൻപ് പണികൾ ആരംഭിച്ചതെന്ന് മറുപടി നല്കി. ഈ നടപടി ക്രമപ്രകാരമല്ല.

3. ബിൽ തയ്യാറാക്കിയ വേളയിൽ കരാറുകാരൻ കോട്ട് ചെയ്ത നിരക്ക് പ്രകാരം റിവൈസ്ഡ് ഐറ്റംസിലെ നിരക്ക് കണക്കാക്കുന്നതിനു പകരം എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് നല്കി. കരാറുകാരൻ 13.03% ടെൻഡർ below യാണ് കോട്ട് ചെയ്തിരിക്കുന്നത്. എന്നാൽ ടി ടെൻഡർ വ്യതിയാനം റിവൈസ്ഡ് എസ്റ്റിമേറ്റിലെ എക്സ്ട്രാ ഇനങ്ങൾക്ക് നല്കിയില്ല. ആയതിനാൽ 12 മുതൽ 18 വരെയുള്ള ഇനങ്ങൾക്ക് എസ്റ്റിമേറ്റിലെ തുക നല്കിയതു മൂലം അധികം തുക കരാറുകാരന് നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഐറ്റം നമ്പർ | ഇനം | നല്കിയ തുക | നല്കേണ്ടതുക | അധികം നല്കിയത് |
|---|---|---|---|---|
| 12 | Felling trees of the girth ... | 8@315.91= 2527.28 | 8@274.7 = 2198 | 329 |
| 13 | Surface dressing of the ground | 608m2@20.10 =12220.80 | 608@17.48 = 10628 | 1592 |
| 14 | Filling with contractors own earth | 54.597@448.57=24490.58 | 54.597@390.12 =21300 | 3191 |
| 15 | Providing & laying in position cement concrete | 8.024@7100.79=56976.74 | 8.024 @6175.5 =49552 | 7425 |
| 16 | Solid block masnory | 4.849@5465.05=26500.03 | 4.849@4752.95=23047 | 3453 |
| 17 | 12 mm cement plaster | 75.59@249.26 =18841.56 | 75.59@216.78=16386.5 | 2455 |
| 18 | Pointing on stone work | 43.8@242.77 =10633. | 43.8@211.13=9247.8 | 1386 |
| | | | ആകെ | 19831 |

4. പണി പൂർത്തിയാകുന്നതിനു മുൻപ് 17.1.19 ൽ പെർഫോർമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നല്കിയതായി കാണുന്നു.

എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ എക്സ്ട്രാ ഇനങ്ങൾക്കു അധികമായി നല്കിയ 19831/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.23/04.03.2020) നല്കിയപ്പോൾ എക്സ്ട്രാ ഇനങ്ങൾക്കു അധികമായി നല്കിയ 19831/- രൂപയിലെ 7770/- രൂപ ചെലാൻ പ്രകാരം സർക്കാരിലേക്ക് അടവാക്കി. എക്സ്ട്രാ ഇനങ്ങൾക്കു അധികമായി നല്കിയ തുകയിൽ ഈടാക്കാനവശേഷിക്കുന്ന 12061 രൂപ (19831-7770) ഉത്തരവാദിയായ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 കടുത്തുരുത്തി ഡിവിഷൻ -കല്ലറ പഞ്ചായത്ത് -മുണ്ടാർ പാടശേഖരങ്ങളുടെ ബണ്ട് ബലപ്പെടുത്തൽ - ഗുണഭോക്തൃസമിതി പ്രവൃത്തികൾ കരാറുകാരെ ഏൽപിച്ചു - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | എസ്.1195/19 |
| അടങ്കൽ | 7,00,000/-(2018-19വർഷം 259384/-) |
| ചെലവ് | 699675/-(2018-19വർഷം259059/-) വികസനഫണ്ട് |
| കൺവീനർ | സരസപ്പൻ |
| കരാർ നമ്പർ | 38/2017-18 തീയതി 20-11-17 |
| എം.ബുക്ക് നമ്പർ | 38/17-18 |
| ബിൽ നമ്പർ | 7/18-19 തീയതി 28-09-18 |

കല്ലറ ഗ്രാമപഞ്ചായത്തിലെ മുണ്ടാർ പാടശേഖരങ്ങളുടെ 1400 മീറ്റർ നീളത്തിൽ പുറം ബണ്ട് ബലപ്പെടുത്തലിന്റെ ഭാഗമായി ഹാർഡ് സ്റ്റിഫ് ക്ലേ 1400m3 ഫില്ല് ചെയ്യുന്നതിനും 210m3 റെഡ് എർത്ത് ഫില്ലുചെയ്യുന്നതിനും ഉദ്ദേശിച്ചായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

### 1) ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ നിർമ്മാണ പ്രവൃത്തികൾക്ക് ഓവർ ഹെഡ്ചാർജ് അധികം നൽകി

